# ഇസ്രായേലിന്റെ പരിശുദ്ധൻ

# קְדוֹשׁ יִשְׂרָאֵל

ഉത്പത്തി മുതൽ വെളിപാടു വരെയുള്ള വിശുദ്ധ ലിഖിതത്തിലെ 50 വിഷയങ്ങളാണ് ഈ ഗ്രന്ഥത്തിൽ ചർച്ച ചെയ്യുന്നത്. ഉത്പത്തി, ന്യായാധിപന്മാർ, ഉത്തമഗീതം, എസെക്കിയേൽ, ഏശായാ, മത്തായി, ലൂക്കോസ്, യോഹന്നാൻ, വെളിപാട് എന്നീ ഗ്രന്ഥങ്ങളിലെ വിഷയങ്ങളാണവ. മൊത്തമുള്ള അൻപത് അധ്യായങ്ങളിൽ നാലു മുതൽ നാൽപ്പത്തിമൂന്നു വരെ പ്രശസ്തനായ ഒരിജന്റെ ഗ്രന്ഥങ്ങളെ നേരിട്ടോ അല്ലാതെയോ അടിസ്ഥാനപ്പെടുത്തിയാണ് എഴുതിയിരിക്കുന്നത്. വി. ജറോം, റുഫീനസ്, കേസറിയായിലെ എവുസേബിയസ് എന്നിവരിലൂടെ ഒരിജൻ നമുക്ക് ലഭ്യമാണ്. 23 മുതൽ 43 വരെയുള്ള അധ്യായങ്ങൾ ഏശായാ പ്രവചനത്തെ അടിസ്ഥാനമാക്കിയുള്ള ലേഖനങ്ങളാണ്. അവയ്ക്ക് ആധാരം എവുസേബിയസിന്റെയും വി. ജറോമിന്റെയും റുഫീനസിന്റെയും വ്യാഖ്യാനങ്ങളും ഹോമിലികളുമാണ്. "ഇസ്രായേലിന്റെ പരിശുദ്ധനായ" നമ്മുടെ കർത്താവീശോ മിശിഹാ ആണ് പഴയനിയമത്തിന്റെ കേന്ദ്രബിന്ദു. പഴയ നിയമം കർത്താവിനെ പറ്റിയുള്ള പ്രവചനവും പുതിയ നിയമം പൂർത്തീകരണവുമാണ്. സർവനാമങ്ങളേക്കാളും ശ്രേഷ്ഠനാമമായ യേശുനാമത്തിന്റെ മഹത്വത്തിനായി ഈ ഗ്രന്ഥം സമർപ്പിച്ചുകൊള്ളുന്നു.

ഇസ്രായേലിന്റെ പരിശുദ്ധൻ

ജി. ചേടിയത്ത്

ജി. ചേടിയത്ത്

# ഇസ്രായേലിന്റെ പരിശുദ്ധൻ

# קְדוֹשׁ יִשְׂרָאֵל



# ഇസ്രായേലിന്റെ പരിശുദ്ധൻ

# קָדוֹשׁ יִשְׂרָאֵל

ജി.ചേടിയത്ത്

# ഇസ്രായേലിന്റെ പരിശുദ്ധൻ
(Qadosh Yisra'el)

പത്തനംതിട്ട
2018

G.Chediath,Israelinte Parisudhan, (The Holy One of Israel), Pathanamthitta, 2018.

c G.Cheditah, 2018.

Printing : Bethany Offset Printers, Kottayam - 686010
Ph: 0481-2571355
e-mail: bethanyktm@ gmail.com

Price : 100/-



# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 07 |
| | Bibliography | 10 |
| 1. | ആദവും യേശുവും | 11 |
| 2. | അറിവിന്റെ വൃക്ഷം | 13 |
| 3. | മോശയും യേശുവും | 16 |
| 4. | ന്യായാധിപന്മാരുടെ ഗ്രന്ഥം | 22 |
| 5. | ജോഷ്വായുടെ മരണം | 26 |
| 6. | ഒത്നിയേലും ഏഹൂദും | 31 |
| 7. | ദെബോറാ, ബാറാക്, ജായേൽ | 35 |
| 8. | ഗിദയോന്റെ കമ്പിളിയും പനിമഞ്ഞും | 39 |
| 9. | ഉത്തമഗീതം | 45 |
| 10. | കർത്താവിന്റെ ചുംബനങ്ങൾ | 50 |
| 11. | നിയമം എന്ന ഗുരു | 53 |
| 12. | പകർന്ന തൈലം | 54 |
| 13. | ദൈവികമായ അർഥം | 56 |
| 14. | രാജാവിന്റെ മണവറ | 58 |
| 15. | കറുത്ത മുത്ത് | 60 |
| 16 | മുക്കുപണ്ടം | 63 |
| 17. | വയലിലെ റോസാപ്പൂവും താഴ്വരയിലെ ലില്ലിപ്പൂവും | 67 |
| 18. | വീഞ്ഞും വിരുന്നുമുള്ള ഭവനം | 69 |
| 19. | എസെക്കിയേൽ | 71 |
| 20. | വ്യാജപ്രവാചകന്മാർ | 77 |
| 21. | പാപപങ്കിലമായ ധര | 78 |
| 22. | അവിശ്വസ്തയായ ജറുസലേം | 80 |

| | | |
|---|---|---|
| 23. | കാളയും കഴുതയും | 88 |
| 24. | ഇസ്രായേലിന്റെ പരിശുദ്ധൻ | 91 |
| 25. | അർഥശൂന്യമായ ബലികൾ | 93 |
| 26. | വിശ്വസ്തനഗരം | 97 |
| 27. | കർത്താവിന്റെ പ്രകാശം | 99 |
| 28. | കർത്താവിന്റെ ദിവസം | 101 |
| 29. | കർത്താവിന്റെ സാന്നിധ്യം | 103 |
| 30. | കർത്താവിന്റെ ശാഖ | 106 |
| 31. | കർത്താവിന്റെ മുന്തിരിത്തോപ്പ് | 108 |
| 32. | ശാപങ്ങൾ | 111 |
| 33. | ഏശായായുടെ ദൈവദർശനം | 114 |
| 34. | നമുക്ക് നൽകപ്പെട്ട പുത്രൻ | 132 |
| 35. | ശക്തനായ ദൈവം | 127 |
| 36. | സീയോനിലെ മൂലക്കല്ല് | 131 |
| 37. | മരുഭൂമിയിലെ സ്വരം | 135 |
| 38. | കിഴക്കുനിന്ന് വരുന്നവൻ | 138 |
| 39. | കർത്താവിന്റെ ദാസൻ | 140 |
| 40. | മരുഭൂമിയുടെ ആനന്ദം | 146 |
| 41. | ജീവജലത്തിന്റെ ഉറവ | 149 |
| 42. | അന്ധരായ കാവൽക്കാർ | 151 |
| 43. | മാറാനാഥാ | 153 |
| 44. | വംശാവലി പട്ടിക | 156 |
| 45. | യേശുനാമം | 159 |
| 46. | വയലിൽ ഒളിച്ചുവച്ച നിധി | 164 |
| 47. | കാനായിലെ കല്യാണം | 165 |
| 48. | അഞ്ചപ്പവും രണ്ടുമീനും | 169 |
| 49. | വെളിപാടിലെ വെള്ളക്കുതിര | 171 |
| 50. | സന്തോഷവും ആനന്ദവും | 173 |



# ആമുഖം

കർദിനാൾ ദാനിയേലുവിന്റെ "പഴയനിയമ വിശകലനത്തെ" ആധാരമാക്കിയാണ് ഈ ഗ്രന്ഥത്തിലെ 1–3 അധ്യായങ്ങൾ തയാറാക്കിയിരിക്കുന്നത് (ജെ.കല്ലറങ്ങാട്ട്, *വിശുദ്ധ ഗ്രന്ഥദർശനങ്ങൾ*).

അധ്യായം 4–43 പ്രശസ്തനായ ഒരിജനിൽ നിന്ന് (+254) ആശയം സ്വീകരിച്ചിട്ടുള്ളതാണ്.

ചരിത്രവിവരണത്തിൽ പാദമൂന്നിക്കൊണ്ട് വാച്യാർഥത്തിൽ നിന്ന് ആന്തരികാർഥത്തിലേക്ക് കടക്കുന്ന ശൈലിയാണ് ഒരിജന്റേത്. പഴയനിയമം ക്രിസ്തോന്മുഖമായി വ്യാഖ്യാനിക്കുന്നതിലാണ് ഒരിജന് താൽപ്പര്യം. പഴയനിയമ വ്യക്തികളും സംഭവങ്ങളും പുതിയ നിയമത്തിലേക്ക് വിരൽചൂണ്ടുന്നെന്ന് ഒരിജൻ സമർഥിക്കുന്നു. പഴയനിയമത്തിലെ ആളുകളും സംഭവങ്ങളും നിഴലുകളായിരുന്നു. പുതിയ നിയമത്തിൽ യാഥാർഥ്യം പ്രത്യക്ഷപ്പെട്ടു. പഴയനിയമം എപ്പോഴും വാച്യാർഥത്തിൽ എടുക്കുന്നത് പ്രയോജനകരമല്ല, ദൈവത്തിന് ചേരുന്നതുമല്ല. ദൈവം മനുഷ്യരോടു കാണിച്ച വിശ്വസ്തതയും മനുഷ്യന്റെ അവിശ്വസ്തതയും പഴയനിയമം വരച്ചുകാട്ടുന്നു. ക്രിസ്തുവിൽ എത്തിച്ചേരുന്ന ദൈവത്തിന്റെ രക്ഷാകരപദ്ധതി രൂപപ്പെടുന്നതിന്റെ ചരിത്രം അതിൽ ദൃശ്യമാണ്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, മരണം, ഉത്ഥാനം എന്നിവയുടെ പ്രവചനങ്ങൾ പഴയനിയമ ഗ്രന്ഥങ്ങളിൽ ഉടനീളം കാണാം. തിരുലിഖിതത്തിലെ വാക്കുകൾക്കും വാചകങ്ങൾക്കും സംഭവങ്ങൾക്കും മറ്റുമുള്ള ആഴമേറിയ ആന്തരികാർഥം കണ്ടെത്താൻ ഒരിജന് അവാച്യവും വിസ്മയനീയവുമായ ഉൾക്കാഴ്ചയും കഴിവും പരിശുദ്ധാത്മ നിവേശനവും ഉണ്ടായിരുന്നു. "ശ്ലൈഹിക കാലത്തിനു ശേഷമുള്ള ഏറ്റവും വലിയ

സഭാപ്രബോധകനാണ് ഒരിജൻ" എന്ന് അലക്സാണ്ഡ്രിയായിലെ ദിദീമുസ് പറഞ്ഞതായി വി.ജറോം രേഖപ്പെടുത്തിയിരിക്കുന്നു.

തിരുലിഖിത വ്യാഖ്യാനത്തിന് തിരുലിഖിതം നൽകുന്ന മാതൃക യാണ് ഏറ്റവും ശരിയായ രീതിയെന്ന് ഒരിജൻ കരുതി. ആ രീതി വി. പൗലോസ് ശ്ലീഹായിൽ നിന്ന് ഒരിജൻ സ്വീകരിച്ചു. വി. ശ്ലീഹാ തന്റെ ലേഖനങ്ങളിൽ ഈ വ്യാഖ്യാനരീതി അവലംബിച്ചു. "മുമ്പ് എഴുത പ്പെട്ടവയെല്ലാം നമ്മുടെ പ്രബോധനത്തിനു വേണ്ടിയാണ്" (റോമ.15,4). ഇസ്രായേൽക്കാരുടെ മരുഭൂയാത്രാസംഭവങ്ങൾക്ക് വി. പൗലോസ് ശ്ലീഹാ 1 കൊറി. 10,1-11 ൽ വ്യംഗ്യാർഥം നൽകിയിട്ട് പറയുന്നു, "അവയെല്ലാം നമുക്കൊരു പാഠമാകേണ്ടതിന് എഴുതപ്പെട്ടിരിക്കുന്നു". "സ്വർഗീയ വസ്തുക്കളുടെ സാദൃശ്യത്തെയും നിഴലിനെയുമാണ് ഇസ്രായേൽക്കാർ ശുശ്രൂഷിച്ചത്" (എബ്രാ.8,5). "നിയമം വരാനിരുന്ന നന്മകളുടെ നിഴൽ മാത്രമായിരുന്നു" (എബ്രാ.10,1). യഹൂദാനുഷ്ഠാ നങ്ങളെല്ലാം "വരാനിരുന്നവന്റെ വെറും പ്രതിച്ഛായകൾ മാത്രം. യാഥാർഥ്യമാകട്ടെ ക്രിസ്തുവും." (കൊളോ. 2,17). അബ്രഹാമിന്റെ രണ്ടു പുത്രന്മാരുടെ ചരിത്രം വ്യംഗ്യാർഥരീതിയിൽ ഗലാത്യാക്കാർ ക്കുള്ള ലേഖനത്തിൽ അദ്ദേഹം അവതരിപ്പിക്കുന്നു (ഗലാ.4,21-31).

ന്യായാധിപന്മാരുടെ ഗ്രന്ഥത്തിലെ അധ്യായം 2-7നെ കുറിച്ച് ഒരിജൻ 9 പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. ഈ പുസ്തകത്തിലെ 4-8 അധ്യായങ്ങളുടെ അടിസ്ഥാനം ഒരിജന്റെ ഈ പ്രസംഗങ്ങളാണ്. റുഫീനസിന്റെ വിവർത്തനത്തിലൂടെ ഈ ഹോമിലികൾ ലഭിച്ചിട്ടുണ്ട്. (.E.A.Dively Lauro, *Origen: Homilies on Judges).*

ഉത്തമഗീതത്തിന് ഒരിജൻ രചിച്ച വ്യാഖ്യാനവും ചെയ്ത ഹോമിലികളും റുഫീനസിന്റെയും ജറോമിന്റെയും ലത്തീൻ വിവർത്തനത്തിലൂടെ ഭാഗികമായി ലഭിച്ചിട്ടുണ്ട്. ഇവയെ ആധാരമാ ക്കിയാണ് ഈ ഗ്രന്ഥത്തിലെ 9-18 അധ്യായങ്ങൾ തയാറാക്കിയിരി ക്കുന്നത് (R.P.Lawson, *Origen: The Song of Songs: Commentary and Homilies).*

പ്രത്യക്ഷത്തിൽ പ്രേമകാവ്യം എന്നു തോന്നിയാലും ആന്തരി കാർഥം വിശദീകരിക്കാനാണ് ഉത്തമഗീതഭാഷ്യത്തിൽ ഒരിജൻ ശ്രമിക്കുന്നത്. ക്രിസ്തുവും സഭയും തമ്മിലുള്ള സംഭാഷണമായും, ക്രിസ്തുവും ഒരോ മനുഷ്യാത്മാവും തമ്മിലുള്ള സംഭാഷണമായും





ഉത്തമഗീതം ഒരിജൻ വ്യാഖ്യാനിക്കുന്നു. "ഒരിജൻ തന്റെ കൃതികൾ വഴി മറ്റു ഗ്രന്ഥകാരന്മാരെയെല്ലാം ഉല്ലംഘിച്ചെങ്കിൽ, തന്റെ ഉത്തമ ഗീതഭാഷ്യത്തിൽ തന്നെത്തന്നെ ഉല്ലംഘിച്ചിരിക്കുന്നു" എന്നാണ് വി.ജറോം എഴുതിയിരിക്കുന്നത്. "രാജാവ് തന്റെ മണവറയിലേക്ക് എന്നെ ആനയിച്ചു" എന്നത് ഒരിജനിൽ പൂർത്തിയായി. മണവാളന്റെ "അധരങ്ങളുടെ ചുംബനം' ലഭിച്ചവനാണ് ഒരിജൻ. (ജി.ചേടിയത്ത്, *ഒരിജൻ, ഉത്തമഗീതഭാഷ്യം*).

എസെക്കിയേൽ പ്രവാചകനെ ആധാരമാക്കി ഒരിജൻ 14 പ്രസംഗങ്ങൾ (ഹോമിലികൾ) നടത്തിയിട്ടുണ്ട്. വി. ജറോം അവ ലത്തീനിലാക്കി. ഈ ഗ്രന്ഥത്തിലെ 19-22 അധ്യായങ്ങൾ ഒരിജന്റെ എസെക്കിയേൽ ഹോമിലികളെ ആധാരമാക്കി തയാറാക്കിയവയാണ് (T.P.Scheck, *Origen: Homilies 1-14 on Ezekiel).*

ഈ ഗ്രന്ഥത്തിലെ 23-43 അധ്യായങ്ങൾ വി. ജറോമിന്റെയും കേസറിയാ മെത്രാൻ എവുസേബിയസിന്റെയും ഏശായാ ഭാഷ്യങ്ങളെ അടിസ്ഥാനമാക്കി ഉള്ളവയാണ്.

ഏശായായെ ആധാരമാക്കി ഒരിജൻ രചിച്ച ഭാഷ്യം നഷ്ടപ്പെട്ടു പോയി. എന്നാൽ ഒരിജൻ നൽകിയ ഒൻപത് പ്രസംഗങ്ങൾ (ഹോമിലി കൾ) ലഭ്യമാണ്. അവ വി. ജറോം ലത്തീനിലേക്ക് വിവർത്തനം ചെയ്തി ട്ടുണ്ട്. ഏശായാ 6,1-9 നെ ആധാരമാക്കി കോൺസ്റ്റാന്റിനോപ്പിളിൽവച്ച് ജറോം ഒരു ലേഖനമെഴുതി ഡമാസുസ് പാപ്പായ്ക്ക് അയച്ചു കൊടുത്തു: ലേഖനം, 18 AB: (T. P. Scheck, *St. Jerome: Commentary on Isaiah*: 881-947).

എവുസേബിയസും വി.ജറോമും തങ്ങളുടെ ഭാഷ്യങ്ങളിൽ പൂർണമായും ഒരിജനെ ആശ്രയിക്കുന്നു. ഒരിജന്റെ ഹെക്സപ്ലായും മറ്റു ഗ്രന്ഥങ്ങളും പലസ്തീനായിലെ കേസറിയായിൽ അക്കാലത്തു ണ്ടായിരുന്നു. എവുസേബിയസ് അവ വ്യാപകമായി ഉപയോഗിച്ചു. ഏശായാ പ്രവചനത്തിന്റെ വിവിധ പാഠഭേദങ്ങൾ നൽകി ചുരുങ്ങിയ വിവരണമാണ് എവുസേബിയസ് നൽകുന്നത് (J.J.Armstrong, *Eusebius of Caesarea: Commentary on Isaiah*).

വി. ജറോമാകട്ടെ എവുസേബിയസിനെയും ആധാരമാക്കിയി ട്ടുണ്ട്. വളരെ വിസ്തരിച്ചാണ് വി.ജറോമിന്റെ വ്യാഖ്യാനം (T.P.Scheck, *St. Jerome, Commentary on Isaiah*).

വി.മത്തായി രചിച്ച സുവിശേഷത്തെ ആസ്പദമാക്കി വി. അഗസ്റ്റിൻ നൽകിയ പ്രസംഗങ്ങളാണ് ഈ ഗ്രന്ഥത്തിലെ 44-49 അധ്യായങ്ങൾക്കാധാരം ("മാർ ആഗസ്തീനോസിന്റെ ബൈബിൾ പ്രസംഗങ്ങൾ," ജെ. കല്ലറങ്ങാട്ട്, *വിശുദ്ധ ഗ്രന്ഥദർശനങ്ങൾ*).

ചേടിയത്ത് ഗീവർഗീസ് മൽപ്പാൻ

കാതലിക് ബിഷപ്സ് ഹൗസ്,
പത്തനംതിട്ട.689645.
29.01.2018.

## Bibliography


Armstrong, J.J. (tr.), Eusebius of Caesarea: Commentary on Isaiah (Intervarsity Press), Downers, Illinois, 2013.

Dively Lauro,E.A. (tr.), Origen: Homilies on Judges (The Catholic University of America Press) Washington D.C. 2010 (FC-119).

Lawson R.P., Origen: The Song of Songs: Commentary and Homilies, London 1957 (ACW-26).

Scheck,T.P., (tr.), Origen: Homilies 1-14 on Ezekiel (The Newman Press) NewYork/Mahwah.N.J.,2000 (ACW-62).

Scheck,T.P., (tr.), St.Jerome: Commentary on Isaiah, including St.Jerome's tr.of Origen's Homilies 1-9 on Isaiah (The Newman Press) New York/Mahwah/N.J. 2015 (ACW-68).

കല്ലറങ്ങാട്ട് ജെ. - എബി പുതുകുളങ്ങര, വി. യോഹന്നാന്റെ സുവിശേഷം -ആഗസ്തീനോസിന്റെ ഭാഷ്യം, കോട്ടയം, 2000. (OIRSI-235)

**കല്ലറങ്ങാട്ട് ജെ.-ജോസഫ് കെ.വി.,** വിശുദ്ധ ഗ്രന്ഥദർശനങ്ങൾ, കോട്ടയം, 1999 (OIRSI-220).

**ചേടിയത്ത് ജി.-ജോസഫ് കെ.വി.,** ഒരിജൻ, ഉത്തമഗീതഭാഷ്യം, കോട്ടയം, 1986 (OIRSI-102)




# 1
# ആദവും യേശുവും

മനുഷ്യകുലത്തിന്റെ ആദ്യതലവനാണ് ആദാം. യേശു പുതിയ മനുഷ്യകുലത്തിന്റെ തലവനാണ്. ആദ്യആദവും രണ്ടാമത്തെ ആദവുമായി വളരെയധികം സാമ്യവും വ്യത്യാസവുമുണ്ട്. മിശിഹാ പൂർത്തീകരിക്കാനിരുന്ന എല്ലാ കാര്യങ്ങളും പൂർവരൂപത്തിൽ ആദത്തിൽ ഉണ്ടായിരുന്നു. ആദത്തിന്റെ രൂപീകരണം, ആദത്തിന്റെ നിദ്രയും ഹവ്വായുടെ രൂപീകരണവും, ജീവവൃക്ഷം, പറുദീസാ എന്ന തോട്ടം, ആദത്തിന്റെ പ്രലോഭനം, മരത്താൽ സംഭവിച്ച തെറ്റ്, പറുദീസായിൽ നിന്നുള്ള ബഹിഷ്കരണം, പറുദീസായിലെ നദികൾ തുടങ്ങിയവയിലൊക്കെ സാമ്യവും വ്യത്യാസവും പ്രകടമാണ്. കാലപൂർത്തിയിൽ സംഭവിക്കാനിരുന്നവയുടെ പൂർവരൂപമായിരുന്നു ആദത്തിൽ സംഭവിച്ച സംഗതികൾ. എന്നാൽ പഴയ സംഗതികളുടെ തിരിച്ചുവരവല്ല, നവസൃഷ്ടിയാണ്. പാപിയായ മനുഷ്യനും നീതീകരിക്കപ്പെട്ട മനുഷ്യനും തമ്മിലുള്ള താരതമ്യമായി ആദവും മിശിഹായും തമ്മിലുള്ള താരതമ്യം പരിഗണിക്കാം. അല്ലെങ്കിൽ സ്വാഭാവിക മനുഷ്യനിൽ നിന്ന് ആത്മീയ മനുഷ്യനിലേക്കുള്ള വികാസമായി പരിഗണിക്കാം.

ആദാമും ഹവ്വായും ദ്രോഹിക്കപ്പെടുകയും വഞ്ചിക്കപ്പെടുകയും ചെയ്തു. മിശിഹാ ഈ വഞ്ചനയിൽ നിന്ന് മനുഷ്യരെ വിമോചിപ്പിച്ച് രക്ഷിച്ചു. അവിടുന്ന് സൃഷ്ടിയെ അതിന്റെ അന്തിമ പരിപൂർണതയിലേക്ക് നയിച്ചു. പ്രകൃതിയുടെ ക്രമത്തിലുള്ള മൃഗീയമനുഷ്യന്റെ ആരംഭമായിരുന്നു ആദത്തിന്റേത്. അത് ഭൗമികമായിരുന്നു. എന്നാൽ രണ്ടാമത്തേത് ആത്മീയമാണ്. ആദം കന്യകാധരയിൽ നിന്ന് രൂപീകൃതനായി. രണ്ടാമാദം കന്യകാമാതാവിൽ നിന്ന് പിറന്നു. ആദത്തോട്

ബന്ധപ്പെട്ട വസ്തുതകൾ മിശിഹാ തന്നിലേക്ക് ആവഹിച്ചു. ആദ്യത്തെ ആദത്തിന്റെ പിതാവ് ദൈവമായിരുന്നു. രണ്ടാമാദത്തിന്റെയും പിതാവ് ദൈവമാണ്. ആദത്തിന്റെ പാർശ്വത്തിൽ നിന്ന് വാരിയെല്ലെടുത്ത് ദൈവം ഹവ്വായെ സൃഷ്ടിച്ചു. മിശിഹായുടെ കുത്തിത്തുളയ്ക്കപ്പെട്ട പാർശ്വത്തിൽ നിന്നൊഴുകിയ ജലവും രക്തവും കൊണ്ട് ദൈവം സഭയെ രൂപീകരിച്ചു. ആദാം പഴം തിന്നു മരിച്ച ദിനം തന്നെ ആറാം ദിവസം മിശിഹായും മരിച്ചു.

"ധര മുള്ളുകൾ മുളപ്പിക്കും" എന്ന ശാപം തീർക്കാൻ യേശു മുൾക്കിരീടം സ്വീകരിച്ചു. അവൻ ഭൂമിയിൽ അടക്കപ്പെട്ടതിലൂടെ ധരയുടെ ശാപം നീങ്ങി. അത്തിവൃക്ഷത്തെ ശപിച്ച് ഉണക്കിയതിലൂടെ അത്തിയില കൊണ്ട് നഗ്നത മറച്ച ആദത്തിനും ഹവ്വായ്ക്കും അവൻ വേറേ വസ്ത്രം നൽകി. പറുദീസാ എന്ന തോട്ടത്തിൽ വച്ച് ആദത്തിനു വീഴ്ച പറ്റി. നമുക്ക് രക്ഷ കൈവന്നതും ഒരു തോട്ടത്തിൽ വച്ചാണ്. ഒരു മരത്താൽ വീഴ്ച പറ്റി, മറ്റൊരു മരത്താൽ രക്ഷ കൈവന്നു. സായാഹ്നത്തിൽ ആദാം ദൈവത്തിൽ നിന്ന് ഒളിക്കാൻ ശ്രമിച്ചു. നമ്മുടെ കർത്താവ് സായാഹ്നത്തിൽ തന്നെ വലത്തുഭാഗത്തെ കള്ളനെ പറുദീസായിൽ പ്രവേശിപ്പിച്ചു. കന്യകയായ ഹവ്വാ സർപ്പത്തിന്റെ വാക്ക് വിശ്വസിച്ച്, പാപം വരുത്തിവച്ചു. കന്യകയായ മറിയം മാലാഖയുടെ വാക്ക് വിശ്വസിച്ച് രക്ഷ കൊണ്ടുവന്നു. ആദ്യത്തെ ആദാം ദൈവത്തിന്റെ ച്ഛായയിൽ സൃഷ്ടിക്കപ്പെട്ടു. രണ്ടാം ആദാം ദൈവച്ഛായ തന്നെയാണ്. ആദ്യത്തെ ആദത്തിന്, വിശേഷബുദ്ധിയില്ലാത്ത ജീവികളുടെ മേൽ അധികാരം ലഭിച്ചു. രണ്ടാമാദാമിന് സമസ്ത ജീവജാലങ്ങളുടെയും മേൽ അധികാരം ലഭിച്ചു. ഒരു സ്ത്രീയിലൂടെ വിഡ്ഢിത്തവും മറ്റൊരു സ്ത്രീയിലൂടെ വിവേകവും വന്നു.

ദൈവം ആദത്തിൽ മനുഷ്യവർഗത്തിന്റെ ആദ്യരൂപപ്പെടുത്തൽ നടത്തി. എന്നാൽ ആ പരീക്ഷണത്തിൽ പാപമാകുന്ന വെള്ളം കൂടി ക്കലർന്ന് കോലം കെട്ടു. ദൈവം യേശുവിൽ മനുഷ്യസ്വഭാവവും വചനവും കലർത്തി രണ്ടാമതൊരു രൂപപ്പെടുത്തൽ നടത്തി. അങ്ങനെ ആദത്തിൽ മരിച്ച എല്ലാവരും മിശിഹായിൽ ജീവനിലേക്ക് ആനയിക്കപ്പെട്ടു. പറുദീസായിൽ നിന്ന് നദികൾ ഒഴുകി. മിശിഹായുടെ പാർശ്വത്തിൽ നിന്ന് ജീവജലത്തിന്റെ അരുവിയൊഴുകി ഭൂലോകം മുഴുവൻ നനയ്ക്കുന്നു.[1]

1. കല്ലറങ്ങാട്ട്, *വിശുദ്ധഗ്രന്ഥ ദർശനങ്ങൾ*, പേ.543 ff.



# 2

# അറിവിന്റെ വൃക്ഷം (ഉത്പ 2,9)

ഉത്പത്തി പുസ്തകത്തിൽ അറിവിന്റെ വൃക്ഷത്തെപ്പറ്റി പറയുന്നു (2,9). ജീവന്റെ വൃക്ഷത്തോടൊപ്പം തോട്ടത്തിന്റെ നടുവിലായിരുന്നു ഈ വൃക്ഷവും. എന്നാൽ ഇതിന്റെ ഫലം തിന്നരുത്, തിന്നാൽ അന്നു മരിക്കും എന്ന് ദൈവം ആദത്തോടു പറഞ്ഞു (2,17). ഹവ്വായും ആദവും ആ പഴം തിന്നു, അവർ മരിച്ചു.

എന്താണ് നന്മതിന്മകളുടെ അറിവ്? ദൈവമാണ് നന്മയും തിന്മയും നിശ്ചയിക്കുന്നത്. പ്രകൃതിനിയമത്തിലൂടെയും മനുഷ്യ മനസ്സാക്ഷിയിലൂടെയും മോശയുടെ നിയമത്തിലൂടെയും നമ്മുടെ കർത്താവിന്റെ സുവിശേഷത്തിലൂടെയും ദൈവം നന്മതിന്മകൾ നിശ്ചയിച്ചിരിക്കുന്നു. എന്നാൽ മനുഷ്യൻ തിന്മയെ നന്മയാക്കാനും നന്മയെ തിന്മയാക്കാനും മുതിർന്നു. അപ്പോഴാണ് മനുഷ്യന് ചുവടു പിഴച്ചത്. ആദ്യമനുഷ്യൻ അപ്പോഴാണ് മരിച്ചത്. ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിച്ച് നിത്യമായി ജീവിക്കേണ്ട മനുഷ്യൻ സ്വന്തമായി നന്മയും തിന്മയും ഉണ്ടാക്കി. ആദത്തെപ്പോലെ അനന്തര തലമുറകളും ഇപ്രകാരം "അറിവിന്റെ കനി" തിന്നുകൊണ്ടിരിക്കുന്നു.

ഇന്നും അത് തുടരുന്നു. ദൈവം ഏദൻതോട്ടത്തിൽ തന്റെ "ഛായയിലും സാദൃശ്യത്തിലും" മനുഷ്യനെ സൃഷ്ടിച്ചു (ഉത്പ. 1,26). "ദൈവം തന്റെ ച്ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ച്ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവിടുന്ന് അവരെ സൃഷ്ടിച്ചു" (ഉത്പ.1,27). "ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും മനുഷ്യൻ

ജീവനുള്ളവൻ ആയിത്തീരുകയും ചെയ്തു” (ഉത്പ. 2,7). “മനുഷ്യനിൽ നിന്നെടുത്ത വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്ക് രൂപം നൽകി” (ഉത്പ.2,22). “നരനിൽ നിന്ന് എടുക്കപ്പെട്ടതിനാൽ നാരി എന്ന് അവൾ വിളിക്കപ്പെടും. അതിനാൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റശരീരം ആയിത്തീരും” (ഉത്പ. 2,23-24).

ഇതാണ് ദൈവം മനുഷ്യനുവേണ്ടി ചെയ്ത ക്രമീകരണം. എന്നാൽ “അറിവിന്റെ വൃക്ഷത്തിൽ” കയറി പഴം പറിച്ചു തിന്നുകയാണ് ഇന്നത്തെ മനുഷ്യരും അവരുടെ രാജ്യങ്ങളും രാഷ്ട്രനേതാക്കന്മാരും. ദൈവികനിയമവും ദൈവിക ക്രമീകരണവും തട്ടിമാറ്റി പുരുഷനും പുരുഷനും, സ്ത്രീയും സ്ത്രീയും ഒന്നുചേരുന്നു. അതിനെ വിവാഹം എന്നു വിളിക്കുന്നു. അതിന് രാജ്യങ്ങൾ അംഗീകാരം നൽകുന്നു. ആദിമാതാപിതാക്കളുടെ പിന്നാലെ പിൻതലമുറക്കാരും പായുന്നു. വഴി പിഴച്ചവരായി തീരുന്നു (റോമ.1,18-2,29). മനുഷ്യർ ഇതിന്റെ ഫലം അനുഭവിച്ചേ മതിയാകൂ.

“സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ” എന്നാണ് ദൈവം ആദിമാതാപിതാക്കളെ അനുഗ്രഹിച്ചത് (ഉത്പ.1,28). എന്നാലിന്ന് വിവാഹാനന്തരം മക്കളെ ജനിപ്പിക്കാൻ പല ദമ്പതികളും വിസമ്മതിക്കുന്നു. ചിലർ പ്രസവം നീട്ടിവയ്ക്കുന്നു. ചിലർ ഗർഭപാത്രം അടച്ചുകളയുന്നു. ചിലർ ഗർഭപാത്രം കല്ലറയാക്കുന്നു. നിരപരാധികളായ ശിശുക്കളെ കുരുതി കഴിക്കുന്നു. ഇത് ഘോരപാപമാണ്. ഗർഭഛിദ്രം കാട്ടുതീപോലെ പരക്കുന്നു. രാഷ്ട്രങ്ങൾ അതിന് നിയമസാധുത നൽകുന്നു.

അതുപോലെയാണ് ആയുധവിൽപ്പന. സ്നേഹത്തിൽ മനുഷ്യരെ ഒന്നിപ്പിക്കാനാണ് നമ്മുടെ കർത്താവ് മനുഷ്യനായി അവതരിച്ചത്. എന്നാൽ മനുഷ്യർ എല്ലാത്തരം കൊടുംക്രൂരതകളും അറപ്പുകൂടാതെ ചെയ്തുകൂട്ടുന്നു. ഭീകരപ്രവർത്തകർക്ക് എല്ലാവിധ അത്യാധുനികായുധങ്ങളും ലഭിക്കുന്നു. ആയുധവിൽപ്പനക്കാർ ദ്രവ്യാഗ്രഹികളാണ്. അവർ ആർക്കും ആയുധം വിൽക്കും. തിന്മ ചെയ്യുന്നവരെല്ലാം അറിവിന്റെ വൃക്ഷത്തിൽ നിന്ന് ഭുജിക്കുന്നു. ഇന്നിത് സാർവത്രികമായിരിക്കുന്നു. യുദ്ധം ഉണ്ടാക്കുക, ആയുധം വിൽക്കുക, അരാജകത്വം സൃഷ്ടിക്കുക, സന്ധിസംഭാഷണങ്ങൾ നടത്തുക തുടങ്ങിയവയൊക്കെ ഈ വഞ്ചനയുടെയും തട്ടിപ്പിന്റെയും ഭാഗമാണ്. ലോകത്തിന്റെ ഇപ്പോഴത്തെ





പോക്ക് നേരേയല്ല. ലോകം അറിവിന്റെ വൃക്ഷത്തിൽ കയറിയിരിക്കയാണ്. ഇതിനെന്താണ് പരിഹാരം? ദൈവത്തെ മറന്നുള്ള ഈ പോക്ക് എവിടെ അവസാനിക്കും?

ഒരു ഭീകരാന്തരീക്ഷമാണ് നമ്മുടെ കൺമുമ്പിൽ. നിസ്സഹായരായ ഗർഭസ്ഥ ശിശുക്കൾ, ആക്രമണവിധേയരാകുന്ന പെൺകുട്ടികളും മറ്റ് സ്ത്രീകളും, വയോധികർ, ബലഹീനരായ ന്യൂനപക്ഷ സമുദായക്കാർ, അടിമകളാക്കപ്പെടുന്ന സമൂഹം, ചൂഷണവിധേയരായ ആദിവാസികൾ തുടങ്ങിയവർ അനുഭവിക്കുന്ന കടുത്ത അനീതി ഇന്ന് വ്യാപകമാണ്. സുഖവും സന്തോഷവും തേടി, തൊഴിലും പണവും തേടി, മറ്റെല്ലാം മറന്ന് മനുഷ്യർ പരക്കം പായുന്നു. പണത്തിനുവേണ്ടി എന്തക്രമവും കാട്ടുന്നു.

ആയുധക്കടത്ത്, ആയുധവിൽപ്പന, മയക്കുമരുന്നിന്റെ വിൽപ്പന, വിവിധ തരം മാഫിയാ സംഘങ്ങളുടെ പ്രവർത്തനം, സിനിമാ വ്യവസായത്തിന്റെ അധ:പതനം, മീഡിയായുടെ വഴിപിഴപ്പിക്കൽ, നിർബന്ധിത വേശ്യാവൃത്തി, തട്ടിക്കൊണ്ടുപോകൽ, ക്രൂരമർദനമുറകൾ, മനുഷ്യക്കടത്ത് തുടങ്ങിയവ ഞെട്ടിപ്പിക്കുന്നതാണ്.

ജറമിയാ ഇന്നും ഗർജിക്കുന്നു. അവനെ അവർ ചെളി നിറഞ്ഞ പൊട്ടക്കിണറ്റിൽ തള്ളിയിട്ടു. അവൻ അവിടെ കിടന്ന് മരിക്കുമെന്ന് തള്ളിയിട്ടവർ കരുതി. ഇന്ന് ലോകജനതയും ലോകരാഷ്ട്രങ്ങളും ലോകനേതാക്കന്മാരും താഴെ നിന്ന് ഒരു പഴം പറിക്കയല്ല ചെയ്യുന്നത്, പിന്നെയോ, അറിവിന്റെ വൃക്ഷത്തിൽ കയറി പറിച്ചു തിന്നുകൊണ്ടേ ഇരിക്കയാണ്. എവിടെയാണ് നാം ഒരു മാറ്റം കാണേണ്ടത്?



# 3

# മോശയും യേശുവും

പുതിയനിയമ ഗ്രന്ഥകാരന്മാർ പഴയനിയമത്തിലെ സംഭവങ്ങൾ, വ്യക്തികൾ തുടങ്ങിയവ പുതിയനിയമത്തിലെ സംഭവങ്ങളുടെയും വ്യക്തികളുടെയും മുൻകുറികളും സൂചനകളും നിഴലുകളും അടയാള ങ്ങളും ചവിട്ടുപടികളും ഒരുക്കങ്ങളുമായി മനസ്സിലാക്കി. പുതിയ നിയമം രചിക്കാൻ തുടങ്ങിയപ്പോൾ പഴയനിയമ ശൈലികളും പദപ്രയോഗ ങ്ങളും അവർ ഉപയോഗിച്ചു. ഉദാ. റോമാലേഖനം മുഴുവൻ പഴയ നിയമത്തിലെ, പ്രത്യേകിച്ച് സങ്കീർത്തനങ്ങളിലെ, വാചകങ്ങൾ കൊണ്ട് ചിത്രീകരിച്ചിരിക്കയാണെന്നാണ് വി.ജറോം പറയുന്നത്.[1]

പഴയനിയമം മുഴുവൻ യേശുവിനെ പറ്റിയുള്ള പ്രവചനങ്ങളായി അവർ മനസ്സിലാക്കി. പഴയ നിയമത്തിൽ നിറഞ്ഞു നിന്നത് യേശുവാണ്. യേശുവിനെ കൂടാതെയുള്ള പഴയനിയമം യഹൂദചരിത്രവും കടം കഥകളുമാണ്. യേശുവാണ് പഴയനിയമത്തിന് അർഥം കൊടുക്കുന്നത്. പുതിയ നിയമത്തിൽ യേശു പറഞ്ഞതിന്റെയും പ്രവർത്തിച്ചതിന്റെയും പ്രവചനങ്ങളും മൂലരൂപങ്ങളും അവർ പഴയ നിയമത്തിൽ കണ്ടു. രണ്ടും ദൈവവചനം തന്നെ. ഒന്ന് ഒരുക്കവും മറ്റത് പൂർത്തീകരണവും യാഥാർഥ്യവും.

യേശുവും മോശയും തമ്മിലുള്ള സാമ്യം വ്യക്തമാക്കാം. പഴയ നിയമത്തിന്റെ തലവൻ മോശയും പുതിയനിയമത്തിന്റെ തലവൻ യേശുവുമാണ്. മോശയെ പുതിയ നിയമത്തിൽ പലയിടത്തും പരാമർ ശിക്കുന്നു. മോശ ചെയ്ത പല സംഗതികളും യേശു പൂർത്തീകരി

1. Scheck,T.P., (tr.), *St.Jerome: Commentary on Isaiah,* p.720.823.





ക്കുന്നതായി പുതിയനിയമം വരച്ചുകാട്ടുന്നു: ഈജിപ്തിൽ നിന്നുള്ള പുറപ്പാട്, ഫറവോയുടെ അടിമത്തത്തിൽ നിന്നുള്ള വിടുതൽ, കുഞ്ഞാടിന്റെ കൊല, കട്ടിളപ്പടികളിലുള്ള രക്തം തളിക്കൽ, ചെങ്കടൽ കടക്കൽ, മരുഭൂയാത്ര, പാറ പിളർന്ന് വെള്ളം നൽകൽ, മന്നാ വർഷി ക്കുന്നത്, മേഘത്തൂണും അഗ്നിത്തൂണും, സീനായ് ഉടമ്പടി, പത്തു കൽപ്പനകൾ.

മോശയെപ്പോലെ യേശുവും മലമുകളിൽ കയറി. മോശ സീനായ് മലയിൽ നാൽപ്പതു ദിനരാത്രങ്ങൾ ചെലവഴിച്ചതുപോലെ യേശു മരുഭൂമിയിൽ പോയി നാൽപ്പതു ദിവസം പ്രാർഥനയിൽ ചെലവഴിച്ചു (മത്താ.4,2; പുറ.24,18). മോശ പ്രാർഥനാനന്തരം കൽപ്പനകൾ സ്വീകരിച്ചു. പുതിയ മോശ മലമുകളിൽ നിന്ന് അഷ്ഠസൗഭാഗ്യങ്ങൾ അവതരിപ്പിച്ചു. പത്തു കൽപ്പനകൾക്കും അഷ്ഠസൗഭാഗ്യങ്ങൾക്കുമുള്ള സാമ്യം വ്യക്തമാണ്. പ്രവാചകന്മാർ മിശിഹായുടെ പ്രവർത്തനങ്ങൾ പുറപ്പാടു സംഭവത്തിന്റെ വെളിച്ചത്തിൽ പ്രവചിച്ചിരുന്നു. പുതിയനിയമ ഗ്രന്ഥകാരന്മാർ ഇക്കാര്യം മനസ്സിലാക്കുകയും ഉദ്ധരിക്കുകയും ചെയ്തു. മോശ ചെങ്കടലിലെ വെള്ളത്തെ വരുതിക്ക് നിർത്തി, ഇസ്രായേൽ ക്കാരെ കടലിന്റെ അടിത്തട്ടിൽ കൂടി കടത്തി. യേശു കാറ്റിനെയും കടലിനെയും അടക്കി നിർത്തി, കടലിനു മീതേ കൂടി നടന്നു (മത്താ. 8,23-27;14,22-33). മരുഭൂമിയിലെ മന്നാ പോലെ യേശു അപ്പം നൽകി ജനത്തെ തൃപ്തരാക്കി (മത്താ. 14,14-21). മോശ എഴുപത് മൂപ്പന്മാരെ തെരഞ്ഞെടുത്തു, യേശു എഴുപത് ശിഷ്യന്മാരെ തനിക്കു മുമ്പേ അയച്ചു (സംഖ്യ 11,16; ലൂ.10,1). മലയിലെ തേജസ്കരണത്തിലും പുറപ്പാടിന്റെ അലയടികൾ ദൃശ്യമാണ്: മേഘം, മോശ, സ്വർഗീയസ്വരം, കൂടാരം.

യോഹന്നാന്റെ സുവിശേഷം എഴുതിയിരിക്കുന്നത് പുറപ്പാടിന്റെ ചട്ടക്കൂട്ടിലാണ്. അതിന് കൂദാശപരമായ പശ്ചാത്തലമുണ്ട്. യേശുവിൽ പുറപ്പാട് പൂർത്തികരിച്ച് കൂദാശകളിൽ എത്തിനിൽക്കുന്നതായിട്ടാണ് അവതരണം. ഇസ്രായേൽ ജനതയുടെ പാളയത്തിന്റെ മധ്യത്തിൽ കർതൃമഹത്വം ഉജ്ജ്വലിച്ചുനിന്നു (പുറ.40,35). പുതിയ നിയമത്തിൽ, "അവന്റെ മഹത്വം നാം ദർശിച്ചു" (യോഹ.1,14). കുരിശിൽ ഉയർത്ത പ്പെട്ട യേശുവിന്റെ മുൻകുറിയാണ് മോശ ഉയർത്തിയ പിച്ചളസർപ്പം (സംഖ്യ,21,9; യോഹ.3,14). യേശു, പോഷണം നൽകുന്ന മന്നായും

പാറയിൽ നിന്ന് ജീവജലം നൽകുന്ന നീരുറവയും ആയിത്തീർന്നു (യോഹ. 6,31-33; 7,37-38), ലോകപാപം നീക്കുന്ന പെസഹാ കുഞ്ഞാടായും അഗ്നിത്തൂണായും അവിടുന്ന് പ്രത്യക്ഷപ്പെട്ടു (യോഹ.1,29; 19,36; 8,12).

വി. ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിലും ഇതിന്റെ അലയടികൾ ദൃശ്യമാണ്. "അവരുടെ ഇടയിൽ ദരിദ്രരായി ആരും ഉണ്ടായിരുന്നില്ല" എന്നത് നിയമാവർത്തനം നമ്മെ അനുസ്മരിപ്പിക്കുന്നു: "നിങ്ങളുടെ ഇടയിൽ ദരിദ്രരോ, യാചകരോ ഉണ്ടായിരിക്കയില്ല" (നടപടി,4,34; നിയമാ.15,4). സ്തേഫാനോസിന്റെ പ്രസംഗം മോശയുടെ ജീവിതവും പ്രവർത്തനവും അനുസ്മരിപ്പിക്കുന്നു (നടപടി, 7,20-44). മോശ യേശുവിലേക്ക് വിരൽ ചൂണ്ടുന്നെന്ന് സ്തേഫാനോസ് വിശദീകരിച്ചു. മോശയോട് ഇസ്രായേൽക്കാർ അവിശ്വസ്തത കാട്ടി, അത് യേശുവിനോട് യഹൂദർ കാട്ടിയ ക്രൂരതയുടെ പൂർവരൂപമായിരുന്നു. ചെങ്കടൽ കടന്നത് മാമോദീസായുടെ പൂർവമാതൃകയായി പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നു (1 കൊറി.10,1-4).

വി. പത്രോസിന്റെ ഒന്നാം ലേഖനം മാമോദീസായെ പുറപ്പാടുമായി ബന്ധിക്കുന്നു. അതിലെ പല പദപ്രയോഗങ്ങളും പുറപ്പാട് ഗ്രന്ഥത്തിൽ നിന്ന് കടമെടുത്തവയാണ് (1,13-20; 2,1-10). ഉദാ. അരമുറുക്കൽ, പ്രവാസകാലം, കുഞ്ഞാടിന്റേതു പോലെയുള്ള ക്രിസ്തുവിന്റെ അമൂല്യ രക്തം, സജീവശില, പുരോഹിതജനം, ദൈവത്തിന്റെ സ്വന്തജനം തുടങ്ങിയ പദപ്രയോഗങ്ങൾ ഇതാണ് സൂചിപ്പിക്കുന്നത്.

വെളിപാടു പുസ്തകത്തിലും പുറപ്പാടിന്റെ അലയടികൾ കാണാം. കുഞ്ഞാടിന്റെ ബലിയും (വെളി.5,12), സഭയെ പ്രതിനിധീകരിക്കുന്ന പന്ത്രണ്ടു ഗോത്രങ്ങളും (വെളി.7,4-8)പുറപ്പാട് പശ്ചാത്തലത്തില്ലുള്ള പ്രയോഗങ്ങളാണ്. മോശയുടെയും കുഞ്ഞാടിന്റെയും ഗീതം ആലപിച്ചുകൊണ്ട് അഗ്നിമയമായ സ്പടികക്കടലിൽ നിൽക്കുന്നവർ (വെളി.15,2ff.) ചെങ്കടലിലൂടെയുള്ള യാത്രയെ അനുസ്മരിപ്പിക്കുന്നു. കാഹളധ്വനിയും ഇടിയും മിന്നലും സീനായ് മലയിലെ സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നു (വെളി.8,1 ff.); ഈജിപ്തിലെ ശിക്ഷകൾക്ക് തുല്യമാണ് ദൈവത്തിന്റെ ശത്രുക്കൾക്ക് നൽകപ്പെട്ട ശിക്ഷ; നദീയിലെ ജലം രക്ത





മായത് (വെളി.8,8;16,3), അന്ധകാരം (വെളി.8,12; 16,10), വെട്ടുക്കിളി (വെളി.9,1ff.)ആദിയായവ പുറപ്പാടിന്റെ വെളിപാട് രൂപാന്തരീകരണമാണ്. പുറപ്പാടിൽ പറഞ്ഞിരിക്കുന്നവ യേശുവിൽ പൂർത്തിയായതായി യോഹന്നാൻ ഉറപ്പിച്ചു പറയുന്നു.

എബ്രായലേഖനം യേശുവിനെ മോശയുമായി താരതമ്യപ്പെടുത്തുന്നു (3,3-5). മോശയ്ക്ക് ലഭിച്ചത് സ്വർഗീയ കാര്യങ്ങളുടെ നിഴൽ മാത്രമായിരുന്നു (8,5). യേശു പുതിയ ഉടമ്പടി സ്ഥാപിച്ചു (8,7.13). അവന്റെ രക്തം ഉടമ്പടിയുടെ രക്തമാണ്. കാളയുടെ രക്തം മുൻകുറി മാത്രം (9,11-12). സീനായ് മലയെയും സീയോൻ പർവതത്തെയും താരതമ്യപ്പെടുത്തുന്നു (12,19-24).

അമാലേക്യരുമായി ജോഷ്വാ യുദ്ധം ചെയ്തപ്പോൾ കൈവിരിച്ചു പിടിച്ച് പ്രാർഥിച്ച മോശയും, മോശ ഉയർത്തിയ പിച്ചളസർപ്പവും ക്രൂശിതനായ കർത്താവിനെ സൂചിപ്പിക്കുന്നു. അതുപോലെ മാറായിലെ വെള്ളത്തിന്റെ കയ്പ്പു മാറാൻ മോശ ഇട്ട തടിക്കഷണം സ്നാനജലത്തിന്റെയും കുരിശിന്റെയും പ്രതീകമാണ്. പഴയ നിയമത്തോട് കുരിശു ചേർത്തപ്പോൾ അത് മധുരമുള്ളതായി, പ്രയോജനപ്രദമായി. കുരിശു കൂടാതെയുള്ള പഴയനിയമം - ക്രിസ്തുവിൽ എത്താത്ത പഴയ നിയമം - കയ്പ്പുള്ളതാണ്. സ്നാനജലത്തിൽ കുരിശു കലർത്തി അത് ജീവദായകമാക്കുന്നു. കുരിശിന്റെ തടി സ്നാനജലത്തിൽ മുക്കി ജലത്തെ പവിത്രീകരിച്ച് ജീവദായകമാക്കുന്നു. മനുഷ്യവർഗത്തിന്റെ രക്ഷ മോശ മുൻകൂട്ടി വരച്ചുകാട്ടി. കുരിശു കൂടാതെയുള്ള ജലം രക്ഷാസംബന്ധമായി മൂല്യരഹിതമാണ്. കുരിശിലൂടെ അത് ആധ്യാത്മിക സ്നാനജലമായും ആരോഗ്യദായക പാനീയമായും തീരുന്നു. അത് വരപ്രസാദത്താൽ നിറയുന്നു.

ഏലീമിലെ പന്ത്രണ്ട് അരുവികളും എഴുപത് ഈന്തപ്പനകളും പന്ത്രണ്ട് ശ്ലീഹന്മാരെയും എഴുപത് അറിയിപ്പുകാരെയും സൂചിപ്പിക്കുന്നു. മാറായിൽ നിന്ന് ഏലീമിലേക്കുള്ള യാത്ര നിയമത്തിൽ നിന്ന് സുവിശേഷത്തിലേക്കുള്ള യാത്രയെ സൂചിപ്പിക്കുന്നു. പാറയിൽ നിന്നുള്ള ജലവും സ്നാനജലത്തിന്റെ മുൻകുറിയാണ്. ചെങ്കടൽ കടന്നത് സ്നാനജലത്തിന്റെ മുൻകുറി ആയിരുന്നു. ചെങ്കടലിനെ സ്നാന

ത്തൊട്ടിയുടെ മുൻകുറിയായി കാണാം. രക്ഷപെട്ട ഇസ്രായേൽക്കാർ, സ്നാനജലത്തിലൂടെ രക്ഷിക്കപ്പെട്ട വിശ്വാസികളെയും, ജലത്തിൽ മുങ്ങിമരിച്ച ഈജിപ്തുകാർ, ദുഷ്ടപിശാചുക്കളെയും അന്ധകാര വാസികളെയും സൂചിപ്പിക്കുന്നു.

കർത്താവായ യേശുവാണ് പ്രകാശസ്തംഭം, പരിശുദ്ധാത്മാവാണ് മേഘസ്തംഭം. മേഘത്തിലൂടെ സ്നാനം സ്വീകരിച്ചു എന്നാൽ പരിശുദ്ധാത്മാവിൽ സ്നാനപ്പെട്ടു എന്നർഥം. മോശ ഇസ്രായേൽക്കാരെ ഈജിപ്തിലെ ഫറവോയുടെ അടിമത്തത്തിൽ നിന്ന് വിടുവിച്ചു. മിശിഹാ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മർത്യകുലത്തെ വിടുവിച്ചു. മോശ കുഞ്ഞാടിന്റെ രക്തത്താൽ സംഹാരദൂതനെ അകറ്റി. മിശിഹാ തന്റെ സ്വന്തരക്തത്താൽ പാതാളശക്തികളെ തകർത്തു. ഈജിപ്തുകാർ ചെങ്കടൽ വരെ അവരെ പിൻതുടർന്നു. രക്ഷാകരജലം വരെ പിശാച് മനുഷ്യരെ പിൻതുടരുന്നു. എന്നാൽ ഈ ജീവജലത്താൽ അവൻ തകർന്നടിയുന്നു.

നമ്മുടെ കർത്താവിന്റെ മൂന്നാംദിവസത്തെ ഉയിർപ്പിനും മുൻകുറികളുണ്ട്: മൂന്നു ദിവസത്തെ ദൂരം യാത്ര ചെയ്ത് ദൈവത്തെ ആരാധിക്കാൻ ഫറവോനോട് മോശ അനുവാദം ചോദിച്ചു. മൂന്നാം ദിവസം നമ്മുടെ കർത്താവ് ഉത്ഥാനം ചെയ്ത് നമ്മുടെ കൺമുമ്പിൽ ജീവിച്ചു. ഒന്നാം ദിവസം പീഡാനുഭവം, രണ്ടാംദിവസം പാതാള പ്രവേശനം, മൂന്നാംദിവസം ഉത്ഥാനദിനം! അതുകൊണ്ടാണ് മൂന്നാം ദിവസം ദൈവം ഇസ്രായേൽക്കാരുടെ മുമ്പിൽ മേഘത്തൂണായും അഗ്നിത്തൂണായും പോയത്. മൂന്നാം ദിവസത്തിന്റെ രഹസ്യം സ്വന്തമാക്കി കഴിയുമ്പോൾ, ദൈവം തന്നെ നമ്മെ നയിക്കയും വഴി കാട്ടുകയും ചെയ്യും. അബ്രഹാം ഇസഹാക്കിനെ ബലികഴിക്കാൻ പോയപ്പോൾ, മൂന്നാം ദിവസമാണ് ദൈവം നിർദേശിച്ച സ്ഥലത്തെത്തിയത്. ഇസ്രായേൽക്കാർ മൂന്നാം ദിവസം ദൈവത്തിന് ബലിയർപ്പിച്ചു.

ചെങ്കടൽ കടന്നതിന്റെ അനന്തര ഫലങ്ങളാണ് മന്നായും പാറയിൽ നിന്നുള്ള ജലവും. വി. കുർബാനയുടെയും സ്നാനത്തിന്റെയും മുൻമാതൃകകളാണിവ. മന്നാ ദൈവത്തിൽ നിന്നു വരുന്ന വചനങ്ങളുടെ പൂർവ മാതൃകയായും മനസ്സിലാക്കാം.





ദൈവം സീനായ് മലയിൽ വച്ച് മോശയെ തന്റെ പിൻഭാഗം കാണിച്ചു. അവസാന നാളുകളിൽ പൂർണമായി കാണാം എന്നർഥം. അത് താബോർ മലയിൽ വച്ച് സംഭവിച്ചു. സീനായ് മലയിൽ വച്ച് മോശയുടെ മുഖം മാത്രം പ്രകാശിച്ചു. എന്നാൽ താബോർ മലയിൽ വച്ച് പൂർണമായി മഹത്വമണിഞ്ഞു. അങ്ങനെ സീനായ് മലയിലെ വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടു.

യോഹന്നാൻ ശ്ലീഹായും ലൂക്കായും (സുവിശേഷവും ശ്ലീഹന്മാരുടെ നടപടി പുസ്തകവും) മോശയുടെ പേരു പറഞ്ഞ് അനുസ്മരിക്കുന്നു. എബ്രായലേഖനകർത്താവ് സ്പഷ്ടമായി പഴയനിയമ ദൈവാലയ സംവിധാനങ്ങൾക്ക് ആന്തരികാർഥം നൽകുന്നു. മോശ കർതൃഭവനത്തിൽ ഭൃത്യനെപ്പോലെ പെരുമാറി. യേശുവാകട്ടെ പുത്രനായിത്തന്നെ അവതരിച്ചു. അതായിരുന്നു മോശയും യേശുവും തമ്മിലുള്ള വ്യത്യാസം.

യഹൂദരുടെ വ്യാഖ്യാനശൈലികൾ ഗ്രന്ഥകാരൻ സ്വന്തമാക്കുന്നു. പഴയനിയമത്തിന് ആന്തരികാർഥം നൽകുന്ന രീതി യഹൂദനായ ഫീലോ സ്വീകരിച്ചു. അതിന്റെ ചുവടുപിടിച്ച് സഭയിലെ എഴുത്തുകാർ പഴയനിയമം വ്യംഗ്യാർഥപരമായി വ്യാഖ്യാനിക്കുകയും യേശുവിൽ എത്തിച്ചേരുകയും ചെയ്തു. അത് ഫീലോയ്ക്ക് അപ്രാപ്യമായിരുന്നു.



# 4
# ന്യായാധിപന്മാരുടെ ഗ്രന്ഥം

മനുഷ്യാത്മാക്കളെ സ്വന്തമാക്കാൻ സുകൃതവും തിന്മയും തമ്മിൽ നടത്തുന്ന പോരാട്ടം ഒരിജന്റെ ഒരു ചിന്താവിഷയമാണ്. "ജോഷ്വായുടെയും പിന്നാലെ വന്ന ശ്രേഷ്ഠന്മാരുടെയും ദിവസങ്ങളിലെല്ലാം ജനം കർത്താവിനെ സേവിച്ചു" (ന്യായാ. 2,7). മനുഷ്യർ ഒന്നുകിൽ യേശുക്രിസ്തുവിന്റെയും ശ്ലീഹന്മാരുടെയും ദിവസങ്ങളിൽ ജീവിക്കുന്നു. അല്ലെങ്കിൽ പിശാചിന്റെ ദുഷ്ടദിവസങ്ങളിൽ ജീവിക്കുന്നു. എല്ലാവരെയും പ്രകാശിപ്പിക്കുന്നതും കെട്ടുപോകാത്തതുമായ സത്യപ്രകാശത്തിൽ നടക്കുന്നത് നല്ല ദിവസങ്ങളിലാണ്. എന്നാൽ യഥാർഥത്തിൽ അന്ധകാരമായിരിക്കയും പ്രകാശദൂതനായി കാണപ്പെടുകയും ചെയ്യുന്ന ചതിയന്റെ മിന്നിമറയുന്ന പ്രകാശത്തിൽ നടക്കുന്നവന് ദുർദിനമായിരിക്കും. നമ്മിൽ നല്ല ദിവസങ്ങൾ ഉണ്ടാക്കാൻ യേശുതമ്പുരാനോട് പ്രാർഥിക്കുന്നതാണ് നിത്യപ്രകാശവുമായുള്ള സുദൃഢബന്ധം ഉറപ്പാക്കാനുള്ള മാർഗം. അതായത്, സുകൃതങ്ങളിൽ വളരാനുള്ള കൃപയ്ക്കായി അപേക്ഷിക്കുക. ഓരോ സുകൃതവും യേശുവിന്റെ ദിവസമായിരിക്കും. ആരിലെങ്കിലും സുകൃതങ്ങൾ മൃതാവസ്ഥയിൽ ആണെങ്കിൽ, അവനിൽ യേശു മൃതനായിരിക്കും. അപ്പോൾ, ചിലരിൽ യേശു സജീവനാണ്, മറ്റു ചിലരിൽ മൃതനാണ്.

പാപം ചെയ്യുന്നവനിൽ യേശു മൃതനാണ്. കാരണം, പാപം ചെയ്യുന്നയാൾ തന്റെയുള്ളിൽ യേശുക്രിസ്തുവിനെ വീണ്ടും നിന്ദിക്കുകയും പരിഹസിക്കുകയും ക്രൂശിക്കുകയും ചെയ്യുന്നു. ഒന്നുകിൽ മനുഷ്യർ സുകൃതജീവിതം വഴി ക്രിസ്തുവിനെ സേവിക്കുന്നു, അല്ലെങ്കിൽ പാപം വഴി പിശാചിനെ സേവിക്കുന്നു. ക്രിസ്തുവിനെ അറി





ഞ്ഞിട്ട് അംഗീകരിക്കാത്ത അവിശ്വാസിയും വിശ്വാസത്യാഗിയും, ദൈവത്തെ ഉപേക്ഷിച്ച് ബാലിനെ സേവിക്കുന്ന വിഗ്രഹാരാധകരാണ്. അതാണ് ജോഷ്വാ മരിച്ചപ്പോൾ ഇസ്രായേലിൽ സംഭവിച്ചത്. ദൈവത്തിന്റെ അത്ഭുതകർമങ്ങൾ ദർശിക്കയും അനുഭവിക്കയും ചെയ്തവരുടെ കാലശേഷം ഇസ്രായേൽക്കാർ ബാലിനെ ആരാധിക്കാൻ തുടങ്ങി.

ആരാധനയ്ക്കായി എവിടെയാണ് നാം നമ്മുടെ ഹൃദയത്തിന്റെ മുട്ടുകൾ മടക്കുന്നതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ബാലിന്റെ മുമ്പിലാണെങ്കിൽ, ദൈവം നമ്മെ നമ്മുടെ ശത്രുക്കൾക്ക്-പാപത്തിനും പിശാചിനും-കൈയാളിക്കും. എന്നാലത് നിത്യനാശത്തിനല്ല, മാനസ്സാന്തരത്തിനാണ്. കാരണം, ദൈവത്തിന് അതിരില്ലാത്ത കാരുണ്യവും ദീർഘക്ഷമയുമാണുള്ളത്. അതാണ് ന്യായാധിപന്മാരുടെ കാലത്തുള്ള ഇസ്രായേൽ ചരിത്രം പഠിപ്പിക്കുന്നത്. ദൈവത്തിൽ നിന്ന് അകന്നപ്പോൾ ഇസ്രായേൽക്കാർ ശത്രുകരങ്ങളിൽ നിപതിക്കയും ശത്രുക്കൾ അവരെ കീഴമർത്തുകയും ചെയ്തു. അവർ തങ്ങളുടെ കഷ്ടതയിൽ കർത്താവിനെ വിളിച്ചപേക്ഷിച്ചപ്പോൾ കർത്താവ് അവർക്ക് രക്ഷകനെ-ന്യായാധിപനെ-അയച്ച് ശത്രുകരങ്ങളിൽ നിന്ന് അവരെ വിടുവിക്കയും ശത്രുക്കളെ അടിച്ചമർത്തുകയും ചെയ്തു.

തങ്ങളിലേക്കു തന്നെ തിരിയാതെ, ദൈവത്തിൻ പക്കലേക്കു തിരിഞ്ഞ്, മനുഷ്യർ ദൈവവചനത്തോട് ഗാഢബന്ധം പുലർത്തണം. അവിടെ നാം ദൈവത്തെ കണ്ടുമുട്ടും. ദൈവകാരുണ്യവും ദൈവപരിപാലനയും ദർശിക്കും. "ദൈവത്തോട് ചേർന്നു നിൽക്കുവിൻ, അവിടുന്ന് നിങ്ങളോടും ചേർന്നുനിൽക്കും" (യാക്കോ.4,8). ആധ്യാത്മിക തലത്തിലെ പോരാട്ടത്തിന് ദൈവവചനമാണ് ഏറ്റവും നല്ല ആയുധം. നമ്മുടെ കർത്താവും പോരാട്ടത്തിൽ ചെയ്തത് അതാണ്. "ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" എന്ന് പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുമ്പോൾ, ഇതാണ് അർഥമാക്കുന്നത് (എഫേ.6,13).

ദൈവത്തിൻ പക്കലേക്ക് തിരിയുന്ന ഏതൊരു വ്യക്തിക്കും ദൈവം സമീപസ്ഥനാണ്. അവന് ദൈവം നിശ്ചയമായും സഹായം അയച്ചുകൊടുക്കും. ഏഴ് എഴുപതു പ്രാവശ്യം ക്ഷമിക്കണമെന്ന് പത്രോസിനോടു പറഞ്ഞ കർത്താവ് ഏഴായിരം പ്രാവശ്യം ക്ഷമിക്കും. പാപം ചെയ്ത ആത്മാവ് അതിന്റെ വിഗ്രഹത്തെ ആശ്ലേഷിക്കാൻ

ദൈവം അനുവദിക്കുന്നു. അഹങ്കാരം മൂലം വഴിതെറ്റിപ്പോയതിനുള്ള മറുമരുന്നായിരിക്കും അതിൽ നിന്നുണ്ടാകുന്ന നിന്ദനവും നാണക്കേടും. വഴിതെറ്റിപ്പോയവർ നുറുങ്ങിയ ഹൃദയത്തോടെ ദാവീദിനെപ്പോലെ ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോൾ, ദൈവം ന്യായാധിപനെ അയക്കും. ദൈവത്തിൻ പക്കലേക്ക് തിരിയുന്നവനെ ദൈവം ഒരിക്കലും തള്ളിക്കളയുകയില്ല. അവിടുന്ന് കരുണാപൂർവം വാരിപ്പുണർന്ന് ദുഷ്ടനെ ദൂരെയകറ്റും.

സുകൃതസരണിയിലേക്ക് വിശ്വാസികളെ തിരിപ്പിക്കുന്നതിനും വഴിനടത്തുന്നതിനും സഭാനേതാക്കന്മാർക്ക് സാരമായ പങ്കുണ്ട്. കടുപ്പമുള്ള മണ്ണ് കൂടെക്കൂടെ ഇളക്കിക്കൊണ്ടിരിക്കണം. മുൾച്ചെടികൾ നീക്കം ചെയ്യണം. തിന്മയുടെ വേരുകൾ നശിച്ചു കഴിയുമ്പോൾ, സുകൃതത്തിന്റെ വിത്തുകൾക്ക് വളരാനാകും. രാത്രിയിൽ കള്ളൻ വന്ന് കള വിതയ്ക്കാതിരിക്കാൻ കർഷകനും മേൽനോട്ടക്കാരനും ശ്രദ്ധിക്കണമെന്നു മാത്രം.

ദൈവകാരുണ്യത്തോടൊപ്പം ദൈവത്തിന്റെ ശക്തിയും നാം അംഗീകരിക്കണം. മിദിയാന്യരുടെ വലിയ സൈന്യത്തെ പരാജയപ്പെടുത്താൻ ഗിദയോന് ദൈവം വെറും മുന്നൂറു പേരെ മാത്രമാണ് നൽകിയത്. വിജയം നൽകുന്നത് ദൈവമാണെന്ന് അത് സൂചിപ്പിക്കുന്നു. തിന്മയുടെ മേൽ ആത്മാവിന് വിജയം നൽകുന്നതും സുകൃതത്തിൽ വളർത്തുന്നതും ദൈവമാണ്, ദൈവം മാത്രമാണ്. ഈ വിജയത്തിന്റെ മഹത്വം ദൈവത്തിനു മാത്രമുള്ളതാണ്. ദൈവത്തോട് പ്രാർഥിക്കുകയും ക്രിസ്തുവിനെ കുറിച്ചും കുരിശിന്റെ രഹസ്യത്തെ കുറിച്ചുമുള്ള അറിവിൽ വളരുകയും ചെയ്യുന്ന വിശ്വാസിക്ക് ദൈവം തന്റെ കൃപ ചൊരിഞ്ഞു കൊടുത്ത് തിന്മയുടെയും ദുഷ്ടന്റെയും മേൽ വിജയം നൽകും.

ദൈവം നൽകുന്ന രക്ഷയുടെ ദൃഷ്ടാന്തം തിരുലിഖിതത്തിൽ ഉടനീളം ദർശിക്കാം. അതുകൊണ്ട് തിരുലിഖിതപരിജ്ഞാനവും പരിചയവും അവശ്യാവശ്യമാണ്. സുകൃതങ്ങൾ അഭ്യസിച്ച് ക്രിസ്തുവിനെ അനുകരിക്കാൻ തിരുലിഖിതത്തിനുള്ള ശക്തി നാം തിരിച്ചറിയണം. ഗിദയോൻ ചെയ്തതു പോലെയോ, നമ്മുടെ കർത്താവ് ചെയ്തതു പോലെയോ, തിരുലിഖിതത്തിലെ സ്വർഗീയ കൃപയുടെ പനിമഞ്ഞ് ശേഖരിച്ച് ആത്മാക്കളുടെ പാദം കഴുകാൻ പ്രസംഗകർക്ക്





കഴിയണം. സുവിശേഷപ്രഘോഷകൻ ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു. അയാൾ ക്രിസ്തുവിന്റെ സ്ഥാനത്തു നിൽക്കുന്നു. തിരുലിഖിതസത്യങ്ങൾ വ്യാഖ്യാനിച്ച് അയാൾ പാദസേവ നടത്തുന്നു.

നമ്മുടെ കർത്താവാണ് തിരുലിഖിത പ്രബോധകനും പ്രബോധന വസ്തുവും. തിരുലിഖിതം ഉടനീളം അവിടുത്തെ വരച്ചു കാട്ടുന്നു. ആത്യന്തികമായി പ്രബോധിപ്പിക്കുന്നത് നമ്മുടെ കർത്താവ് തന്നെയാണ്. പ്രഘോഷകൻ ഒരുക്കുന്നു എന്നു മാത്രം. തിരുലിഖിതവുമായി നേരിട്ട് ഇടപഴകുന്നത് പാപം കഴുകിക്കളയാൻ അത്യുത്തമമാണ്. അത് ആത്മാവിനെ സംശുദ്ധമാക്കുന്നു, പാപവിമുക്തമാക്കുന്നു, സുകൃതസരണിയിലേക്ക് തിരിക്കുന്നു, പുണ്യത്തിൽ വളർത്തുന്നു. തിരുലിഖിത മനനം കൊണ്ടും ശ്രവണം കൊണ്ടും തങ്ങളുടെ ആത്മാക്കളുടെ പാദം കഴുകാൻ ഓരോരുത്തർക്കും കടമയുണ്ട്. എങ്കിലും പാപബന്ധിതാത്മാക്കളെ, തിരുലിഖിതത്തിലൂടെയും കുരിശിലൂടെയും പാപവിമുക്തമാക്കി സംശുദ്ധമാക്കുന്നത് നമ്മുടെ രക്ഷകൻ തന്നെയാണ്. സ്നാനജലം പോലെ, തിരുലിഖിത ജലവും പാപം കഴുകുകയും ശ്രോതാക്കളുടെ ആത്മാക്കളെ സുവിശേഷ പ്രഘോഷണ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു. അങ്ങനെ ഉന്നതസോപാനത്തിലേക്ക് പടിപടിയായി കയറാൻ ആത്മാവിനു സാധിക്കുന്നു. ഇത് സഭയ്ക്കുള്ളിൽ മാത്രമാണ് നടക്കുന്നത്. ക്രിസ്തുവിൽ വിശ്വസിക്കുന്നതിനാൽ സഭയ്ക്കും ദുഷ്ടനെ കൊല്ലാൻ കഴിയുന്നു. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ സഭയ്ക്ക് അതുല്യസ്ഥാനമാണുള്ളത്. പഴയ ഇസ്രായേലിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ട സഭയുടെ ദൃഷ്ടാന്തമാണ് ഗിദയോന്റെ മെതിക്കളവും കമ്പിളിയും അവയിൽ മാറിമാറി പതിഞ്ഞ പനിമഞ്ഞും.[1]

1. E.A. Dively Lauro (tr.), *Origen: Homilies on Judges*, p.39 - 50.

# 5
# ജോഷ്വായുടെ മരണം (ന്യായാ 2,8)

പേരുകൊണ്ടും കർമംകൊണ്ടും കർത്താവായ ഈശോ മിശിഹായുടെ മുൻകുറിയാണ് ജോഷ്വാ (ഈശോ ബർ നൂൻ) . ജോഷ്വാ ഇസ്രായേൽ ക്കാർക്ക് കനാൻനാട് കൈവശപ്പെടുത്തിക്കൊടുത്തു. യേശു തമ്പുരാൻ മനുഷ്യകുലം മുഴുവനും സ്വർഗരാജ്യം അവകാശമാക്കി കൊടുത്തു. ജോഷ്വായുടെ മരണം മിശിഹായുടെ മരണത്തെ കുറിക്കുന്നു. ചിലരിൽ യേശു ജീവിക്കുന്നു, മറ്റു ചിലരിൽ യേശു മൃതനാണ്. പത്രോസിലും പൗലോസിലും യേശു ജീവിക്കുന്നു. "ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്നു പറയാൻ കഴിയുന്നവരിലെല്ലാം യേശു ജീവിക്കുന്നു (ഗലാ.2,20). "എനിക്ക് ജീവിക്കുക ക്രിസ്തുവും മരിക്കുക നേട്ടവുമാണ്" എന്നു പറയുന്നവരിലും ക്രിസ്തു ജീവിക്കുന്നു (ഫിലി.1,21). എന്നാൽ "ഒരിക്കൽ പ്രകാശം ലഭിക്കുകയും സ്വർഗീയ സമ്മാനം ആസ്വദിച്ചറിയുകയും പരിശുദ്ധാത്മാവിൽ പങ്കുകാരാകുകയും ദൈവവചനത്തിന്റെ നന്മയും വരാനിരിക്കുന്ന യുഗത്തിന്റെ ശക്തിയും രുചിച്ചറിയുകയും ചെയ്തവർ വീണുപോകുകയാണെങ്കിൽ, അവരെ അനുതാപത്തിലേക്ക് പുനരാനയിക്കുക അസാധ്യമാണ്. കാരണം, അവർ ദൈവപുത്രനെ സ്വമനസ്സാ അധിക്ഷേപിക്കുകയും വീണ്ടും കുരിശിൽ തറയ്ക്കുകയും ചെയ്യുന്നു" (എബ്രാ.6,4-6).

ഇപ്രകാരമുള്ളവരിൽ "യേശു മരിക്കുന്നു" എന്നു മാത്രമല്ല, അവർ യേശുവിനെ നിന്ദിക്കുകയും ക്രൂശിക്കുകയും കൂടി ചെയ്യുന്നു. മറ്റുള്ളവർക്കെതിരെ ഗൂഢാലോചന നടത്തി, അവരെയും അവരുടെ





വസ്തുവകകളെയും നശിപ്പിക്കാൻ പദ്ധതികൾ ഇണക്കുമ്പോൾ, കോപവും ക്രോധവും രോഷവും കൊണ്ട് തിളയ്ക്കുമ്പോൾ, അസൂയയാൽ മതിമറക്കുമ്പോൾ, മദ്യലഹരിയിൽ ഉന്മത്തരാകുമ്പോൾ, അഹങ്കാര പ്രമത്തതയാൽ ക്രൂരത കാട്ടുമ്പോൾ, വെറിക്കൂത്തുകളിൽ മുഴുകുമ്പോൾ, "ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്ന് എങ്ങനെ പറയാൻ കഴിയും? ഇത്തരക്കാരിൽ ക്രിസ്തു മൃതനാണ്. കൈക്കൂലിക്കാരിൽ, പിടിച്ചു പറിക്കുന്നവരിൽ, കള്ളസാക്ഷികളിൽ, മോഷ്ടാക്കളിൽ, ദുർമാർഗികളിൽ, സ്ത്രീകളുടെ മേൽ കടന്നാക്രമണം നടത്തുന്നവരിൽ, കുട്ടികളെ വഷളാക്കുന്നവരിൽ, ആയുധക്കടത്തു നടത്തുന്നവരിൽ, മനുഷ്യത്വത്തെ ബഹുമാനിക്കാത്തവരിൽ "ക്രിസ്തു ജീവിക്കുന്നു" എന്ന് എങ്ങനെ പറയാനാകും? അഥവാ, സഹോദരനെ ദ്വേഷിക്കുന്നവരിൽ, കൊലപാതകികളിൽ, ക്വൊട്ടേഷൻ കൊലയാളികളിൽ, ഭീകരപ്രവർത്തകരിൽ, ഇതുപോലെ തിന്മ പ്രവർത്തിക്കുന്ന ദുഷ്കർമികളിൽ ക്രിസ്തു ജീവിക്കുന്നു എന്ന് എങ്ങനെ പറയാനാകും? നീതിയുടെയോ, സത്യത്തിന്റെയോ, ധർമത്തിന്റെയോ, ക്ഷമയുടെയോ, സ്നേഹത്തിന്റെയോ, ഔദാര്യത്തിന്റെയോ, വിട്ടുവീഴ്ചയുടെയോ കണികയില്ലാത്തവരിൽ "ക്രിസ്തു ജീവിക്കുന്നു" എന്ന് എങ്ങനെ പറയാനാകും?

മരിച്ചുയർത്ത യേശുതമ്പുരാൻ വീണ്ടും നമ്മിൽ മരിക്കാതിരിക്കട്ടെ, അവഹേളിക്കപ്പെടാതിരിക്കട്ടെ, നിന്ദിക്കപ്പെടാതിരിക്കട്ടെ. ദുർവിചാരങ്ങളാലും ദുരാശകളാലും അഭക്തകർമങ്ങളാലും ദുഷിച്ച സംസാരത്താലും ക്രിസ്തു എന്നിൽ ഒരിക്കലും അവഹേളിതനായി മരിക്കാതിരിക്കട്ടെ, പുറംതള്ളപ്പെടാതിരിക്കട്ടെ. "എന്നെ സമൃദ്ധമായി ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" എന്നതിനാൽ (ഫിലി.4,13), ഞാൻ നിരന്തരം അവനു വേണ്ടി ജീവിക്കും. മനുഷ്യരുടെ മുമ്പിൽ ഞാൻ അവനെ ഏറ്റുപറയും. അതായത്, എന്റെ ജീവിതത്തിലൂടെയും ചെയ്തികളിലൂടെയും ഞാൻ അവനുള്ളവനാണെന്ന് ഏറ്റുപറയും. അപ്പോൾ തന്റെ പിതാവിന്റെ മുമ്പിൽ അവൻ എന്നെയും ഏറ്റുപറയും (മത്താ.10,32-33).

ജോഷ്വാ മരിച്ചപ്പോൾ, കർത്താവ് ചെയ്ത മഹാസംഗതികൾ അറിയാത്ത ഒരു തലമുറ വന്നു (ന്യായാ.2,6-10). ഈശോയെ അറി

യാത്ത തലമുറ "ദുർവിചാരങ്ങളുടെയും ഹൃദയത്തിൽ നിന്നു വരുന്ന ദുരാഗ്രഹങ്ങളുടെയും" തലമുറയാണ്. അവ കർത്താവായ യേശുവിനെ അറിയുന്നില്ല. അവൻ ഇസ്രായേലിനുവേണ്ടി ചെയ്ത മഹാസംഗതികളും ഗ്രഹിക്കുന്നില്ല, ഓർക്കുന്നുമില്ല. പാപികൾ കർത്താവ് ചെയ്ത മഹാസംഗതികൾ പാടെ മറന്നുകളയുന്നു. അതായത്, "അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെടുകയും നമ്മുടെ നീതീകരണത്തിനു വേണ്ടി ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്ന സംഗതി അവർ പാടേ വിസ്മരിച്ചു കളയുന്നു (റോമ.4,25). ഹൃദയത്തിൽ പാപകരമായ തലമുറ ഉയർന്നു വന്നാൽ കർത്താവു ചെയ്ത മഹാകാര്യം വിസ്മരിക്കപ്പെടാൻ ഇടയാകും. "മരിച്ചവരിൽ നിന്നുയിർത്ത യേശുക്രിസ്തുവിനെ ഓർക്കുക" എന്ന് തിമോതിയെ വി.പൗലോസ് ഉദ്ബോധിപ്പിക്കുന്നത് ഇക്കാരണത്താലാണ് (2 തിമോ. 2,8).

ഈ മഹത്കാര്യങ്ങൾ വിസ്മരിച്ച ഇസ്രായേൽക്കാർ ബാലിന് സേവ ചെയ്തു, തങ്ങളുടെ പിതാക്കന്മാരുടെ ദൈവത്തെ ഉപേക്ഷിച്ചു (ന്യായാ. 2,11-12). എന്നാൽ അത് രേഖപ്പെടുത്തിയിരിക്കുന്നത് നമുക്കു വേണ്ടിയാണ് (1കൊറി. 10,11). കർത്താവിന്റെ കാലത്തു ജീവിച്ച അവിശ്വാസികളും അഭക്തരും ബാലിന് സേവ ചെയ്തു. എന്നാൽ വിശ്വസിച്ചവരും സത്കർമികളും ബാലിനെ ആരാധിച്ചില്ല. പാപത്താൽ തകർന്നവരെ പറ്റിയാണ് ബാലിന് സേവ ചെയ്തു എന്നു പറഞ്ഞിരിക്കുന്നത്. പാപം ചെയ്ത് "പാപനിയമത്തിന് അടിമകളാകുന്നവരെ പറ്റിയാണ്" "ബാലിന് സേവ ചെയ്തു" എന്നു പറഞ്ഞിരിക്കുന്നത് (റോമ. 7,23). എന്നാൽ "നാം യേശുവിന്റെ നാമത്തിനു മുമ്പിൽ മുട്ടുകുത്തുന്നു" (ഫിലി.2,10). അങ്ങനെ പിതാവിന്റെ മുമ്പിൽ മുട്ടുകുത്തുന്നു (എഫേ.3,14-15). ഞാൻ പ്രാർഥനയ്ക്ക് അണയുമ്പോൾ എന്റെ ശരീരത്തിലെ മുട്ടുകൾ ദൈവതിരുമുമ്പാകെ കുത്തുകയും ഹൃദയത്തിന്റെ മുട്ടുകൾ പിശാചിനു മുമ്പിൽ കുത്തുകയും ചെയ്താൽ എന്റെ പ്രാർഥന കൊണ്ട് എന്തു ഫലം? പിശാചിന്റെ കെണികൾക്കെതിരെ ഞാൻ ഉറച്ചു നിൽക്കാതിരുന്നാൽ, ഞാൻ പിശാചിനു മുമ്പിൽ എന്റെ മുട്ടുകൾ കുത്തുകയായിരിക്കും ചെയ്യുക. ഞാൻ കോപത്തെ നിയന്ത്രിക്കാതിരുന്നാൽ, ഞാൻ ദുഷ്ചിന്തകൾ പുലർത്തിയാൽ, ദൈവത്തിനെതിരെ എന്തെങ്കിലും പ്രവർത്തിച്ചാൽ, ഞാൻ ദൈവത്തെ ഉപേക്ഷിച്ച്





ബാലിനെ ആരാധിക്കുക ആയിരിക്കും ചെയ്യുക. നാം വിഗ്രഹങ്ങളെ ആരാധിക്കാത്തതിനാൽ, ഇപ്പറഞ്ഞവ നമുക്ക് ബാധകമല്ലെന്നു കരുതേണ്ട. ദൈവത്തേക്കാളുപരി മനുഷ്യർ ആരാധിക്കുന്നവ, സ്നേഹിക്കുന്നവ, അഭിനന്ദിക്കുന്നവ, അവരുടെ ദൈവമാണ്. എല്ലാറ്റിനും ഉപരിയായി ദൈവം മനുഷ്യരിൽ നിന്ന് ആവശ്യപ്പെടുന്നത്, "നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും സർവ ശക്തിയോടും കൂടെ സ്നേഹിക്കുക" എന്നതാണ് (നിയമാ.6,5). ഇപ്രകാരം ചെയ്യുന്നവന് അത് അവന്റെ ദൈവമാണ്. അതുകൊണ്ട് മനസ്സിന്റെ വികാരവിചാരങ്ങളെ നിയന്ത്രിക്കുക ദൈവാരാധനയ്ക്ക് അപരിത്യാജ്യമാണെന്ന് ചുരുക്കം.

ഏറ്റവും കൂടുതൽ എന്താണ് നമ്മെ ആകർഷിക്കുന്നത്? ഏത് വികാരമാണ് മുൻപന്തിയിൽ നിൽക്കുന്നത്? നാം ഏറ്റവും കൂടുതൽ സ്നേഹിക്കുന്നതും താൽപ്പര്യപ്പെടുന്നതും എന്താണ്?-അതാണ് നമ്മുടെ ദൈവം. ചിലർക്കത് പണമാകാം, ചിലർക്ക് സുഖാസ്വാദനമാകാം, അത്യാർത്തിയാകാം, ലൗകിക ബഹുമാന തൽപ്പരതയാകാം, മാനുഷിക ബഹുമാനവും സ്ഥാനമാനങ്ങളുമാകാം. ദൈവസ്നേഹം ഇവയ്ക്കെല്ലാം മുകളിൽ ആണെങ്കിൽ, നീ ബാലിന്റെ മുമ്പിൽ മുട്ടുകുത്തുന്നില്ല. അപ്പോൾ വി. പൗലോസ് ശ്ലീഹായോടൊപ്പം പറയാൻ കഴിയും: "ഒന്നിനും ദൈവസ്നേഹത്തിൽ നിന്ന് എന്നെ വേർപെടുത്താൻ സാധ്യമല്ല" (റോമ.8,38-39). സ്വർണത്തിനോ വെള്ളിക്കോ, ജഡികദുരാശകൾക്കോ, മിന്നിമറയുന്ന മാനുഷിക ബഹുമതിക്കോ, ശാരീരികാലങ്കാരങ്ങൾക്കോ, മറ്റെന്തെങ്കിലും സംഗതിക്കോ ദൈവസ്നേഹത്തിൽ നിന്ന് എന്നെ അകറ്റിനിർത്താൻ സാധ്യമല്ലെന്ന് പറയാൻ കഴിയണം. അതുപോലെ, വഴിതെറ്റിക്കുന്ന സാഹിത്യ കൃതികൾ, താത്വികരുടെ തെറ്റായ നിഗമനങ്ങൾ, തിരുലിഖിതങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് വഴിതെറ്റിക്കുന്ന സെക്ടുകളുടെ കെണികൾ, സാത്താന്റെ വശീകരണ തന്ത്രങ്ങൾ എന്നിവയും എന്നെ ദൈവസ്നേഹത്തിൽ നിന്ന് മാറ്റിനിർത്താൻ ഇടയാകരുത്.

ഇസ്രായേൽക്കാർ ദേവന്മാരുടെ പിന്നാലെ പോയി, അവയ്ക്കു മുമ്പിൽ കുമ്പിട്ടു. അങ്ങനെ അവർ കർത്താവിനെ പ്രകോപിപ്പിച്ചു (ന്യായാ.2, 12). ദൈവം മാറ്റമില്ലാത്തവനും വ്യതിയാനരഹിതനുമാണ്.

പാപി തന്റെ പാപം മുലം തന്റെ മേൽ ക്രോധാഗ്നി കുന്നുകൂട്ടുന്നു (റോമ.2,5-6). ദൈവത്തെ പ്രകോപിപ്പിച്ചതിനാൽ അവിടുന്ന് അവരെ കവർച്ചക്കാർക്ക് ഏൽപ്പിച്ചുകൊടുത്തു (ന്യായാ. 2,12-14). ആരാണീ കവർച്ചക്കാർ? റോമാലേഖനത്തിൽ പൗലോസ് ശ്ലീഹാ ഇതേപ്പറ്റി പറയുന്നു (റോമാ. 1,26-28):"ദൈവത്തെ ഉപേക്ഷിച്ച് സ്വാർഥമതികളായി, സത്യത്തെ അനുസരിക്കാതെ ദുഷ്ടതയ്ക്ക് വഴങ്ങുന്നവർ കോപത്തിനും ക്രോധത്തിനും പാത്രമാകും. ദൈവം അവരെ തങ്ങളുടെ ഭോഗാസക്തികളോടെ, ശരീരങ്ങൾ പരസ്പരം അവമാനിതമാക്കുന്നതിന്, അശുദ്ധിക്ക് വിട്ടുകൊടുത്തു. ദൈവം അവരെ നിന്ദ്യമായ വികാരങ്ങൾക്ക് വിട്ടുകൊടുത്തു" (റോമ.1,24-32).

ദൈവത്തിന് വസിക്കാൻ പറ്റാത്ത ഇടങ്ങളിൽ സാത്താൻ കയറിപ്പറ്റി എല്ലാത്തരം മ്ലേച്ഛകർമങ്ങൾക്കും മനുഷ്യരെ പ്രേരിപ്പിക്കും. അതാണ് "ദൈവം കൈയാളിച്ചു" എന്നു പറയുന്നതിന്റെ അർഥം. അതുകൊണ്ട്, ഓരോരുത്തരും സ്വയം പരിശോധിച്ച് തങ്ങളെത്തന്നെ സംശുദ്ധരാക്കി, ദൈവത്തിന് ഇരിപ്പിടം ഒരുക്കണം. നമ്മുടെ ചിന്തകളിലും സംസാരങ്ങളിലും കർമങ്ങളിലും ദൈവം പ്രസാദിക്കാൻ ഇടയാകണം. അപ്പോൾ നാം എന്തു ചെയ്താലും കർത്താവായ യേശുവിന്റെ നാമത്തിൽ ആയിരിക്കും . അത് അവന് മഹത്വം കരേറ്റും (1 കൊറി.10,31; 1പത്രോ. 4,11).[1]

1. E.A. Dively Lauro (tr.), *Origen: Homilies on Judges,* p. 51-60.



# 6
# ഒത്നിയേലും ഏഹൂദും
# (ന്യായാ 3,7-30)

## 1. ഒത്നിയേൽ

കനാൻനാട്ടിൽ അവശേഷിച്ചിരുന്ന ജനതകളുമായി ഇസ്രായേൽക്കാർ ഇടകലർന്ന് വിവാഹബന്ധത്തിൽ ഏർപ്പെടുകയും അവരുടെ ദേവന്മാരെ സേവിക്കുകയും ചെയ്തു (ന്യായാ.3,6). തദ്ഫലമായി കുഷാൻ റിഷാതായിം എന്ന ബാബിലോണിയൻ രാജാവ് അവരെ കീഴടക്കി എട്ടു വർഷം അടിമകളാക്കി വച്ചു. ഇസ്രായേൽക്കാർ കർത്താവിനോട് നിലവിളിച്ചപ്പോൾ ഒത്നിയേൽ വിമോചകനായി നിയമിതനായി. അവൻ ആ രാജാവിനെ വധിച്ച് ഇസ്രായേലിനെ വിമോചിപ്പിച്ചു. ഇതാണ് ഒത്നിയേലിന്റെ കഥ. ഈ ചെയ്തതെല്ലാം ദൈവമാണെന്ന് ഗ്രന്ഥകാരൻ പറയുന്നു.

ഇന്നും ദൈവത്തെ വിട്ടകന്ന് തന്നിഷ്ടം പ്രവർത്തിക്കുന്നവരെ ദൈവം പിശാച് എന്ന ബാബിലോണിയൻ രാജാവിന് ഏൽപ്പിച്ചുകൊടുക്കും. അഹന്ത നിറഞ്ഞവർക്കും ധിക്കാരികൾക്കും മാനസ്സാന്തരത്തിനും തിരിച്ചുവരവിനുമുള്ള മാർഗമിതാണ്. അഹങ്കാരമാണ് ഒരടിസ്ഥാന തിന്മ. അത് ദൈവതിരുമുമ്പാകെ ഗർഹണീയമത്രേ. അഹങ്കാരം തുടങ്ങുമ്പോൾ കർത്താവിൽ നിന്ന് അകലുന്നു. ഹൃദയം തന്റെ സൃഷ്ടാവിനെ പരിത്യജിക്കുന്നു. അഹങ്കാരത്തോടൊപ്പം പാപവും മുളയെടുക്കുന്നു. അതിനോട് ഒട്ടിനിൽക്കുന്നവർ മ്ലേച്ഛത വമിക്കുന്നു. അതുകൊണ്ട് കർത്താവ് അപൂർവമായ പീഡകൾ അയച്ച് അവരെ നിശ്ശേഷം നശിപ്പിക്കുന്നു. അവരെ അവിടുന്ന് പിഴുതെറിയുന്നു.

അവരുടെ അടയാളം പോലും തുടച്ചുമാറ്റുന്നു. അവരുടെ സ്മരണ ഭൂമിയിൽ നിന്ന് മായിച്ചു കളയുന്നു. മനുഷ്യന്റെ അഹങ്കാരവും ക്രോധവും സ്രഷ്ടാവിൽ നിന്നല്ല (പ്രഭാ.10,12-18). ദൈവത്തിൻ പക്കലേക്ക് തിരിച്ചുവരുന്നതുവരെ അഹങ്കാരികളെയും അധികാരപ്രമത്തരെയും ദൈവം കൈവിട്ടുകളയും.

തങ്ങൾക്കുള്ള ഔന്നത്യവും തങ്ങൾ ആയിരിക്കുന്ന അവസ്ഥയും ദൈവം നൽകിയതാണെന്ന് വിസ്മരിച്ച്, തന്നത്താൻ ഉയർത്തുന്നവർ വിനീതരാക്കപ്പെടും. അപ്പോൾ അവർ കർത്താവിങ്കലേക്ക് തിരിഞ്ഞ് നിലവിളിക്കും. വൈദികസ്ഥാനികളെയും അഹന്ത എന്ന തിന്മ പിടി കൂടാൻ ഇടയുണ്ട്. കർതൃഭവനത്തിൽ നിന്ന് അഹന്ത പരിപൂർണമായി നീക്കപ്പെടേണ്ടതാണ്. "ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്നിൽ നിന്ന് പഠിക്കുവിൻ" എന്ന് അരുളിച്ചെയ്ത കർത്താവിനെ സദാ കൺമുമ്പിൽ കണ്ടുകൊണ്ട്, നല്ല ദൃഷ്ടാന്തം നൽകേണ്ട സഭാശുശ്രൂഷകരിൽ ചിലർ കാണിക്കുന്ന ഡംഭും അഹന്തയും അവരെ ബാബിലോണിയാക്കാർക്ക് കീഴ്പ്പെടുത്താൻ ഇടയാക്കും. അതു സംഭവിക്കാതിരിക്കട്ടെ.

ശത്രു നമ്മെ കീഴ്പ്പെടുത്തുന്നതിനു മുമ്പ്, നമ്മിലുള്ള തിന്മകൾ പിഴുതെറിഞ്ഞു കളയാം. അവന്റെ കൈകളിൽ നിപതിച്ച്, അടിമത്തത്തിലേക്ക് വഴുതി വീഴുന്നതിലും ഭേദമാണ് അനുതപിച്ച് ദൈവത്തോട് രമ്യതപ്പെടുകയും വിനീതരായിരിക്കുകയും കൃപ പ്രാപിക്കുകയും ചെയ്യുന്നത്. ദൈവം കരുണ തന്നെയാണ്. പാപം നിമിത്തമാണ് നാം ദൈവതൃക്കരങ്ങളിൽ നിന്ന് വഴുതി മാറിപ്പോകുന്നത്. സദാ ദൈവത്തിന്റെ കൈക്കുമ്പിളിൽ ആയിരിക്കാൻ ശ്രദ്ധിക്കാം. അവിടെ നാം സുരക്ഷിതരായിരിക്കും. അത്തരക്കാരെ സമീപിക്കാൻ പിശാചിന് സാധ്യമല്ല. കർത്താവിനെ വിളിച്ചപേക്ഷിച്ചാൽ മാത്രമേ കർതൃസഹായം ഓടിയെത്തുകയുള്ളു. സൂര്യന്റെ നേർക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്ന സൂര്യകാന്തി പൂവുപോലെ അനുനിമിഷം ദൈവോന്മുഖമായി ജീവിക്കണം എന്നു സാരം. വിറക് അഗ്നിയെ ബലപ്പെടുത്തുന്നതു പോലെയാണ് പാപം നമ്മെ ശത്രുവിന് വിധേയരാക്കുന്നത്. നമ്മുടെ ശിക്ഷ വർധിപ്പിക്കാനുള്ള ഇന്ധനമാണ് നമ്മുടെ പാപം. അത് ദൈവം തടയട്ടെ. അത് വർധിക്കാതിരിക്കട്ടെ.





കർത്താവിന്റെ ആത്മാവ് ഒത്നിയേലിന്റെ മേൽ വന്നു (ന്യായാ. 3,10). ആ ശക്തി കൊണ്ടാണ് അവൻ ബാബിലോണിയാക്കാരെ കീഴടക്കിയത്. ഇന്നും ഈ ദൈവികശക്തി മാത്രമാണ് സഭാനേതാക്കന്മാരുടെ യഥാർഥ ശക്തിയും ബലവും ആശ്രയവും സങ്കേതവും. സ്തുത്യർഹമായ എന്തെങ്കിലും അവർ ചെയ്യുമ്പോൾ അത് തങ്ങളുടെ മിടുക്കു കൊണ്ടാണെന്ന് കരുതാതെ ദൈവാത്മാവിൽ സമർപ്പിച്ചാൽ, ഉപരിശ്രേഷ്ഠമായവ അവരിലൂടെ ദൈവാത്മാവ് പ്രവർത്തിക്കും. മുൻകാലദൃഷ്ടാന്തങ്ങൾ കാലാകാലങ്ങളിൽ സഭാനേതാക്കന്മാരും സഭയിലെ ന്യായാധിപന്മാരും പിൻചെല്ലുന്നത് തികച്ചും ഉചിതമാണ്. അപ്പോൾ, ശ്ലാഘനീയവും മഹനീയവുമായ കാര്യങ്ങൾ ചെയ്ത് ദൈവജനത്തെ പ്രശോഭിതരാക്കാൻ അവരെ ദൈവാത്മാവ് കരുത്തുള്ളവരാക്കും. സഭയിലെ ന്യായാധിപന്മാരെയും നേതാക്കന്മാരെയും ദൈവം തന്റെ ആത്മാവിനാൽ നിറയ്ക്കാൻ യോഗ്യതയുള്ളവരായി കാണപ്പെടണമെന്ന് പ്രാർഥിക്കാം. അത്തരക്കാർ തന്റെ കാലത്ത് വിരളമായിരുന്നെന്ന് ഒരിജൻ പറയുന്നു.

## 2. ഏഹൂദ്

എട്ടുവർഷത്തെ അടിമത്തത്തിനു പകരം ഒത്നിയേലിലൂടെ നാൽപ്പതു വർഷം ദൈവം ഇസ്രായേൽക്കാർക്ക് സ്വസ്തത നൽകി. അപ്പോഴേക്കും അവർ ദൈവത്തെ വീണ്ടും വിസ്മരിക്കാൻ തുടങ്ങി. ബാലിന്റെ സേവയിലേക്ക് തിരിഞ്ഞു. ദൈവതിരുമുമ്പിൽ തിന്മ പ്രവർത്തിച്ചതിനാൽ, ശത്രുക്കൾ അവരുടെമേൽ പ്രബലരായി. അതിനർഥം, നാം പാപം ചെയ്യുന്നില്ലെങ്കിൽ, ദുഷ്ടന് വിറകടുക്കി കൊടുക്കാതിരുന്നാൽ, അവന് നമ്മുടെമേൽ പ്രബലപ്പെടാനാകില്ല. അവൻ തികച്ചും ബലഹീനനായിത്തീരും. പാപം ചെയ്യുമ്പോൾ നമ്മുടെ ഉള്ളിലേക്ക് കടക്കാൻ നാം അവന് കവാടം തുറന്നു കൊടുക്കുന്നു. കീടങ്ങൾ പഴങ്ങൾ തുളച്ച് കേടാക്കുന്നതുപോലെ, അവൻ അകത്തു കടന്ന് നമ്മെ ദുഷിപ്പിക്കുന്നു. നമ്മിൽ ആധിപത്യം പുലർത്തുന്നു. അതുകൊണ്ടാണ് ശ്ലീഹാ ഇപ്രകാരം പറയുന്നത്: " സാത്താന് നിങ്ങൾ ഇടം കൊടുക്കരുത്" (എഫേ.4,27).

മോവാബ് രാജാവ് അവരെ കീഴ്പ്പെടുത്തി പതിനെട്ടു വർഷം അടിമകളാക്കിവച്ചു. എന്നാൽ ആ പതിനെട്ടു വർഷവും അവർ അനുതപിക്കുകയോ, ദൈവത്തെ വിളിച്ചപേക്ഷിക്കുകയോ ചെയ്തില്ല. പതിനെട്ടാം വർഷമാണ് അവർക്ക് മാനസ്സാന്തരം ഉണ്ടായതും അവർ ദൈവത്തെ വിളിച്ചപേക്ഷിച്ചതും. അപ്പോൾ ദൈവം ഏഹൂദിനെ ഉയർത്തി. അവൻ മോവാബ്യരെ പാടെ തകർത്തു.

പാപം മൂലം നാം അടിമത്തത്തിനു വിധേയരാകാൻ ഇടയായാൽ കർത്താവിനോട് നിലവിളിച്ചപേക്ഷിക്കണം. അധരം കൊണ്ടു മാത്രമല്ല, ഹൃദയം കൊണ്ടും വേണം. ഹൃദയ മനഃസ്ഥാപം കണ്ണീരായി ഒഴുകണം (സങ്കീ.6,6). അങ്ങനെ ദുഷ്ടവഴികളിൽ നിന്ന് പിൻതിരിഞ്ഞ്, അഹങ്കാരം ദൂരെയെറിഞ്ഞ്, വിനയാന്വിതരായി ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോൾ, ഉന്നതത്തിൽ നിന്നുള്ള ശക്തിയിറങ്ങി, അടിമത്തത്തിൽ നിന്നു നമ്മെ വിമുക്തരാക്കി തന്റെ വക്ഷസ്സിൽ ചേർത്തു നിർത്തും.[1]

1. E.A. Dively Lauro (tr.), *Origen: Homilies on Judges,* p. 61-69)



# 7
# ദെബോറാ, ബാറാക്, ജായേൽ
## (ന്യായാ 4-5)

"ഏഹൂദിനുശേഷം ഇസ്രായേൽക്കാർ വീണ്ടും കർത്താവിനെതിരെ തിന്മ ചെയ്തു" (4,1). കർത്താവ് അവരെ യാബിൻ എന്ന കനാൻ രാജാവിന് വിട്ടുകൊടുത്തു. സിസെറാ ആയിരുന്നു അവന്റെ സേനാപതി. അവന് 900 ഇരുമ്പുരഥങ്ങൾ ഉണ്ടായിരുന്നു. അവൻ ഇരുപത് വർഷം ഇസ്രായേൽക്കാരെ ക്രൂരമായി പീഡിപ്പിച്ചു. അപ്പോൾ അവർ കർത്താവിനോട് നിലവിളിച്ചു. ദെബോറാ എന്ന പ്രവാചകി നിർദേശിച്ചതനുസരിച്ച് കനാൻ രാജാവിനെതിരെ ബാറാക് സൈന്യത്തെ നയിച്ച് ശത്രുക്കളെ പരാജയപ്പെടുത്തി. സിസെറാ ഓടിക്കിതച്ച് കേന്യനായ ജായേലിന്റെ കൂടാരത്തിൽ അഭയം പ്രാപിച്ചു. അവിടെ വച്ച് ജായേൽ അവന് പാലു കൊടുത്ത് മയക്കി. കൂടാരത്തിന്റെ മരയാണിയും ചുറ്റികയും കൊണ്ട് അവൾ അവനെ കൊന്നു. പിറകെ വന്ന ബാറാക്കിനെയും ദെബോറായെയും അവൾ വിവരം ധരിപ്പിച്ചു. അപ്പോൾ ദെബോറാ ഒരു കീർത്തനം പാടി. തുടർന്ന് കനാൻകാരെ നിശ്ശേഷം നശിപ്പിച്ചു. - ഇതാണ് ചരിത്രവിവരണം.

ഇതൊരുപമയും ഒരു മുൻകുറിയുമാണ്. ദൈവപുത്രന്റെ കുരിശു മരണത്തിലൂടെ, നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം എന്ന സ്ത്രീ പൈശാചിക ശക്തികളെ തകർക്കുന്നതിന്റെ സൂചനയാണിത്. ജായേൽ മറിയത്തിന്റെ മുൻകുറിയാണ്. കൂടാരത്തിന്റെ മരയാണിയും ചുറ്റികയും കുരിശിനെ സൂചിപ്പിക്കുന്നു. സിസെറായുടെ മരണം സർപ്പത്തിന്റെ തല തകർക്കുന്നതിനെ സൂചിപ്പിക്കുന്നു. കേന്യയായ ജായേൽ

വിജാതീയ സഭയെയും, ദെബോറായും ബാറാക്കും പഴയ ഇസ്രായേലിനെയും സൂചിപ്പിക്കുന്നു. രക്ഷയ്ക്ക് ആരംഭം കുറിച്ചത് പഴയ ഇസ്രായേലിലൂടെ ആണെങ്കിലും, രക്ഷയുടെ പൂർത്തീകരണം വിജാതിയരുടെ സഭയിലൂടെ ആണെന്ന് ഈ ചരിത്രസംഭവത്തെ ഒരിജൻ കാണുന്നു. അവസാനം യഹൂദസഭയും വിജാതിയ സഭയും ഒന്നുചേർന്ന് ഒറ്റസഭയായി ദൈവത്തിന് കീർത്തനം ആലപിക്കും എന്നും സൂചന (ന്യായാ.5).

തിരുലിഖിതത്തിലെ പ്രയാസമുള്ള ഭാഗങ്ങളുടെ വിശദീകരണത്തിന് പരിശുദ്ധാത്മ നിവേശനമാണ് വേണ്ടത്. ദൈവകൃപ ഉണ്ടെങ്കിൽ ആന്തരികാർഥം കണ്ടുപിടിക്കാൻ എളുപ്പമാണ്. ബുദ്ധിയുടെ പ്രവർത്തനത്തെക്കാൾ പരിശുദ്ധാത്മാഭിഷേകമാണ് ഇതിനാവശ്യം.

സ്ത്രീകളെ ഉയർത്തി നിർത്തുന്ന പാരമ്പര്യവും പഴയനിയമത്തിനുണ്ട്. യഹൂദരും മറ്റും സ്ത്രീകളെ താഴ്ത്തി നിർത്തിയിരുന്നെങ്കിലും, പരിശുദ്ധാത്മാവ് അവരെയും പുരുഷന്മാർക്കൊപ്പം തുല്യരായി പരിഗണിച്ചിരുന്നു. ദെബോറായും ജായേലും അതാണ് സൂചിപ്പിക്കുന്നത്. പ്രവാചക ദാനത്തിന് ദെബോറാ അർഹയായി. ലിംഗവ്യത്യാസമല്ല, ശുദ്ധഹൃദയമാണ് കൃപ ലഭിക്കാൻ അവശ്യാവശ്യമെന്ന് ഇതു പഠിപ്പിക്കുന്നു. ഇതിന് സ്ത്രീയെന്നോ പുരുഷനെന്നോ, യഹൂദനെന്നോ വിജാതിയനെന്നോ വ്യത്യാസമില്ലെന്ന് ജായേൽ കാട്ടുന്നു.

വിജയം സ്ത്രീയുടെ കരത്താൽ ആയിരിക്കുമെന്ന് ജായേലിലൂടെ ദെബോറാ കാട്ടുന്നതിൽ വിജാതിയ സഭയുടെ സൂചന അടങ്ങിയിരിക്കുന്നു. കാരണം, ദൈവത്തിന്റെ സഭയിലൂടെ മാത്രമേ സ്വർഗീയ കരേറ്റം നടക്കൂ. സിസെറാ ജഡികാസ്തിത്വത്തിന്റെ പ്രതീകവും ജായേൽ ആത്മീയ വസ്തുക്കളുടെ പ്രതീകവുമാണ്. ഉന്നതചിന്ത പുലർത്തുന്ന സഭാമക്കൾ തങ്ങളിലുള്ള ജഡികതയെ കുരിശാകുന്ന ആയുധത്താൽ തകർക്കുന്നു എന്ന് ജായേൽ സൂചിപ്പിക്കുന്നു.

ഇസ്രായേൽക്കാർ നീതിയുടെ നിയമത്തെ പിൻചെന്നു. എന്നാൽ നിയമത്തിൽ എത്തിച്ചേർന്നില്ല. അതുകൊണ്ട് സഭ അവരെ അഭിമുഖീകരിക്കാൻ ഇറങ്ങിച്ചെല്ലുന്നു. ജായേൽ ഇറങ്ങിച്ചെന്ന് ബാറാക്കിനെ തന്റെ പ്രവൃത്തി കാണിക്കുന്നു. സഭ ഇസ്രായേലിനും ജാതികൾക്കും





ലോകം മുഴുവനും, ദൈവം നൽകിയ രക്ഷ കാട്ടിക്കൊടുക്കുകയും നേടിയ വിജയം വെളിപ്പെടുത്തുകയും ശത്രുക്കളെ കീഴടക്കിയതിനാൽ സഖിത്വത്തിലേക്ക് ക്ഷണിക്കുകയും അവർ ക്ഷണം സ്വീകരിച്ച് ഒന്നിച്ച് കീർത്തനം ആലപിക്കുകയും അതിന് യഹൂദസഭ നേതൃത്വം നൽകുകയും ചെയ്യുന്നു. കാലാന്ത്യത്തിൽ, "വിജാതിയരുടെ പൂർണത പ്രവേശിച്ചു കഴിയുമ്പോൾ, ഇസ്രായേൽ മുഴുവൻ രക്ഷ പ്രാപിക്കും" (റോമ.11,25-26). ആത്യന്തികവിജയം കൈവന്നത് - സിസെറായെ കൊന്നത് - വിജാതിയ സ്ത്രീയുടെ കരങ്ങളാണ്. അതായത്, ദൈവത്തിന്റെ സഭയിലൂടെയാണ് എന്നർഥം. എന്നാൽ ബാറാക്കിനെയോ ദെബോറായെയോ മഹത്വത്തിൽ നിന്ന് മാറ്റി നിർത്തിയില്ല. ബാറാക് തുടങ്ങി, എന്നാൽ വിജയമകുടം ചൂടിയത് അവസാനവും. അതാണ് കർത്താവ് പറഞ്ഞത്, "മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരുമാകും" എന്ന്. എന്നാൽ ബാറാക്കിന്റെ വരവുവരെ ജായേൽ തന്റെ വിജയം മറച്ചുവച്ചിരുന്നു. ആ വിജയം ബാറാക്കിന്റേതു കൂടിയാകാൻ വേണ്ടിയായിരുന്നു അത്. എന്നാൽ മഹത്വം ജായേലിനാണ്, അതായത് വിജാതിയ സഭയ്ക്കാണ്.

സിസെറായെ ജായേൽ പാലു കൊടുത്ത് ഉറക്കിയതുപോലെ, ഓരോരുത്തരും തങ്ങളിലുള്ള സിസെറായെ സുവിശേഷപരവും ശ്ലൈഹികവുമായ പാൽ കൊണ്ട് മയക്കി കൊല്ലണം. എന്താണ് ഈ സിസെറാ? "നിങ്ങളിൽ ഭൗമികമായിട്ടുള്ളതെല്ലാം" എന്ന് ശ്ലീഹാ പ്രത്യുത്തരിക്കും (കൊളോ. 3,5). അസന്മാർഗകത, അശുദ്ധി, മനഃക്ഷോഭം, ദുർവിചാരങ്ങൾ, ദ്രവ്യാസക്തി തുടങ്ങിയവയെല്ലാം നശിപ്പിക്കണം.

ദെബോറായുടെ കീർത്തനത്തിൽ രാജാക്കന്മാരെപ്പറ്റി പ്രവചനമായി പറയുന്നു: "രാജാക്കന്മാരേ, കേൾക്കുവിൻ; പ്രഭുക്കന്മാരേ, ശ്രദ്ധിക്കുവിൻ" (ന്യായാ.5,3). ദൈവവചന ശ്രവണത്തിന് എത്തുന്നവരെയാണ് "രാജാക്കന്മാർ" എന്നു വിളിക്കുന്നത്. "നിങ്ങളോ, രാജകീയ പുരോഹിതഗണവും വിശുദ്ധ ജനവും തെരഞ്ഞെടുക്കപ്പെട്ട വംശവും ദൈവത്തിന്റെ സ്വന്തജനവുമാണ്" (1പത്രോ.2,9). വിശ്വാസികളായ നാം രാജാക്കന്മാർ ആണെങ്കിൽ, കർത്താവായ മിശിഹാതമ്പുരാൻ രാജാധിരാജാവും കർത്താധികർത്താവുമാണ്. ക്രിസ്തു നിന്നിൽ

ഭരണം നടത്തുന്നെങ്കിൽ, നിന്നെ ക്രിസ്തു എല്ലാറ്റിന്റെ മേലും രാജാവാക്കിയിരിക്കുന്നു. ബൗദ്ധികാത്മാവ് നിന്നിൽ ഭരണം നടത്തുകയും ശരീരം അനുസരിക്കുകയും ചെയ്യുന്നെങ്കിൽ, നിന്റെ ജഡികാഗ്രഹങ്ങളെ കൽപ്പനകൾക്ക് കീഴാക്കുന്നെങ്കിൽ, തിന്മകളെ അകറ്റി നിർത്തുന്നെങ്കിൽ, നിന്നെ രാജാവെന്ന് ന്യായമായി വിളിക്കാം. നിനക്ക് നിന്നെത്തന്നെ നിയന്ത്രിച്ച് ഭരിക്കാൻ കഴിവു ലഭിക്കും.

രാജകീയ ജനകോടികളെ ദൈവസ്തുതി കേൾക്കാൻ ദെബോറാ ക്ഷണിക്കുന്നു: "കർത്താവിനു ഞാൻ കീർത്തനം പാടും". പാപത്തിന്റെ കഠിനസ്വരം ഇല്ലാത്തവനും നാവിൽ വഞ്ചന ഇല്ലാത്തവനും തന്റെയുള്ളിൽ കഥയില്ലായ്മ വച്ചുപുലർത്താത്തവനും മാത്രമേ ഈ മനോഹരഗീതം ആലപിക്കാൻ കഴിയൂ. അവന്റെ അരൂപി സംശുദ്ധമായിരിക്കും. അവന്റെ മനസ്സ് ആത്മാർഥത നിറഞ്ഞതായിരിക്കും. അവന്റെ ഗാനം ദൈവത്തിന് പ്രീതികരമായിരിക്കും.[1]

1. E.A. Dively Lauro (tr.), *Origen: Homilies on Judges,* p. 70-93.



# 8
# ഗിദയോന്റെ കമ്പിളിയും പനിമഞ്ഞും
## (ന്യായാ 6,33-39)

ഇസ്രായേൽക്കാർ കർത്താവിന്റെ മുമ്പിൽ തിന്മ ചെയ്തപ്പോൾ, ഏഴുവർഷക്കാലം മിദിയാന്യരുടെ കൈകളിൽ ഏൽപ്പിക്കപ്പെട്ടു. ഇസ്രായേൽ വലിയ അരിഷ്ടതയിൽ ആയപ്പോൾ, കർത്താവിനോട് നിലവിളിച്ചു. അപ്പോൾ അവിടുന്ന് ഗിദയോനെ ഉയർത്തി. അവനിലൂടെ മിദിയാൻകാരെ തോൽപ്പിച്ച് ഇസ്രായേലിന് മോചനം നൽകി.

കർത്താവിന്റെ ദൂതൻ ഗിദയോന് കാണപ്പെട്ട് അവനെ ഈ ദൗത്യത്തിന് വിളിക്കുന്നു: "ധീരനും ശക്തനുമായ മനുഷ്യാ, കർത്താവ് നിന്നോടുകൂടെ...നീ പോയി ഇസ്രായേലിനെ മോചിപ്പിക്കുക. ഞാനാണ് നിന്നെ അയക്കുന്നത്". ഗിദയോൻ തടസ്സം പറഞ്ഞപ്പോൾ, കർത്താവ് അവനോടു പറഞ്ഞു: ''ഞാൻ നിന്നോടു കൂടെ ഉണ്ടായിരിക്കും. മിദിയാൻകാരെ നീ പാടേ നിഗ്രഹിക്കും". ഗിദയോൻ പോയി അപ്പവും ഇറച്ചിയും ദൂതന്റെ മുമ്പിൽ വച്ചു. ദൂതൻ തന്റെ വടികൊണ്ട് സ്പർശിച്ചപ്പോൾ, അഗ്നിയിറങ്ങി അവ ദഹിപ്പിച്ചുകളഞ്ഞു. കർത്താവിന്റെ ആത്മാവ് ഗിദയോനിൽ ആവസിച്ചു. അവൻ ബാലിന്റെ ബലിപീഠങ്ങളും വിഗ്രഹങ്ങളും തകർത്തു. കർത്താവ് വിജയം നൽകും എന്നതിന് അവൻ ഒരു അടയാളം ചോദിച്ചു: "മെതിക്കളത്തിൽ ആട്ടിൻരോമം കൊണ്ടുള്ള വസ്ത്രം വിരിച്ചു. അതിൽ മാത്രം മഞ്ഞ് കാണപ്പെടണം, മെതിക്കളം ഉണങ്ങിയിരിക്കണം". അത് അപ്രകാരം സംഭവിച്ചു. അവൻ വസ്ത്രം പിഴിഞ്ഞ് ഒരു പാത്രം നിറയെ വെള്ളമെടുത്തു. തുടർന്ന് മറ്റൊരു പരീക്ഷണം കൂടി ആവശ്യപ്പെട്ടു: "മെതിക്കളത്തിൽ മാത്രം മഞ്ഞ് കാണപ്പെടണം, രോമവസ്ത്രം ഉണങ്ങിയിരിക്കണം''. അതും സംഭവിച്ചു. - തുടർന്ന്, അവൻ യുദ്ധത്തിനു പോയി മിദിയാന്യരെ

പാടേ പരാജയപ്പെടുത്തി. ഇതാണ് ചരിത്രവിവരണം (ന്യായാ 6,1-25).

ഇതിന്റെ ആന്തരികാർഥം എന്തെന്നു നോക്കാം. തനിക്കുമുമ്പ് ജീവിച്ചിരുന്ന ഏതോ എഴുത്തുകാരൻ എഴുതിയിരിക്കുന്ന ഭാഗത്തുനിന്ന് ഉദ്ധരിച്ച് ഒരിജൻ ആന്തരികാർഥം നൽകുന്നു. "നമ്മുടെ മുൻഗാമികളിൽ ഒരാൾ"എന്നു മാത്രം പറയുന്നു. കമ്പിളിവസ്ത്രം ഇസ്രായേൽക്കാരെ സൂചിപ്പിക്കുന്നു. കമ്പിളി വസ്ത്രത്തിന്റെ ചുറ്റുമുള്ള മെതിക്കളം മറ്റു ജനതകളെ കുറിക്കുന്നു. കമ്പിളി വസ്ത്രത്തിൽ പതിച്ച പനിമഞ്ഞ് സ്വർഗത്തിൽ നിന്ന് ഇസ്രായേൽ ജനത്തിനു മാത്രം നൽകിയ ദൈവ വചനത്തെ കുറിക്കുന്നു. കാരണം, ഇസ്രായേൽക്കാർക്കു മാത്രമാണ് "ദൈവിക നിയമം" എന്ന പനിമഞ്ഞ് ലഭിച്ചത്. ദിവ്യവചനത്തിന്റെ നനയ്ക്കൽ ലഭിക്കാതിരുന്ന മറ്റു ജനതകൾ വരണ്ടുണങ്ങിയിരുന്നു. - ഇതേ രീതിയിൽ പിന്നീട് സൈറസിലെ തിയഡൊറെറ്റും വ്യാഖ്യാനി ക്കുന്നു.[1]

ദൈവം തന്റെ വെളിപ്പെടുത്തലുകൾ ആദ്യം ഇസ്രായേൽ ക്കാർക്കു നൽകി. പിന്നീട് ലോകം മുഴുവനുമുള്ള ജനതകളിൽ നിന്ന് കൂട്ടിച്ചേർക്കപ്പെട്ടവർക്ക് വെളിപാടു നൽകി. അവർ ദിവ്യനിയമം സ്വന്തമാക്കി. ഇസ്രായേൽക്കാർക്കു ലഭിച്ച പനിമഞ്ഞ്-മോശയുടെ നിയമവും പ്രവാചകന്മാരും സങ്കീർത്തനങ്ങളും-വിജാതിയരുടെ സ്വന്തമായി. അവർ സുവിശേഷപരവും ശ്ലൈഹികപരവുമായ പനി മഞ്ഞാൽ സമൃദ്ധമായി വളർന്നു വരുന്നു. എന്നാൽ ഇപ്പോൾ പഴയ ഇസ്രായേൽക്കാർക്ക് വരൾച്ചയാണ്. അവരുടെ കമ്പിളിയിൽ പനിമഞ്ഞില്ല. ദൈവവചനം സംബന്ധിച്ച് അവർ നനവില്ലാതെ ഉണങ്ങിവരണ്ടു കഴിയുന്നു. പുരോഹിതനോ, പ്രവാചകനോ, ബലി പീഠമോ, ദൈവാലയമോ, അർപ്പണമോ ഇല്ലാതെ ഇസ്രായേൽ വരണ്ടു കഴിയുന്നു. 72-ാം സങ്കീർത്തനത്തിൽ തത്തുല്യമായ ഒന്ന് ഒരിജൻ കാണുന്നു: "കമ്പിളിമേൽ വീഴുന്ന മഴപോലെയും നിലത്തു വീഴുന്ന മഴത്തുള്ളി പോലെയും അവൻ ഇറങ്ങിവരും'' (72,6). ഇവിടെ കമ്പിളിയെയും പെയ്തിറങ്ങുന്ന മഴയെയും പരാമർശിക്കുന്നു. അവൻ - ദൈവവചനം - ആദ്യം കമ്പിളിയിൽ, അതായത്, ഇസ്രായേലിൽ, പെയ്തിറങ്ങി വന്നു. പിന്നീട് നിലത്തു വീഴുന്ന മഴത്തുള്ളിപോലെ ശേഷിച്ച തറയിൽ, അതായത് ജനതകൾക്കിടയിൽ, ഇറങ്ങിവന്നു.

1. *Questiones in Judices*,6,15: PG. 80,501.





നമ്മുടെ കർത്താവ് മഴത്തുള്ളി പോലെ, ഉണങ്ങിവരണ്ടു കിടന്ന നിയമരഹിതരായ, വിജാതിയരിലേക്ക് പൊഴിഞ്ഞു. അങ്ങനെ വിജാതി യരും കുടിച്ച് തൃപ്തരാകാൻ ഇടയാക്കി.

പ്രവാചകദൃഷ്ട്യാ ഇതേപ്പറ്റി വിചിന്തനം നടത്തിയ ഗിദയോൻ രണ്ടടയാളങ്ങളും ആവശ്യപ്പെട്ടു. ആ പനിമഞ്ഞ് ദൈവപുത്രന്റെ വരവിനെ കുറിക്കുന്നതായി അവൻ അറിഞ്ഞു. അത് പഴയ ഇസ്രാ യേലിനു മാത്രമല്ല, പുതിയ ഇസ്രായേലായ സഭയ്ക്കും ലഭിക്കാനുള്ള തായിരുന്നു. കാരണം, യഹൂദരുടെ അവിശ്വസ്തത നിമിത്തം വിജാതി യർക്കും രക്ഷ കരഗതമായി (റോമ.11,30-31). കമ്പിളിയുടെ വരണ്ട അവസ്ഥ നിമിത്തം ധര മുഴുവൻ ദൈവിക പനിമഞ്ഞിന്റെ കൃപ വർഷിക്കപ്പെടാ നിടയായി.

ഗിദയോൻ മെതിക്കളം തെരഞ്ഞെടുത്തത് സകാരണമാണ്. "വീശുമുറം കൊണ്ട് മെതിക്കളം വെടിപ്പാക്കി, ഗോതമ്പ് അറപ്പുരയിൽ ശേഖരിക്കുകയും പതിര് കെടാത്ത തീയിൽ കത്തിക്കുകയും ചെയ്യുന്ന വനാണ് പനിമഞ്ഞായി താഴേക്ക് പെയ്തിറങ്ങിയത് (മത്താ.3,11-12). അതിനാലാണ് കമ്പിളിവസ്ത്രം വിരിക്കാൻ അവൻ മെതിക്കളം തെരഞ്ഞെടുത്തത്.

ഗിദയോൻ എന്തിനാണ് കമ്പിളി പിഴിഞ്ഞ്, ഒരു പാത്രം നിറയെ വെള്ളമെടുത്തത്? (ന്യായാ.6,38). നമ്മുടെ കർത്താവ് കൈയിലെടുത്ത് ശിഷ്യരുടെ പാദം കഴുകാൻ ഉപയോഗിച്ച പാത്രത്തിലെ വെള്ളത്തിന്റെ നിഴൽ രൂപത്തിലുള്ള മുൻസൂചനയാണ് ഗിദയോൻ പിഴിഞ്ഞെടുത്ത ജലമെന്ന് ഒരിജൻ അഭിപ്രായപ്പെടുന്നു (യോഹ.13,4-5).[2]

കർത്താവിലൂടെ കാലാന്ത്യത്തിൽ പൂർത്തീകരിക്കപ്പെടേണ്ട യാഥാർഥ്യത്തിന്റെ നിഴൽരൂപമാണ് ഗിദയോനിലൂടെ ദൃശ്യമായത്. നമ്മുടെ കർത്താവ് പാത്രത്തിൽ എടുത്ത വെള്ളം സ്വർഗീയ കൃപയുടെ പനിമഞ്ഞാണ്. അതെടുത്താണ് അവിടുന്ന് ശിഷ്യരുടെ പാദം കഴുകിയത്. "ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരാണ്'' എന്ന് അവിടുന്ന് അവരോട് ഉചിതമായി പറഞ്ഞിരിക്കുന്നു (യോഹ.15,3).

2. E.A. Dively Lauro (tr.), *Origen: Homilies on Judges,* p. 108.

നാം നമ്മുടെ പാദം നീട്ടിക്കാട്ടിയെങ്കിലേ നമ്മുടെ കർത്താവിന് നമ്മുടെ ആത്മാവിന്റെ പാദം കഴുകാൻ കഴിയൂ. അങ്ങനെ സ്വർഗീയ പനിമഞ്ഞാലും പരിശുദ്ധാത്മാവിന്റെ കൃപയാലും വിജ്ഞാന വചനത്താലും നമ്മെ അവിടുന്ന് സംശുദ്ധരാക്കി നിർമലരാക്കുന്നു. ശ്ലീഹന്മാർ മാത്രമല്ല, നാമെല്ലാവരും, തന്നിൽ വിശ്വസിക്കുന്ന എല്ലാവരും, കഴുകപ്പെടാൻ അവിടുന്ന് ആഗ്രഹിക്കുന്നു (യോഹ.17,20). പത്രോസിനോട് പറഞ്ഞത് അവിടുന്ന് എല്ലാവരോടും പറയുന്നു: "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ, നിനക്ക് എന്നോടുകൂടെ പങ്കില്ല" (യോഹ.13,8). കഴുകി ശുദ്ധീകരിക്കപ്പെടാത്തവർക്ക് ക്രിസ്തുവിനോടു കൂടെ പങ്കില്ല എന്നത് സുനിശ്ചിതമാണ്.

നമ്മുടെ കർത്താവ് തുടർന്നു പറയുന്നു: "നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം" (യോഹ.13,13-14). ഞാൻ എന്റെ സഹോദരങ്ങളുടെ പാദങ്ങൾ കഴുകണം. അതിനായി ഇസ്രായേലിന്റെ ഉറവകളിൽ നിന്നുള്ള പനിമഞ്ഞ് ശേഖരിക്കണം. ഇസ്രായേൽക്കാരുടെ കമ്പിളിയിൽ നിന്ന് ഞാനത് പിഴിഞ്ഞെടുക്കണം. പഴയനിയമ ഗ്രന്ഥങ്ങളാകുന്ന-തിരുലിഖിതങ്ങളാകുന്ന-കമ്പിളിയിൽ നിന്ന് പിഴിഞ്ഞെടുക്കണം. ഞാൻ അത് എന്റെ ആത്മാവിൽ ഉൾക്കൊള്ളണം. അതായത്, അവയുടെ അർഥം എന്റെ ഹൃദയത്തിൽ ഞാൻ സ്വീകരിക്കണം. കാൽ നീട്ടിത്തരുന്നവരെ ഞാൻ സ്വീകരിച്ച് കഴുകലിന് ഒരുക്കണം. അവരെ ദിവ്യവചനത്താൽ ഞാൻ സംശുദ്ധരാക്കണം. സത്യ ജ്ഞാനത്തിന്റെ വചനത്താൽ ശ്രോതാക്കളെ പാപമാലിന്യത്തിൽ നിന്ന് പവിത്രീകരിക്കണം. തിന്മയുടെയും എല്ലാവിധ ദുഷ്ടതകളുടെയും അഴുക്കുകൾ നീക്കിക്കളഞ്ഞ്, സമാധാന സുവിശേഷ സ്വീകരണത്തിന് അവർ ഒരുങ്ങണം. നാമെല്ലാവരും വചനത്താൽ പവിത്രീകൃതരായി വിവാഹ മണവറയിൽ ശുഭ്രവസ്ത്രധാരികളായി പ്രവേശിക്കാൻ ഇടയാകട്ടെ. അങ്ങനെ കർത്താവിന്റെ മാർവിൽ ചാരിക്കിടന്നുകൊണ്ട്, വിവാഹവിരുന്നിൽ പങ്കെടുക്കാൻ ഇടയാകട്ടെ.[3]

അന്ത്യോക്യൻ പാരമ്പര്യത്തിൽ "കമ്പിളിയും പനിമഞ്ഞും" കന്യകാ മാതാവിനെയും യേശുവിനെയും കുറിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. പനിമഞ്ഞ് ദൈവവചനവും കമ്പിളി മറിയവുമാണ്.

3. E.A. Dively Lauro (tr.), *Origen: Homilies on Judges,* p.8.





മറിയത്തിലൂടെ വചനം മാംസമായതിന്റെ നിഴലാണ് ഗിദയോന് വെളിപ്പെട്ടത് എന്ന് സുറിയാനി സഭാപാരമ്പര്യം സാക്ഷിക്കുന്നു.

കർതൃനിർദേശപ്രകാരം ഗിദയോൻ സൈന്യത്തെ ഒന്നിച്ചുകൂട്ടി. അവരുടെ കൂട്ടത്തിലെ ഭയചകിതരായവരെ മാറ്റിനിർത്താൻ കർതൃ നിർദേശം വന്നു (ന്യായാ.7,3). പന്തീരായിരം പേരേ ഒഴിവാക്കി. ഇന്നും ഭയചകിതരെ മാറ്റിനിർത്താൻ നമ്മുടെ കർത്താവ് ആവശ്യപ്പെടുന്നു. "തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല" (മത്താ.10,38). "സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെത്തന്നെയും വെറുക്കാതെ എന്റെ അടുത്തു വരുന്ന ആർക്കും എന്റെ ശിഷ്യനായിരിക്കാൻ സാധിക്കയില്ല. സ്വന്തം കുരിശു വഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല..തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ ആർക്കും എന്റെ ശിഷ്യനാകുക സാധ്യമല്ല" (ലൂ.14,26-27.33). കർത്താവ് തന്റെ സൈന്യത്തിൽ നിന്ന് ഇത്തരക്കാരെ അകറ്റി നിർത്തുന്നതിന്റെ സൂചന ഗിദയോൻ നൽകുന്നു. ഭയചകിതർക്ക് കുരിശു വഹിക്കാനാവില്ല, ശിഷ്യനായിരിക്കാനും സാധ്യമല്ലെന്ന് കർത്താവ് വ്യക്തമായി പറയുന്നു.

"'കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്. ഞാൻ ആരെ ഭയപ്പെടണം? കർത്താവ് എന്റെ സംരക്ഷകനാണ്. ഞാൻ ആരെ പേടിക്കണം? ഒരു സൈന്യം തന്നെ എനിക്കെതിരെ പാളയമടിച്ചാലും എന്റെ ഹൃദയം ഫലമറിയുകയില്ല. എനിക്കെതിരെ യുദ്ധമുണ്ടായാലും ഞാൻ ആത്മധൈര്യം വെടിയുകയില്ല" എന്ന് സന്തോഷത്തോടുകൂടെ ക്രിസ്തുവിന്റെ പടയാളിക്ക് പറയാൻ കഴിയണം (സങ്കീ. 27,1.3).

വിശ്വാസത്തിന്റെ ശക്തികൊണ്ടും മനസ്സിന്റെ കരുത്തു കൊണ്ടും പ്രാർഥന കൊണ്ടുമാണ്, സൈന്യബലത്തേക്കാൾ വിജയം വരിക്കുക എന്ന് ഗിദയോൻ പഠിപ്പിക്കുന്നു. കാരണം, കർത്താവാണ് തന്റെ ജനത്തിനുവേണ്ടി പോരാടുന്നത്. നാം "ദൈവത്തിന്റെ ആയുധം" ധരിച്ചാൽ മാത്രം മതി (എഫേ.6,14-17).

ഗിദയോന്റെ സൈന്യത്തിൽ ശേഷിച്ചവർ പതിനായിരമാണ്. അവരിൽ നിന്ന് മൂന്നൂറു പേരെ മാത്രം തെരഞ്ഞെടുത്തു. ആറ്റിൽ നിന്ന് കൈയിൽ കോരി നായെപ്പോലെ വെള്ളം നക്കിക്കുടിച്ചവരായിരുന്നു ആ മുന്നൂറു പേർ. മുട്ടുകുത്തി വെള്ളം കുടിച്ചുവരെയെല്ലാം

ഗിദയോൻ തിരിച്ചയച്ചു. മുന്നൂറു പേരെക്കൊണ്ട് ഗിദയോൻ മിദിയാന്യരെ പാടേ പരാജയപ്പെടുത്തി. ഇതിൽ ഒരു രഹസ്യം നിഗൂഢമായിരിക്കുന്നു. സ്നാന കൃപയ്ക്ക് അണയുന്നവർ പ്രലോഭനത്തിന്റെ മുമ്പിൽ മുട്ടുകുത്താൻ പാടില്ല. മറിച്ച്, ധൈര്യപൂർവം ഉറച്ചുനിൽക്കണം. ‘‘തളർന്ന കൈകളെയും ബലമില്ലാത്ത കാൽമുട്ടുകളെയും ശക്തിപ്പെടുത്തുവിൻ” (എബ്രാ.12,12-13). “അടിമത്തത്തിന്റെ നുകത്തിന് വീണ്ടും വിധേയരാകാതെ സ്ഥിരതയോടെ നിൽക്കുവിൻ”(ഗലാ.5,1). “കർത്താവിൽ ഉറച്ചുനിൽക്കുവിൻ” (ഫിലി.4,1). സ്നാനത്തിനുശേഷം, അതായത്, തെരഞ്ഞെടുക്കപ്പെട്ടശേഷം ഭൗമികവും ജഡികവുമായവയ്ക്ക് മുമ്പിൽ മുട്ടുമടക്കാത്തവരാണ് തെളിയിക്കപ്പെട്ടവർ. അവർ തിന്മയ്ക്ക് കീഴ്പ്പെടുന്നില്ല. പാപം ചെയ്യാൻ ദാഹിക്കുന്നില്ല. ശത്രുവിന് പാദസേവ ചെയ്യുന്നില്ല. മുട്ടുകുത്തി വെള്ളം കുടിച്ചവർ നൽകുന്ന സന്ദേശം ഇതാണ്.

നായ് കുടിക്കുന്നതുപോലെ, ‘കൈയിൽ കോരിയോ അല്ലാതെയോ നക്കിക്കുടിക്കുക’ എന്നാൽ എന്താണർഥം?. ക്രിസ്തുവിന്റെ പടയാളികൾ കൈകൊണ്ടും നാവുകൊണ്ടും അധ്വാനിക്കണം. അതായത്, വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും. “പഠിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നവൻ ദൈവരാജ്യത്തിൽ വലിയവനെന്ന് വിളിക്കപ്പെടും” (മത്താ.5,19).[4]

4. E.A. Dively Lauro (tr.), *Origen: Homilies on Judges,* p.94-118



# 9
# ഉത്തമഗീതം

പഴയനിയമത്തിൽ നമുക്കു ലഭിച്ചിട്ടുള്ള ഗീതങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ശ്രേഷ്ഠമായ ഗീതമാണ് പാട്ടുകളുടെ പാട്ട് എന്നറിയപ്പെടുന്ന ഉത്തമഗീതം. മണവാളനായ മിശിഹായും മണവാട്ടിയായ സഭയും തമ്മിലുള്ള സല്ലാപമാണിത്. അതിലെ വരികൾക്കെല്ലാം ആന്തരികാർഥമാണുള്ളത്. അതുപോലെ മിശിഹാകർത്താവും മനുഷ്യാത്മാവുമായുള്ള സംഭാഷണമായും ഈ ഗീതം മനസ്സിലാക്കാം. സന്തോഷത്തിന്റെയും സ്തുതിയുടെയും കണ്ഠനാദവുമായി, ആഘോഷത്തിന്റെ ശബ്ദമേളവുമായി, മണവാട്ടി മണവാളന്റെ മണവറയിലേക്ക് കടന്നുവരുന്നു. ഉത്തമഗീതത്തിൽ ഉള്ളടങ്ങിയിരിക്കുന്ന കാര്യങ്ങൾ പറയുകയും കേൾക്കുകയും ചെയ്യാൻ, മാനുഷിക കാഴ്ചപ്പാടുകൾ തികച്ചും അപര്യാപ്തമാണ് (2കൊറി. 5,16). അത് സത്യസോളമനായ നമ്മുടെ കർത്താവേശുമിശിഹായുടെതാണ്. ദാവീദിന്റെ മകന്റെയോ, ഇസ്രായേലിന്റെ രാജാവിന്റെയോ വകയല്ല. മാംസപരമായ ഒരു സൂചനയും ഉത്തമഗീതത്തിൽ ഇല്ല.

താഴെപ്പറയുന്നവയാണ് പഴയനിയമത്തിൽ കാണുന്ന പ്രധാനപ്പെട്ട ഗീതങ്ങൾ: 1. ചെങ്കടൽ തീരത്തുവച്ച് ഇസ്രായേൽക്കാർ ആലപിച്ച ഗീതം (പുറ.15,1 ff.). 2.. ബേറിലെ കിണറിനെ കുറിച്ചുള്ള ഗീതം (സംഖ്യ 21,16-18). 3. ഇസ്രായേൽ ജനത്തെ പഠിപ്പിക്കാനായി ദൈവം നൽകിയ ഗീതം (നിയമാ.32,1-44). 4. ദെബോറായും ബാറാക്കും കൂടി പാടിയ ഗീതം (ന്യായാ.5,1-31). 5. ദാവീദിന്റെ വിജയ കീർത്തനം (2 സാമു. 22, 1-51). 6. കർതൃപേടകത്തിൻ മുമ്പിൽ ആലപിക്കാൻ ദാവീദ് തയാറാക്കിയ ഗീതം (1ദിന.16,1-36). 7. സങ്കീർത്തനങ്ങളിലെ ആരോഹണഗീതങ്ങൾ

(120-134). 8. ഹന്നായുടെ കീർത്തനം (1സാമു.2,1-10). ഇവയിൽ ഏറ്റവും ശ്രേഷ്ഠം ഉത്തമഗീതമാണ്.

1. ചെങ്കടൽ തീരത്തുവച്ച് മോശയും ഇസ്രായേൽക്കാരും കർത്താവിനെ സ്തുതിച്ചുകൊണ്ട് പാടിയ ഗാനമാണിത്. 'കർത്താവിനെ ഞാൻ പാടിസ്തുതിക്കും. എന്തെന്നാൽ അവിടുന്ന് മഹത്വപൂർണമായ വിജയം നേടിയിരിക്കുന്നു' എന്നു തുടങ്ങുന്നതാണ് ഈ ഗീതം. ഇസ്രായേൽക്കാർ കടലിലൂടെ സുരക്ഷിതരായി കടന്ന് മറുകര എത്തുകയും ഈജിപ്തുകാർ വെള്ളത്തിൽ മുങ്ങിച്ചാകുകയും ചെയ്തപ്പോൾ, ഇസ്രായേൽക്കാർ പാടിയതാണിത്. കർത്താവ് ശക്തമായ കരത്താൽ ഇസ്രായേൽക്കാരെ രക്ഷിച്ചു. അതേ കരത്താൽ ഈജിപ്തുകാരെ പ്രഹരിച്ചു. ഈ രക്ഷ കണ്ട് ജനം കർത്താവിനെയും മോശയെയും വിശ്വസിച്ചു.

നമ്മുടെ കുലശത്രുവായ സാത്താനെതിരെ നമ്മുടെ കർത്താവ് എത്രയോ ശക്തമായ കരമുയർത്തി മനുഷ്യകുലത്തെ രക്ഷിച്ചെന്ന് ഈ സംഭവം കാട്ടുന്നു. "കർത്താവിലും മോശയിലും"വിശ്വസിച്ചാലേ, "കർത്താവിനെ ഞാൻ പാടി സ്തുതിക്കും" എന്നു പറയാൻ കഴിയൂ. അതായത്, പഴയനിയമവും പുതിയ നിയമവുമാകുന്ന തിരുലിഖിതത്തിൽ വിശ്വസിച്ചെങ്കിലേ സാധിക്കൂ എന്നർഥം. ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് മോചനം പ്രാപിച്ച്, ചെങ്കടൽ കടന്നാലേ ഇപ്രകാരം പാടാൻ കഴിവു ലഭിക്കയുള്ളു. അതായത്, പിശാചിനെ ഉപേക്ഷിച്ച്, മാനസ്സാന്തരപ്പെട്ട് ,കർതൃപാതയിലൂടെ ചരിച്ച്, സ്നാനം സ്വീകരിക്കണമെന്നു സാരം. മോശയുടെ കീർത്തനം അപ്പോൾ സ്വന്തമാക്കാൻ കഴിയും.

2. രണ്ടാമത്തെ ഗീതം ബേറിലെ കിണറിനെ കുറിച്ചാണ്. "കിണറേ, നിറഞ്ഞു കവിയുക. അതിനെ പ്രകീർത്തിച്ച് പാടുക. പ്രഭുക്കന്മാരും ജനനേതാക്കന്മാരും കുഴിച്ച കിണർ". ഈ കിണർ കുഴിച്ചത് നിബിയന്മാരും ശ്ലീഹന്മാരുമെന്ന ജനനേതാക്കന്മാരാണ്. അക്കാരണത്താൽ അവിടേക്കു ചെല്ലാനും കിണറിനെ പ്രകീർത്തിച്ച് പാടാനും ആഹ്വാനം ചെയ്യുന്നു. മോശയ്ക്കാണ് നിർദേശം ലഭിച്ചത്. "മോശ" എന്നാൽ നിയമം എന്നർഥം. "വന്നു പാനം ചെയ്യുവിൻ" (യോഹ. 7,37) എന്ന് ആഹ്വാനം ചെയ്യുന്ന ദൈവപുത്രനായ യേശു ക്രിസ്തുവാണ് ആ കിണർ. അതായത്, ക്രിസ്തുവിലുള്ള വിശ്വാസ





ത്തിലേക്ക് നിയമം നമ്മെ ക്ഷണിക്കുന്നു. "മോശ എന്നെപ്പറ്റി എഴുതിയിരിക്കുന്നു" (യോഹ.5,46) എന്ന് പറഞ്ഞതിന്റെ അർഥമിതാണ്. നാം ജീവജലം പാനം ചെയ്തിട്ട് ദൈവത്തെ പ്രകീർത്തിക്കാനാണ് ആഹ്വാനം. മോശയാണ് - നിയമമാണ് - ജനത്തെ വിളിച്ചുകൂട്ടുന്നത്. ഇസ്രായേൽക്കാർക്ക് ജലം പുറപ്പെടുവിച്ച പാറ ക്രിസ്തുവാണെങ്കിൽ (1കൊറി.10,4), ബേറിലെ നിറഞ്ഞു കവിയുന്ന കിണറും ക്രിസ്തുവാണ്. അവിടേക്ക് ജനത്തെ ആനയിക്കാനാണ് മോശയ്ക്ക് നിർദേശം ലഭിച്ചത്. ആ കിണർ നിറഞ്ഞു കവിഞ്ഞ് ലോകാതിർത്തി വരെ വ്യാപിക്കുന്നു. അതിൽ നിന്നു കുടിച്ച് കർത്താവിന്റെ മഹത്വം പ്രകീർത്തിക്കാനാണ് ആഹ്വാനം.

3. മൂന്നാമത്തെ ഗീതം നിയമാവർത്തന പുസ്തകത്തിൽ നിന്നാണ്. "ഈ ഗാനം എഴുതിയെടുത്ത് ഇസ്രായേൽ ജനത്തെ പഠിപ്പിക്കുക. അവർക്കെതിരെ സാക്ഷ്യമായിരിക്കേണ്ടതിന്, ഇത് അവരുടെ അധരത്തിൽ നിക്ഷേപിക്കുക" എന്ന് കർത്താവ് മോശയോട് കൽപ്പിച്ചു (നിയമാ. 31,19). "ആകാശങ്ങളേ, ചെവിക്കൊൾക. ഭൂമി എന്റെ വാക്കുകൾ ശ്രവിക്കട്ടെ" എന്നു തുടങ്ങുന്നതാണ് ഈ ഗീതം (32,1). ഈ ഗീതം ആകാശവും ഭൂമിയും ശ്രവിക്കാൻ ആഹ്വാനം ചെയ്യുന്നു. "എന്റെ വാക്കുകൾ മഴത്തുള്ളിപോലെ പതിക്കട്ടെ. എന്റെ വാക്കുകൾ ഹിമകണങ്ങൾ പോലെ പൊഴിയട്ടെ...നമ്മുടെ ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുവിൻ" (32,2-3).

നമ്മുടെ പാറയായ മിശിഹാ കർത്താവിലേക്ക് ഈ ഗീതം വിരൽ ചൂണ്ടുന്നു. "അവന്റെ പ്രവൃത്തി പരിപൂർണവും വഴികൾ നീതിയുക്തവുമാണ്. അവൻ തിന്മ അറിയാത്തവനും വിശ്വസ്തനുമാണ്. അവൻ നീതിമാനും സത്യസന്ധനുമാണ്" (32,4). രക്ഷകനെ തിരിച്ചറിയാത്ത ഇസ്രായേലിനെതിരെ, വിജാതിയരുടെ തെരഞ്ഞെടുപ്പിനെ പറ്റി പ്രവചന രൂപേണ ഇതിൽ മോശ സംസാരിക്കുന്നു. "ജനമല്ലാത്തവരെ കൊണ്ട് അവരിൽ ഞാൻ അസൂയ ഉണർത്തും. ഭോഷന്മാരായ ജനതയെ കൊണ്ട് അവരെ ഞാൻ പ്രകോപിപ്പിക്കും" (32,21). വിശുദ്ധ പൗലോസ് ശ്ലീഹാ റോമാലേഖനത്തിൽ ഇതുദ്ധരിക്കുന്നു (10,19). പുതിയ നിയമത്തിൽ കർത്താവിന്റെ വരവിൽ സംഭവിക്കാനിരുന്നവയുടെ പ്രവചനമാണ് മോശ നടത്തിയത്. ഇതു ശ്രവിക്കാൻ ആകാശത്തെയും ഭൂമിയെയും അവൻ വിളിക്കുന്നു. കർത്താവിന്റെ മഹത്വം പ്രകീർത്തിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

4. നാലാമത്തെ ഗീതം ന്യായാധിപന്മാരുടെ ഗ്രന്ഥത്തിലാണ് (ന്യായാ.5,1-31).ദെബോറായും ബാറാക്കും കൂടി പാടിയതാണിത്. “കർത്താവിനെ വാഴ്ത്തുവിൻ. രാജാക്കന്മാരേ, കേൾക്കുവിൻ, പ്രഭുക്കന്മാരേ, ശ്രദ്ധിക്കുവിൻ. കർത്താവിന് ഞാൻ കീർത്തനം പാടും. ഇസ്രായേലിന്റെ ദൈവമായ കർത്താവിനെ ഞാൻ വാഴ്ത്തിപ്പാടും” എന്നു തുടങ്ങുന്നതാണ് ഈ ഗീതം (5,1-3). ശത്രുസംഹാരത്തിനു ശേഷമാണ് ഈ ഗീതം ആലപിച്ചത്. ഇതൊരു പ്രവചനം കൂടിയാണ്. “ദെബോറാ, നീ ഇസ്രായേലിൽ മാതാവായി തീരുംവരെ അവിടെ കൃഷിക്കാർ അറ്റുപോയിരുന്നു... ഉണരൂ, ദെബോറാ, ഉണരൂ. ഗാനമാലപിക്കൂ” (5,7.12). മറിയം ഗർഭിണി ആകുന്നതുവരെ മനുഷ്യകുലം പിശാചുക്കളുടെ അടിമത്തത്തിൽ കഴിഞ്ഞു. അവൾ ഉണർന്ന് ഗാനമാലപിക്കാൻ പ്രവാചകവചനം വിളിക്കുന്നു. അതു യാഥാർഥ്യമായത് മറിയത്തിന്റെ സ്തോത്രഗീതത്തിലാണ്: “എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു” (ലൂ.1,46). മറിയത്തിന്റെ മുൻകുറിയാണ് ദെബോറാ.

കേന്യനായ ഹേബറിന്റെ മകൾ ജായേൽ മറിയത്തെയും വിജാതീയ സഭയെയും സൂചിപ്പിക്കുന്നു. പുത്രന്റെ കുരിശുമരണത്തിലൂടെ ഒരു സ്ത്രീ-നമ്മുടെ അമ്മ-പൈശാചിക ശക്തികളെ തകർക്കുന്നതിന്റെ സൂചനയാണിത്. കൂടാരത്തിന്റെ മരയാണിയും ചുറ്റികയും കുരിശിനെ സൂചിപ്പിക്കുന്നു. സിസെറാ എന്ന സൈന്യാധിപന്റെ മരണം പിശാചിന്റെ തല തകർക്കുന്നതിനെ സൂചിപ്പിക്കുന്നു. ഈ തകർക്കൽ പുറജാതികളിൽ നിന്നുള്ള സഭയിലൂടെയാണ് നടക്കുന്നത്. അതിന് ആരംഭം കുറിച്ചത് യഹൂദ സഭയാണ് - ദെബോറായും ബാറാക്കുമാണ്. എങ്കിലും അത് പൂർത്തീകരിച്ചത് വിജാതീയരിൽ-ജായേലിൽ-നിന്നുള്ള സഭയിലൂടെയാണ്. എന്നാൽ രണ്ടുകൂട്ടരും മഹത്വം പങ്കിടുന്നു. ഇക്കാര്യം ഉദ്ഘോഷിക്കാനും കർത്താവിനെ വാഴ്ത്താനും ആഹ്വാനം ചെയ്യുന്നു (5,9-10). ജായേലിന്റെ കാൽക്കൽ സിസെറാ നിശ്ചലനായി കിടന്നതു പോലെ, വിജാതീയരിൽ നിന്നുള്ള സഭയുടെ കാൽക്കൽ പൈശാചിക ശക്തികൾ തകർന്നടിയുന്നു.

5. അഞ്ചാമത്തേത് ദാവീദിന്റെ വിജയ കീർത്തനമാണ്. ശത്രുക്കളിൽ നിന്ന് തന്നെ രക്ഷിച്ച കർത്താവിന് ദാവീദ് ആലപിച്ചതാണിത് (2സാമു.22,1-51). ദാവീദിന്റെ പുത്രനായ നമ്മുടെ കർത്താവിനെ പറ്റിയുള്ള പ്രവചനവും ഇതിൽ മറഞ്ഞു കിടക്കുന്നു. “മൃത്യുതരംഗങ്ങൾ എന്നെ വലയം ചെയ്തു. വിനാശത്തിന്റെ മഹാപ്രവാഹങ്ങൾ എന്നെ ആക്രമിച്ചു. പാതാളപാശങ്ങൾ എന്നെ ചുറ്റി. മരണം എനിക്ക് കെണിയൊരുക്കി”. (22,5-6) എന്നത് കർത്താവിന്റെ പീഡാനുഭവത്തിലേക്ക് വിരൽ ചൂണ്ടുന്നു. ദൈവം പ്രാർഥന കേട്ടതിനാൽ, “കർത്താവിന്റെ കോപത്തിൽ ഭൂമി ഞെട്ടിവിറച്ചു. ആകാശത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി” (22,8). നമ്മുടെ കർത്താവിന്റെ മരണത്തിൽ ഇപ്രകാരം സംഭവിച്ചു (മത്താ. 27,51). “ആകാശം ചായിച്ച് അവിടുന്ന് ഇറങ്ങിവന്നു. കൂരിരുട്ടിന്മേൽ അവിടുന്ന് പാദമുറപ്പിച്ചു” (22,10) എന്നത് മനുഷ്യാവതാരത്തെ പറ്റിയുള്ള പ്രവചനമാണ്. പാപാന്ധകാരമാണ് കൂരിരുട്ടുകൊണ്ട് സൂചിതമായിരിക്കുന്നത്. “കർത്താവ് ആകാശത്തിൽ ഇടിമുഴക്കി. അത്യുന്നതന്റെ ശബ്ദം മുഴങ്ങിക്കേട്ടു” (22,14) എന്നത് കർത്താവിന്റെ മനുഷ്യാവതാരത്തിൽ പല പ്രാവശ്യം സംഭവിച്ചതാണ്. “അനർഥകാലത്ത് അവർ എന്റെമേൽ ചാടിവീണു” എന്നത് അക്ഷരാർഥത്തിൽ ഗത്സമെൻ തോട്ടത്തിൽ സംഭവിച്ചു. “അങ്ങ് എന്നെ ജനതകളുടെ അധിപനാക്കി. എനിക്ക് അപരിചിതമായ ജനം എന്നെ സേവിച്ചു ...നീ ജനതകളെ എനിക്ക് അധീനമാക്കി” (22,44.48) എന്നത് വിശ്വവ്യാപകമായ രാജത്വത്തെയും കർതൃത്വത്തെയും സൂചിപ്പിക്കുന്നു. “രാജാവിന് അവിടുന്ന് വൻവിജയം നൽകുന്നു. തന്റെ അഭിഷിക്തനോട് എന്നേക്കും കരുണ കാണിക്കുന്നു. ദാവീദിനോടും അവന്റെ സന്തതിയോടും തന്നെ” (22,51) എന്നത് മിശിഹാ കർത്താവിൽ വന്നു നിൽക്കുന്നു. -ചുരുക്കത്തിൽ ഈ കീർത്തനം മിശിഹോന്മുഖമായ പ്രവചനമാണ്.-ഈ ഗീതത്തിന് 18-ാം സങ്കീർത്തനത്തോട് സാമ്യമുണ്ട്.

6. കർതൃപേടകത്തിന്റെ മുമ്പിൽ ഗാനങ്ങൾ ആലപിക്കാൻ ദാവീദ് രാജാവ് ആസാഫിനെയും സഹോദരന്മാരെയും ഏർപ്പെടുത്തിയതാണ് സന്ദർഭം. ഇതൊരു സ്തോത്രഗീതമാണ്. “കർത്താവിന് നന്ദി പറയുവിൻ. അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുവിൻ. ജനതകളുടെ ഇടയിൽ അവിടുത്തെ പ്രവൃത്തികൾ പ്രഘോഷിക്കുവിൻ” (1ദിന.16,8). യേശുവിലൂടെയുള്ള സാർവത്രിക രക്ഷയുടെ മാനം ഈ ഗീതത്തിൽ കാണാം. “സ്വർഗം സന്തോഷിക്കട്ടെ. ഭൂമി ആനന്ദിക്കട്ടെ. കർത്താവ് വാഴുന്നു എന്ന് ജനതകളുടെ ഇടയിൽ അവ ഉദ്ഘോഷിക്കട്ടെ” (16,31).

7. ഹന്നായുടെ കീർത്തനവും പ്രവചനമാണ്. അതിൽ മിശിഹാ കർത്താവിനെ പറ്റിയുള്ള പല സൂചനകളും ഉൾക്കൊള്ളുന്നു. അതിന്റെ ചുവടു പിടിച്ചാണ് മറിയത്തിന്റെ സ്തോത്രഗീതം (ലൂ.1,46-53). ഈ ഗീതങ്ങളിൽ നിഗൂഢമായിരിക്കുന്ന പ്രവചനങ്ങളേക്കാൾ കൂടുതലായ പ്രവചനങ്ങൾ ഉത്തമഗീതത്തിൽ മറഞ്ഞിരിക്കുന്നു.[1]

1. R.P.Lawson, *Origen, Commentary on Song of Songs*, p.46-57. ജി.ചേടിയത്ത്, *ഒരിജൻ, ഉത്തമഗീതഭാഷ്യം*, പേ.27-38.

# 10

# കർത്താവിന്റെ ചുംബനങ്ങൾ

## (ഉത്തമ 1,2)

ഉത്തമഗീതം തുടങ്ങുന്നത്, "അവന്റെ അധരം ചുംബനങ്ങൾ കൊണ്ട് എന്നെ പൊതിയട്ടെ" എന്നാണ് (1, 2). അവന്റെ അധരചുംബനങ്ങളാൽ അവൻ എന്നെ ചുംബിക്കട്ടെ എന്ന് വാച്യാർഥം. "നിന്റെ അധരം എന്നെ ചുംബനം കൊണ്ട് പൊതിയട്ടെ" എന്ന് പി.ഓ.സി ബൈബിളിൽ.നാടകരൂപത്തിലുള്ള വിവാഹഗാനമാണ് ഉത്തമഗീതമെന്ന് ഒറ്റനോട്ടത്തിൽ തോന്നാം. എന്നാൽ ഉത്തമഗീതം മുഴുവൻ ആന്തരികാർഥം നിറഞ്ഞു നിൽക്കുന്ന പ്രവചനമാണ്. സഭയും മിശിഹായും തമ്മിലുള്ള സംഭാഷണമാണിത്. അതുപോലെ ഓരോ മനുഷ്യാത്മാവും ദൈവവചനവുമായുള്ള സംഭാഷണവുമാണ്.

മണവാട്ടി രംഗപ്രവേശനം നടത്തുന്നത് വിലപിടിപ്പുള്ള ആഭരണങ്ങൾ അണിഞ്ഞും മണവാളനിൽ നിന്ന് അവൾക്കു ലഭിച്ച ഉപഹാരങ്ങളുമായിട്ടാണ്. മണവാളന്റെ തോഴന്മാർ വന്നുപോകുന്നു. മണവാളൻ വരാൻ വൈകുന്നു. മണവാളനെ ദർശിക്കുന്നതിനും അവന്റെ ചുംബനങ്ങളിൽ ആനന്ദിക്കുന്നതിനും മണവാട്ടി തീവ്രമായി അഭിലഷിക്കുന്നു. ഉടനടി അതു സാധ്യമല്ലെന്നു കാണുകയാൽ, മണവാളന്റെ പിതാവിനോട് അവൾ പ്രാർഥിക്കുന്നു: "അവന്റെ അധരം ചുംബനങ്ങൾ കൊണ്ട് എന്നെ പൊതിയട്ടെ". പ്രിയതമനോടുള്ള അഭിലാഷത്താൽ ജ്വലിച്ച് ഹൃദയത്തിൽ ഏറ്റ പ്രേമത്തിന്റെ മുറിവിൽ നിന്നുള്ള വേദന അനുഭവിച്ചു കൊണ്ടാണ് അവൾ ഈ അഭ്യർഥന നടത്തുന്നത്.

ഇതിന്റെ ആന്തരികാർഥമെന്താണ്? സഭ മിശിഹായോടു ചേർന്ന് ഒന്നാകാൻ തീവ്രമായി അഭിലഷിക്കുന്നു. പ്രപഞ്ചസൃഷ്ടി മുതൽ സഭയുണ്ടായിരുന്നു. സമസ്ത സൃഷ്ടികളുടെയും ആദ്യജാതനുമായി





വിവാഹത്തിന് ഒരുക്കപ്പെട്ടപ്പോൾ പരിശുദ്ധ മാലാഖമാർ സഭയുടെ ശുശ്രൂഷകരായിരുന്നു. വിവാഹവാഗ്ദാന സമ്മാനമായി അവർ നിയമം (തോറാ) കൊണ്ടുവന്നു. "നിയമം ദൈവദൂതന്മാർ വഴി ഒരു മധ്യവർത്തിയിലൂടെ വിളംബരം ചെയ്യപ്പെട്ടു" (ഗലാ.3,19). നിയമത്തോടൊപ്പം പ്രവാചകന്മാരും ഗാനരചയിതാക്കളും സഭയെ ഒരുക്കി, ശുശ്രൂഷ ചെയ്തു. ദൈവപുത്രനെപ്പറ്റി സഭ അറിയേണ്ടതെല്ലാം അവർ അറിയിച്ചു. ദൈവപുത്രനെ പറ്റിയുള്ള സ്നേഹവും അഭിലാഷവും ഉദ്ദീപിപ്പിച്ചതും അവർ തന്നെയാണ്. അവന്റെ ആഗമനത്തെപ്പറ്റി പ്രവചനങ്ങളിലൂടെ അവർ പറഞ്ഞു മനസ്സിലാക്കി. "മോശ എന്നെപ്പറ്റി പറഞ്ഞിരിക്കുന്നു" (യോഹ.5,46). അവന്റെ സൗന്ദര്യം, ആകർഷകത്വം, ശാന്തസ്വഭാവം എന്നിവ അവർ വിവരിച്ചു. അവരുടെ വിവരണങ്ങളാൽ അവൾ അവനെപ്പറ്റി ഗ്രഹിക്കുകയും സ്നേഹാഗ്നിയാൽ ജ്വലിക്കുകയും ചെയ്തു. തോഴന്മാർ മാത്രം വരികയും പോകുകയും ചെയ്തു കൊണ്ടിരുന്നു. അവനെ വേഗത്തിൽ അയക്കണമെന്ന് അവൾ പിതാവിനോട് അപേക്ഷിക്കുന്നു. അവൻ നേരിട്ടുവന്ന് തന്റെ ചുംബനം എനിക്ക് നൽകട്ടെയെന്ന് അവൾ പറയുന്നു.

ആ ചുംബനം നമ്മുടെ കർത്താവായ യേശുമിശിഹായുടേതാണ്. തന്റെ അധരങ്ങളുടെ വചനങ്ങൾ എന്റെ അധരങ്ങളിലേക്ക് പകരാൻ ഇടയാകട്ടെ. അവിടുന്ന് പറയുന്നത് കേൾക്കാനും പഠിപ്പിക്കുന്നത് കാണാനും എനിക്ക് കഴിയട്ടെ. അവിടുന്ന് നേരിട്ടുവന്ന് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വചനങ്ങൾ സഭയോടു സംസാരിച്ചു: "ഒരു ദൂതനോ, മാലാഖയോ അല്ല, കർത്താവു തന്നെ നമ്മെ രക്ഷിക്കും" എന്ന പ്രവചന വാഗ്ദാനമനുസരിച്ച് അവൻ ശരീരത്തിൽ പ്രത്യക്ഷനായി മണവാട്ടിയായ സഭയുടെ അടുത്തേക്കു വന്നു. നിബിയന്മാരും സങ്കീർത്തകരും കാണാൻ കൊതിച്ച സത്യമണവാളൻ ശരീരത്തിൽ അവൾക്ക് സമീപസ്ഥനായി (മത്താ.13,16-17). സഭയ്ക്ക് കർത്താവിനോടുള്ള സ്നേഹത്തിന്റെ ആധിക്യത്താൽ, അവനെ കാണാനും കേൾക്കാനും അവന്റെ ചുംബനം നേരിട്ട് അനുഭവിക്കാനുമുള്ള തീവ്രത നിമിത്തം, അവൾ പറയുന്നു,"അവന്റെ അധരം ചുംബനങ്ങൾ കൊണ്ട് എന്നെ പൊതിയട്ടെ". അവൾ ഇതു പറയുമ്പോഴും മണവാളൻ എത്തിയിട്ടില്ല. അവൻ അകലെയാണ്. അവൾ അത്യാകാംക്ഷപൂർവം അവനുവേണ്ടി കാത്തിരിക്കുന്നു.

ഇനിയും മനുഷ്യാത്മാവും ദൈവവചനവുമായുള്ള ബന്ധം ചർച്ച ചെയ്യാം. ആത്മാവിന് മണവാളന്റെ സമ്മാനങ്ങൾ നേരത്തെ ലഭിച്ചുകഴിഞ്ഞു. നിയമവും പ്രവാചകന്മാരുമാണ് സ്ത്രീധനമായി ലഭിച്ചത്. പ്രാകൃതിക നിയമവും യുക്തിബോധവും സ്വതന്ത്രേച്ഛയുമാണ് വിവാഹവാഗ്ദാന സമ്മാനങ്ങൾ,. ഗുരുജനങ്ങളിൽ നിന്നു ലഭിച്ച ശിക്ഷണം, ദാമ്പത്യ ജീവിതസംബന്ധമായ നിർദേശമായി കരുതാം. എന്നാൽ ഇവകൊണ്ട് തൃപ്തി വരാത്ത ആത്മാവ് ദൈവവചനത്തിന്റെ നേരിട്ടുള്ള സന്ദർശനത്തിന് തീവ്രമായി അഭിലഷിക്കുന്നു. മധ്യസ്ഥരെ കൂടാതെ, മനസ്സ് ദൈവികമായ അനുഭൂതിയും ധാരണയും കൊണ്ട് നിറഞ്ഞു കഴിയുമ്പോൾ, ദൈവവചനത്തിന്റെ ചുംബനങ്ങൾ ലഭിച്ചു എന്ന് വിശ്വസിക്കാം. അതിനായി ആത്മാവ് പ്രാർഥിക്കുന്നു. അവൾക്ക് മുമ്പ് ലഭിച്ചിരുന്നത് ഗുരുക്കന്മാരുടെ ചുംബനങ്ങളായിരുന്നു. അതായത്, അവരുടെ വിശദീകരണങ്ങൾ.

എന്നാൽ സ്വന്തം വിദഗ്ധ വിചിന്തനത്തെ ആശ്രയിച്ച് വചനം ഗ്രഹിക്കാനും വിശദീകരിക്കാനും കഴിവു ലഭിക്കുമ്പോൾ, ദൈവവചനത്തിന്റെ ചുംബനങ്ങൾ ലഭിച്ചെന്നു കരുതാം. അവ്യക്തമായ ഓരോ സംഗതിയും സുവ്യക്തമാകുമ്പോൾ, ഓരോ ചുംബനം ലഭിക്കുന്നു എന്നതിനാലാണ് "ചുംബനങ്ങൾ" എന്നു പറയുന്നത്. മനുഷ്യമനസ്സിനു വെളിച്ചം പകരാനുള്ള ദൈവവചനത്തിന്റെ ശക്തിയെ "മണവാളന്റെ അധരം" എന്നു വിളിക്കാം. അജ്ഞാതവും അവ്യക്തവുമായവ വചനം ആത്മാവിന് വെളിപ്പെടുത്തി കൊടുക്കുന്നതാണ് വിശുദ്ധ ചുംബനം. നാം വായിക്കുന്ന തിരുവചനത്തിന്റെ അർഥം ഗ്രഹിക്കാൻ കഴിയാതെ വരുമ്പോൾ നമുക്ക് പ്രാർഥിക്കാം: "കർത്താവേ,നിന്റെ അധരം ചുംബനങ്ങൾ കൊണ്ട് എന്നെ പൊതിയട്ടെ". ശക്തിമത്തായ നിന്റെ വചനം എനിക്ക് സുഗ്രാഹ്യമാകട്ടെ. ഞാൻ അത് പ്രഘോഷിച്ച് നിന്റെ മഹത്വം വെളിപ്പെടുത്തട്ടെ.

ഇത് കർത്താവിന്റെ സ്പർശനമാണ്. കർതൃസ്പർശനം ലഭിക്കുമ്പോൾ, ആത്മാവ് പ്രകാശപൂരിതമാകുന്നു, ഹൃദയം ജ്വലിക്കുന്നു. ഈ അനുഭവമാണ് എമ്മാവോസിലേക്ക് പോയവർക്ക് ഉണ്ടായത് (ലൂ.24,32). അവിടുത്തെ ചുംബനം ലഭിച്ചെങ്കിലേ ഈ പ്രകാശം ലഭിക്കൂ. അതിനായി തീക്ഷ്ണമായി കർത്താവിനോട് പ്രാർഥിക്കണം.[1]

1. R.P.Lawson, *op.cit.*58-62; ജി.ചേടിയത്ത്, *ഒരിജൻ, ഉത്തമഗീതഭാഷ്യം,* പേ.39-43.



# 11
# നിയമം എന്ന ഗുരു
## (ഉത്തമ 1,3)

നിയമം എന്നാൽ മോശയുടെ നിയമം (തോറാ) എന്നർഥം. ഇതിൽ നിയമവും പ്രവാചകന്മാരും മറ്റ് പഴയനിയമഗ്രന്ഥങ്ങളും ഉൾപ്പെടുന്നു. മോശ വഴി ദൈവം പല നിയമങ്ങളും നൽകി. ഒരു പാലകന്റെ അഥവാ ഗുരുവിന്റെ - രക്ഷാകർത്താവിന്റെയും കാര്യസ്ഥന്റെയും - ദൗത്യമായിരുന്നു നമ്മുടെ കർത്താവിന്റെ വരവുവരെ നിയമത്തിന് ഉണ്ടായിരുനന്നത്. നിയമം എന്ന സംജ്ഞയുടെ കീഴിൽ നിയമങ്ങളും കൽപ്പനകളും നീതീകരണങ്ങളും ചട്ടങ്ങളും സാക്ഷ്യങ്ങളും ന്യായവിധികളും ഉൾപ്പെടുന്നു (സംഖ്യ 36,13). ഉപദേശങ്ങൾ, പ്രമാണങ്ങൾ, അനുശാസ്സനങ്ങൾ, വചനം, വാഗ്ദാനങ്ങൾ എന്നിവയും നിയമത്തിൽ പെടുന്നു. ഇവയോരോന്നിനും വ്യത്യസ്തങ്ങളായ അർഥമാണുള്ളത്.

"നിയമം" നമ്മെ ക്രിസ്തുവിലേക്ക് നയിച്ച ഗുരുവാണ് എന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നു: "ക്രിസ്തുവിന്റെ ആഗമനം വരെ നിയമം നമ്മുടെ പാലകനായിരുന്നു. ഇപ്പോഴാകട്ടെ, വിശ്വാസം സമാഗതമായ നിലയ്ക്ക് നമ്മൾ പാലകന് അധീനരല്ല" (ഗലാ. 3,24-25). വീണ്ടും, "പിതാവ് നിശ്ചയിച്ച കാലാവധി വരെ നാം രക്ഷാകർത്താക്കളുടെയും കാര്യസ്ഥന്മാരുടെയും സംരക്ഷണത്തിലായിരുന്നു... കാലസമ്പൂർണതയിൽ ദൈവപുത്രൻ വന്ന്, നിയമത്തിന് അധീനരായി കഴിഞ്ഞവരെ വിമുക്തരാക്കി" (ഗലാ.4,1-7). - പഴയനിയമം ക്രിസ്തുവിലേക്ക് നയിക്കുന്ന ഗുരുവും പാലകനുമായിരുന്നു. ക്രിസ്തു വന്നു കഴിഞ്ഞപ്പോൾ, നാമിനി നിയമത്തിൻ കീഴല്ല, കൃപയ്ക്കു കീഴാണ്.

നിയമത്തിന്റെയും പ്രവാചകന്മാരുടെയും വചനങ്ങളാകുന്ന

സുഗന്ധദ്രവ്യങ്ങൾ പഴയനിയമ സഭയ്ക്ക് ഉണ്ടായിരുന്നു. മണവാളന്റെ സുഗന്ധദ്രവ്യങ്ങളെപ്പറ്റി മണവാട്ടിക്ക് അറിവും പ്രായോഗിക പരിശീലനവും ലഭിച്ചിരുന്നു. അവൾക്ക് ഗുരുക്കന്മാരിലൂടെ പരിമിതമായ തോതിലെങ്കിലും മണവാളന്റെ ആഗമനത്തിനു മുമ്പ് ദൈവശുശ്രൂഷയിൽ ബോധനവും പരിശീലനവും കിട്ടിയിരുന്നു. എന്നാൽ മണവാളന്റെ ആഗമനത്തിൽ അവൾക്ക് ലഭിച്ച സുഗന്ധം മറ്റെല്ലാറ്റിനേക്കാളും - മുമ്പ് ഗുരുക്കന്മാരിൽ നിന്നു ലഭിച്ചതിനേക്കാളും - ഉപരിയായി അവൾ മനസ്സിലാക്കുന്നു. അതുകൊണ്ട് ഉത്തമഗീതത്തിൽ അവൾ പറയുന്നു: "അങ്ങയുടെ അഭിഷേക തൈലത്തിന്റെ സൗരഭ്യം മറ്റെല്ലാ സുഗന്ധ വസ്തുക്കളുടേതിനേയുംകാൾ ഉപരിയാണ്" (1,3). മിശിഹായുടെ പരിശുദ്ധാത്മനിറവിൽ നിന്ന് പ്രസരിക്കുന്ന കൃപാവചസ്സുകളാണ് വിവക്ഷ. അതുമായി താരതമ്യപ്പെടുത്തുമ്പോൾ, നീതിശാസ്ത്രത്തിൽ നിന്നോ പ്രകൃതിവിജ്ഞാനത്തിൽ നിന്നോ ലഭിച്ച ബോധനങ്ങൾ വെറും തരംതാഴ്ന്ന സുഗന്ധവസ്തുക്കളായി സഭ മനസ്സിലാക്കുന്നു. ദൈവത്തിൽ നിന്നുള്ള ജ്ഞാനമാണ് ദൈവപുത്രൻ വെളിപ്പെടുത്തിയത് (യോഹ.8,26-28.3,31-32). അത് മറ്റെല്ലാറ്റിനേക്കാളും ശ്രേഷ്ഠമാണ്.[1]

# 12
## പകർന്ന തൈലം (ഉത്തമ 1,3)

ഒഴിക്കപ്പെടുന്ന തൈലത്തിന്റെ സുഗന്ധം ചുറ്റുപാടും പരക്കുന്നതു പോലെയാണ് നമ്മുടെ കർത്താവിന്റെ നാമം: "നിന്റെ നാമം പകർന്ന തൈലം പോലെയാണ്"എന്ന് മണവാളനെപ്പറ്റി മണവാട്ടി പറയുന്നു. ഇതൊരു പ്രവചനമാണ്. നമ്മുടെ രക്ഷകനായ മിശിഹായുടെ ആഗമനത്തിൽ തന്റെ നാമം എല്ലായിടത്തും വ്യാപിക്കും. എല്ലായിടത്തും മാധുര്യം പരത്തുന്ന സൗന്ദര്യം ആകത്തക്കവിധം അത് ഭൂഗോളമെങ്ങും വ്യാപിക്കുമെന്നാണ് ഈ പ്രവചനത്തിന്റെ അർഥം.

*1.* R.P.Lawson,*op.cit*.p.70-74;*ജി.ചേടിയത്ത്,ഒരിജൻ,ഉത്തമഗീതഭാഷ്യം,* പേ.51-55.





വി. പൗലോസ് ശ്ലീഹാ പറയുന്നു: "ഞങ്ങൾ എല്ലായിടത്തും ക്രിസ്തുവിന്റെ സൗരഭ്യമാകുന്നു. ഒരുവന് മരണത്തിൽ നിന്ന് മരണത്തിലേക്കുള്ള സൗരഭ്യവും അപരന് ജീവനിൽ നിന്ന് ജീവനിലേക്കുള്ള സൗരഭ്യവും". "അതുകൊണ്ട് കന്യകമാർ നിന്നെ പ്രേമിച്ചു" (2കൊറി.2,14-16). ദൈവഹിതമനുസരിച്ച് അനുദിനം നവീകരിക്കപ്പെടുന്ന ആത്മാക്കളാണവർ. ക്രിസ്തുനാഥനെ മനസ്സിലാക്കിക്കഴിയുമ്പോൾ, കന്യകമാർ അവന്റെ പിന്നാലെ ഓടിയെത്തും. അവന്റെ സുഗന്ധത്തിലേക്ക് പാഞ്ഞെത്തും. ഈ കന്യകമാർ ക്രിസ്തുനാഥനെ തങ്ങളിലേക്ക് ആകർഷിക്കുന്നു. സഭകളെ പറ്റിയാണ് ഈ പരാമർശം. പരിപൂർണതയിൽ എത്തുമ്പോൾ അവ ഒറ്റസഭയായിത്തീരും. അവ തങ്ങളുടെ വിശ്വാസം വഴി ക്രിസ്തുവിനെ തങ്ങളിലേക്ക് ആകർഷിക്കുന്നു (മത്താ.18,20).

"ക്രിസ്തുവിന്റെ ഗന്ധം" എന്നത് ശാരീരികാർഥത്തിലല്ല മനസ്സിലാക്കേണ്ടത്. ആന്തരിക മനുഷ്യന്റെ പ്രവൃത്തി എന്ന ദൈവികമായ അർഥത്തിലാണ് ഗ്രഹിക്കേണ്ടത്. ക്രിസ്തുവിന്റെ സുഗന്ധം ഒരിക്കൽ അനുഭവിച്ച്, അവികലവും ആരോഗ്യപൂർണവും ആയിരിക്കുവോളം "ജീവനിൽ നിന്ന് ജീവനിലേക്ക്" നയിക്കുന്നു. രോഗഗ്രസ്തമാണെങ്കിൽ, "മരണത്തിൽ നിന്ന് മരണത്തിലേക്ക്" നയിക്കും. അതായത്, അവിശ്വാസത്തിന്റെ മരണത്തിൽ നിന്ന് ന്യായവിധിയുടെയും ശിക്ഷയുടെയും മരണത്തിലേക്ക് നയിക്കും.

ക്രിസ്തുനാഥൻ സ്വയം ശൂന്യനാക്കിക്കൊണ്ട് തന്റെ നാമം പകർന്ന തൈലം പോലെയാക്കി. അത് കാലാന്ത്യം വരെ ലോകം മുഴുവൻ പരക്കുന്നു. വിശിഷ്ട കന്യകമാർ അതിലേക്ക് ഓടിയടുത്ത് ജീവൻ പ്രാപിക്കുന്നു; അല്ലാത്തവർ മരണവും.[1]

*1.* R.P.Lawson,*op.cit*.p.74-83;*ജി.ചേടിയത്ത്, ഒരിജൻ, ഉത്തമഗീതഭാഷ്യം,* പേ.74-83..

# 13

# ദൈവികമായ അർത്ഥം

തിരുലിഖിതത്തിന്റെ കർത്താവ് പരിശുദ്ധാത്മാവാണ്. വെറും ചരിത്രം പഠിപ്പിക്കുകയോ, കഥ പറയുകയോ അല്ല തിരുലിഖിത ലക്ഷ്യം. പിന്നെയോ, രക്ഷാകരചരിത്രം അവതരിപ്പിക്കുന്നു. ദൈവം എപ്രകാരം ഒരു ജനതയെ പരിശീലിപ്പിച്ച് ഒരുക്കിയെന്ന് ഇത് കാട്ടുന്നു. തിരുലിഖിതം രചിച്ച അതേ മനോഭാവത്തോടുകൂടി മാത്രമേ തിരുലിഖിതം മനസ്സിലാക്കാൻ പാടുള്ളു. വാക്കുകൾക്ക് അപ്പുറത്ത്, പ്രവചനാത്മകമായും അന്ത്യോന്മുഖമായും ക്രിസ്തോന്മുഖമായും നിരവധി സംഗതികൾ തിരുലിഖിതത്തിൽ ഉടനീളം കാണാം. യഹൂദജനതയുടെ ചരിത്രം മാത്രമാണെങ്കിൽ, ലോകജനത മുഴുവൻ ആ ചരിത്രം എന്തിനു പഠിക്കണം! പരിശുദ്ധാത്മ നിവേശനം ലഭിക്കാനുള്ള ദൈവകൃപ യാചിച്ചുകൊണ്ട് തിരുലിഖിതം വായിക്കുമ്പോൾ, അതിനുള്ളിൽ മറഞ്ഞിരിക്കുന്ന വിലയേറിയ മുത്തുകൾ കണ്ടെത്താൻ കഴിയും.

ശാരീരിക പ്രവർത്തനങ്ങളെ സംബന്ധിക്കുന്നതായി തിരുലിഖിതത്തിൽ പറഞ്ഞിരിക്കുന്നവ എപ്പോഴും വാച്യാർഥത്തിൽ എടുക്കാൻ പാടില്ല. ആന്തരികമനുഷ്യന്റെ ദൈവികാനുഭൂതികളെ കുറിച്ച് ഗ്രഹിക്കാൻ അവ വിനിയോഗിക്കണം. അതായത്, ദൈവികമായ അർഥം ഗ്രഹിക്കണമെന്നു സാരം (സുഭാ.2,5). ഉദാ. "കർത്താവിന്റെ പ്രമാണം ലഘുവും കണ്ണുകൾക്ക് വെളിച്ചം നൽകുന്നതുമാണ്" (സങ്കീ.19,8). "കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ" (മത്താ.13,9). "ഞങ്ങൾ ദൈവത്തിനു ക്രിസ്തുവിന്റെ പരിമളമാണ്" (2കൊറി.2,15). "കർത്താവ് മാധുര്യവാനാണെന്ന് രുചിച്ചുനോക്കുവിൻ" (സങ്കീ.34,8).





"ഞങ്ങളുടെ കരങ്ങൾ ജീവന്റെ വചനത്തെ സ്പർശിച്ചു". മേൽപ്പറഞ്ഞവയൊന്നും ശാരീരികമായ ഇന്ദ്രിയവൃത്തികളെ കുറിച്ചല്ല, ആന്തരിക മനുഷ്യന്റെ പ്രവൃത്തികളെ കുറിച്ചാണ് പറയുന്നത്. പാപം മൂലം ആന്തരികമായ ദർശനശക്തി അവ്യക്തമാകാം. ആന്തരികമായ ശ്രവണ ശക്തിയും ഘ്രാണശക്തിയും കെട്ടുപോകാം. ആധ്യാത്മിക കാര്യങ്ങൾ കാണുകയും, കേൾക്കുകയും ചെയ്യാനോ, ക്രിസ്തുവിന്റെ പരിമളം ആസ്വദിക്കാനോ സാധിക്കാതെ വരാം.

തിരുലിഖിതത്തിലെ ഒരോ പുസ്തകവും വിരചിതമായ കാലവും രീതിയും പരിഗണിക്കേണ്ട എന്നു വരുന്നില്ല. തിരുലിഖിതത്തിലെ പല സംഗതികളും വാചികമായും ആക്ഷരികമായും ഗ്രഹിക്കേണ്ടതുണ്ട്. എന്നാൽ മറ്റനേകം സംഗതികൾ ആത്മീയാർഥത്തിലത്രേ ഗ്രഹിക്കേണ്ടത്. പരിശുദ്ധാത്മാവ് മനുഷ്യരിലൂടെയാണ് തിരുലിഖിതരചന നടത്തിയത്. മനുഷ്യന്റെ പശ്ചാത്തലങ്ങളും പരിമിതികളുമൊക്കെ അതിൽ നമുക്ക് കാണാൻ കഴിയും. എന്നാൽ അതിലൂടെ പരിശുദ്ധാത്മാവ് പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന കാര്യം എന്തെന്ന് ഉത്സാഹിയായ കർഷകൻ തേടിയിറങ്ങുന്നു. പഴയനിയമത്തിലെ അനേകം സംഗതികൾ വാച്യാർഥത്തിൽ ദൈവമഹത്വത്തിന് ചേരുന്നതല്ല. അവ ആന്തരികമായിത്തന്നെ വ്യാഖ്യാനിക്കണം. എങ്കിലേ ഇന്നത്തെ മനുഷ്യന് അത് പ്രയോജനകരമാകുകയുള്ളു. ദൈവവചനം സർവകാലത്തേക്കുമുള്ള ദൈവിക സന്ദേശമാണ്. അതുകൊണ്ടാണ് ദൈവികവ്യാഖ്യാനം ആവശ്യമായിരിക്കുന്നത്.

എത്ര വ്യാഖ്യാനിച്ചാലും വറ്റിപ്പോകാത്ത ഉറവയാണ് തിരുലിഖിതം. പരിശുദ്ധാത്മ പ്രേരിതനായ ഓരോ വ്യാഖ്യാതാവിനും ദൈവം നൽകുന്ന ഉൾക്കാഴ്ച അനുസരിച്ച് വ്യാഖ്യാനിക്കണം. എന്നാൽ അതു മാത്രമാണ് അർഥമെന്നും ഇനി മറ്റൊന്നിന്റെ ആവശ്യമില്ലെന്നും ആരും ശഠിക്കരുതെന്നു മാത്രം.

# 14

# രാജാവിന്റെ മണവറ (ഉത്തമ 1,4)

"രാജാവ് തന്റെ മണവറയിലേക്ക് എന്നെ കൊണ്ടുവന്നിരിക്കുന്നു" എന്നൊരു വാചകം ഉത്തമഗീതത്തിലുണ്ട് (1,4). എന്താണ് രാജാവിന്റെ മണവറ? ആരാണ് ഈ രാജാവ്? ആരെയാണ് കൊണ്ടുവന്നിരിക്കുന്നത്?

മിശിഹാരാജാവ് മണവാട്ടിയായ വിജാതിയ സഭയെ തന്റെ പക്കലേക്ക് കൊണ്ടുവരുന്നതാണ് പരാമർശം. അഥവാ, ദൈവവചനത്തെ ഗാഢമായി സ്നേഹിക്കുന്ന ആത്മാവിനെ കുറിച്ചുമാകാം. ക്രിസ്തുവിന്റെ രഹസ്യപൂർണവും അത്ഭുതകരവുമായ മനസ്സാണ് മണവറ അഥവാ ഭണ്ഡാരം. തന്റെ മനസ്സ് മനസ്സിലാക്കാൻ മിശിഹാ കർത്താവ് ഒരാത്മാവിനെ അനുവദിക്കുമ്പോൾ, അവൾ രാജാവിന്റെ മണവറയിലേക്ക് ആനയിക്കപ്പെടുന്നു എന്നു പറയാം. ക്രിസ്തുവിന്റെ മനസ്സിൽ "ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ ഒളിഞ്ഞു കിടക്കുന്നു" (കൊളോ. 2,3)."ഞങ്ങൾ ക്രിസ്തുവിന്റെ മനസ്സറിയുന്നു" എന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നു (1കൊറി.2,15). കണ്ണ് കണ്ടിട്ടില്ലാത്തതും കാതുകൾ കേട്ടിട്ടില്ലാത്തതും മനുഷ്യഭാവനയിൽ പ്രവേശിച്ചിട്ടില്ലാത്തതും, തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം ഒരുക്കിയിരിക്കുന്നതുമാണ് മണവറ, അഥവാ ക്രിസ്തുവിന്റെ മനസ്സ്.

ഈ മണവറ വളരെ സമ്പന്നമാണെന്ന് കാണിക്കാനാണ് "രാജാവിന്റെ മണവറ"എന്നു പറയുന്നത്. സോളമന്റെ എന്നോ ഭ്രാതൃപുത്രന്റെ എന്നോ പ്രിയതമന്റെ എന്നോ പറയാതെ, "രാജാവിന്റെ" എന്നു പറയുന്നത്, ഇത് പ്രവചനാത്മകമായി മിശിഹാ കർത്താവിനെ കുറിച്ച് ആയതുകൊണ്ടാണ്. രാജകീയമായതിനാൽ ഈ കലവറ





വിവിധങ്ങളും വിപുലങ്ങളുമായ സമ്പത്തുകൊണ്ട് നിറഞ്ഞതാണ്. ഇതിലേക്കാണ് താൻ എടുക്കപ്പെട്ടതെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നു (2 കൊറി.12,1-4). "അന്ധകാരത്തിലെ നിധികളും രഹസ്യധനശേഖരവും അവിടെ നിക്ഷേപിച്ചിരിക്കുന്നു" (ഏശാ.45,3).

മണവറയിലേക്ക് ആനീതയാക്കപ്പെട്ടവൾ രാജ്ഞിയായി അവരോധിക്കപ്പെട്ടിരിക്കുന്നു. അതേപ്പറ്റി ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: "കനകമയമായ വസ്ത്രങ്ങളണിഞ്ഞ് വിവിധവർണങ്ങളാൽ പരിവേഷ്ടിതയായി, രാജ്ഞി നിന്റെ വലത്തുഭാഗത്തു നിന്നു" (സങ്കീ.45,9). അവളും വെറുംകൈയോടെയല്ല അവിടെ കടന്നുവന്നത്. ആത്മാവിന്റെ സുകൃതസമ്പത്തുകളുമായിട്ടാണ് അവൾ എത്തുന്നത്. രാജാവിൽ നിന്ന് അവൾക്ക് എണ്ണമറ്റ ഉപഹാരങ്ങൾ ലഭിച്ചതിനാൽ, അവൾ ആഹ്ലാദിക്കുന്നു. അതുകണ്ട് കന്യകമാർ പറയുന്നു: "ഞങ്ങൾ നിന്റെ മാറിടത്തെ വീഞ്ഞിനേക്കാൾ സ്നേഹിക്കും" (ഉത്തമ.1,4). ഈ അർഹത മണവാട്ടിക്കു ലഭിച്ചുകഴിഞ്ഞു (ഉത്തമ.1,2). കന്യകമാർ അവികലമായ ഉപവിയുടെ ഫലങ്ങൾ പുറപ്പെടുവിക്കാത്തവരാകയാൽ, അനുഭവത്തിൽ നിന്നു പറയാൻ അവർക്കാകില്ല. അവർ അത് കാംക്ഷിക്കുന്നതേയുള്ളു. രാജാവിന്റെ ഹൃദയത്തിൽ നിന്നു പുറപ്പെടുന്ന അറിവിന്റെയും വിജ്ഞാനത്തിന്റെയും ഉറവകളിൽ വധു ആനന്ദിക്കുന്നു. ദൈവിക പ്രബോധനങ്ങളുടെ ചഷകങ്ങൾ അവൾ പാനം ചെയ്യുന്നു. ഈ വധു പറയുന്നു: " ഞാൻ കർത്താവിൽ അത്യധികം ആനന്ദിക്കും. എന്റെ ആത്മാവ് എന്റെ ദൈവത്തിൽ ആനന്ദം കൊള്ളും. വരൻ പുഷ്പമാല്യം അണിയുന്നതുപോലെയും വധു ആഭരണഭൂഷിതയാകുന്നതുപോലെയും അവിടുന്ന് എന്നെ രക്ഷയുടെ ഉടയാടകൾ ധരിപ്പിക്കുകയും നീതിയുടെ മേലങ്കി അണിയിക്കുകയും ചെയ്തു" (ഏശാ.61,10).[1]

1. R.P.Lawson,*op.cit.* 84-90;ജി.ചേടിയത്ത്, *ഒരിജൻ,ഉത്തമഗീതഭാഷ്യം*, പേ.65-70

# 15

# കറുത്ത മുത്ത് (ഉത്തമ 1,5)

ഉത്തമഗീതത്തിലെ മണവാട്ടി ജറുസലേം പുത്രിമാരോട് പറയുന്ന ഒരു പ്രസ്താവനയുണ്ട്: "ഞാൻ കറുത്തവളാണെങ്കിലും, കേദാറിലെ കൂടാരങ്ങൾ പോലെയും സോളമന്റെ തിരശ്ശീലകൾ പോലെയും അഴകുള്ളവളാണ്" (1,5). മണവാട്ടിയുടെ കറുത്തനിറം നിമിത്തം ജറുസലേം പുത്രിമാർ, അവൾ സുന്ദരിയല്ല എന്ന് ഇകഴ്ത്തി പറഞ്ഞിട്ടുണ്ട്. അതിന് മറുപടിയായിട്ടാണ് ഈ പ്രസ്താവന: ഞാൻ നിറത്തിൽ കറുത്തവളാണെങ്കിലും, എന്റെ ആന്തരികഭാവങ്ങൾ വിലയിരുത്തിയാൽ, ഞാൻ സുന്ദരിയാണ്.

ഈ കറുത്ത മണവാട്ടി വിജാതിയരിൽ നിന്ന് രൂപീകൃതമായ സഭയെ പ്രതിനിധാനം ചെയ്യുന്നു. "ജറുസലേം പുത്രിമാർ" പഴയ ഇസ്രായേലിനെ കുറിക്കുന്നു. അവരുടെ നോട്ടത്തിൽ അവൾക്ക് അബ്രഹാം മുതലുള്ള പിതാക്കന്മാരുടെ കുലീന രക്തമില്ല. അവൾ നീചജാതിയിൽ പെട്ടവളാണ്. അവൾക്ക് പൂർവപിതാക്കന്മാരുടെ അധ്യാപനം (തോറാ-നിയമം) ലഭിച്ചിട്ടില്ല. അവളെ കേദാറിന്റെ കൂടാരങ്ങളോടും സോളമന്റെ തിരശ്ശീലകളോടും അവർ താരതമ്യപ്പെടുത്തി. മോശ എത്യോപ്യക്കാരിയെ ഭാര്യയാക്കിയതിൽ മിറിയം കുറ്റപ്പെടുത്തിയതു പോലെയാണിത്. എന്നാൽ കേദാർ അബ്രഹാമിന്റെ മകനായ ഇസ്മായേലിന്റെ രണ്ടാമത്തെ മകനാകയാൽ, അവനും അബ്രഹാമിന്റെ ബീജത്തിൽ നിന്നുള്ളവനാണ് (ഉൽപ.25,13;16,11). സോളമന്റെ തിരശ്ശീലകൾ "ദൈവത്തിന്റെ കൂടാരത്തിലെ" തിരശ്ശീലകളാണ്. എത്യോപ്യക്കാരിയായ താൻ സൂര്യതാപത്താൽ ബാഹ്യമായി കറുത്തവളാണെങ്കിലും, വിശ്വാസവും പശ്ചാത്താപവും വഴി





സുന്ദരിയാണെന്ന് അവൾ പറയുന്നു. അവൾ ദൈവപുത്രനെ സ്വന്തമാക്കി. ദൈവപുത്രൻ മൂലം അവൾ ആന്തരികമായി സുന്ദരിയായിത്തീർന്നു. അതാണ് 45-ാം സങ്കീർത്തനം പ്രവചിക്കുന്നത്: "കനകമയമായ വസ്ത്രങ്ങളണിഞ്ഞ് വിവിധ വർണങ്ങളാൽ പരിവേഷ്ടിതയായി, രാജ്ഞി നിന്റെ വലത്തുഭാഗത്തു നിൽക്കുന്നു" (സങ്കീ.45,9). ഈ കറുത്തവൾ - വിജാതിയ സഭ - എത്തിച്ചേർന്നത് "അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും" തന്റെ "മഹത്വത്തിന്റെ തേജസ്സും സത്തയുടെ മുദ്രയും" ആയവന്റെ പക്കലേക്കാണ് (കൊളോ.1,15; എബ്രാ.1,3).

മോശ എത്യോപ്യക്കാരിയെ ഭാര്യയാക്കിയ സംഭവം ആധ്യാത്മിക രഹസ്യം ഉൾക്കൊള്ളുന്ന ഒരു പ്രവചനമാണ്. മോശ - ആധ്യാത്മിക നിയമം-വിജാതിയരിൽ നിന്നുള്ള സഭയുമായി വിവാഹത്തിലും ഐക്യത്തിലും ഏർപ്പെടുന്നതായി അഹറോനും മിറിയവും കണ്ടു. ഉപേക്ഷിക്കപ്പെട്ട സിനഗോഗിന്റെ പ്രതീകമായ മിറിയവും, ശാരീരികാർഥത്തിലുള്ള പൗരോഹിത്യത്തെ പ്രതിനിധാനം ചെയ്യുന്ന അഹറോനും, അവരുടെ രാജ്യം മറ്റൊരു ജനതയ്ക്ക് നൽകുന്നത് കണ്ടു. മോശ ആധ്യാത്മിക നിയമത്തിന്റെ പ്രതീകമാണ്. ആധ്യാത്മിക നിയമമെന്നാൽ, ദൈവവചനമായ മിശിഹാ എന്നർഥം. പഴയ ഇസ്രായേലിൽ നിന്ന് വചനം പുതിയ ഇസ്രായേലിലേക്ക് മാറ്റപ്പെടുന്നതിന്റെ സൂചനയാണിത്. അതിൽ പഴയ ഇസ്രായേൽ അമർഷം പൂണ്ട് മോശയെ കുറ്റപ്പെടുത്തുന്നു.

ഷേബാരാജ്ഞി എത്യോപ്യയിൽ നിന്നു വന്ന കറുത്തവൾ ആയിരുന്നു. അവൾ വിജാതിയ സഭയുടെ പ്രതീകമാണ്. ഒരുപറ്റം ആളുകളുമായിട്ടാണ് അവൾ സമാധാനരാജാവിനെ സമീപിക്കുന്നത്. സഭയാകുന്ന രാജ്ഞി വരുന്നത് ലോകത്തിലെ എല്ലാ വർഗങ്ങളോടുകൂടെയുമാണ്. വിലപ്പെട്ട ഉപഹാരങ്ങൾ സമർപ്പിക്കുന്നു. സുഗന്ധ ദ്രവ്യങ്ങളും (സത്കൃത്യങ്ങൾ), സ്വർണവും അമൂല്യ രത്നങ്ങളും (ലൗകിക വിജ്ഞാനവും നല്ല പെരുമാറ്റവും) അവൾ സോളമന് സമ്മാനിക്കുന്നു. രാജാവ് അവൾക്ക് വെളിപ്പെടുത്താത്തതായി ഒന്നുമില്ലായിരുന്നു. "എന്തെന്നാൽ പിതാവിൽ നിന്നു കേട്ടതെല്ലാം ഞാൻ നിങ്ങളെ അറിയിച്ചു" (യോഹ.15,14). ഷേബാ രാജ്ഞി സോളമന്റെ ആലയം കണ്ടു. ഇത് നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെ കുറിച്ചാണ്. അവൾ, മേശയിലെ വിഭവങ്ങൾ, ഭൃത്യന്മാരുടെ വാസസ്ഥലങ്ങൾ,

ഭൃത്യന്മാരുടെ പരിചരണം, വസ്ത്രങ്ങൾ, പാനപാത്ര വാഹകർ, ദഹന ബലികൾ എന്നിവയെല്ലാം കണ്ടു. സോളമനെപ്പറ്റി കേട്ടറിഞ്ഞതി നേക്കാൾ വളരെയധികമായി അവൾ നേരിട്ട് കണ്ടറിഞ്ഞു. സ്വർഗീയ ജറുസലേമിൽ കറുത്ത സുന്ദരി എത്തുമ്പോൾ, മുഖാമുഖം കാണുന്നത് എത്രയോ മടങ്ങ് ശ്രേഷ്ഠമായിരിക്കും എന്ന് സൂചകം. സോളമന്റെ ഭാര്യമാരും ഉപനാരികളും വിവിധ നിലയിലുള്ള ആത്മാക്കളെ കുറിക്കുന്നു. "സദാ അങ്ങയുടെ സന്നിധിയിൽ കഴിയുന്ന ദാസന്മാർ ഭാഗ്യവാന്മാർ" എന്ന് ഷേബാ രാജ്ഞി പറയുന്നു. അവിരാമമായി സദാ ദൈവസന്നിധിയിൽ, ബഥനിയിലെ മറിയത്തെപ്പോലെ കഴിയുന്നവരാ ണവർ. അവരാണ് ഭാഗ്യവാന്മാർ (ലൂ.10,29-42).

"എത്യോപ്യാ ദൈവത്തിങ്കലേക്ക് കരങ്ങൾ ഉയർത്തും" എന്ന് സങ്കീർത്തകൻ പറയുന്നു (68,32). പഴയ ഇസ്രായേലിന്റെ പരാജയം മൂലം രക്ഷ വിജാതിയ സഭയിലേക്ക് ഒഴുകി എത്തുന്നു എന്ന പ്രവചന മാണിത്. ഈ പ്രവചനം പൂർത്തിയാകുന്നത്, കറുത്തവൾ സുന്ദരി ആകുന്നതോടു കൂടിയാണ്. അവളെ ജറുസലേം പുത്രിമാർ എത്ര പഴിച്ചാലും ദുഷിച്ചാലും കാര്യമില്ല. "എത്യോപ്യയിലെ നദികൾക്കപ്പു റത്തു നിന്ന് കാഴ്ചകൾ കൊണ്ടുവരും" എന്ന് സെഫനിയാ പ്രവാചകൻ പറയുന്നു (3,8-11). അവരെ കർത്താവ് സ്വീകരിക്കും. ദുഷ്ടതയാൽ കറുത്തിരുണ്ട വിജാതിയരെ കർത്താവ് ആട്ടിയോടിച്ചില്ല: "എന്റെ അടുത്തു വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയില്ല" (യോഹ. 6,37) എന്ന് നമ്മുടെ കർത്താവ് വാഗ്ദാനം ചെയ്തിരിക്കുന്നു. "എത്യോപ്യയിലെ നദികൾ" എന്നത് വിജാതിയരുടെ പൂർണതയുടെ പ്രതീകമാണ്.

ജറമിയായിലും ഒരു എത്യോപ്യക്കാരനെ പറ്റി പരാമർശമുണ്ട്. ജറമിയാ ക്രിസ്തുവിന്റെ മുൻകുറിയാണ്. ചെളി നിറഞ്ഞ പൊട്ടക്കിണ റ്റിൽ നിന്ന് ജറമിയായെ രക്ഷിക്കാൻ എത്യോപ്യക്കാരൻ മുൻകൈ എടുക്കുന്നു. നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തിൽ വിശ്വസി ക്കുന്ന വിജാതിയരുടെ പ്രതിനിധിയാണ് ഈ എത്യോപ്യക്കാരൻ. ആന്തരികാർഥം നൽകി വ്യാഖ്യാനിക്കുമ്പോൾ, എത്യോപ്യയെ പറ്റിയുള്ള പരാമർശം വിജാതിയ സഭയെ കുറിക്കുന്നു എന്നു കാണാം.

"സോളമന്റെ തിരശ്ശീല" എന്നു പറയുമ്പോൾ അർഥമാക്കുന്നത്, മനുഷ്യനിർമിതമല്ലാത്തതും കർത്താവിനാൽ സ്ഥാപിതവുമായ ആ





സത്യകൂടാരത്തെ ആവരണം ചെയ്യുന്ന തിരശ്ശീലകളെയാണ്. ആ സത്യകൂടാരം ക്രിസ്തുവിന്റേതാണ്. അവളുടെ സൗന്ദര്യത്തെ സത്യ കൂടാരത്തിന്റെ തിരശ്ശീലകളോടാണ് അവൾ താദാത്മ്യപ്പെടുത്തുന്നത് (എബ്രാ.8,2; 9,24). "ഞാൻ സുന്ദരിയാണ്" എന്ന് രാജ്ഞി പറയുന്നത്, അവസാനം വരെ താൻ കറുപ്പിൽ കഴിയുന്നില്ല എന്ന് സൂചിപ്പിക്കുന്നു. കാരണം, ജറുസലേം പുത്രിമാർ പിന്നീട് അവളെപ്പറ്റി പറയുന്നു: "ധവളീകരിക്കപ്പെട്ടവളായി തന്റെ ആത്മനാഥനെ ചാരി വരുന്ന ഇവൾ ആരാണ്?" (ഉത്തമ.8,5).

നീതിസൂര്യൻ ഇരുകൂട്ടരെയും അസംതൃപ്തിയോടെ നോക്കി. പഴയ ഇസ്രായേൽ അനുസരണക്കേടു കാട്ടിയപ്പോൾ, അവർക്ക് ഭാഗികമായ അന്ധത ബാധിച്ചു. വിജാതിയർ ദൈവമില്ലാത്തവരെ പ്പോലെ ജീവിച്ചു. എന്നാൽ മറ്റവരുടെ അന്ധത നിമിത്തം വിജാതി യർക്ക് കൃപ ലഭിച്ചു. രാജ്ഞി കറുത്തിരുന്നത് സൂര്യൻ അതൃപ്തി യോടെ നോക്കിയതിനാലാണ്. എന്നാൽ സൂര്യനോട് പറ്റിച്ചേർന്നു നിന്നപ്പോൾ, കരുണ ലഭിക്കുകയും ലോകത്തിന്റെ പ്രകാശം എന്നു വിളിക്കപ്പെടാൻ തക്കവിധം പ്രശോഭിതയാകുകയും ധവളീകരിക്ക പ്പെടുകയും ചെയ്തു.[1]

# 16

## മുക്കുപണ്ടം (ഉത്തമ 1,11-12)

ഉത്തമഗീതത്തിൽ, മണവാളന്റെ ചങ്ങാതിമാർ മണവാട്ടിയോട് പറയുന്ന ഒരു വാചകമുണ്ട്: "രാജാവ് മേശയ്ക്കിരിക്കുന്നതുവരെ ഞങ്ങൾ നിനക്ക് വെള്ളി പതിച്ച സ്വർണാഭരണങ്ങളുടെ അനുകരണ ങ്ങൾ ഉണ്ടാക്കാം" (1,11-12). ആധ്യാത്മികമായി വ്യാഖ്യാനിക്കുമ്പോൾ, ഈ ചങ്ങാതിമാർ പ്രവാചകന്മാരോ, പൂർവപിതാക്കന്മാരോ, മാലാഖ മാരോ ആകാം. "ഞങ്ങൾ" എന്നു പറയുന്നതിൽ നിന്ന് അത് മണവാ

1. R.P.Lawson,*op.cit.*p.91-113;ജി.ചേടിയത്ത്, *ഒരിജൻ, ഉത്തമഗീതഭാഷ്യം*,പേജ്, 71-92

ളന്റെ സ്വരമല്ല എന്നു വ്യക്തം. വിവർത്തനങ്ങളിൽ ഈ വാചകം വ്യത്യസ്തമായിട്ടാണ് കൊടുത്തിരിക്കുന്നത്. ഒരിജൻ വ്യാഖ്യാനിച്ച ടെക്സ്റ്റാണ് മുകളിൽ കൊടുത്തിരിക്കുന്നത്. 'അനുകരണങ്ങൾ' എന്ന വാക്കും ചില വിവർത്തനങ്ങളിൽ ഇല്ല.

ഒരിജന്റെ കാലത്ത് (+253) ഉത്തമഗീതത്തിന് അഞ്ച് പതിപ്പുകൾ ഉണ്ടായിരുന്നു. ഈ അഞ്ചു പതിപ്പുകൾക്കും ഒരിജൻ വ്യാഖ്യാന മെഴുതി. "ഇരുപതിനായിരത്തോളം വരികൾ വരുന്ന പത്തു വാല്യങ്ങളി ലായി ഉത്തമഗീതത്തിന്റെ അഞ്ചു പാഠഭേദങ്ങൾക്കും ഒരിജൻ വ്യാഖ്യാനം എഴുതി" എന്നാണ് വി. ജറോം പറയുന്നത്[1]

മണവാളൻ വിശ്രമിക്കുമ്പോഴാണ് ചങ്ങാതിമാർ മണവാട്ടി യുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. അവർ മണവാട്ടിയെ ആശ്വസിപ്പി ക്കുന്നു: "നിനക്ക് സ്വർണാഭരണങ്ങൾ ഉണ്ടാക്കിത്തരാൻ ഞങ്ങൾക്ക് കഴിവില്ല. ഞങ്ങൾ മണവാളനോളം സമ്പത്തുള്ളവരല്ല. മണവാളൻ നിനക്ക് സ്വർണം കൊണ്ടുള്ള കണ്ഠാഭരണം തരും. ഞങ്ങളുടെ പക്കൽ സ്വർണാഭരണങ്ങൾ ഇല്ലാത്തതിനാൽ, ഞങ്ങൾ സ്വർണാഭരണ ങ്ങളുടെ അനുകരണങ്ങൾ ഉണ്ടാക്കിത്തരാം. ഞങ്ങൾ അത്തരം അനുകരണങ്ങളും വെള്ളികൊണ്ടുള്ള മൊട്ടുകളും ഉണ്ടാക്കിയാൽ, അതു തന്നെ ആഹ്ലാദത്തിന് കാരണമാണ്.

"വെള്ളി പതിച്ച സ്വർണാഭരണാനുകരണങ്ങൾ നിനക്ക് ഞങ്ങൾ ഉണ്ടാക്കിത്തരാം" (1,11). എന്നാൽ ഇത് എക്കാലത്തേക്കുമുള്ളതല്ല. മണവാളൻ തന്റെ വിശ്രമത്തിൽ നിന്ന് ഉണരുന്നതുവരെ മാത്രം. അവൻ ഉണർന്നു കഴിയുമ്പോൾ, മേശയ്ക്കിരിക്കുമ്പോൾ, നിനക്ക് വെള്ളി യാഭരണങ്ങളും സ്വർണാഭരണങ്ങളും ഉണ്ടാക്കിത്തരും. നിന്റെ മനസ്സി നെയും ധാരണയെയും അവിടുന്നു തന്നെ അലങ്കരിക്കും. നീ യഥാർഥ ത്തിൽ ധന്യയായിത്തീരും.

മനുഷ്യവംശത്തിന്റെ ആരംഭം മുതൽ മാത്രമല്ല, ലോകസ്ഥാപനം മുതൽ സഭയുണ്ടായിരുന്നു: "തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശു ദ്ധരും നിഷ്കളങ്കരുമായിരിക്കാൻ, ലോകസ്ഥാപനത്തിനു മുമ്പു തന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു" (എഫേ.1,4). "അങ്ങ്

1. R.P.Lawson,*op.cit.*265; *ജറോം,പ്രസംഗം :* ജി.ചേടിയത്ത്, *ഒരിജൻ, ഉത്തമഗീത ഭാഷ്യം,* പേ.240.





പണ്ടു തന്നെ തെരഞ്ഞെടുത്ത ജനം" എന്ന് സങ്കീർത്തനത്തിലും കാണാം (74,2). സഭാസമൂഹത്തിന്റെ ആദ്യത്തെ അടിസ്ഥാനക്കല്ലുകൾ ആദിയിൽ തന്നെ സ്ഥാപിക്കപ്പെട്ടിരുന്നു.

സഭയുടെ അടിത്തറ പ്രവാചകന്മാരുമാണ് എന്ന് പറയപ്പെട്ടിരി ക്കുന്നത് അതുകൊണ്ടാണ് (എഫേ.2,20). ആദമാണ് ആദ്യത്തെ പ്രവാചകൻ: "അതിനാൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും" (ഉത്പ.2,24). ആദത്തിന്റെ ഈ വാക്കുകളെ കുറിച്ചാണ്, "ഇത് ഒരു വലിയ രഹസ്യമാണ്. സഭയോടും ക്രിസ്തുവിനോടും ബന്ധപ്പെടുത്തിയാണ് ഞാനിതു പറയുന്നത്" എന്ന് വി. പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നത് (എഫേ.5,32). ക്രിസ്തു വിലും സഭയിലും അടങ്ങുന്ന മഹത്തായ രഹസ്യം ആദം പ്രവചിക്ക യായിരുന്നു എന്നു സാരം. "ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ വേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു" എന്ന് വി. പൗലോസ് ശ്ലീഹാ പറയുമ്പോൾ (എഫേ.5,21), നേരത്തെ ഉണ്ടായിരുന്ന ഒരു സഭയെയാണ് അവിടുന്ന് സ്നേഹിച്ച തെന്ന് വ്യക്തം. കാലാരംഭം മുതൽ ഉണ്ടായ എല്ലാ വിശുദ്ധരിലും സഭ നിലനിന്നു. അതിനാൽ അവളെ സ്നേഹിച്ചുകൊണ്ട് അവൻ അവ ളുടെ പക്കലേക്ക് കടന്നുവന്നു. ക്രിസ്തു ആത്മാർഥമായി സ്നേഹിച്ച ആളുകളുടെ സമൂഹമാണ് സഭ. അവർ വർധിക്കണമെന്ന് അവൻ ആഗ്ര ഹിച്ചു. സഭ സുകൃതത്തിൽ പുരോഗമിക്കണമെന്നും പരിപൂർണമായ സ്നേഹത്തിലൂടെ അവളെ ഭൂമിയിൽ നിന്ന് സ്വർഗത്തിലേക്ക് ആനയിക്കണമെന്നും അവൻ അഭിലഷിച്ചു.

അങ്ങനെ, ആരംഭം മുതൽ പ്രവാചകന്മാർ സഭയ്ക്ക് ശുശ്രൂഷ ചെയ്തു; അതുപോലെ മാലാഖമാരും. അവർ പലവിധത്തിൽ അവളെ സഹായിച്ചു. മാലാഖമാർ ഇടയ്ക്കിടെ കാണപ്പെട്ട് അവശ്യസംഗതികൾ പറഞ്ഞുകൊടുത്തിരുന്നു, പ്രവാചകന്മാർ വഴികാട്ടിയിരുന്നു. അബ്രഹാ മിനു കാണപ്പെട്ട മാലാഖമാരും മുൾപ്പടർപ്പിൽ കാണപ്പെട്ട ദൂതനും ഉദാഹരണങ്ങളാണ് (ഉത്പ.18,1;പുറ.3,1-6). അക്കാലത്ത് നിയമം ആയി രുന്നു പ്രധാന ബോധക. പ്രവാചകന്മാരും പൂർവ പിതാക്കന്മാരും അവളുടെ മേൽനോട്ടക്കാരായിരുന്നു.

''രാജാവ് തന്റെ മേശയ്ക്കിരിക്കുന്നതുവരെ'' - അതായത്, മിശിഹാ കർത്താവ് ആഗതനാകുന്നതുവരെ, അവൾ മേൽപ്പറഞ്ഞ

വരുടെ സംരക്ഷണയിലായിരുന്നു. അവരാണ് പറയുന്നത്, "ഞങ്ങൾ നിനക്ക് വെള്ളി പൊതിഞ്ഞ സ്വർണാഭരണങ്ങളുടെ അനുകരണങ്ങൾ ഉണ്ടാക്കിത്താരാം" എന്ന്. അവരുടെ പക്കൽ സ്വർണമില്ല. സ്വർണം പോലെ തോന്നുന്ന പദാർഥങ്ങൾ കൊണ്ട് ആഭരണങ്ങൾ ഉണ്ടാക്കാം എന്നാണ് വാഗ്ദാനം. അവരുടെ പക്കൽ വെള്ളിയും ധാരാളമായില്ല. "അങ്ങിങ്ങ് വെള്ളി പതിപ്പിച്ച ആഭരണങ്ങൾ" എന്നാണ് പറയുക.

"ദൈവദൂതന്മാർ വഴി ഒരു മധ്യവർത്തിയിലൂടെ എന്നവണ്ണം നിയമം വിളംബരം ചെയ്യപ്പെട്ടു" (ഗലാ.3,19). "മാലാഖമാർ വഴി നാം സ്വീകരിച്ച വാക്കുകൾ സത്യമാകുകയും നിയമലംഘനത്തിനും അനുസരണമില്ലായ്മയ്ക്കും തക്ക ശിക്ഷ ലഭിക്കുകയും ചെയ്തെങ്കിൽ, ഇത്രമഹത്തായ രക്ഷയെ അവഗണിക്കുന്ന നാം ശിക്ഷയിൽ നിന്ന് എങ്ങനെ ഒഴിവാക്കപ്പെടും? " (എബ്രാ.2,2-3). നിയമം വരാനിരിക്കുന്ന നന്മകളുടെ ഒരു നിഴൽ മാത്രമാണ്. അവയുടെ തനിരൂപമല്ല. നിയമത്തിന് അധീനരായവർക്ക് സംഭവിച്ചതെല്ലാം ഛായാരൂപമാണ്, യഥാർഥമല്ല.അപ്പോൾ, അന്നു സഭയ്ക്ക് ലഭിച്ചവയെല്ലാം സ്വർണാഭരണങ്ങളുടെ അനുകരണങ്ങളാണ്; യഥാർഥ സ്വർണാഭരണങ്ങളല്ല. സത്യത്തിന്റെ ഛായ മാത്രമേ അവയ്ക്കുണ്ടായിരുന്നുള്ളു. അവ ശാരീരികവും ദൃശ്യവുമായ കാര്യങ്ങളെ സൂചിപ്പിച്ചിരുന്നു. ഉദാ. ''മനുഷ്യകരങ്ങളാൽ നിർമിതമായ കൂടാരം'' സ്വർണത്തിന്റെ അനുകരണമാണ്. സാക്ഷ്യപേടകം, കൃപാസനം, ക്രോബകൾ, സുഗന്ധധൂപം, ബലിപീഠം, അർപ്പണമേശ, അപ്പം, വിരി, തൂണുകൾ, അഴിക്കാലുകൾ, ദഹനബലിപീഠം, ദൈവാലയം തുടങ്ങി, നിയമത്തിൽ എഴുതപ്പെട്ടിട്ടുള്ളവയെല്ലാം സ്വർണത്തിന്റെ അനുകരണങ്ങളാണ്, ഛായാരൂപങ്ങളാണ് (പുറ. 27). ചുരുക്കത്തിൽ, യഹൂദമതവും വിശ്വാസാചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം അനുകരണ സ്വർണമാണ്.

എന്നാൽ യഥാർഥ സ്വർണത്തിനുള്ള ആവേശവും ആഗ്രഹവും മണവാട്ടിയിൽ ഉളവാക്കുന്നതിന് ഈ അനുകരണങ്ങൾ സഹായിച്ചു. പ്രതിരൂപ കൽപ്പനകളും ഛായാസങ്കൽപ്പങ്ങളും ഉപമകളും വഴി നിയമവും പ്രവാചകന്മാരും നൽകിയവയാണ് "വെള്ളി പതിച്ച സ്വർണാഭരണാനുകരണങ്ങൾ''. അതായത്, ഇവയിൽ ആധ്യാത്മികമായ അർഥങ്ങളുടെയും വിശദീകരണങ്ങളുടെയും അംശങ്ങൾ ചെറിയ അളവിൽ കാണാം.





"രാജാവ് തന്റെ മേശയ്ക്കിരിക്കുന്നതുവരെ" മാത്രമേ അവയ്ക്ക് പ്രസക്തി ഉണ്ടായിരുന്നുള്ളു. അവൻ സിംഹത്തെ പോലെയും സിംഹക്കുട്ടിയെ പോലെയും നിദ്രയിലാണ്ടു (ഉൽപ്പ.49,9). എന്നാൽ പിതാവ് അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു. തന്റെ പുനരുത്ഥാനത്തിന് അനുരൂപരായിട്ടുള്ളവരാരും പിന്നീട് സ്വർണത്തിന്റെ അനുകരണങ്ങൾ ധരിക്കേണ്ടതില്ല. അവർക്ക് ഭൗതികമായ കാര്യങ്ങളുടെ പിന്നാലെ നടക്കേണ്ടിവരില്ല. അവർക്ക് ക്രിസ്തുവിൽ നിന്ന് യഥാർഥ കനകം ലഭിക്കും. അവർ ആഗ്രഹിക്കുന്നവ ദൃശ്യങ്ങളല്ല, അദൃശ്യങ്ങളാണ്. സ്വർണത്തിന്റെ സാദൃശ്യങ്ങൾ ക്രിസ്തുവിലേക്കാണ് വിരൽ ചൂണ്ടിയിരുന്നതെന്ന് അവർ മനസ്സിലാക്കും. മരുഭൂമിയിൽ ജലം നൽകിയ പാറ ക്രിസ്തുവും, ചെങ്കടൽ കടന്നത് മാമോദീസായും, മേഘം പരിശുദ്ധാത്മാവും, മന്നാ ദൈവവചനവും, പെസഹാ കുഞ്ഞാട് രക്ഷകനും, കുഞ്ഞാടിന്റെ രക്തം ക്രിസ്തുവിന്റെ പീഡാനുഭവവും, ദൈവാലയ തിരശ്ശീല ക്രിസ്തുവിന്റെ മാംസവും പ്രതിനിധാനം ചെയ്യുന്നതായി അവർ മനസ്സിലാക്കും.[2]

# 17

# വയലിലെ റോസാപ്പൂവും താഴ്‌വരയിലെ ലില്ലിപ്പൂവും (ഉത്തമ 2,1)

മണവാളൻ തോഴന്മാരോട് സംസാരിക്കുന്നു. ''വയലിലെ പുഷ്പവും താഴ്‌വരയിലെ ലില്ലിയും" എന്ന് അവൻ സ്വയം വിളിക്കുന്നു. കൃഷി ചെയ്യപ്പെടുന്ന നിരപ്പായ സ്ഥലം വയലും കല്ലുകൾ നിറഞ്ഞതും അധികം കൃഷി ചെയ്യാത്തതുമായ സ്ഥലം താഴ്‌വരയുമാണ്. നിയമവും പ്രവാചകന്മാരും കൃഷി ചെയ്ത് പാകത വന്ന വയൽ പഴയ ഇസ്രായേലും കല്ലുകൾ നിറഞ്ഞ താഴ്‌വര വിജാതിയരുമാണ്.

2. R.P.Lawson,*op.cit*.265;ജി.ചേടിയത്ത്, *ഒരിജൻ, ഉത്തമഗീതഭാഷ്യം*, പേ.127-138.

തെരഞ്ഞെടുക്കപ്പെട്ട പഴയ ഇസ്രായേൽ എന്ന വയലിലെ റോസപ്പൂവാണ് മണവാളൻ. പരിപൂർണതയിലേക്ക് നയിക്കാൻ "നിയമം" അപര്യാപ്തം ആയിരുന്നതിനാൽ, പുഷ്പത്തിന്റെ അവസ്ഥയിൽ നിന്ന് മുന്നോട്ട് പോകാൻ കഴിഞ്ഞില്ല. പുഷ്പം ഫലപ്രാപ്തിയിൽ എത്തിയില്ല എന്നു സാരം. എന്നാൽ വിജാതിയ താഴ്‌വരയിൽ അവൻ ലില്ലിയായി. സ്വർഗീയ പിതാവ് അണിയിച്ചൊരുക്കിയ ലില്ലി, സോളമനേക്കാൾ വളരെ ശ്രേഷ്ഠമായ ലില്ലി (മത്താ.6,28). അതിനെയാണ് നമ്മുടെ കർത്താവ് പ്രകീർത്തിച്ചത്. സോളമന് സ്വായത്തമാക്കാൻ കഴിയാത്തത്ര ഉന്നതമായ മാംസാവരണം കൊണ്ട് ധന്യമായ ലില്ലി.

അവിടുന്ന് വയലിലെ പുഷ്പമായിരുന്നെങ്കിലും, അതിന്റെ സാദൃശ്യത്തിലോ, അതിനെ അനുകരിച്ചോ മറ്റൊരു പുഷ്പം ഉണ്ടായില്ല. എന്നാൽ താൻ താഴ്‌വരയിലെ ലില്ലിപ്പുഷ്പമായപ്പോൾ, തന്റെ പ്രിയതമ, തന്നെ അനുകരിച്ച് ലില്ലിപ്പുഷ്പമായിത്തീർന്നു. "മുള്ളുകൾക്കിടയിലെ ലില്ലിപ്പൂ പോലയാണ് എന്റെ ഓമന" (2,2). മുള്ളുകൾ എന്നത് അവിശ്വാസികളെയും അവിശ്വസ്തരെയും പാഷണ്ഡരെയും സൂചിപ്പിക്കുന്നു. അവരുടെ ഇടയിൽ നിന്ന്-വിജാതിയരിൽ നിന്ന്- വന്നവളാണവൾ. താഴ്വരയിലെ ലില്ലിപ്പൂവിനെ അനുകരിച്ച് അനേകം ലില്ലിപ്പൂക്കൾ ഉണ്ടായി.

താഴ്വരയിലായിരുന്ന എനിക്കുവേണ്ടി അവൻ താഴ്വരയിലേക്ക് ഇറങ്ങിവന്നു. അപ്പോൾ അവൻ താഴ്വരയിലെ ലില്ലിപ്പൂവായിത്തീർന്നു. പറുദീസായിൽ നടപ്പെട്ട ജീവന്റെ വൃക്ഷമായിരുന്ന ആളാണ് (വെളി.2,7) ഇങ്ങനെ ഒരു മാറ്റത്തിന് വിധേയനായത്. അവൻ ഈ ലോകത്തിന്റെ മുഴുവൻ പുഷ്പമായി. ക്രിസ്തുനാഥന്റെ നാമത്തിനല്ലാതെ മറ്റേത് നാമത്തിന് ലോകത്തിന്റെ യഥാർഥ പുഷ്പമായി തീരാൻ കഴിയും? "അവന്റെ നാമം ചിന്തപ്പെട്ട തൈലം പോലെയാണ്" എന്നതും "അവൻ വയലിലെ റോസാപുഷ്പവും താഴ്വരയിലെ ലില്ലിപ്പുവും ആണ്'' എന്നതും ഒരേ കാര്യം വ്യത്യസ്ത വാക്കുകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാകുന്നു. രണ്ടും ഒരാളെ സൂചിപ്പിക്കുന്നു.[1]

1. R.P.Lawson,*op.cit.*176-178; ജി.ചേടിയത്ത്, *ഒരിജൻ, ഉത്തമഗീതഭാഷ്യം,* പേ.155-157



# 18

# വീഞ്ഞും വിരുന്നുമുള്ള ഭവനം

## (ഉത്തമ 2,4)

"വീഞ്ഞിന്റെ ഭവനത്തിലേക്ക് എന്നെ ആനയിക്കുക" അഥവാ, ''വിരുന്നുശാലയിലേക്ക് അവൻ എന്നെ കൂട്ടിക്കൊണ്ടുവന്നു''. സന്തോഷത്തിന്റെ ഭവനത്തിലേക്ക് ആനയിക്കാനാണ് മണവാട്ടി ആവശ്യപ്പെടുന്നത്. അവിടെ വീഞ്ഞുണ്ട്. വിരുന്നൊരുക്കിയിട്ടുണ്ട്. രാജാവിന്റെ മണവറ കണ്ടുകഴിഞ്ഞിട്ട്, രാജകീയ വിരുന്നിലേക്ക് പ്രവേശിക്കാൻ അവൾ ആഗ്രഹിക്കുന്നു. അവിടെ സന്തോഷത്തിന്റെ മുന്തിരിച്ചാറിനായി അവൾ കാംക്ഷിക്കുന്നു. മണവാളന്റെ സ്നേഹിതരോടാണ് അവൾ സംസാരിക്കുന്നത്. ദൈവവചനത്തിന് ശുശ്രൂഷ ചെയ്ത പ്രവാചകന്മാരും മറ്റു മനുഷ്യരുമാണ് ആ സ്നേഹിതർ.

ഈ വീഞ്ഞിന്റെയും വിരുന്നിന്റെയും ഭവനം ദൈവഭവനമായ സഭയാണ്. ഇതിലേക്ക് നാനാഭാഗത്തു നിന്നും നിരവധിയാളുകൾ വന്ന് വിരുന്നിനിരിക്കും (മത്താ.8,11). മാലാഖമാരും മറ്റ് സ്വർഗീയശക്തികളും പ്രവാചകന്മാരും തങ്ങളെ കേൾക്കുന്നവരെ ഈ വിരുന്നിനായി വിരുന്നുശാലയിലേക്ക് നയിക്കുന്നു."ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എന്റെ പിതാവ് കൃഷിക്കാരനുമാണ്" എന്നും "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്" എന്നും പറയുന്ന മുന്തിരിവള്ളിയിൽ നിന്ന് ഉണ്ടാക്കിയ വീഞ്ഞ് ഇതാകുന്നു. ആ വീഞ്ഞുണ്ടാക്കുന്ന കർഷകൻ സ്വർഗീയ പിതാവാണ്. ഈ മുന്തിരിവള്ളിയിൽ വസിക്കുന്നവർ ധാരാളം ഫലം പുറപ്പെടുവിക്കും. കാരണം, ''എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല". വചനത്തിൽ വസിക്കാത്തവർക്ക് ഈ വീഞ്ഞിനുള്ള മുന്തിരിപ്പഴം പുറപ്പെടുവിക്കാൻ സാധ്യമല്ല എന്നാണ് ഇതിനർഥം. അവർ വചനത്തിൽ എന്നപോലെ ജ്ഞാനം, സത്യം, നീതി, ശാന്തി

തുടങ്ങിയ നന്മകളിലും വസിക്കണം. ഈ വീഞ്ഞ് കുടിച്ച് ലഹരി പിടിക്കാൻ നീതിമാന്മാരും വിശുദ്ധരും ആഗ്രഹിച്ചു. ഇത്തരം കാര്യങ്ങൾ ആത്മനാ ദർശിച്ചിട്ടാണ് നോഹയ്ക്ക് മത്തുപിടിച്ചതായി പറയപ്പെടുന്നത് (ഉൽപ്പ.9,21). "എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു" എന്ന് ഈ വിരുന്നിലെ പാനപാത്രം കണ്ട് ദാവീദ് ആശ്ചര്യപ്പെടുന്നു (സങ്കീ. 23,5).

ഈ വീഞ്ഞിന്റെ ഭവനത്തിൽ പ്രവേശിക്കാൻ ആത്മാവ് അഥവാ സഭ തിടുക്കം കൂട്ടുന്നു. ജ്ഞാനത്തിന്റെ അധ്യാപനങ്ങളും അറിവിന്റെ രഹസ്യങ്ങളും ആസ്വദിക്കാൻ അത് ആഗ്രഹിക്കുന്നു. ഈ വീഞ്ഞ് സത്യത്തിന്റെ തത്വങ്ങളിൽ നിന്ന് പിഴിഞ്ഞെടുക്കപ്പെടുകയും ജ്ഞാനത്തിന്റെ പാനപാത്രത്തിൽ കലർത്തപ്പെടുകയും ചെയ്യുന്നു. യഥാർഥ മുന്തിരിയിൽ നിന്നു ലഭിക്കുന്ന വീഞ്ഞ്, എന്നും പുതുമയുള്ളതായിരിക്കും. ആത്മാക്കൾ പഠനത്തിൽ പുരോഗമിക്കുന്നതനുസരിച്ച്, ദൈവികവിജ്ഞാനത്തിലുള്ള അവരുടെ ധാരണയും വിവേകവും നിരന്തരം നവീകരിക്കപ്പെട്ടു കൊണ്ടിരിക്കും. അതുകൊണ്ടാണ് കർത്താവ് തന്റെ ശിഷ്യരോട് പറഞ്ഞത്, "എന്റെ പിതാവിന്റെ രാജ്യത്ത് നിങ്ങളോടൊത്ത് ഈ വീഞ്ഞ് ഞാൻ പുതുതായി പാനം ചെയ്യും" (മത്താ.26,29). കാരണം, മനുഷ്യർക്കു മാത്രമല്ല, സ്വർഗീയ ശക്തികൾക്കും ദൈവത്തിന്റെ ജ്ഞാനം വഴി രഹസ്യങ്ങളുടെ അറിവും ആധ്യാത്മിക തത്വങ്ങളുടെ വെളിപാടും നിരന്തരം ലഭിച്ചു കൊണ്ടിരിക്കയാണ്.

"എന്നെ വീഞ്ഞിന്റെ ഭവനത്തിലേക്ക് ആനയിക്കുക". ഞാൻ എന്തിനാണ് പുറത്തുനിൽക്കുന്നത്? "ഇതാ, ഞാൻ പടിവാതിൽക്കൽ നിന്നുകൊണ്ട് മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേക്ക് വരും. ഞങ്ങൾ ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ചെയ്യും" (വെളി.3,20). "എന്നെ ഉള്ളിലേക്ക് ആനയിക്കുക" എന്നു പറയുന്നത് ദൈവവചനമായ ക്രിസ്തുവത്രേ. എന്നെ വീടിനുള്ളിലേക്ക് മാത്രമല്ല, വീഞ്ഞുള്ള മുറിയിലേക്കും ആനയിക്കണം. നിങ്ങളുടെ ആത്മാക്കൾ സന്തോഷമാകുന്ന വീഞ്ഞുകൊണ്ട് നിറയട്ടെ. പരിശുദ്ധാത്മാവാകുന്ന വീഞ്ഞുകൊണ്ട് നിറയട്ടെ. വചനവും വിജ്ഞാനവും സത്യവുമായ ദൈവവചനത്തെ ആത്മാവിലേക്ക് ആനയിക്കുക.[1]

1. R.P.Lawson,*op.cit.*185-187;ജി.ചേടിയത്ത്, *ഒരിജൻ, ഉത്തമഗീതഭാഷ്യം*, പേ.163-165



# 19
# എസെക്കിയേൽ

ബാബിലോണിലേക്ക് കൽദായർ ക്രി.മു. 598-ൽ നാടുകടത്തിയ വിപ്രവാസികളുടെ കൂട്ടത്തിൽ എസെക്കിയേലും ഉണ്ടായിരുന്നു. ശത്രുക്കൾ വിപ്രവാസികളെ കേബാർ നദീതീരത്ത് പാർപ്പിച്ചു. അവിടെ വച്ച് എസെക്കിയേലിന് ദർശനം ലഭിച്ചു. ജറുസലേമിൽ അവശേഷിക്കുന്നവരും വിപ്രവാസം അനുഭവിക്കേണ്ടിവരുമെന്ന് എസെക്കിയേൽ പ്രവചിച്ചു. പാപികൾ മാത്രമല്ല, നീതിമാന്മാരും അടിമകളാക്കപ്പെടും. അടിമത്തം പാപഫലമാണ്. അതുകൊണ്ട് അനുതപിക്കാനും പ്രത്യാശാഭരിതർ ആയിരിക്കാനും പ്രവാചകൻ ജനത്തെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. വിപ്രവാസത്തിൽ ആയവരെ ബലപ്പെടുത്താനാണ് ദൈവം നീതിമാന്മാരെയും അവരുടെ കൂടെ അടിമത്തത്തിലാക്കിയത്. അങ്ങനെയാണ് എസെക്കിയേലും ബാബിലോണിലേക്ക് പോകാനിടയായത്. ക്രി.മു. 587-ലാണ് രണ്ടാമത്തെ വിപ്രവാസം.

മനുഷ്യർ മനസ്സു തിരിയാനുള്ള മരുന്നായിട്ടാണ് ശിക്ഷകൾ അയക്കുന്നത്. ശിക്ഷകളെ ഉല്ലംഘിക്കുന്നതാണ് ദൈവത്തിന്റെ കരുണയും ദയയും പരിപാലനയും. വിപ്രവാസകാലത്താണ് പാപരഹിതരായ ദാനിയേലും അനനിയാസും അസറിയാസും മിഷായേലും അടിമകളാക്കപ്പെട്ട് അടിമത്തം അനുഭവിച്ചത് (ദാനി.1,6.19; 9,2). അക്കാലത്ത് പ്രവചിച്ചവരാണ് എസെക്കിയേൽ, സക്കറിയാ (1,1), ഹഗ്ഗായി (1,1) എന്നിവർ. അവർ ജനത്തെ പ്രതീക്ഷയിൽ നിർത്തി. അടിമത്തം എഴുപത് വർഷം നീണ്ടുനിന്നു. എഴുപത് വർഷങ്ങൾക്കു ശേഷം അവർ അടിമത്തത്തിൽ നിന്ന് തിരികെയെത്തി ജറുസലേം പുതുക്കിപ്പണിയാൻ തുടങ്ങി.

ശിക്ഷണം നൽകാനാണ് ശിക്ഷയെന്ന് പഴയനിയമവും പുതിയ നിയമവും ഓർമിപ്പിക്കുന്നു (സുഭാ.3,11-12; എബ്രാ. 12,5-8). കയ്പുള്ളവ എന്ന് പ്രഥമദൃഷ്ട്യാ തോന്നുന്നവയും നമ്മുടെ പ്രബോധനത്തിനും മാനസ്സാന്തരത്തിനും സുഖപ്പെടുത്തലിനുമാണ്. ദൈവം സ്നേഹനിധി യായ വൈദ്യനും പിതാവും ശാന്തനായ ഗുരുവും പ്രബോധകനും നിയന്താവുമാണ്. ദൈവം കരുണ നിറഞ്ഞ ന്യായാധിപനാണ്. ഒരു തെറ്റിന് അവിടുന്ന് രണ്ടു പ്രാവശ്യം ശിക്ഷിക്കയില്ല (നാഹും 1,9). ഭാവിയിൽ നിത്യമായി ശിക്ഷിക്കപ്പെടാതിരിക്കാൻ, അവിടുന്ന് ഇപ്പോൾ ശിക്ഷിക്കുന്നു. അത് ദൈവത്തിന്റെ കരുണയാലത്രേ.

താഴെ ഭൂമിയിൽ അടിമത്തം അനുഭവിച്ചുകൊണ്ടിരുന്നപ്പോൾ, മുകളിൽ നിന്ന് എസെക്കിയേലിന് ദൈവദർശനമുണ്ടായി. സ്വർഗം തുറന്നിരിക്കുന്നത് അവൻ ദർശിച്ചു. അവന് ദൈവത്തിന്റെ അരുളപ്പാടു ണ്ടായി. അവന്റെ മേൽ കർതൃകരം ആവസിച്ചു (എസ.1,1-3). അവൻ ഇസ്രായേലിന്റെ കാവൽക്കാരനായി നിയമിതനായി; അവൻ കർതൃ മഹത്വം ദർശിച്ചു (3,7.12). കർതൃവചനം ഇസ്രായേൽക്കാരെ അറിയി ക്കാൻ അവന് നിർദേശവും ലഭിച്ചു. ബാബിലോണിൽ നിന്ന് പലസ്തീനായിലേക്ക് പോയി പ്രസംഗിക്കാനുള്ള ദൗത്യം അവന് ലഭിച്ചു. ജറുസലേമിനും ദൈവാലയത്തിനും തുടർന്ന് സംഭവിക്കാൻ പോകുന്ന സംഗതികളാണ് ദൈവം അവന് വെളിപ്പെടുത്തി കൊടു ത്തത്. എന്നാൽ അവിടെയുള്ള ജനം നിഷേധികളും ധിക്കാരികളും മർക്കടമുഷ്ടിക്കാരും കഠിനഹൃദയരുമായിരുന്നു. "അവർ കേട്ടാലും ഇല്ലെങ്കിലും, എന്റെ വാക്കുകൾ അവരോട് പറയണം" എന്ന് ദൈവം കൽപ്പിച്ചു (2,7). അവൻ അത് അനുസരിക്കുകയും ചെയ്തു.

ആരംഭത്തിൽ തന്നെ എസെക്കിയേലിന് ദൈവദർശനം ലഭിച്ചു. അത് ക്രോബകളുടെ രൂപത്തിൽ ആയിരുന്നു (1,4). താൻ കർതൃ മഹത്വമാണ് കണ്ടതെന്ന് അവൻ പറയുന്നു (1,28). നാലു മുഖങ്ങളുള്ള ജീവിപോലെ ആയിരുന്നു ക്രോബ. അതിന്റെ മധ്യത്തിൽ ഒരു മനുഷ്യ രൂപവും അവൻ കണ്ടു. നാലു മുഖങ്ങൾ നാലു സുവിശേഷങ്ങളും അതിലെ സിംഹാസനത്തിൽ ഇരിക്കുന്നവൻ സുവിശേഷങ്ങളുടെ കർത്താവുമാണ്. അവൻ ദർശിച്ചത് നമ്മുടെ കർത്താവേശു മിശിഹാ യുടെ മഹത്വമാണ്. അവൻ പ്രഖ്യാപിച്ച വിടുതൽ, നമ്മുടെ കർത്താവ്





മനുഷ്യകുലത്തിന് നൽകുന്ന വിടുതലുമാണ്. അതിന്റെ മുൻകുറിയും ദൃഷ്ടാന്തവും ഉപമാമയമായ വിവരണവുമാണ് എസെക്കിയേൽ നൽകിയത്. നമ്മുടെ കർത്താവിന്റെ ശിക്ഷയെയും കരുണയെയും പ്രതിനിധീകരിക്കുന്നതാണ് അവനെപ്പറ്റിയുള്ള വിവരണം (1,5).

മനുഷ്യനായ എസെക്കിയേൽ തന്നെയും കർത്താവായ യേശു മിശിഹായുടെ മുൻകുറിയാണ് (2,1). മുപ്പത് വയസ്സായപ്പോഴാണ് സ്വർഗം തുറക്കപ്പെട്ടതായി പ്രവാചകൻ കണ്ടത്. യേശുവിന്റെ മുകളിൽ യോർദാ നിൽ വച്ച് സ്വർഗം തുറക്കപ്പെട്ടത് മുപ്പതാം വയസ്സിലാണ് (മത്താ.3,13; ലൂ.3,23). പ്രവാചകൻ ഉപയോഗിച്ച "മനുഷ്യപുത്രൻ" എന്ന പദ പ്രയോഗം തന്നെയാണ് നമ്മുടെ കർത്താവും തന്നെപ്പറ്റി സൂചിപ്പി ക്കാൻ ഉപയോഗിച്ചത്. "എസെക്കിയേൽ" എന്ന നാമത്തിന്റെ അർഥം "ദൈവത്തിന്റെ ശക്തി" എന്നാണ്. കർത്താവായ മിശിഹാ അല്ലാതെ ദൈവത്തിന്റെ ശക്തി ആരാണ്? (1കൊറി. 1,24).

നാലാം മാസം അഞ്ചാം ദിവസമാണ് ദർശനം ഉണ്ടായത് (1,1). യേശു സ്നാനപ്പെട്ടത് നവവർഷത്തിലെ നാലാം മാസമാണ്. അത് ഇന്നത്തെ ജനുവരി മാസമാണ്. യഹൂദരുടെ ഒന്നാം മാസം പുതിയ വർഷത്തിലെ ആദ്യമാസമാണ് (സംഖ്യ 28,16). പെസഹാ മുതൽ ഒന്നാംമാസം എണ്ണുന്ന രീതിയാണ് അവർക്കുള്ളത് (പുറ.12,2). അതനു സരിച്ച് നാലാം മാസം ജനുവരിയാണ്. സെപ്തംബർ - ഒക്ടോബർ മാസങ്ങളിലാണ് അവരുടെ പുതുവർഷം തുടങ്ങുന്നത്.

"ഞാൻ അടിമത്തത്തിന്റെ ഇടയിലായിരുന്നു" എന്ന് എസെക്കി യേൽ പറയുന്നു (1,1). ഞാൻ അടിമത്തത്തിലായിരുന്നു, അടിമകളുടെ ഇടയിലായിരുന്നു എന്നർഥം. ചരിത്രപരമായി ഇത് പ്രവാചകനെ പറ്റിയാണ്. എന്നാൽ അന്ത്യോന്മുഖമായി ഇത് ക്രിസ്തുവിനെ പറ്റി യാണ്. ക്രിസ്തു പറയുന്നതാണ്: ഞാൻ അടിമസ്ഥലത്തേക്കു വന്നു, അടിമകളെ സൂക്ഷിച്ചിരുന്ന അടിമത്തത്തിന്റെ ഇടങ്ങളിലേക്ക് ഞാൻ കടന്നുവന്നു. അവൻ പറയുന്നതായി സങ്കീർത്തകൻ പറയുന്നു: "ഞാൻ പാതാളത്തിൽ പതിച്ചാൽ എന്റെ മരണം കൊണ്ട് എന്തു ഫലം? ധൂളി അങ്ങയെ വാഴ്ത്തുമോ? അത് അങ്ങയുടെ വിശ്വസ്തതയെ പ്രഘോഷി ക്കുമോ? (സങ്കീ.30,9). അതായത്, ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന്

കരുതപ്പെടുന്നെങ്കിലും, തദനുസൃതം പ്രവർത്തിക്കാത്തവരെ പറ്റി ഓർക്കുമ്പോഴാണ് അവിടുന്ന് ഇതു പറയുന്നത്. "ഹാ, എനിക്കു കഷ്ടം. ഞാൻ കാലാ പെറുക്കുന്നവനെ പോലെയായി''. കർതൃവചനം തിരസ്കരിച്ചവരെപ്പറ്റി ക്രിസ്തു പറയുന്നതായി മീക്കാ പ്രവാചകൻ പറയുന്നതാണിത് (7,1-2). അടിമകളുടെ ഇടയിലാണ് ഞാൻ എന്നർഥം.

മനുഷ്യപാപം നിമിത്തം സ്വർഗം അടയ്ക്കപ്പെട്ടിരുന്നു. കർത്താവായ മിശിഹായുടെ വരവിനുവേണ്ടി സ്വർഗം തുറക്കപ്പെട്ടു (എസെ.1,1). തുറക്കപ്പെട്ട സ്വർഗത്തിൽ നിന്ന് പരിശുദ്ധാത്മാവ് അവന്റെ മേൽ ആവസിച്ചു (മത്താ.3,16). അതുപോലെ, തുറക്കപ്പെട്ട സ്വർഗങ്ങളിൽ നിന്നെല്ലാം മാലാഖമാർ ഇറങ്ങിവന്ന് രക്ഷിക്കപ്പെട്ടവരുടെ ശുശ്രൂഷകരായിത്തീർന്നു (എബ്രാ.1,14). കർത്താവിന്മേൽ കയറുകയും ഇറങ്ങുകയും ചെയ്ത മാലാഖമാരായിരുന്നു അവർ (യോഹ.1,52). അവർ താണിറങ്ങിവന്ന് അവനെ ശുശ്രൂഷിച്ചു (മത്താ.4,11). ക്രിസ്തുനാഥൻ തന്നെ അവരുടെ മുമ്പിൽവച്ച് താണിറങ്ങി ധരയിലേക്ക് വന്നതിനാലാണ് അവരും താണിറങ്ങി വന്നത്. സൈന്യങ്ങളുടെ കർത്താവിനു മുമ്പേ താണിറങ്ങി വരാൻ അവർ ഭയപ്പെട്ടു (സങ്കീ.47,8-9). എന്നാൽ സ്വർഗീയ സൈന്യങ്ങളുടെ നാഥൻ ഭൗമിക തലത്തിലേക്ക് താണിറങ്ങി വന്നത് കണ്ടപ്പോൾ, അവൻ തുറന്ന പാതയിലൂടെ അവർ അവനെ അനുഗമിക്കുകയും തന്നിൽ വിശ്വസിക്കുന്നവരെ സംരക്ഷിക്കുന്നവരായി അവർ അവന്റെ തിരുഹിതം അനുവർത്തിക്കുകയും ചെയ്തു (നിയമാ.32,8). അതുകൊണ്ട് നാമെല്ലാം അവരുടെ സംരക്ഷണയിലാണ്. അവർ നിരന്തരം സ്വർഗീയ പിതാവിന്റെ മുഖം ദർശിക്കുകയും ചെയ്യുന്നു. അക്കാരണത്താൽ സഭയിലുള്ള ആരെയും നിന്ദിക്കരുതെന്ന് നമ്മുടെ കർത്താവ് കൽപ്പിക്കുന്നു (മത്താ.18,10).

"ദൈവവചനം എസെക്കിയേലിന്റെ പക്കലേക്ക് വന്നു" (1,3). ആദി യിൽ ദൈവത്തോടു കൂടെ ആയിരുന്ന വചനമാണിത് (യോഹ. 1,1). മനുഷ്യരെ ദൈവങ്ങളാക്കുന്നത് ഈ വചനമാണ്. ദൈവവചനം ആരുടെ പക്കലെത്തുന്നുവോ, അവർ ദൈവങ്ങളാണ് (സങ്കീ. 82,6-7; യോഹ.10,34-35). ദൈവവചനം മാറ്റമില്ലാത്തതാണ്: "വിശുദ്ധ ലിഖിതം നിറവേറാതിരിക്കയില്ല" (യോഹ.10,35). എസെക്കിയേലിന്റെ പക്കലേക്ക്





ദൈവവചനം എത്തിയതിനാൽ അവനും ദൈവമാണ്. പഴയ നിയമത്തിലെ ഈ വാഗ്ദാനം പോലൊന്ന് പുതിയ നിയമത്തിൽ കണ്ടെത്താനാകില്ല.

നിങ്ങളിൽ *ചിലർ* ദൈവങ്ങളാണ് എന്നല്ല, *നിങ്ങളെല്ലാം* ദൈവങ്ങളാണ് എന്നാണ് സങ്കീർത്തനം പറഞ്ഞിരിക്കുന്നത്. എന്നാൽ പാപം ചെയ്താൽ നിങ്ങൾ മനുഷ്യരെപ്പോലെ മരിക്കും (സങ്കീ. 82,7). നമ്മെ ദൈവിക ജീവനിലേക്ക് വിളിച്ച് പുത്രസ്ഥാനം നൽകുന്നവനല്ല നമ്മെ മരിപ്പിക്കുന്നത്. പിന്നെയോ, നമ്മുടെ പാപം നിമിത്തമാണ് നാം മരിക്കുന്നത്. "പ്രഭുക്കന്മാരിൽ ഒരുവനെപ്പോലെ വീണുപോകും" (സങ്കീ. 82,7). ആരാണീ ഒരുവൻ? പാപം ചെയ്ത ആദാം "നമ്മിൽ ഒരുവനെപ്പോലെ ആയിത്തീർന്നു'' എന്ന് ഉൽപ്പത്തിയിൽ നാം വായിക്കുന്നു (3,22). അനേകം പ്രഭുക്കന്മാരിൽ ഒരുവൻ വീണുപോയതുമായിട്ടാണ് താരതമ്യം. പാപിയായ ആദാം സ്വർഗത്തിൽ നിന്ന് വീണവനെ പോലെയായി.

ദൈവവചനം എസെക്കിയേലിന്റെ പക്കലേക്ക് വന്നു (1,3). ദൈവവചനം മറിയത്തിൽ നിന്നെടുത്ത മനുഷ്യനിലേക്ക് വന്ന്, മനുഷ്യത്വവുമായി യോജിച്ച് ഏക വ്യക്തിയായി തീർന്നു എന്ന് ഉപമാമയമായി ഇതിനർഥം പറയാം. വഴിതെറ്റിയ മനുഷ്യരുടെ ഇടയിലേക്ക് ദൈവവചനം വന്നു എന്നത് സൂചിപ്പിക്കുന്നതാണ് "കൽദായരുടെ നാട്ടിലേക്ക്" വന്നു എന്ന പ്രയോഗം. ദൈവവചനവും ദൈവകരവും അവനെ തേടിയെത്തി (എസെ. 1,2-3). അതായത്, വചനം കൊണ്ടും പ്രവൃത്തി കൊണ്ടും അവൻ അലംകൃതൻ ആകാനായിരുന്നു അത്.

എസെക്കിയേലിന് ദർശനങ്ങളുണ്ടായി. വടക്കുനിന്ന് കൊടുങ്കാറ്റ് ഉയർന്നു വരുന്നു. ഒരു വലിയ മേഘം, അതിനു ചുറ്റും പ്രകാശം, ജ്വലിക്കുന്ന അഗ്നി, അഗ്നിയുടെ നടുവിൽ വെള്ളോടുപോലെ ഒരു വസ്തു, അതിലെ ഉജ്ജ്വലപ്രകാശം, നാലു ജീവികളുടെ രൂപങ്ങൾ, അവയുടെ പ്രത്യക്ഷീകരണം, അവയുടെ പ്രത്യക്ഷീകരണത്തിന്റെ വിവരണം, ആ ജീവികളുടെ ഇടയ്ക്ക് തീപ്പന്തം പോലെ ഒന്ന്- ഇവയൊക്കെ ആയിരുന്നു ദർശനങ്ങൾ (എസെ.1,1-13). ഇവയെപ്പറ്റിയൊക്കെ വിവരിക്കാൻ ആർക്കു സാധിക്കും?

കൊടുങ്കാറ്റ് പതിരിനെ ദൂരെ തെറിപ്പിക്കുന്നു, തിന്മയെ നിഷ്കാസനം ചെയ്യുന്നു, പാപം നീക്കിക്കളയുന്നു, ദുഷ്ടന്റെ ആവാസ കേന്ദ്രത്തെ ഇടിച്ചു തകർക്കുന്നു, ധാന്യം ശേഖരിക്കപ്പെടുന്നു. ഇളക്കിമറിക്കുന്ന കൊടുങ്കാറ്റ് ദുഷ്ടത നീക്കി, നന്മ നട്ടുപിടിപ്പിക്കുന്നു, നല്ല ഭവനം പണിയുന്നു (ജറ.1,9-10). നല്ല നിലം നനച്ച് ഫലസമൃദ്ധമാക്കാൻ, അവിടുന്ന് മഹാമേഘത്തെ അയക്കുന്നു. "ഇവൻ എന്റെ പ്രിയപുത്രൻ" എന്ന് അരുളിച്ചെയ്ത മേഘത്തോട് ഈ മേഘത്തെ തുലനം ചെയ്യാം. പുത്രന്റെ സാന്നിധ്യത്തെ ഈ മേഘം സൂചിപ്പിക്കുന്നു. കൊടുങ്കാറ്റിനൊപ്പം മേഘം, അഗ്നിക്കൊപ്പം പ്രകാശം, വെള്ളോടിനൊപ്പം ശോഭ എന്നിവ, ക്രോധത്തിനൊപ്പം വരുന്ന കാരുണ്യം സൂചിപ്പിക്കുന്നു. ദൈവത്തിന്റെ ന്യായവിധിയും ദൈവത്തിന്റെ ദീനാനുകമ്പയും വിവിധ രീതികളിൽ ചിത്രീകരിച്ചിരിക്കുന്നു. ഇവയൊക്കെ ദൈവസാന്നിധ്യത്തെ പ്രതിനിധീകരിക്കുന്നു.

നാലു ജീവികൾ ക്രോബയാണ്. അതിന്റെ നടുക്ക് മനുഷ്യതുല്യനായി ഒരാളിരിക്കുന്നു. ക്രോബ എന്നാൽ "വിജ്ഞാനപൂർണത" എന്നർഥം.''ക്രോബകളിൽ ആരൂഢനായിരിക്കുന്നവൻ'' എന്ന് സങ്കീർത്തനങ്ങളിൽ നാം വായിക്കുന്നു (80,1). വിജ്ഞാനത്തികവുള്ളവർ ക്രോബകളാണ്. അവരെ ഭരിക്കുന്നവനെയാണ് എസക്കിയേൽ ദർശിച്ചത്. സമസ്ത പ്രപഞ്ചത്തെയും ഭരിക്കുന്നത് അവിടുന്നാണെന്ന് ഈ വിവരണം സൂചിപ്പിക്കുന്നു. മനുഷ്യന്റെ ബൗദ്ധികവശത്തെയും ജഡികവശത്തെയും മനുഷ്യാത്മാവിനെ തന്നെയും ഭരിക്കേണ്ടവൻ, മധ്യത്തിൽ ആരൂഢനായിരിക്കുന്നവനാണ്.

ഈ ക്രോബയുടെ ചിത്രം നാലു സുവിശേഷങ്ങളെ സൂചിപ്പിക്കുന്നതായി പുരാതനസഭ മനസ്സിലാക്കി. ഈ സുവിശേഷം വിജ്ഞാനത്തികവാണ്. നിത്യജീവന്റെ വചസ്സുകളാണ് അതിലുള്ളത്. അതിൽ ഇരിക്കുന്നവനെ അത് വഹിക്കുന്നു, അവനെ ചിത്രീകരിക്കുന്നു, അവതരിപ്പിക്കുന്നു, പ്രകാശിപ്പിക്കുന്നു, പ്രദർശിപ്പിക്കുന്നു. അവന് എന്നുമെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ (1പത്രോ. 4,11).[1]

---

1. T.P.Scheck (tr.), *Origen: Homilies 1-14 on Ezekiel*, *Homily, 1.*



# 20
## വ്യാജപ്രവാചകന്മാർ (എസെ 13)

വാച്യാർഥത്തിൽ ഇസ്രായേലിലെ അക്കാലത്തുണ്ടായിരുന്ന വ്യാജപ്രവാചകന്മാർക്കെതിരെയാണ് കർതൃവചനം. അവർക്കെതിരെ പ്രവചിക്കാൻ എസെക്കിയേലിന് നിർദേശം ലഭിക്കുന്നു: "മനുഷ്യപുത്രാ, ഇസ്രായേലിലെ പ്രവാചകന്മാർക്കെതിരായി നീ പ്രവചിക്കുക... ദർശനം ലഭിക്കാതെ സ്വന്തം തോന്നലുകളെ പിൻതുടരുന്ന ഭോഷ ന്മാരായ പ്രവാചകന്മാർക്കു ദുരിതം...അവർ കള്ളം പറയുകയും വ്യാജ പ്രവചനം നടത്തുകയും ചെയ്യുന്നു...നിങ്ങൾ വ്യാജം പറഞ്ഞതു കൊണ്ടും മിഥ്യാദർശനം കണ്ടതുകൊണ്ടും ഇതാ, ഞാൻ നിങ്ങൾ ക്കെതിരാണ്. വ്യാജം പ്രവചിക്കുകയും വ്യർഥദർശനങ്ങൾ കാണു കയും ചെയ്യുന്ന പ്രവാചകന്മാർക്കെതിരെ എന്റെ കരമുയരും" (എസെ.1,3.6.8-9).

അന്ത്യോന്മുഖാർഥത്തിൽ സഭയിലെ വ്യാജപ്രവാചകന്മാർക്കെതിരെ ഈ വേദഭാഗം ഒരിജൻ വ്യാഖ്യാനിക്കുന്നു. സഭാചരിത്രത്തിൽ എക്കാലവും വ്യാജപ്രവാചകന്മാർ ഉടലെടുത്തിരുന്നു. പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നവയും പ്രചോദിപ്പിക്കുന്നവയുമല്ല, തങ്ങളുടെ മനസ്സിൽ ഉദിക്കുന്നവ ദൈവത്തിൽ നിന്നാണെന്ന് പറഞ്ഞ് മനുഷ്യരെ പറ്റിക്കയാണ് ഇക്കൂട്ടർ ചെയ്യുന്നത്. മാർസിയൻ, വലന്തീനസ് തുടങ്ങിയ ഗ്നോസ്റ്റിക് നേതാക്കന്മാർ ദൈവവചനം കോട്ടിമാട്ടി തങ്ങൾക്ക് ഇഷ്ടമുള്ളവ പഠിപ്പിച്ച്, മനുഷ്യരെ വഴിതെറ്റിച്ചിരുന്നു.

നാം ജീവിക്കുന്ന ഇക്കാലത്തും വിവിധ സെക്ടുകൾ കൂണുപോലെ മുളച്ച് അസ്തമിക്കുന്നു. "എന്തു കേട്ടാലും വിശ്വസി ക്കുന്ന മനുഷ്യരെ'' അവർ വഴി തെറ്റിക്കുന്നു. തങ്ങൾക്ക് ഇഷ്ടമുള്ള

വേദവാക്യങ്ങൾ മാത്രം അവർ ഉദ്ധരിക്കുന്നു. അവയ്ക്ക് തങ്ങളുടേതായ വ്യാഖ്യാനം നൽകുന്നു. വാക്കുകളും പ്രവൃത്തികളും ഒത്തുചേർന്നു പോകാത്തവരാണ് വ്യാജപ്രവാചകന്മാർ. അവർ തന്ത്രപൂർവം ആളുകളെ ആകർഷിച്ച് കെണിയിൽ പെടുത്തുന്നു. പരിശുദ്ധാത്മാവ് വസിക്കുന്ന ആത്മാവിൽ കടന്നുകയറാൻ അവർക്കാവില്ല. എന്നാൽ മരുഭൂമിയിൽ അലഞ്ഞു നടക്കുന്നവരെ അവർ സ്വാധീനിക്കുന്നു. അവർ ജനങ്ങളുടെ മേൽ ഒരു മൂടുപടമിട്ട് അന്ധരാക്കുന്നു. തന്റെ അനുദിന കുരിശെടുത്ത് നാഥനെ അനുഗമിക്കുന്നതല്ല, പിന്നെയോ, സുഖസമൃദ്ധിയും സമ്പത്തും ലൗകിക സുഖഭോഗങ്ങളുമാണ് അവർ പ്രോത്സാഹിപ്പിക്കുന്നത്. നമ്മുടെ നാട്ടിലും ഇക്കാലത്ത് നിരവധി വ്യാജപ്രവാചകന്മാർ പ്രവർത്തിക്കുന്നുണ്ട്. സത്യസുവിശേഷം എന്ന പേരിൽ വഞ്ചനാപരമായി അവർ ദൈവമക്കളെ സഭയിൽ നിന്ന് അടർത്തിയെടുത്ത് ഭംഗിവാക്കുകളിലൂടെ കൂടെ നിർത്തുന്നു. ഇവർക്കെതിരെ എസെക്കിയേലിലൂടെ ശക്തിയായ താക്കീതാണ് ദൈവം നൽകുന്നത്.[1]

# 21

## പാപപങ്കിലമായ ധര (എസെ14,12-13)

പാപപങ്കിലമായ ധര നിമിത്തം ക്ഷാമവും ദുഷ്ടമൃഗങ്ങളും വാളും മരണവും നാട്ടിൽ ഉണ്ടാകുമെന്ന് ദൈവം എസെക്കിയേലിലൂടെ ജനത്തെ അറിയിക്കുന്നു: "ഒരു ദേശം വിശ്വസ്തത വെടിഞ്ഞ് എനിക്കെതിരായി പാപം ചെയ്താൽ, ഞാൻ അതിനെതിരെ എന്റെ കരം നീട്ടി അവരുടെ അപ്പം വിലക്കുകയും അവരുടെ മേൽ ക്ഷാമം അയക്കുകയും ചെയ്യും. അങ്ങനെ മനുഷ്യരെയും മൃഗങ്ങളെയും ഞാൻ നശിപ്പിക്കും. ആ ദേശത്തിലൂടെ വന്യമൃഗങ്ങളെ ഞാൻ കടത്തിവിടുകയും അവ അതിനെ നശിപ്പിച്ച് വിജനമാക്കുകയും ചെയ്യും. ആ ദേശം നിർജനമായിത്തീരും" (14,12-13).

1. T.P.Scheck (tr.), *Origen: Homilies 1-14 on Ezekiel*, *Homily, 2-3.*





നാട് പാപത്തിൽ ആണ്ടുപോയാൽ, അപ്പം വിച്ഛേദിക്കപ്പെടും; വിളവുണ്ടാകയില്ല, അപ്പോൾ പട്ടിണിയാകും. മനുഷ്യന്റെ പാപം നിമിത്തം പ്രകൃതിയും ശിക്ഷിക്കപ്പെടുമെന്നു സാരം. ആദം പാപം ചെയ്തപ്പോൾ ധര ശിക്ഷയേറ്റു. ധരയിൽ വസിക്കുന്നവരുടെ പാപം നിമിത്തം ധര ശിക്ഷയേൽക്കുന്നു (ഏശാ. 24,1-6). ധര നമ്മുടെയെല്ലം മാതാവാണ്. നീതിമാന്മാരിൽ ധര സന്തോഷിക്കുന്നു. ദുഷ്ടരെ പ്രതി കേഴുന്നു. അബ്രഹാം ഇസഹാക്ക്, യാക്കോബ് എന്നിവരിൽ ധര സന്തോഷിക്കുന്നു. നമ്മുടെ കർത്താവിന്റെ വരവിൽ ധര ആനന്ദതുന്ദിലയായി. "സന്തോഷം കൊണ്ട് ധര മുഴുവൻ ആർത്തു വിളിക്കുന്നു" (ഏശാ.24,14). ഇന്ന് പുത്രനെ പ്രതി ധരയുടെ എല്ലാ കോണുകളും സന്തോഷത്താൽ ആർത്തട്ടഹസിക്കുന്നു.

മറ്റൊരു തരത്തിൽ പറയാം: "ധര പാപം ചെയ്തു" എന്നത് നമ്മുടെ ആത്മാവിന്റെ പാപാവസ്ഥയെ കുറിക്കുന്നു. നാം പാപം ചെയ്യുമ്പോൾ നമ്മുടെ ആത്മീയ ശത്രുക്കളിൽ നിന്നുള്ള പീഡനം നമുക്കുണ്ടാകും. ദൈവവചനത്തിനുള്ള വിശപ്പും ദാഹവും നാം അനുഭവിക്കേണ്ടി വരും. ദൈവകൃപ നഷ്ടപ്പെട്ട് നാം തരിശുഭൂമിയാകും. അവിടെ ദുഷ്ടൻ കയറിപ്പറ്റി കള വിതയ്ക്കും, അവിടെ കള വളരും. ആത്മാവിന്റെ നനവില്ലാത്തതിനാൽ, അവിടെ കളയേ വളരൂ. അതുകൊണ്ട് പാപപങ്കിലമല്ലാതെ ആത്മാവിനെ നിലനിർത്താനുള്ള കടമ നമുക്കുണ്ട്.

പാപം ചെയ്ത ജറുസലേമിന് എല്ലാവിധ കഷ്ടതകളും സംഭവിച്ചതുപോലെ, മനുഷ്യാത്മാക്കളാകുന്ന ജറുസലേമിനും സംഭവിക്കും. നാം തെറ്റായി ജീവിച്ചാൽ, ജറുസലേമിന്റെ അവസ്ഥ നമുക്കുണ്ടാകും. നന്നായി ജീവിച്ചാൽ നാം അനുഗൃഹീതരാകും (ഗലാ. 4,26). സഭയിലെ സ്ഥാനക്രമം അനുസരിച്ചായിരിക്കും ശിക്ഷ ലഭിക്കുക. സഭാധ്യക്ഷസ്ഥാനത്ത് ഇരിക്കുന്നവർ പാപത്തിൽ നിപതിച്ചാൽ, കടുത്ത ശിക്ഷയ്ക്ക് വിധേയരാക്കപ്പെടും.

ശിക്ഷിക്കപ്പെട്ട നാട്ടിൽ നോഹയും ജോബും ദാനിയേലും ഉണ്ടായിരുന്നാലും അവർ അപേക്ഷിച്ചാലും പാപികൾ ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും. എല്ലാവരും അനുതാപത്തിലേക്ക് കടന്നുവന്ന് രമ്യതപ്പെടുന്നതിനുള്ള ആഹ്വാനമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. നീതിമാന്റെ പ്രാർഥനയ്ക്ക് ഫലമില്ലെന്നോ, സഭയുടെ പ്രാർഥന അർഥമില്ലാത്തതാണെന്നോ ഇതിൽ നിന്ന് ഗ്രഹിക്കേണ്ടതില്ല. യഥാർഥ

ത്തിൽ സഭയുടെ നിരന്തര പ്രാർഥനയാണ് നാം ജീവിച്ചിരിക്കുമ്പോഴും ഇവിടെ നിന്ന് കടന്നുപോകുമ്പോഴും നമുക്ക് സമാശ്വാസം നൽകുന്നത്. ദൈവത്തിന്റെ സഭ നമ്മെ ഓർക്കുന്നു എന്നത് ആശ്വാസം പകരുന്ന സംഗതി തന്നെയാണ്.[1]

# 22

## അവിശ്വസ്തയായ ജറുസലേം (എസെ16)

ജറുസലേമിന്റെ മ്ലേച്ഛതകൾ അവളെ ബോധ്യപ്പെടുത്താൻ എസെക്കിയേലിന് ദൈവനിർദേശം ഉണ്ടായി: "നിന്റെ പിതൃദേശവും ജനനസ്ഥലവും കനാനാണ്; നിന്റെ പിതാവ് അമോര്യനും മാതാവ് ഹിത്യയുമാണ്". തുടർന്ന് അവളുടെ ജനനത്തെ കുറിച്ചും ഉത്ഭവാവസ്ഥയെ കുറിച്ചും പറയുന്നു (എസെ.16,1-5).

ദൈവം പ്രത്യേകം തെരഞ്ഞെടുത്ത് അനുഗ്രഹിച്ച നഗരവും ജനവുമാണ് ജറുസലേമും അവിടുത്തെ ദൈവാലയവും അതിൽ പ്രാർഥിക്കുന്ന ജനവും. ഇസ്രായേലിന്റെ പിതാവ് ദൈവമായിരുന്നു. എന്നാൽ അത് പാപം ചെയ്തപ്പോൾ, അമോര്യൻ പിതാവായി. പാപം ചെയ്യാതിരുന്നപ്പോൾ, പരിശുദ്ധാത്മാവായിരുന്നു പിതാവ്. എന്നാൽ പാപം ചെയ്തപ്പോൾ ഒരു ഹിത്യസ്ത്രീ മാതാവായി. പാപം ചെയ്യാതിരുന്നപ്പോൾ അവരുടെ ഉറവിടവും അടിസ്ഥാനവും വേരും അബ്രഹാം ആയിരുന്നു. പാപം ചെയ്തപ്പോൾ വേര് കനാന്യനായി.

എന്തായിരുന്നു ജറുസലേമിന്റെ കുറ്റം? ദൈവത്തെ വിട്ട് ജറുസലേം വിഗ്രഹങ്ങളുടെ പിറകേ പോയി. തങ്ങൾക്കു ചുറ്റുമുള്ള കനാന്യരുടെ വിഗ്രഹങ്ങളെ സേവിക്കാൻ തുടങ്ങി. അത് വിഗ്രഹാരാധനയായും വ്യഭിചാരമായും പരസംഗമായും അവിശ്വസ്തതയായും ചിത്രീകരിച്ചിരിക്കുന്നു. വിഗ്രഹാരാധനയെ ബൈബിളിൽ വിവിധ

1. T.P.Scheck (tr.), *Origen: Homilies 1-14 on Ezekiel: Homily, 4-5.*





ഇടങ്ങളിൽ വ്യഭിചാരം എന്നു വിളിക്കുന്നു. ഇതാണ് അവരുടെ തെറ്റ്. അതുകൊണ്ടാണ് ദൈവമല്ല, കനാനാണ് അവരുടെ പിതാവെന്ന് പറയുന്നത്.

മഹത്തായ ജറുസലേമിനെപ്പറ്റി ഇതാണ് പ്രവാചകന് പറയാനുള്ളതെങ്കിൽ, ഞാൻ പാപം ചെയ്താൽ എന്നെപ്പറ്റി ദൈവം എന്താണ് പറയുക? എന്റെ പിതാവും മാതാവും ആരായിരിക്കും? "പാപം ചെയ്യുന്നവൻ പിശാചിൽ നിന്നുള്ളവനാണ്" (1യോഹ.3,8). "നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ളവരാണ്" (യോഹ.8,44) എന്ന് നമ്മുടെ കർത്താവ് യഹൂദരോട് പറഞ്ഞു. ഇത് എസക്കിയേൽ പറഞ്ഞതു തന്നെയാണ്. പാപം ചെയ്യുമ്പോൾ നമ്മെ പാപത്തിൽ ജനിപ്പിക്കുന്ന പിതാക്കന്മാർ നമുക്കുണ്ടാകും. "നീയെന്റെ പുത്രനാകുന്നു, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് നന്മയിൽ വളരുന്നവരോട് ദൈവം പറയുന്നതുപോലെ (മത്താ. 9,2), പാപിയോട് ദുഷ്ടനും പറയുന്നു. എസെക്കിയേൽ 16-ാം അധ്യായം അവിശ്വസ്തയായ ജറുസലേമിനെ പറ്റിയാണ്. അത് നമ്മെ ഓരോരുത്തരെയും പറ്റിയാണ്.

സഭയിലുള്ള നമ്മെ ഓരോരുത്തരെയും ദൈവം ജറുസലേം എന്നു വിളിക്കുന്നു. ശിശുവായിരുന്ന ജറുസലേമിനെപ്പറ്റി പറഞ്ഞിരിക്കുന്നത് നമുക്കും ബാധകമാണ്. നാം പാപികളായിരുന്നു. രക്ഷയ്ക്കു വേണ്ടിയുള്ള സ്നാനജലത്തിൽ കഴുകപ്പെടുന്നതിനു മുമ്പുള്ള അവസ്ഥ വ്യംഗ്യഭാഷയിൽ അവതരിപ്പിക്കുന്നു: "നിന്റെ പുക്കിൾക്കൊടി മുറിച്ചിരുന്നില്ല. നിന്നെ കുളിപ്പിച്ച് ശുദ്ധി വരുത്തിയില്ല. ദേഹത്ത് ഉപ്പ് പുരട്ടിയില്ല. പഴന്തുണിയിൽ പൊതിഞ്ഞില്ല." (എസെ.16,4).

"നിന്റെ പുക്കിൾക്കൊടി മുറിച്ചിരുന്നില്ല" എന്നു പറഞ്ഞാൽ, സംശുദ്ധ ആയിരുന്നില്ല എന്നാണർഥം. "പുക്കിൾക്കൊടിക്ക്" പകരം "നിന്റെ മാറിടം മറച്ചിരുന്നില്ല" എന്ന് സെപ്ത്വജിന്ത് വിവർത്തനം ചെയ്തിരിക്കുന്നു. "മാറിടം" ചിന്തയെയും ചിന്താരീതിയെയും സൂചിപ്പിക്കുന്നതായി ഉത്തമഗീതത്തിൽ കാണാം: "നിന്റെ മാറിടം തേനിനേക്കാൾ ശ്രേഷ്ഠമാണ്" (1,2). യോഹന്നാൻ "യേശുവിന്റെ മാർവിൽ ചാരിക്കിടന്നു"" (യോഹ.13,25). ബൗദ്ധികധാരണയിൽ ഭാഗഭാക്കായി എന്നാണ് ഇവയുടെ അർഥം. മനസ്സ് നിയന്ത്രണ വിധേയമായിരിക്കുന്ന അവസ്ഥയെ "മാറിടം മറച്ചു" എന്നു പറയാം. അങ്ങനെ അല്ലാത്ത

പ്പോൾ, "മാറിടം മറച്ചിരുന്നില്ല" എന്നും "പുക്കിൾക്കൊടി മുറിച്ചിരുന്നില്ല" എന്നും പറയാം.

"നിന്നെ കുളിപ്പിച്ച് ശുദ്ധി വരുത്തിയില്ല" എന്നു പറഞ്ഞാൽ, നമ്മെ സംബന്ധിച്ച് എന്താണർഥം? "രക്ഷയ്ക്കുവേണ്ടി വെള്ളത്താൽ കഴുകപ്പെട്ടിരുന്നില്ല" എന്നർഥം. ദേഹശുദ്ധി വരുത്തിയതുകൊണ്ട് അത് രക്ഷയ്ക്കായിരിക്കണമെന്നില്ല. ക്ഷുദ്രക്കാരൻ ശീമോൻ സ്നാനപ്പെട്ടു, എന്നാൽ അത് രക്ഷയ്ക്കായിട്ടായിരുന്നില്ല (നട.8,13). രക്ഷയ്ക്കായി കഴുകപ്പെടുന്നവർ ജലത്തോടൊപ്പം പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു (യോഹ.3,5).

"ദേഹത്ത് ഉപ്പ് പുരട്ടിയില്ല". "ഉപ്പ് പുരട്ടിയില്ല" എന്നു പറഞ്ഞാൽ, "കൃപരഹിതാവസ്ഥ" എന്നർഥം. ദൈവത്തിൽ നിന്നുള്ള കൃപ ലഭിക്കുമ്പോൾ നാം ഉപ്പുള്ളവരാകും. ഞാൻ എന്റെ കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്കുന്നെങ്കിൽ, അവൻ എന്നെ ഉപ്പാക്കി മാറ്റും. "നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു" എന്ന് അവിടുന്ന് നമ്മെപ്പറ്റി പറയുന്നു (മത്താ.5,13). നിബിയന്മാരിലും ശ്ലീഹന്മാരിലും സംസാരിച്ച പരിശുദ്ധാത്മാവിൽ ഞാൻ വിശ്വസിക്കുമ്പോൾ, ഞാൻ ഉപ്പു പുരട്ടപ്പെട്ടവനാണ്. അപ്പോൾ എന്റെ സംസാരം ഉപ്പു കലർന്നതായിരിക്കും (കൊളോ.4,6). ഉപ്പുള്ളവരായിരിക്കുക എന്നത് മഹനീയ സംഗതി തന്നെയാണ്. അത്തരക്കാർ കൃപ നിറഞ്ഞവരായിരിക്കും.

"പഴന്തുണിയിൽ പൊതിഞ്ഞിരുന്നില്ല": വീണ്ടും ജനിച്ചവന് കട്ടികൂടിയ പ്രബോധനമല്ല, സുഗ്രാഹ്യമായ വിശദീകരണമാണ് ആവശ്യം. "രക്ഷയിലേക്ക് വളർന്നു വരേണ്ടതിന് പരിശുദ്ധവും ആത്മീയവുമായ പാൽ" ആണ് നൽകേണ്ടത് (1പത്രോ. 2,2). അതിനു മുമ്പ് മേൽപ്പറഞ്ഞവയെല്ലാം നടന്നിരിക്കണം.

വെളിമ്പ്രദേശത്ത് ഉപേക്ഷിക്കപ്പെട്ട ജറുസലേമിനെ കർത്താവ് സന്ദർശിച്ചു. അവളോട് അനുകമ്പ തോന്നി സമാശ്വസിപ്പിക്കുകയും പരിപോഷിപ്പിക്കുകയും വളർത്തുകയും ചെയ്തു: "ജീവിക്കുക, വയലിലെ ചെടിപോലെ വളരുക" (എസ.16,6-7) എന്ന് ദൈവം അരുളിച്ചെയ്യുന്നു. മനുഷ്യസ്നേഹത്താലത്രേ പിതാവ് തന്റെ പുത്രനെ നമ്മുടെ പക്കലേക്ക് അയച്ചത്. അവിടുന്ന് നമ്മുടെ ജീവിത പാതകളിലൂടെ സഞ്ചരിച്ച്, തന്റെ കുരിശുമരണത്തിലൂടെ നമ്മെ രക്ഷിച്ചു. ഉപേക്ഷിക്കപ്പെട്ടിരുന്ന നമ്മെ സ്നേഹം മൂലം അവിടുന്ന് സന്ദർശിച്ചു. ഇവ





യൊന്നും നാം അർഹിക്കുന്നവ ആയിരുന്നില്ല. നമ്മുടെ ദൈവത്തിന്റെ അനന്തമായ കരുണയും ദയയും സഹാനുഭൂതിയുമാണ് പുത്രനെ നമ്മുടെ പക്കലേക്ക് എത്തിച്ചത്. പാപം മൂലം പറുദീസായിൽ നിന്ന് ബഹിഷ്കൃതരായി "വെളിമ്പ്രദേശത്ത് ഉപേക്ഷിക്കപ്പെട്ട്, രക്തത്തിൽ കിടന്നുരുണ്ട" നമ്മെ അവിടുന്ന് ജീവിപ്പിച്ചു (16,6). "രക്തത്തിൽ കിടന്നുരുണ്ടു" എന്നത് "കൊലപാതകികളുടെ നാടിനെ" സൂചിപ്പിക്കുന്നു. രക്തം ചൊരിയുന്ന കഠിന പാപികളുടെ നാട് അവൻ കണ്ടു. എങ്കിലും അനുകമ്പ തോന്നി അവൻ നമ്മെ വളർത്തി.

തുടർന്ന് ,അവൾക്ക് ദൈവം കൊടുത്ത അനുഗ്രഹങ്ങളെപ്പറ്റിയും അവൾക്ക് സംഭവിച്ച മാറ്റത്തെപ്പറ്റിയും എസെക്കിയേൽ പ്രവചിക്കുന്നു (16,7-22) "നീ പൂർണയൗവനം പ്രാപിച്ചു. നിന്റെ മാറിടം വളർന്നു. മുടി തഴച്ചു. എങ്കിലും നീ നഗ്നയും അനാവൃതയുമായിരുന്നു" (എസ. 16,7). കന്യകകളുടെ ശരീരത്തിന് സംഭവിക്കുന്ന വ്യതിയാനമാണ് തിരുലിഖിതം രേഖപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുനാഥനെ ധരിക്കാത്തവർ നഗ്നരാണ് (റോമ.13,14;കൊളോ.3,12). അയൽക്കാരോട് സഹിഷ്ണതയോടെ വർത്തിക്കാൻ അനുകമ്പയും ദയയും വിനയവും ശാന്തതയും ക്ഷമയും ഇല്ലാത്തവർ അനാവൃതരാണ് (കൊളോ. 3,12-13). കർത്താവിനെ ധരിക്കുന്നതിനു മുമ്പുള്ള അവസ്ഥയാണിത്.

"ഞാൻ വീണ്ടും നിന്റെ അടുക്കലൂടെ കടന്നുപോയി. നിനക്ക് വിവാഹ പ്രായമായെന്ന് ഞാൻ മനസ്സിലാക്കി. എന്റെ മേലങ്കികൊണ്ട് ഞാൻ നിന്റെ നഗ്നത മറച്ചു. ഞാൻ നിന്നോട് ഒരുടമ്പടി ചെയ്തു. നീ എന്റേതായിത്തീർന്നു. ഞാൻ നിന്നെ സ്വർണാഭരണങ്ങൾ കൊണ്ട് അലങ്കരിച്ചു. സൗന്ദര്യം കൊണ്ട് നീ ജനതകളുടെ ഇടയിൽ പ്രശസ്തയായി. ഞാൻ നൽകിയ കാന്തി അതിന് പൂർണത നൽകി" (എസെ.16,8-14).

നമ്മുടെ കർത്താവേശുമിശിഹായാണ് നമ്മെ സന്ദർശിക്കാൻ കടന്നുവന്നത്. മുകളിൽ സൂചിപ്പിച്ചവ, തന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടി അവിടുന്ന് ചെയ്യുന്നവയാണ്. ദൈവം തന്റെ മേലങ്കി കൊണ്ട് നമ്മുടെ നഗ്നത മറയ്ക്കുന്നു. അപ്രകാരം കൃപ ലഭിക്കുന്നവർ ഭാഗ്യവാന്മാർ. അവിടുന്ന് കൃപാവരം കൊണ്ട് നിറയ്ക്കുന്നു. സുകൃതങ്ങളാകുന്ന "ചിത്രത്തുന്നലുള്ള വസ്ത്രം അണിയിക്കുന്നു". സമാധാന സുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷ അണിയിക്കുന്നു (എഫേ.6,15).

സർവസൗഭാഗ്യങ്ങളാലും ദൈവം ആത്മാവിനെ അലങ്കരിക്കുന്ന താണ് ആലങ്കാരികമായി പറഞ്ഞിരിക്കുന്നത്. തിരുലിഖിതം ഗ്രഹി ക്കാൻ അവിടുന്ന് ആന്തരിക നയനങ്ങൾ തുറക്കുന്നു. ശിരസ്സിൽ കിരീടം അണിയിക്കുന്നു. കഴുത്തിൽ മാലയിടുന്നു. ജനതകളുടെ ഇടയിൽ ഉയർത്തി നിർത്തുന്നു. ഒന്നുമില്ലാതിരുന്ന അവസ്ഥയിൽനിന്ന്, സർവാ ലങ്കാരവിഭൂഷിത ആക്കിയത് ദൈവം തന്നെയാണ്. തന്റെ സ്വന്തം മേലങ്കികൊണ്ട് പുതപ്പിച്ച് പലതരം വിശിഷ്ട വസ്ത്രങ്ങൾ അണിയി ക്കുന്നു. ഉടമ്പടി ചെയ്ത് നമ്മെ അവിടുന്ന് സ്വന്തമാക്കി. അങ്ങനെ നാം അവന്റെ സ്വന്തമായി.

"എന്നാൽ ഇസ്രായേൽ സൗന്ദര്യത്തിൽ മതിമറന്ന് വേശ്യാ വൃത്തിയിൽ ഏർപ്പെട്ടു" (എസെ.16,15-23). ദൈവമായ കർത്താവ് വിശിഷ്ടഭോജ്യങ്ങൾ കൊണ്ട് ആത്മാവിന് സംതൃപ്തി വരുത്തുന്നു (16,13). നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും അനുഗൃഹീത വചസ്സു കൾ സ്വീകരിച്ചശേഷം വഴിപിഴച്ചു പോകാതിരിക്കാൻ ശ്രദ്ധിക്കണം. സമൃദ്ധിയിൽ ജീവിക്കുമ്പോൾ വഴിതെറ്റിപ്പോകാതിരിക്കാൻ കരുതലോ ടിരിക്കണം (ഗലാ. 6,1). കോപം, ദുഃഖം, അസൂയ, കലഹം, ക്ഷമാ രാഹിത്യം തുടങ്ങിയ എതിർശക്തികൾ നമ്മിൽ കടന്നുകൂടാൻ നാം വാതിൽ തുറന്നുകൊടുക്കരുത്. തുറന്നുകൊടുക്കുന്നത് വ്യഭിചാരമാണ്.

ഇസ്രായേലിന്റെ ഒന്നാമത്തെ തെറ്റ്, ദൈവത്തിൽനിന്നു ലഭിച്ച വസ്ത്രങ്ങളിൽ ചിലതുകൊണ്ട് ഉന്നതമണ്ഡപങ്ങൾ അലങ്കരിച്ച്, അവയിൽ വ്യഭിചരിച്ചു എന്നതാണ് (16,16). തിരുലിഖിതത്തിൽ നിന്ന് ചില വാചകങ്ങൾ ഒന്നിച്ചു ചേർത്ത് തങ്ങൾക്ക് ഇഷ്ടമുള്ള തത്വങ്ങൾ മെനഞ്ഞ് മനുഷ്യരെ വഴിതെറ്റിക്കുന്നതിനെ പറ്റിയാണ് ഈ പരാമർശം എന്ന് ഒരിജൻ പറയുന്നു. വഴിതെറ്റിക്കുന്നവർ ദൈവവചനത്തിന്റെ സമഗ്രത സ്വീകരിക്കുന്നില്ല. അവിടെ നിന്നും ഇവിടെ നിന്നുമെടുത്ത് തുന്നിച്ചേർത്ത് മനുഷ്യരുടെ മുമ്പിൽ അവർ അവതരിപ്പിക്കുന്നു. അത്തരക്കാർ വിഗ്രഹാരാധനയാണ് നടത്തുന്നത്.

രണ്ടാമത്തെ തെറ്റ്, ദൈവം നൽകിയ സ്വർണാഭരണങ്ങൾ കൊണ്ട് മനുഷ്യരൂപങ്ങൾ ഉണ്ടാക്കി വ്യഭിചരിച്ചു എന്നതാണ് (16,17). നിയമവും പ്രവാചകന്മാരുമാകുന്ന സ്വർണാഭരണങ്ങളിൽ അവർ അഭിമാനിച്ചിരുന്നെങ്കിലും അവയെ ഉരുക്കി രൂപങ്ങൾ ഉണ്ടാക്കിയതി നാൽ, അതായത്, മോശ ഉദ്ദേശിച്ച അർഥം നൽകാതെ പ്രവാചക





വചനങ്ങൾ വളച്ചൊടിച്ചതിനാൽ, അതിനെ വിഗ്രഹാരാധനയും വ്യഭിചാരവുമായി ചിത്രീകരിച്ചിരിക്കുന്നു. സത്യവിരുദ്ധമായ അർഥം തിരുലിഖിതത്തിന് നൽകുന്നതാണ് "ഉരുക്കിയ രൂപങ്ങൾ".

"മൂന്നാമത്തെ തെറ്റ്, ഉരുക്കിയ രൂപങ്ങളെ ചിത്രത്തുന്നലുള്ള വസ്ത്രങ്ങൾ കൊണ്ട് പുതപ്പിച്ചു" എന്നതാണ് (16,18). മനുഷ്യരെ വഞ്ചിക്കാനായി ചിത്രത്തുന്നലുള്ള മനോഹരവസ്ത്രങ്ങൾ (കൊളോ. 3,12) വലിച്ചുകീറി, തെറ്റായ പ്രബോധനങ്ങളിൽ പൊതിയുന്നത് വ്യഭിചാരമാണ്. അതായത്, അബദ്ധപ്രബോധകർ, ഭാഗികസത്യം വച്ചു പുലർത്തുന്നവർ, സെക്ടുകാർ ആദിയായവർ നല്ല ജീവിതരീതിയി ലൂടെ മനുഷ്യരെ വഴിതെറ്റിക്കുന്നതിനെ ഇത് സൂചിപ്പിക്കുന്നു. അതുകൊണ്ട്, ബാഹ്യമായി നല്ല ജീവിതം നയിക്കുന്നു എന്ന തോന്നൽ പരത്തുന്ന വ്യാജപ്രബോധകരെ നാം സൂക്ഷിക്കയും അവരിൽ നിന്ന് അകന്നിരിക്കുകയും വേണം. അവരെ അനുകരിക്കാൻ മുതിരാതെ, നമ്മുടെ കൺമുമ്പിൽ ക്രിസ്തുനാഥനെ കണ്ടുകൊണ്ട് അവിടുത്തെ മാത്രം അനുകരിക്കുക എന്ന പാഠം ഇതു നൽകുന്നു.

"എന്റെ തൈലവും ധൂപവും അവയ്ക്കു മുമ്പിൽ സമർപ്പിച്ചു" (16,18). ധൂപം വിശുദ്ധരുടെ പ്രാർഥനകളെ സൂചിപ്പിക്കുന്നു (വെളി.5,8). ദൈവത്തിനാണ് പ്രാർഥന അർപ്പിക്കേണ്ടത്. അതിനു പകരം നാം രൂപീകരിക്കുന്ന വിഗ്രഹത്തിന് പ്രാർഥന അർപ്പിക്കുന്നതാണ് സൂചിതം. രാജാക്കന്മരെയും പ്രവാചകന്മാരെയും വിശുദ്ധരെയും അഭിഷേകം ചെയ്യാനുള്ളതാണ് എണ്ണ. അത് ക്രിസ്തുവിന്റെ തൈലം അഥവാ എണ്ണ യാണ്. അതായത് സംശുദ്ധ പ്രബോധനമാകുന്ന എണ്ണ. വിശുദ്ധരുടെ എണ്ണ തിരുലിഖിതമാണ്. അതിൽ നിന്ന് വ്യതിചലിക്കുന്നത്, സമഗ്ര മായ അർഥത്തിൽ നിന്ന് അകന്നുമാറുന്നത്, വിഗ്രഹാർപ്പിതമായ എണ്ണയാണ്.

"ഞാൻ നിനക്ക് പോഷണത്തിനായി നൽകിയ നേർത്ത മാവും എണ്ണയും തേനും നീ വിഗ്രഹത്തിന് അർപ്പിച്ചു" (16,19). നിയമം, പ്രവാചകന്മാർ, സുവിശേഷം എന്നിവ നൽകി ദൈവം നമ്മെ പരി പോഷിപ്പിച്ചു. തിരുലിഖിതത്തിൽ ഇപ്രകാരമാണെന്ന് പറഞ്ഞു കൊണ്ട് തെറ്റായ പ്രബോധനത്തെ ന്യായീകരിക്കുന്നത് വിഗ്രഹാർപ്പിതമാണ്.

"നിന്നിൽ എനിക്കു ജനിച്ച മക്കളെ നീ വിഗ്രഹങ്ങൾക്ക് കുരുതി കഴിച്ചു" (16,20-21). സഭയിൽ ജനിച്ചെങ്കിലും അബദ്ധോപദേശകരാൽ

വഴിതെറ്റിക്കപ്പെട്ടവർ വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ചവരാണ്. സഭാസന്താനങ്ങളെ പിടിച്ച് വിഗ്രഹങ്ങൾക്ക് അർപ്പിക്കുന്നത് കടുത്ത അപരാധമാണ് (16,22).

ദൈവം തന്റെ വസ്ത്രം കൊണ്ട് പൊതിഞ്ഞെങ്കിലും, യൗവന ത്തിൽ അവയെല്ലാം മറന്ന്, മേൽപ്പറഞ്ഞവയൊക്കെ ജറുസലേം കാട്ടി. തെറ്റു ചെയ്യുന്ന ഓരോ മനുഷ്യാത്മാവും ഇതാണ് ചെയ്യുക. ഇതിനു ശേഷം പ്രവാചകൻ ഇതും കൂട്ടിച്ചേർക്കുന്നു: "നീ ഓരോ തെരുവിലും വഴിക്കവലയ്ക്കും ഭദ്രദീപവും ഉന്നതമണ്ഡപവും ഉണ്ടാക്കി, വേശ്യാലയങ്ങൾ സ്ഥാപിച്ചു. വഴിപോക്കർക്കെല്ലാം നിന്നെത്തന്നെ നൽകി നീ വ്യഭിചരിച്ചു" (16,23-25).

മനുഷ്യാത്മാവ് സൗന്ദര്യപൂർണയാണ്. കാരണം, അത് ദൈവ ച്ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (ഉൽപ്പ. 1,26). എന്നാൽ ചില ദുഷ്ടന്മാർ അവളെ അവമാനിക്കാൻ തക്കം നോക്കി നടക്കുന്നു. അവർക്ക് തങ്ങളെത്തന്നെ സമർപ്പിക്കുന്ന ആത്മാക്കളെ പറ്റിയാണ് ഈ ഉപമ. എത്രയെത്ര കഴിവുകളോടു കൂടിയാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്. കൊടിയ തിന്മകൾ ഇല്ലെങ്കിലും, ലഘുപാപങ്ങൾ പോലും ആത്മാവിനെ മലിനമാക്കാൻ പര്യാപ്തമാണ്. അതുകൊണ്ട് ഇത്തരം ദുഷ്ടരിൽ നിന്ന് ഓടിപ്പോയി ദൈവഭവന ത്തിലും പ്രാർഥനയിലും അഭയം തേടണമെന്ന് നിർദേശിക്കുന്നു.

"നീ ഈജിപ്തുകാരുമായി വ്യഭിചരിച്ചു. നീ അസ്സീറിയാക്കാരു മായും വ്യഭിചരിച്ചു"(16,26-30). ആത്മാവിന്റെ എതിർശക്തികളെ ഇവ സൂചിപ്പിക്കുന്നു. അവയുമായി ചങ്ങാത്തമുള്ള ആത്മാക്കളെ അവ വഴിപിഴപ്പിക്കുന്നു. മനുഷ്യാത്മാവിന് ശരീരത്തിലും ആത്മാവിലും ജീവനിലും വഞ്ചന ഏൽക്കാൻ ഇടയുണ്ട്. അതുകൊണ്ട് വി. പൗലോസ് ശ്ലീഹാ പറയുന്നു, "നിങ്ങളുടെ ജീവനും ആത്മാവും ശരീരവും അവികലവും പൂർണവുമായിരിക്കാൻ ഇടയാകട്ടെ" (1തെസ്സ.5,23).

തുടർന്ന് പ്രവാചകൻ ജറുസലേമിന്റെ വഴിപിഴയ്ക്കലിന്റെ രീതികൾ വിവരിക്കുന്നു (16,31-34). അതിനുള്ള ശിക്ഷകൾ വിവരിക്ക യാണ് 16,35-43-ൽ. തുടർന്നുള്ള ഭാഗങ്ങളും (16,44-52) കുറ്റപ്പെടുത്ത ലാണ്. പാപം ചെയ്യുന്ന ആത്മാവിന് ലജ്ജിക്കേണ്ടിവരും. അത് പാപ ത്തിന്റെ ഗൗരവം അനസരിച്ചാണ്. അതുപോലെ തന്നെ ശിക്ഷയുടെ കാലാവധിയും.





വിഗ്രഹാരാധനയോടൊപ്പം അഹങ്കാരം എന്ന തിന്മയും എടുത്തു കാട്ടുന്നു. താൻ എന്തോ ആണെന്ന ഭാവമാണ് അഹങ്കാരം. തനിക്കുള്ളതെല്ലാം ദൈവത്തിൽ നിന്നാണെന്നു ചിന്തിക്കാത്ത നിമിഷം അഹങ്കാരം തുടങ്ങുന്നു. എല്ലാ തിന്മകളുടെയും അടിസ്ഥാനം ഇതാണ്. ഈ അഹങ്കാരത്തിന് ശമനം ഉണ്ടായി വിനീതാവസ്ഥ പ്രാപിക്കാനാണ് ലജ്ജ മൂടുന്നത്.

ജറുസലേമിന്റെ സുസ്ഥിതി പുനഃസ്ഥാപിക്കുന്നതിനെപ്പറ്റിയും ശാശ്വതമായ ഉടമ്പടി സ്ഥാപിക്കുന്നതിനെ പറ്റിയും തുടർന്ന് പറയുന്നു (16,53-63). "നീയുമായി ഞാൻ ഒരുടമ്പടി സ്ഥാപിക്കും' (16,62). അതായത്, ദൈവം കരുണ ചെയ്ത് ജറുസലേമിനെ പുനഃസ്ഥാപിക്കും. അപ്പോൾ സോദോമും ഗോമോറായും-വിജാതിയരും- രക്ഷ പ്രാപിക്കും (16,53). നിത്യമായ ഉടമ്പടിയിലൂടെ പാപികളായ മനുഷ്യർ-യൂദരും വിജാതിയരും-ഒറ്റജനമായി ദൈവത്തെ മഹത്വപ്പെടുത്തുമെന്ന ധ്വനിയാണ് ഈ അധ്യായത്തിന്റെ അവസാനഭാഗം നൽകുന്നത്.

അവിശ്വസ്തയായ ആത്മാവിന്റെ കഥയാണ് അവിശ്വസ്തയായ ജറുസലേമിന്റെ കഥ (എസ.16). മനുഷ്യകുലം മുഴുവന്റെയും ഓരോ മനുഷ്യാത്മാവിന്റെയും കഥയാണിത്. അതായത്, 16-ാം അധ്യായം അന്യോന്യമുഖമായും അല്ലഗോറിക്കലായും വ്യാഖ്യാനിക്കണമെന്നു സാരം. എന്നാൽ അതിന്റെ ഓരോ വാക്യവും സമ്യക്കായി വ്യാഖ്യാനി ക്കുക വളരെ പ്രയാസമാണ്. ഒരിജൻ പോലും ഇക്കാര്യത്തിൽ പിൻവാങ്ങുകയാണ് ചെയ്തിരിക്കുന്നത്. വ്യംഗ്യഭാഷയിലാണ് ഇത് വിരചിതമായിരിക്കുന്നത്. ഒരിജൻ തന്റെ കാലത്തെ ഗ്നോസ്റ്റിക് അബദ്ധോപദേശകർക്കെതിരെ ഇത് വ്യാഖ്യാനിച്ചു. പരിശുദ്ധാത്മ പ്രേരിതരായ സഭാമനുഷ്യർ ആരെങ്കിലും മുന്നോട്ടുവന്ന് സമഗ്രമായ അർഥം നൽകാൻ ശ്രമിക്കുന്നത് നന്നായിരിക്കും.[1]

1. T.P.Scheck (tr.), *Origen: Homilies 1-14 on Ezekiel*: *Homily,* 6-10.

# 23
# കാളയും കഴുതയും (ഏശാ 1,2-3)

ഏശായാ പ്രവാചകൻ പ്രവചനം തുടങ്ങുന്നത് ഇപ്രകാരമാണ്: " ആകാശങ്ങളേ, ശ്രവിക്കുക; ഭൂമിയേ, ചെവി തരിക. ഞാൻ മക്കളെ പോറ്റി വളർത്തി. എന്നാൽ അവർ എന്നോട് മത്സരിച്ചു. കാള തന്റെ ഉടമസ്ഥനെ അറിയുന്നു. കഴുത തന്റെ യജമാനന്റെ തൊഴുത്തും. എന്നാൽ ഇസ്രായേൽ ഒന്നും അറിയുന്നില്ല; എന്റെ ജനം ഒന്നും ഗ്രഹിക്കുന്നില്ല. - കർത്താവ് അരുളിച്ചെയ്യുന്നു".

വാച്യാർഥത്തിൽ ഈ ഭാഗം അന്നത്തെ യഹൂദരെ പറ്റിയാണ്. ദൈവം തന്റെ സ്വന്തം ജനമായും തന്റെ ആദ്യജാതനായും തെരഞ്ഞെടുത്ത് മഹത്വമണിയിച്ച ജനം, ദൈവത്തെ വിട്ട് വ്യർഥ വിഗ്രഹങ്ങളുടെ സേവകരും ആരാധകരുമായി മാറിയതിൽ മനം നൊന്താണ് പ്രവാചക വചനം. ബുദ്ധിയില്ലാത്ത കാളയെയും കഴുതയെയും പോലെ പ്രവർത്തിക്കാൻ പോലും "ദൈവച്ഛായയും ദൈവസാദൃശ്യവും" (ഉൽപ്പ. 1,26-27) തെരഞ്ഞെടുക്കപ്പെട്ടവരുമായ ജനത്തിന് സാധിക്കുന്നില്ല. കാളയ്ക്കും കഴുതയ്ക്കുമുള്ള തിരിച്ചറിവുപോലും അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

ഏശായായുടെ പ്രവചനത്തിന് ആന്തരികാർഥം നൽകുന്ന രീതി പ്രാചീനമാണ്. ഏശായാ പ്രവചിച്ച അനേകം സംഗതികൾ പ്രതീകങ്ങളിലൂടെയാണ് അവതരിപ്പിച്ചിരിക്കുന്നത്. വാച്യാർഥവും ആന്തരികാർഥവും കൂടിക്കലർത്തിയാണ് പലതും പറഞ്ഞിരിക്കുന്നത്. ചിലത് കൃത്യമായി വാച്യാർഥത്തിലും മറ്റുചിലത് അല്ലഗോറിക്കൽ ആയുമാണ് ഗ്രഹിക്കേണ്ടത് (ഏശാ.1,11; 5,1;). വിദൂരഭാവിയിൽ സംഭവിക്കാനിരിക്കുന്ന വിശിഷ്ടസംഗതികൾ പ്രവാചകനയനങ്ങൾ കൊണ്ട് ഏശായാ ദർശിച്ചു. നിദ്രയിലോ, ശാരീരിക നയനങ്ങൾ കൊണ്ടോ അല്ല അവൻ ദർശിച്ചത്. പിന്നെയോ, ദൈവാത്മാവ് അവന്റെ മേൽ പ്രകാശിച്ചപ്പോൾ അവൻ ദർശിച്ചു. ഏശായാ മഹനീയരീതിയിൽ ദൈവപുത്രനെപ്പറ്റി പ്രസംഗിക്കുകയായിരുന്നു. അക്കാരണത്താൽ അവൻ സുവിശേഷകനുമാണ്.

''കാളയും കഴുതയും'' വിജാതിയരെ കുറിക്കുന്നതായി സഭാചരിത്രകാരനും കേസറിയാ മെത്രാനുമായ എവുസേബിയസ് കരുതുന്നു. വിഗ്രഹാരാധകരായും നിയമരഹിതരായും വ്യാപരിച്ച വിജാതിയർ, വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളേക്കാൾ മോശമായി ജീവിച്ച ജനതതി, തിരിച്ചറിയും; എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ മനസ്സിലാക്കുകയില്ല, തിരിച്ചറിയുകയുമില്ല. മനുഷ്യനായി അവതരിച്ച ദൈവപുത്രനെ ലോകജനതകൾ സ്വീകരിക്കും; എന്നാൽ ഇസ്രായേലിൽ ഭൂരിഭാഗവും തിരസ്കരിക്കും എന്നാണ് ഇതിനർഥം എന്ന് എവുസേബിയസ് പറയുന്നു. ഇസ്രായേൽക്കാർ അബ്രഹാമിൽ നിന്നുള്ള ശാരീരിക പിൻതുടർച്ചയിൽ അഭിമാനിക്കുന്നു. എന്നാൽ അവർ ക്രിസ്തുവിനെ തിരസ്കരിച്ചു. ഈ തിരസ്കരണത്തിനാണ് ദൈവം ഏശായായിലൂടെ അവരെ കുറ്റപ്പെടുത്തുന്നത്.

"മക്കൾ" എന്നത് തെരഞ്ഞെടുക്കപ്പെട്ട ജനത്തെ കുറിക്കുന്നു. അവരെ ദൈവം "ആദ്യജാതരായി" അംഗീകരിച്ചു:"ഇസ്രായേൽ എന്റെ ആദ്യജാതനാണ്'' (പുറ.4,22). അതിനർഥം വിജാതിയർ രണ്ടാം ജാതരാണെന്നത്രേ. അതുകൊണ്ട് ഇസ്രായേൽക്കാർക്ക് അഹങ്കരിക്കാൻ ഒന്നുമില്ല. ദൈവത്തിന്റെ തെരഞ്ഞെടുപ്പുവഴി വിജാതിയരും ദൈവത്തിന്റെ സ്വന്തജനമായി. എന്നു മാത്രമല്ല, പലപ്പോഴും ആദ്യജാതരല്ല അനുഗ്രഹത്തിന് അവകാശികളായത്. കായേൻ, ഇഷ്മായേൽ, ഏശാവ്, റൂബെൻ എന്നിവർ ആദ്യജാതർ ആയിരുന്നെങ്കിലും, അനുഗ്രഹം അവർക്കല്ല ലഭിച്ചത് (ഉൽപ്പ.4,1;16,15;27;29,32). അവർക്കു പകരം ഹാബേലും ഇസഹാക്കും യാക്കോബും യൂദായുമാണ് അനുഗ്രഹിക്കപ്പെട്ടത്. യഹൂദർ ആദ്യം വിളിക്കപ്പെട്ടെങ്കിലും

1. J.J.Armstrong (tr.), Eusebius of Caesarea, Commentary on Isaiah, p.1-3; T.P.Scheck (tr.), St. Jerome, Commentary on Isaiah, p.73-76.

വിജാതിയരാണ് ക്രിസ്തുവിന്റെ കൃപയ്ക്ക് അവകാശികളായത്. അവർ ദൈവമക്കളെന്ന് വിളിക്കപ്പെട്ടു.

"കാളയും കഴുതയും സ്വതന്ത്രമായി സഞ്ചരിക്കാൻ അനുവദിച്ചു കൊണ്ട് അരുവിക്കരയിൽ വിതയ്ക്കുന്ന നീ ഭാഗ്യവാൻ" എന്ന വാചകം (ഏശാ.32,20) ഉദ്ധരിച്ചുകൊണ്ട് വി. ജറോം ഒരു വ്യാഖ്യാനം നൽകുന്നു .പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും തിരുവചനങ്ങൾ കൊണ്ട് വിതയ്ക്കുകയും "കൊല്ലുന്ന അക്ഷരത്തിന്റെ' ജലത്തിന്മേൽ (2കൊറി.3,6) ചവിട്ടി നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ; ജീവദായക നായ ആത്മാവിന്റെ ഫലം അവൻ കൊയ്തെടുക്കും. അതായത്, രണ്ടു നിയമങ്ങളും ഉപയോഗിച്ച് ആത്മീയാർഥം തേടുന്നവന് ആത്മാവിന്റെ ഫലം സമൃദ്ധമായി ലഭിക്കും. കാള ഇസ്രായേലിനെ സൂചിപ്പിക്കുന്നു. അവർ നിയമത്തിന്റെ നുകം വഹിക്കുന്നു. പാപഭാരമാകുന്ന ചുമട് വഹിക്കുന്ന വിജാതിയരെ കഴുത സൂചിപ്പിക്കുന്നു. അവരോടാണ് നമ്മുടെ കർത്താവ് പറഞ്ഞത്, "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്ന വരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം" (മത്താ. 11,28).

മറ്റൊരർഥം: പുൽക്കൂട്ടിൽ പിറന്ന ദൈവപുത്രന് കാളയും കഴുതയും ആരാധന അപ്പിച്ചു. ഇടയന്മാർ യഹൂദരുടെ പ്രതിനിധി കളായി കാളയെ സൂചിപ്പിക്കുന്നു; വിദ്വാന്മാർ വിജാതിയരുടെ പ്രതിനിധികളായി കഴുതയെ സൂചിപ്പിക്കുന്നു. പുൽക്കൂട്ടിൽ ഇപ്രകാരം കാളയും കഴുതയും സന്നിഹിതരായി. ഫരിസേയരും നിയമജ്ഞരും മറ്റും വിശ്വസിച്ചില്ലെങ്കിലും, യഹൂദരിൽ ഒരു വിഭാഗം യേശുവിനെ രക്ഷകനായി അംഗീകരിച്ചു. ഒരു പ്രാവശ്യം 3000 പേരും മറ്റൊരവസരം 5000 പേരും വിശ്വസിച്ചു (നടപടി,2,41;4,4). അതുപോലെ ഈ ലോക ത്തിലെ വിജ്ഞാനികൾ യേശുവിനെ സ്വീകരിച്ചില്ലെങ്കിലും (1കൊറി. 1,18-20), ലോകം മുഴുവനിലും നിന്ന് അനേകർ അവനെ ഹൃദയത്തിൽ സ്വീകരിച്ച് രക്ഷകനായി അംഗീകരിച്ചു. ദൈവത്തിന്റെ സഭയായ സ്വർഗീയ ജറുസലേമിൽ ഇപ്പോൾ കാളയ്ക്കും കഴുതയ്ക്കും ഒരുപോലെ സ്ഥാനമുണ്ട്. ദൈവപുത്രൻ മൂലം രണ്ടുകൂട്ടരും - യൂദരും വിജാതിയരും - സ്വന്തജനമായിത്തീർന്നു.

യേശു ഓശാനദിവസം കഴുതപ്പുറത്തു കയറി ജറുസലേമിലേക്ക് യാത്ര ചെയ്ത സംഭവം സൂചിപ്പിക്കുന്നത്, രക്ഷിക്കപ്പെട്ട വിജാതിയ





രുടെ മേലാണ് അവിടുന്ന് യാത്ര ചെയ്യുന്നത് എന്നാണ്. ദൈവാലയ ത്തിൽ നിന്ന് കാളകളെ പുറത്താക്കിയതായി നാം വായിക്കുന്നു (യോഹ.2,14). കാലത്തിന്റെ പൂർണത വരെ യഹൂദരെ അവിടുന്ന് പുറത്തു നിർത്തി എന്നാണിതിനർഥം. "കാളയെയും കഴുതയെയും ഒന്നിച്ചുപൂട്ടി ഉഴരുത്"എന്ന് നിയമാവർത്തനത്തിൽ ഒരു കൽപ്പനയുണ്ട് (22,10). അതായത്, യഹൂദാനുഷ്ഠാനങ്ങളും കർതൃപ്രബോധനങ്ങളും കൂട്ടിക്കലർത്തരുത് എന്നർഥം. ചുരുക്കത്തിൽ, "കാളയും കഴുതയും" പ്രതീകങ്ങളാണ്. അന്ത്യോന്മുഖാർഥത്തിൽ ഏശായായുടെ പ്രവചനം മിശിഹാ കർത്താവിൽ എത്തിനിൽക്കുന്നു. ഏശായായുടെ വാക്കുകൾ ഉപയോഗിച്ചാണ് കർത്താവ് തന്റെ ദൗത്യം അവതരിപ്പിച്ചത്. സുവിശേഷരൂപീകരണത്തിന് ഏശായായുടെ പ്രവചനം സുപ്രധാന പങ്കു വഹിച്ചു.[1]

# 24

## ഇസ്രായേലിന്റ പരിശുദ്ധൻ (ഏശാ1,4-9)

ഈ പ്രവചനഭാഗം പഴയ ഇസ്രായേലിനെ കുറ്റപ്പെടുത്തുന്നു. തന്റെ സ്വന്തം ജനമായി ദൈവം തെരഞ്ഞെടുത്ത് അനുഗ്രഹിച്ച "മക്കളെ," "തിന്മ നിറഞ്ഞ രാജ്യം, ദുഷ്ടതയുടെ ഭാരം വഹിക്കുന്ന ജനം, ദുഷ്ടസന്തതി, ദുർമാർഗികളായ മക്കൾ" എന്നൊക്കെയാണ് വിളിക്കുന്നത്. അതിന് കാരണം കൂടി പ്രവാചകൻ നൽകുന്നു: "അവർ കർത്താവിനെ പരിത്യജിച്ചു. ഇസ്രായേലിന്റെ പരിശുദ്ധനെ നിന്ദിച്ചു. അവർ അവനിൽ നിന്ന് മുഖം തിരിച്ചുകളഞ്ഞു" പഴയ ഇസ്രായേൽ ക്കാർക്ക് യാഹേയാണ് ഇസ്രായേലിന്റെ പരിശുദ്ധൻ. 'ഇസ്രായേലിന്റെ പരിശുദ്ധൻ' *(Qadosh Yisra'el)* എന്ന പ്രയോഗം പഴയനിയമത്തിൽ 45 പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ട്.[2]

വളരെ വിദൂരഭാവിയിൽ സംഭവിക്കാനിരുന്നതിന്റെ പ്രവചന

2. 2രാജാ. 19,22; സങ്കീ.71,22;78,41;89,18; ജറമി.50,29;51,5 എന്നിവിടങ്ങളിലും ശേഷിച്ചവയെല്ലാം ഏശായായിലുമാണ്: ഏശാ.1,4;5,19.24;10,20;12,6;17,7;29,19;30,11 12.15;31,1;37, 23; 41,14.16.20; 43,3.14;45,11;47,4;48,17;49,7;54,5;55,5;60,14.

മാണ് ഏശാ.1,4-9 ലേത്. ഇസ്രായേലിന്റെ പരിശുദ്ധനായ ദൈവപുത്രൻ തന്റെ സ്വന്തജനത്തിന്റെ പക്കലേക്ക് വന്നപ്പോൾ, അവർ അവനെ നിന്ദിക്കുകയും പരിഹസിക്കുകയും ദുഷിക്കുകയും പ്രകോപിപ്പിക്കുകയും അവനിൽ നിന്ന് മുഖം തിരിക്കുകയും ചെയ്തു. ഇതാണ് പ്രവാചകൻ കണ്ട ദർശനം. "സീസർ അല്ലാതെ ഞങ്ങൾക്ക് രാജാവില്ല" എന്ന് അവർ അട്ടഹസിച്ചു (യോഹ.19,15). "ഇവൻ ആശാരിയുടെ മകനല്ലേ?" (മർക്കോ..13,55), അവന് പിശാചുണ്ട്, അവൻ സമറിയാക്കാരനാണ്" (യോഹ.8,48) എന്നു തുടങ്ങി നിന്ദ്യവചനങ്ങൾ അവന്റെമേൽ അവർ കോരിച്ചൊരിഞ്ഞു. 'അവനെ ക്രൂശിക്കുക"എന്ന് അവർ ആർത്തുവിളിച്ചു. തങ്ങളുടെ ഇടയിൽ വസിച്ച യേശുവിനെ അനേകർ തിരിച്ചറിഞ്ഞില്ല. തങ്ങളുടെ പക്കലേക്കു വന്ന വൈദ്യനെ അവർ കുരിശിൽ തറച്ചുകൊന്നു. ശാരീരികവും ആത്മീകവുമായ സർവരോഗങ്ങളും സൗഖ്യമാക്കുന്നവനെ ഇല്ലായ്മ ചെയ്യാൻ അവർ ഒരുമ്പെട്ടു. ഈ ദൈവത്തെ തള്ളിപ്പറഞ്ഞതാണ് അവരുടെ പാപം. അവർ അവനിൽ നിന്ന് തീർത്തും അകന്നുപോയി.

തുടർന്ന്, അതിനുള്ള ശിക്ഷാവിധിയെപ്പറ്റിയും ഏശായാ പ്രവചിക്കുന്നു (1,5-9). അടിമുടി, കനത്ത പ്രഹരമേറ്റതായി പ്രവാചകൻ കാണുന്നു. എന്നാൽ ഇത് അവരെ നശിപ്പിക്കാനല്ല, ശിക്ഷണവിധേയരാക്കാൻ വേണ്ടിയായിരുന്നു. നമ്മുടെ കർത്താവിന്റെ മഹത്വപൂർണമായ പെസഹാ രഹസ്യാനന്തരം, കർതൃവചനം പോലെ, റോമാക്കാർ വന്ന് യഹൂദരെ പരാജയപ്പെടുത്തി ലോകത്തിന്റെ നാനാഭാഗത്തേക്കും ചിതറിച്ചു കളഞ്ഞു. ടൈറ്റസ്, വെസ്പാസ്യൻ, എന്നിവരിൽ തുടങ്ങി ഹഡ്രിയാനിൽ യഹൂദരുടെ സർവനാശം പൂർത്തീകരിക്കപ്പെട്ടു. ക്രി.വ. 135-ഓടുകൂടി ജറുസലേമിലും സമീപപ്രദേശങ്ങളിലും നിന്ന് യഹൂദരെല്ലാം ഓടിക്കപ്പെട്ടു. ജറുസലേം ദൈവാലയം തകർക്കപ്പെട്ടു. ജറുസലേം വിജനമായി.

അവർക്ക് പ്രവാചകനും രാജാവും പുരോഹിതനും പുരോഹിതകർമങ്ങളും ഇല്ലാതായി. രണ്ടാം ലോകമഹായുദ്ധം വരെ ഈ നില തുടർന്നു. ''സൈന്യങ്ങളുടെ കർത്താവ്' അവശേഷിപ്പിച്ചവർ ഇസ്രായേൽ രാജ്യം പുനഃസ്ഥാപിച്ച് ഭരണം തുടങ്ങി. ഇന്ന് അവർക്ക് രാജ്യമുണ്ട്, എന്നാൽ പുരോഹിതനും പ്രവാചകനും ദൈവാലയവുമില്ല, ദൈവാലയാനുഷ്ഠാനങ്ങളുമില്ല. കാരണം, മോശയുടെ നിയമാനുസൃത ബലികൾ അപ്രസക്തമായി. ഇനിയും അത്തരം ബലികൾക്കുള്ള





സംവിധാനങ്ങളോ, പുരോഹിതരോ, ആലയമോ ആവശ്യമില്ല. തൽസ്ഥാനത്ത് എന്നേക്കുമുള്ള ഏകബലി അർപ്പിച്ച മഹാപുരോഹിതനുണ്ട്. ലോകം മുഴുവൻ അവന്റെ ദൈവാലയമാണ്. പുതിയ ഇസ്രായേലിൽ ഉള്ളവരെല്ലാം രാജകീയ പൗരോഹിത്യമുള്ള വിശുദ്ധ പ്രവാചകജനമാണ്. അവർ ഇസ്രായേലിന്റെ പരിശുദ്ധനായ മിശിഹായെ സ്വീകരിച്ചംഗീകരിച്ച് ഏറ്റുപറയുന്നവരാണ്.

ക്രി.വ. 135 മുതൽ 1948 വരെ ബഹുവിധ പീഡനങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരായ യഹൂദജനതയെ കഠിന ശിക്ഷയ്ക്കു ശേഷം-രണ്ടാം ലോകമഹായുദ്ധത്തിലെ കൂട്ടക്കൊലയ്ക്കു ശേഷം-കർത്താവ് സ്വന്ത നാട്ടിൽ എത്തിച്ചു. "ഇസ്രായേലിന്റെ പരിശുദ്ധനെ" അറിയാൻ ദൈവം അവർക്ക് വഴിയൊരുക്കുകയാണ്. "പുറജാതികളുടെ പൂർണത" പ്രവേശിക്കുവോളം അവർ അന്ധകാരത്തിൽ തപ്പിത്തടയും. അവരുടെ മേൽ ഇട്ടിരിക്കുന്ന മൂടുപടം ദൈവം നീക്കുമ്പോൾ, അവർ രക്ഷകനായ മിശിഹായെ തിരിച്ചറിഞ്ഞ്, അവനെ സ്വീകരിക്കും. അങ്ങനെ ഇസ്രായേൽക്കാരും അല്ലാത്തവരും യോജിച്ച് ഒറ്റ സഭയായി കർത്താവിന് സ്തോത്രഗീതം ആലപിക്കും.[3]

# 25

# അർത്ഥശൂന്യമായ ബലികൾ (ഏശാ1,10-15)

ആന്തരിക ചൈതന്യമില്ലാതെ, വെറും ബാഹ്യാനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമായ ബലികളിൽ ദൈവം പ്രസാദിക്കുന്നില്ലെന്ന് ഏശായാ ചൂണ്ടിക്കാട്ടുന്നു. കാരണം,''രക്തപങ്കിലമായ കരങ്ങൾ" ഉയർത്തി പ്രാർഥിച്ചാൽ പ്രയോജനമില്ലെന്നു സാരം. മിശിഹായെ സ്വീകരിക്കാതെ, കൊലപാതകം നടത്തുന്നവർക്കെതിരെയാണ് പ്രവാചകന്റെ സിംഹഗർജനം. "അവനെ ക്രൂശിക്കുക" എന്ന് അക്രോശിച്ച ജറുസലേം

3. J. J. Armstrong(tr.), Eusebius of Caesarea, Commentary on Isaiah, p. 2-5; T.P.Scheck (tr.), St. Jerome, Commentary on Isaiah, p.76 -81.

നിവാസികളെയും നിയമജ്ഞരെയും ഫരിസേയരെയും "സോദോമിന്റെ അധിപതകളേ, ഗോമോറാ വാസികളേ,' എന്ന് പ്രവാചകൻ വിളിക്കുന്നു: ''അവർ തങ്ങളുടെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും കർത്താവി നോട് മത്സരിച്ച് അവിടുത്തെ മഹത്വപൂർണമായ സാന്നിധ്യത്തെ വെല്ലുവിളിച്ചു" (ഏശാ.3,9). "ദൈവം മോശയോട് സംസാരിച്ചു എന്ന് ഞങ്ങൾക്കറിയാം. എന്നാൽ ഈ മനുഷ്യൻ എവിടെ നിന്നാണെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ" (യോഹ. 9,29) എന്ന് അവർ രക്ഷകനെതിരെ ധാർഷ്ഠ്യത്തോടെ സംസാരിച്ചു. അതുപോലെ, "ഞങ്ങൾ അബ്രഹാ മിന്റെ സന്തതികളാണ്. ഞങ്ങൾ ഒരിക്കലും ആരുടെയും അടിമകളായി രുന്നിട്ടില്ല" (യോഹ. 8,33) എന്ന് ധിക്കാരപൂർവം പറഞ്ഞു. അതിനു നമ്മുടെ കർത്താവ് നൽകിയ മറുപടി, "നിങ്ങൾ അബ്രഹാമിന്റെ മക്കളാണെങ്കിൽ, അബ്രഹാമിന്റെ പ്രവൃത്തികൾ ചെയ്യുമായിരുന്നു. നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ളവരാണ്. നിങ്ങളുടെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നു" (യോഹ.8,39.44).

ദൈവം ആഗ്രഹിക്കുന്നത് കൃതജ്ഞതാബലിയാണെന്ന് സങ്കീർത്തനം ഓർമിപ്പിക്കുന്നു: "കൃതജ്ഞത ആയിരിക്കട്ടെ നീ ദൈവത്തിന് അർപ്പിക്കുന്ന ബലി" (സങ്കീ. 50,9-13). പഴയനിയമബലികളെയും അനുഷ്ഠാനങ്ങളെയും ചടങ്ങുകളെയും അവിടുന്ന് തള്ളിക്കളഞ്ഞു. ദൈവാലയത്തിൽ നിന്ന് കാളകളെയും ആടുകളെയും പുറത്താക്കിയതിലൂടെ അവിടുന്ന് പഴയതിന് അന്ത്യം കുറിച്ചു. ദൈവാലയ തിരശ്ശീല കീറിയതിലൂടെ, അതിലെ ദൈവികസാന്നിധ്യം പുറപ്പെട്ടു പോയി ലോകം മുഴുവൻ വ്യാപിച്ചു എന്ന് വ്യക്തമാക്കി. സുവിശേഷത്തിനുള്ള അനുസരണവും വിധേയത്വവുമാണ് പഴയനിയമാനുഷ്ഠാന ബലികളെക്കാളും ആചരണങ്ങളെക്കാളും ശ്രേഷ്ഠമെന്ന് ഇത് പഠിപ്പിക്കുന്നു (ഏശാ.1,10-18).

മൃഗബലികൾ കൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാൻ സാധ്യമല്ലെന്ന് ഏശായാ വ്യക്തമാക്കുന്നു. അതായത്, ദൈവകല്പനകൾ അനുസരിക്കാതെ, കുറേ നേർച്ചകാഴ്ചകളോ, കാണിക്കകളോ, ചില പ്രാർഥനകളോ കൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് കരുതുന്നത് മൗഢ്യമാണ്. കൈക്കൂലി വാങ്ങിയും മദ്യംവിറ്റും കട്ടും മോഷ്ടിച്ചും കൊള്ളയടിച്ചും പിടിച്ചുപറിച്ചും കുത്തിക്കവർന്നും സമ്പാദിച്ചവയുടെ ദശാംശം കൊടുത്തതുകൊണ്ട് ദൈവപ്രീതി ലഭിക്കില്ലെന്നു സാരം. നീതി പ്രവർത്തിച്ചെങ്കിലേ, ദൈവം കണ്ണു തുറക്കുകയുള്ളു(മാലാ, 1,13).





മൃഗബലികൾ ദൈവം ആവശ്യപ്പെട്ടതല്ല. എന്നാൽ അവ വിഗ്രഹങ്ങൾക്ക് അർപ്പിക്കാതിരിക്കാൻ വേണ്ടിയും ജഡികബലികളിൽ നിന്ന് ആത്മീയ ബലിയിലേക്ക് കടക്കുന്നതിനുള്ള ബാലപാഠമായും പ്രതീകമായും മുൻകുറിയായും നിഴലായും മൃഗബലികൾ താൽക്കാലികമായി ദൈവം അനുവദിച്ചു എന്നു മാത്രം (റോമ.12,1-2; 1പത്രോ. 2,5). കാരണം, നിയമം ആത്മീയമാണ് (റോമ. 7,14).യഹൂദർ ശാരീരികമായി ചെയ്തുകൊണ്ടിരുന്നവയെല്ലാം ആത്മീയതയിലാണ് പൂർത്തീകരിക്കപ്പെടുന്നത്.

"ഇവകൊണ്ട് എന്റെ അങ്കണത്തിൽ കാലുകുത്താൻ നിങ്ങളോട് ആരു പറഞ്ഞു?" (ഏശാ.1,12). റോമൻ ആക്രമണത്തിനുശേഷം (135 ഏ.ഡി), ഇന്നുവരെ അവിടെ കാലുകുത്താൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഏഴാം നൂറ്റാണ്ടു മുതൽ ജറുസലേം ദൈവാലയത്തിന്റെ സ്ഥാനത്ത് ഓമാറിന്റെ മോസ്ക്കാണ്. അവിടെ ക്രിസ്തീയ ദൈവാലയം നിർമിക്കാൻ ക്രിസ്ത്യാനികൾ മുതിർന്നില്ല.

ആത്മീയബലി അർപ്പിക്കാത്ത (1പത്രോ.2,5) സഭായോഗങ്ങളൊക്കെ ദൈവത്തിന് മ്ലേച്ഛമാണ് (ഏശാ.1,13). അങ്ങനെയുള്ള പ്രാർഥനകളും ഗാനങ്ങളും എത്ര മനോഹരമായാലും ദൈവം സ്വീകരിക്കയില്ല, അവയ്ക്ക് മറുപടി ലഭിക്കയുമില്ല: "നുറുങ്ങിയ മനസ്സാണ് ദൈവത്തിന് സ്വീകാര്യമായ ബലി; നുറുങ്ങിയ ഹൃദയത്തെ ദൈവം നിരസിക്കയില്ല" (സങ്കീ. 51,17).

നമ്മുടെ കർത്താവിനോട് അന്യായം പ്രവർത്തിക്കുകയും അതിനു മുമ്പ് പ്രവാചകന്മാരെ കൊല്ലുകയും ചെയ്ത പഴയ ഇസ്രായേലിന്റെ കരങ്ങൾ രക്തപങ്കിലമാണ്. അത് കഴുകിക്കളയാൻ പ്രവാചകൻ ആഹ്വാനം ചെയ്യുന്നു (ഏശാ.1,16; മത്താ.23,32). അതായത്, വീണ്ടും ജനനത്തിന്റെ സ്നാനത്തിലൂടെ മാത്രം ലഭിക്കുന്ന പാപമോചനം പ്രാപിക്കണമെന്നു സാരം (തീത്താസ്, 3,5). അർഥശൂന്യമായ മൃഗബലികൾക്കെതിരെ ആമോസും ശബ്ദമുയർത്തുന്നു (6,1-7).

സ്നാനജലത്താൽ കഴുകി ശുദ്ധീകരിക്കപ്പെടുകയും പാപങ്ങൾ മായ്ക്കപ്പെടുകയും ചെയ്യുന്നവർ, സമസ്ത ദുഷ്കർമങ്ങളിൽ നിന്നും പിന്തിരിഞ്ഞ് ഇസ്രായേലിന്റെ പരിശുദ്ധന്റെ മുമ്പാകെ നീതിനിഷ്ടയോടെ വ്യാപരിക്കാൻ പ്രവാചകൻ ആഹ്വാനം ചെയ്യുന്നു. തിന്മകളും അകൃത്യങ്ങളും നീക്കിയാൽ മാത്രം പോരാ, നന്മ പ്രവർത്തിക്കാൻ

അഭ്യസിക്കുകയും വേണം: "നീതി അന്വേഷിക്കുവിൻ. മർദനം അവസാനിപ്പിക്കുവിൻ. അനാഥരോട് നീതി ചെയ്യുവിൻ. വിധവകൾക്കു വേണ്ടി വാദിക്കുവിൻ' (ഏശാ. 1,16-17). അപ്പോൾ ദൈവവുമായി രമ്യതപ്പെടാനാകും. എത്ര കഠിന പാപമായാലും മായിക്കപ്പെടും: "നിങ്ങളുടെ പാപങ്ങൾ കടും ചെമപ്പാണെങ്കിലും, അവ വെണ്മയുള്ളതായിത്തീരും. അവ രക്തവർണമാണെങ്കിലും കമ്പിളി പോലെ വെളുക്കും' (ഏശാ. 1,18). ഈ ആശയം തന്നെ ആമോസും ഹോശിയായും ജറമിയായും മറ്റ് പ്രവാചകന്മാരും അവതരിപ്പിക്കുന്നു. "ദൈവത്തിൻ പക്കലേക്ക് തിരിച്ചുവരിക" എന്ന ഒറ്റ ആഹ്വാനം മാത്രമാണ് ദൈവം നടത്തുന്നത്. അതിന്റെ അനന്തരഫലം  ഐശ്വര്യമായിരിക്കും.

എബ്രായലേഖന കർത്താവും ഇതുതന്നെ പറയുന്നു. "അർപ്പകന്റെ അന്തഃകരണത്തെ വിശുദ്ധീകരിക്കാൻ കഴിവില്ലാത്ത കാഴ്ചകളും ബലികളുമാണ്"അന്ന് അർപ്പിച്ചിരുന്നത്. അവയ്ക്ക് ശാരീരിക നിയമങ്ങളോടു മാത്രമേ ബന്ധമുണ്ടായിരുന്നുള്ളൂ"(9.9-10). പഴയനിയമ സംഗതികൾ "സ്വർഗീയകാര്യങ്ങളുടെ, അതായത്, പുതിയനിയമ സഭയിലെ സംഗതികളുടെ, "സാദൃശ്യം" മാത്രമായിരുന്നു (9,22). ഭാവിയിൽ സഭയിൽ വർഷിക്കപ്പെടാനിരുന്ന നന്മകളുടെ നിഴൽ മാത്രമായിരുന്നു മോശയുടെ നിയമം. "അവയുടെ തനിരൂപമല്ല. അവയിൽ സംബന്ധിക്കുന്നവരെ പൂർണരാക്കാൻ അവയ്ക്ക് ഒരിക്കലും കഴിഞ്ഞിരുന്നില്ല. കാരണം, കാളകളുടെയും കോലാടുകളുടെയും രക്തത്തിന് പാപങ്ങൾ നീക്കിക്കളയാൻ സാധിക്കുകയില്ല" (10,1-4).

"ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. ദഹനബലികളിലും പാപപരിഹാരബലികളിലും അവിടുന്ന് സംപ്രീതനായില്ല ...നിയമപ്രകാരം അർപ്പിക്കപ്പെട്ടിരുന്ന ബലികളും കാഴ്ചകളും ദഹനബലികളും പാപപരിഹാരബലികളും അവിടുന്ന് ആഗ്രഹിക്കുകയോ, ഇഷ്ടപ്പെടുകയോ ചെയ്തില്ല. പിന്നെയോ, അവിടുത്തെ തിരുഹിതം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു" (എബ്രാ. 10,5-10). പഴയനിയമ ബലികൾ പാപങ്ങളകറ്റാൻ പര്യാപ്തമായിരുന്നില്ല. എന്നാൽ തന്റെ ഏകബലിയർപ്പണത്തിലൂടെ മിശിഹാ നമ്മെ വിശുദ്ധീകരിച്ച് പരിപൂർണരാക്കിയിരിക്കുന്നു. - ഏശായായെയും ആധാരമാക്കിയാണ് എബ്രായലേഖന കർത്താവ് ഈ ഭാഗം രചിച്ചത്.[1]

1. J. J. Armstrong (tr.), *Eusebius of Caesarea, Commentary on Isaiah,* p. 5-6; T.P.Scheck (tr.), *St. Jerome, Commentary on Isaiah*, p.81 -84.



# 26
## വിശ്വസ്ത നഗരം (ഏശാ 1,21-31)

വിശ്വസ്തനഗരം എന്ന് ദാവീദിന്റെ പട്ടണമായ സീയോനെപ്പറ്റി (ജറുസലേമിനെപ്പറ്റി) ആണ് പറഞ്ഞുകൊണ്ടിരുന്നത്. പ്രവാചകന് അത് മാറ്റി പറയേണ്ടിവന്നു:"വിശ്വസ്തനഗരം വേശ്യയായി തീർന്നതെങ്ങനെ?..ഇന്ന് അവളിൽ കൊലപാതകികളാണ് വസിക്കുന്നത്" (ഏശാ.1,21). ദാവീദിന്റെ കാലത്ത് നീതിയും ന്യായവും നടമാടി. എന്നാൽ പിൽക്കാലത്ത് അത്  അവിശ്വസ്ത ആയിത്തീർന്നു. തന്റെ പക്കലേക്ക് ദൈവം അയച്ച പ്രവാചകന്മാരെ കൊന്നു. അവസാനം ദൈവപുത്രനെത്തന്നെ ക്രൂശിലേറ്റി. ആ കാഴ്ച കണ്ടാണ് ഏശായാ ഇപ്രകാരം പറഞ്ഞത്. മൃഗബലികളിൽ നിന്ന് സ്തുതിയുടെ ബലികളിലേക്ക് സാവധാനത്തിലുള്ള മാറ്റത്തിന് ആരംഭം കുറിച്ചത് ദാവീദാണ്. ദാവീദ് ഗായകസംഘത്തെ ഏർപ്പെടുത്തി ദൈവത്തിന് സ്തുതിഗീതങ്ങൾ ആലപിച്ചു (ദിന.25,1; 26,1).

കർതൃനാളുകളിൽ സീയോൻ കൊലപാതകികളുടെ കൂടാരമായി മാറി (നട.7,52;1തെസ്സ. 2,15). ദൈവം വസിച്ചിരുന്നിടം കവർച്ചക്കാരുടെ ഇടമായി. നമ്മുടെ കർത്താവ് അതിനെ നിശ്ശിതമായി വിമർശിച്ചു. ഇത് ഓരോ മനുഷ്യാത്മാവിനെ കുറിച്ചും പറയാം. ദൈവനീതി വസിച്ചിരുന്നിടം പാപാവസ്ഥയിൽ ആകുമ്പോൾ, മനുഷ്യാത്മാക്കളെ കൊല്ലുന്ന ദുഷ്ടപിശാചുക്കളുടെ ആലയമാകുന്നു. അവ അവിടെ കടന്നുകൂടി ആത്മാവിനെ മലിനമാക്കുന്നു, അത് വേശ്യയായിത്തീരുന്നു.

"നിന്റെ വെള്ളി കിട്ടമായി മാറിയിരിക്കുന്നു. നിന്റെ വീഞ്ഞിൽ വെള്ളം കലർന്നിരിക്കുന്നു" (ഏശാ.1,22). അവരുടെ തിരുലിഖിത

സംബന്ധമായ പ്രബോധനങ്ങളെയാണ് വെള്ളിയെന്നു വിളിക്കുന്നത് (സങ്കീ.12,6). ഫരിസേയർ തങ്ങളുടെ ദുർവ്യാഖ്യാനങ്ങൾ കൊണ്ട് സത്യവചനത്തെ കിട്ടമാക്കി; നല്ല വീഞ്ഞിൽ വെള്ളം ചേർത്തു (മത്താ.15,3-9). അവർ കർതൃകൽപ്പനകൾ അവഗണിച്ചിട്ട്, മാനുഷിക നിയമങ്ങൾ പിൻചെന്നു. ജനത്തെ മെച്ചപ്പെടുത്താനുള്ള ഉപദേശം നൽകാതെ, കേൾവിക്ക് ഹിതകരമാംവിധം ദൈവവചനം വളച്ചൊടി ക്കുന്നവർ തങ്ങളുടെ വ്യാഖ്യാനങ്ങൾ വഴി നല്ല വീഞ്ഞിൽ വെള്ളം ചേർക്കുന്നവരാണ്.

അതാണ് ഫരിസേയർ ചെയ്തത്. അതിനെയാണ് ഏശായാ പ്രവചനമായി കുറ്റപ്പെടുത്തുന്നത്. പാഷണ്ഡികളും വിവിധ സെക്ടു കാരും വീഞ്ഞിൽ വെള്ളം ചേർക്കുന്നവരാണ്. അവർ ദൈവജനത്തെ നല്ലവീഞ്ഞ് കുടിപ്പിക്കുകയില്ല. അവർ ദുഷ്ടത നിറഞ്ഞ വ്യാപാരിക ളാണ്. സുവിശേഷം അവർക്ക് കച്ചവടച്ചരക്കാണ്. നമ്മുടെ കർത്താവ് വെള്ളത്തിൽ നിന്ന് വീഞ്ഞുണ്ടാക്കുമ്പോൾ, ഇത്തരക്കാർ വീഞ്ഞിനെ വെള്ളമാക്കുന്നു (യോഹ.2,1-11).

തുടർന്ന് നേതാക്കന്മാരെപ്പറ്റി പറയുന്നു. അവർ കള്ളന്മാരുടെ സഖികളാണ്. ഫരിസേയരും നിയമജ്ഞരും നമ്മുടെ കർത്താവിനെ വിട്ടിട്ട്, സാത്താന്റെ പക്ഷം ചേർന്ന്, വഞ്ചകനായ യൂദാസിന്റെ കൂട്ടാളികളായി (യോഹ.12,6). തുടർന്ന് നേതാക്കന്മാരുടെ അഴിമതിയെ പ്പറ്റി സംസാരിക്കുന്നു: "സകലരും കോഴ കൊതിക്കുന്നു. സമ്മാനത്തി ന്റെ പിന്നാലെ പായുന്നു. അവർ അനാഥരുടെ പക്ഷത്ത് നിൽക്കു ന്നില്ല. വിധവകളുടെ അവകാശം സംരക്ഷിക്കുന്നില്ല" (ഏശാ.1,23). ആ നേതാക്കന്മാരെല്ലാം അവരുടെ സ്ഥാനക്രമം അനുസരിച്ച് ശിക്ഷിക്ക പ്പെടും (ലൂ.12,48). "ചൂളയിൽ എന്നപോലെ ഉരുക്കി നിന്നെ ശുദ്ധി ചെയ്യും" (ഏശാ.1,25).

"നവസീയോൻ" പുതിയനിയമ സഭയെ കുറിക്കുന്നു. "ന്യായാ ധിപന്മാരും ഉപദേശകരും" എന്നത് വിദൂരഭാവിയിൽ ശ്ലീഹന്മാരെയും അവരുടെ പിൻഗാമികളെയും സഭാമക്കളെയും കുറിച്ചാണ്. യൂദരും വിജാതിയരും ഉൾപ്പെട്ട സഭയെപ്പറ്റിയാണ് "വിശ്വസ്തനഗരം" എന്ന് പറയപ്പെട്ടിരിക്കുന്നത് (ഏശാ.1,26). സീയോനിലുള്ള ഒരു കൂട്ടം വീണ്ടെടുക്കപ്പെടും (1,27). എന്നാൽ മറുതലിച്ചു നിൽക്കുന്നവർ ഉണങ്ങിയ അത്തിവൃക്ഷം പോലെ വാടിക്കരിഞ്ഞ്, ഇല കൊഴിഞ്ഞ്, ഫലശൂന്യരായി നിൽക്കും (മത്താ. 21,19).[1]

1. J.J.Armstrong (tr.), *Eusebius of Caesarea, Commentary on Isaiah,* p. 7-10; T.P.Scheck (tr.), *St.Jerome, Commentary on Isaiah*, p.86-91.



# 27

## കർത്താവിന്റെ പ്രകാശം (ഏശാ 2,1-4)

ഏശായാ ഒന്നാം അധ്യായത്തിൽ മുഖ്യമായി പഴയ ഇസ്രായേ ലിനെതിരെയുള്ള പ്രവചനമായിരുന്നു. രണ്ടാം അധ്യായത്തിൽ വിജാതിയരുടെ വിളിയെപ്പറ്റി പ്രവചിക്കുന്നു. മിശിഹോന്മുഖമാണ് ഈ ഭാഗം. വിജാതിയർ വിഗ്രഹങ്ങളെ വിട്ട് ദൈവത്തിൻ പക്കലേക്ക് തിരിയുന്നതിനെ പറ്റിയാണ് പ്രവചനം. പുതിയ "നിയമത്തെയും വചനത്തെയും" പറ്റി പറഞ്ഞിട്ട്, പുതിയ "പർവതത്തെയും ദൈവഭവന ത്തെയും" പറ്റി സംസാരിക്കുന്നു. വിജാതിയർ തങ്ങളുടെ പൂർവ പിതാക്കന്മാരുടെ ദേവവിഗ്രഹങ്ങൾ ഉപേക്ഷിച്ചിട്ട്, "യാക്കോബിന്റെ ദൈവത്തെ" അറിയും. സകല ജനങ്ങളോടും സമാധാനസുവിശേഷം പ്രഘോഷിക്കപ്പെടും. ലോകത്തുടനീളം സമാധാനം കൈവരും, യുദ്ധങ്ങൾ അവസാനിക്കും. മനുഷ്യർ സമാധാനത്തിൽ ജീവിക്കും. വിദൂരഭാവിയിൽ സംഭവിക്കാനിരിക്കുന്ന പ്രവചനമാണിത്. "യൂദാ യെയും ജറുസലേമിനെയും" കുറിച്ചാണ് പ്രവചനം എന്നു പറയുന്നെ ങ്കിലും, ഇത് നിഗൂഢാർഥത്തിൽ സഭയെ കുറിച്ചാണ്. "യാക്കോബിന്റെ ഭവനമേ, വരുക. നമുക്ക് കർത്താവിന്റെ പ്രകാശത്തിൽ വ്യാപരിക്കാം" എന്ന് വിജാതിയ സഭയാണ് പറയുന്നത് (ഏശാ.2,5).

യാക്കോബിന്റെ ഭവനത്തിൽ പിറന്ന മിശിഹായാണ് "ഉന്നത പർവതവും ദൈവഭവനവും". അവൻ സീയോനിൽ നിന്ന് പുതിയ "നിയമവും വചനവും" പ്രഘോഷിക്കുന്നു. "എല്ലാ ജനതകളും അതിലേ ക്കൊഴുകും" (ഏശാ.2,2). ലോകമാസകലമുള്ള വിജാതിയരുടെ മാനസ്സാ ന്തരവും രക്ഷയും വീണ്ടെടുപ്പുമാണ് വിഷയം: "വരുവിൻ, നമുക്ക് കർത്താവിന്റെ ഗിരിയിലേക്ക്, യാക്കോബിന്റെ ദൈവത്തിന്റെ

ഭവനത്തിലേക്ക് പോകാം" (2,3). യാക്കോബിന്റെ ദൈവം, ലോകജനതകളുടെയെല്ലാം ദൈവമായി അംഗീകരിക്കപ്പെടുന്നു. അത് പുതിയനിയമസഭയിൽ നടക്കുന്നു. ലോകജനത പുതിയ ഇസ്രായേലിലേക്ക് ഓടിക്കൂടുന്നു. അവർ സീയോൻ മലയിലേക്ക് നോക്കി പ്രകാശിതരാകുന്നു.

സീയോനിൽ നിന്ന് ലോകജനതയ്ക്കുള്ള നിയമം പുറപ്പെടുന്നു; അവന്റെ വചനം ജറുസേലേമിൽ നിന്നും. അവൻ ലോകജനതയെ തന്റെ മാർഗങ്ങൾ പഠിപ്പിക്കും. ജനതതികൾ ആ പാതയിലൂടെ ചരിക്കും. അവിടുത്തെ സത്യസുവിശേഷം ജനതതികൾ ശിരസ്സാവഹിക്കും. ജനതകളെല്ലാം അവനെ സേവിക്കും. "എന്നോട് ചോദിച്ചുകൊള്ളുക. ഞാൻ നിനക്ക് ജനതകളെ അവകാശമാക്കിത്തരും. ഭൂമിയുടെ അതിരുകൾ നിനക്ക് അധീനമാകും" (സങ്കീ. 2,8). "തർഷീഷിലെയും ദ്വീപുകളിലെയും രാജാക്കന്മാർ അവനു കപ്പം കൊടുക്കട്ടെ. ഷേബായിലെയും സേബായിലെയും രാജാക്കന്മാർ അവന് കാഴ്ചകൾ കൊണ്ടുവരട്ടെ. എല്ലാ രാജാക്കന്മാരും അവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കട്ടെ. എല്ലാ ജനതകളും അവനെ സേവിക്കട്ടെ" (സങ്കീ.72,10-11) എന്ന പ്രവചനങ്ങൾ ഇതിലേക്ക് വിരൽ ചൂണ്ടുന്നു.

സെഫനിയായും ഇതുതന്നെ പറയുന്നു: "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കാനും ഏകമനസ്സോടെ അവിടുത്തേക്ക് ശുശ്രൂഷ ചെയ്യാനും വേണ്ടി, അന്ന് ഞാൻ അവരുടെ അധരങ്ങളെ ശുദ്ധീകരിക്കും. എത്യോപ്യയിലെ നദികൾക്കപ്പുറത്തുനിന്ന് അവർ നിനക്ക് കാഴ്ചകൾ കൊണ്ടുവരും" (3,9-10).

"അവൻ ജനതകളുടെ മധ്യത്തിൽ വിധികർത്താവായിരിക്കും " (ഏശാ.2,4). രണ്ടാം സങ്കീർത്തനത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ ഭാഗം. സുവിശേഷ പ്രഘോഷണത്തിന് ഒരുക്കമായി റോമൻ സാമ്രാജ്യത്തിൽ നിലനിന്ന സമാധാനത്തെ പറ്റിയാണ് തുടർന്നുള്ള ഭാഗമെന്ന് പിതാക്കന്മാർ കരുതുന്നു (2,4-5). ലോകം മുഴുവൻ സുവിശേഷം പ്രഘോഷിക്കാൻ ദൈവം ഒരുക്കിയ ലോകസമാധാനത്തെ ഇത് സൂചിപ്പിക്കുന്നു.

ഇങ്ങനെ ലോകം മുഴുവൻ വ്യാപിച്ച വിജാതിയരുടെ സഭ യാക്കോബിന്റെ ഭവനത്തോട് പറയുന്നു:"കർത്താവിന്റെ പ്രകാശത്തിൽ വ്യാപരിക്കാം" (2,5). ഇരുട്ടിൽ കഴിഞ്ഞവരെ കർത്താവിന്റെ പ്രകാശം പ്രകാശിപ്പിച്ചു. എന്നാൽ ദൈവികവെളിച്ചം ലഭിച്ച പഴയ ഇസ്രായേൽ





രക്ഷകനെ തിരസ്കരിച്ചതുവഴി ഇരുട്ടിലായി: "മനുഷ്യർ പ്രകാശത്തേക്കൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു". അവരെ മാടി വിളിച്ചുകൊണ്ട് സഭ പറയുന്നു, "വരുവിൻ". തങ്ങൾ കുത്തിത്തുളച്ചവനെ നോക്കാൻ, സഭ അവരെ ആഹ്വാനം ചെയ്യുന്നു. ഈ സംഗതികൾ ഇതേ രീതിയിൽ മീക്കാ പ്രവാചകൻ അവതരിപ്പിക്കുന്നു (4,1-5).[1]

# 28

## കർത്താവിന്റെ ദിവസം (ഏശാ 2,12-22)

"കർത്താവിന് ഒരു ദിനമുണ്ട്. അഹന്തയും ഉന്നത ഭാവവുമുള്ള എല്ലാറ്റിനും എതിരായ ദിനം" (ഏശാ.2,12). "രാജ്യം ആഭിജാരകന്മാരെ കൊണ്ട് നിറഞ്ഞിരിക്കുന്നു" (2,6). മന്ത്രവാദികളെയും ലക്ഷണം പറയുന്നവരെയും എല്ലാത്തരം ദുർവ്യാഖ്യാനങ്ങൾ നൽകുന്നവരെയും കൊണ്ട് നാട് നിറഞ്ഞിരിക്കുന്നു. അവർ വ്യഭിചാരത്തിലും ദുർവൃത്തിയിലും ഏർപ്പെടുന്നു. അവർക്ക് സമ്പദ്സമൃദ്ധി ഉണ്ടായപ്പോൾ, അവർ തങ്ങളുടെ ആശ്രയം കുതിരകളിലും രഥങ്ങളിലും മേൽത്തരം ആയുധങ്ങളിലും അർപ്പിച്ചു. അതോടൊപ്പം ദേശം വിഗ്രഹങ്ങൾ കൊണ്ട് നിറച്ചു. അതുകണ്ട് പ്രവാചകൻ പറയുന്നു: "അവരോട് ക്ഷമിക്കരുതേ" (2,9).

ആത്യന്തികമായി, കർത്താവിനെ വിട്ട് വിഗ്രഹാരാധന നടത്തുകയും അഹങ്കരിക്കുകയും ചെയ്യുന്നവർക്കെതിരെയാണിത്: "മനുഷ്യന്റെ അഹങ്കാരത്തിന് അറുതി വരും, ഗർവിഷ്ഠൻ വിനീതനാക്കപ്പെടും. അന്ന് കർത്താവു മാത്രം ഉയർന്നു നിൽക്കും. വിഗ്രഹങ്ങൾ നിശ്ശേഷം തകർക്കപ്പെടും'' (2,7-18). ''ഭൂമിയെ പ്രകമ്പനം കൊള്ളിക്കാൻ കർത്താവു വരുമ്പോൾ, അവിടുത്തെ ഉജ്ജ്വല പ്രാഭവത്തിന്റെ ഭീതിദായക ദർശനം" അസഹനീയമായിരിക്കും (2,19-20). കർത്താവി

1. J.J.Armstrong(tr.), *Eusebius of Caesarea, Commentary on Isaiah*, p.10 -12; T.P. Scheck (tr.), *St. Jerome, Commentary on Isaiah*, p.92-96.

ന്റെ ഉത്ഥാനത്തിൽ ഇതാണ് സംഭവിച്ചത്. തങ്ങളുടെ സർവസമ്പത്തും വലിച്ചെറിഞ്ഞ് മനുഷ്യർ കർത്താവിന്റെ ദിവസത്തിന്റെ ഉജ്ജ്വല പ്രാഭവത്തിന്റെ മുമ്പിൽ നിന്ന് ഓടിയൊളിക്കാൻ ശ്രമിക്കും.

യേശു വെറും മനുഷ്യനാണെന്ന് യഹൂദർ കരുതി. എന്നാൽ അവൻ ദൈവപുത്രനാണ്. അവനിൽ ആശ്രയം അർപ്പിക്കുവിൻ എന്ന് പ്രവാചകൻ പറയുന്നു: "മനുഷ്യനിൽ ഇനി വിശ്വാസം അർപ്പിക്കരുത്. അവൻ ഒരു ശ്വാസം മാത്രം. അവനെന്തു വിലയുണ്ട്?" (2,22). - ഈ വാചകം ക്രിസ്തോന്മുഖമായ പ്രവചനമായി ഒരിജനും എവുസേബിയസും വിശുദ്ധ ജറോമും മനസ്സിലാക്കുന്നു. ക്രിസ്തു മനുഷ്യനായി കാണപ്പെട്ടെങ്കിലും, അവൻ ദൈവിക മഹനീയതയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. കാണപ്പെടുന്ന മനുഷ്യനിലല്ല, മഹനീയമായി ഉയർത്തപ്പെട്ടവനിലാണ് വിശ്വാസം അർപ്പിക്കേണ്ടത്.

കർത്താവിന്റെ ദിവസത്തെപ്പറ്റി സെഫന്യാവും മറ്റ് പ്രവാചകന്മാരും അനുസ്മരിക്കുന്നു: "കർത്താവിന്റെ ദിവസം ആസന്നമായിരിക്കുന്നു...കർത്താവിന്റെ മഹത്വം അടുത്തിരിക്കുന്നു. അതിവേഗം അത് അടുത്തു വരുന്നു. കർതൃദിനത്തിന്റെ മുഴക്കം അതിഭയങ്കരമാണ്. ശക്തന്മാർ അപ്പോൾ ഉറക്കെ നിലവിളിക്കും" (സെഫ.1,7.14-15). "ഇതാ, കർത്താവിന്റെ ദിനം" എന്ന് സക്കറിയായും പ്രവചിക്കുന്നു (14,1). "ചൂള പോലെ കത്തുന്ന ദിനം ഇതാ, വരുന്നു. അന്ന് അഹങ്കാരികളും ദുഷ്ടന്മാരും വയ്ക്കോൽ പോലെയാകും. ആ ദിനം അവരെ വേരും ശാഖയും അവശേഷിപ്പിക്കാത്തവിധം ദഹിപ്പിച്ചു കളയും" എന്ന് മലാക്കിയും പറയുന്നു (4,1).

അതുകൊണ്ട്, കർതൃസന്നിധിയിലേക്ക് തിരിയാൻ പ്രവാചകന്മാരെല്ലാം തുടരെത്തുടരെ ആഹ്വാനം ചെയ്യുന്നു. കർത്താവ് മാത്രമാണ് ഉന്നതനും മഹനീയനും മഹോന്നതനും വിജയശ്രീലാളിതനും. ഉത്ഥാനം ചെയ്ത ഈ കർത്താവിൽ വിശ്വാസം അർപ്പിക്കുവിൻ,അവന് കീർത്തനം ആലപിക്കുവിൻ, അവന്റെ നാമം പ്രഘോഷിക്കുവിൻ, അവന്റെ പക്കലേക്ക് തിരിയുവിൻ എന്ന് പ്രവാചകൻ വിളിച്ചുപറയുന്നു.[1]

1. J. J. Armstrong (tr.), *Eusebius of Caesarea, Commentary on Isaiah*, p.13-15; T. P. Scheck (tr.), *St. Jerome, Commentary on Isaiah,* p.100-106.



# 29

# കർത്താവിന്റെ സാന്നിധ്യം (ഏശാ 3,8)

വാച്യാർഥത്തിൽ ജറുസലേമിലും യൂദയായിലുമുള്ള മനുഷ്യരുടെ തിന്മയ്ക്കെതിരെയുള്ള പ്രവചനമാണിത്. അന്ത്യോന്മുഖാർഥത്തിൽ നമ്മുടെ കർത്താവുമായി ബന്ധപ്പെടുത്തിയാണ് പിതാക്കന്മാർ ഇതിന് അർഥം പറയുന്നത്. നമ്മുടെ കർത്താവിന്റെ പീഡാനുഭവാനന്തരം, യൂദന്മാരിൽ നിന്ന് പ്രത്യേക പരിപാലനയും ദാനങ്ങളും പരിഗണനയും പിൻവലിക്കപ്പെട്ടു:‘‘നിയമവും പ്രവാചകന്മാരും സ്നാപകയോഹന്നാൻ വരെ ആയിരുന്നു" (മത്താ. 11,13). ഉന്നതത്തിൽ നിന്ന് ഇറങ്ങിവരികയും മറ്റു മനുഷ്യരെപ്പോലെ വ്യാപരിക്കുകയും എന്നാൽ മരണാനന്തരം മഹത്വീകരിക്കപ്പെടുകയും ചെയ്തവനിൽ വിശ്വാസം അർപ്പിക്കാൻ യഹൂദർ കൂട്ടാക്കിയില്ല (ഏശാ. 2,22). "നമുക്ക് നീതിമാനെ ദന്ധിക്കാം. അവൻ നമുക്ക് ശല്യമാണ്" എന്നു പറഞ്ഞ് അവർ ദുരുപദേശം നൽകി ജനക്കൂട്ടത്തെ ഇളക്കിവിട്ടു (വിജ്ഞാനം, 2,12). നീതിമാന്റെ രക്തം ചിന്തി. അതുകൊണ്ട്, അവർ തങ്ങളുടെമേൽ തിന്മ വരുത്തിവച്ചു (ഏശാ.3,8). "കർത്താവ് യൂദായിൽ നിന്ന് എല്ലാ താങ്ങും തുണയും അപ്പവും വെള്ളവും എടുത്തുമാറ്റി' (ഏശാ.3,1).

ഇതിന് ആന്തരികാർഥമുണ്ട്. യഹൂദർക്ക് അപ്പമുണ്ട്.എന്നാൽ അത് ബലം നൽകുന്നില്ല. അവർക്ക് വെള്ളമുണ്ട്, എന്നാൽ അതിന് ശക്തിയില്ല. അവർക്ക് തിരുലിഖിതമുണ്ട്, എന്നാൽ അത് എന്താണെന്ന് അവർ മനസ്സിലാക്കുന്നില്ല. അവർ തുകൽ ചുരുളുകൾ സൂക്ഷിക്കുന്നു, എന്നാൽ അവർക്ക് മിശിഹായെ നഷ്ടപ്പെട്ടു. തുകൽ ചുരുളുകളിൽ അവനെ പറ്റിയാണ് എഴുതിയിരിക്കുന്നതെന്ന് അവർ ഗ്രഹിച്ചില്ല. അവർ ശിശുക്കളെപ്പോലെ പാൽ കുടിക്കുന്നു, കട്ടിയുള്ള ഭക്ഷണം കഴിക്കു

ന്നില്ല (1കൊറി. 3,2; എബ്രാ.5,12-14). അതായത്, തിരുലിഖിതത്തിന്റെ ആന്തരികാർഥത്തിലേക്ക് കടക്കാതെ, വെറും വാചികമായി മാത്രം അവർ ഗ്രഹിക്കുന്നു. പഴയനിയമം മിശിഹായെ പറ്റിയുള്ള പ്രവചനമാണെന്ന് വിവേചിച്ചറിയാൻ അവർക്ക് കഴിഞ്ഞില്ല.

"അപ്പവും വെള്ളവും" ഇല്ലാത്ത അവസ്ഥയെപ്പറ്റി ആമോസും സംസാരിക്കുന്നു: "ഞാൻ ദേശത്ത് ക്ഷാമം അയക്കുന്ന നാളുകൾ വരുന്നു. ഭക്ഷണക്ഷാമമോ, ദാഹജലത്തിനുള്ള വറുതിയോ അല്ല, കർത്താവിന്റെ വചനം ലഭിക്കാത്തതു കൊണ്ടുള്ള ക്ഷാമമായിരിക്കും അത്...അവർ അലഞ്ഞു നടക്കും. കർതൃവചനം തേടി അവർ ഉഴലുമെങ്കിലും കണ്ടെത്തുകയില്ല' (ആമോസ്,8,11).

അവരുടെ തിന്മ എന്താണെന്ന് ഏശായാ വ്യക്തമാക്കുന്നു: "അവർ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും കർത്താവിനോട് മത്സരിച്ച്, അവിടുത്തെ മഹത്വപൂർണമായ സാന്നിധ്യത്തെ വെല്ലുവിളിച്ചു". അങ്ങനെ, "ജറുസലേമിന്റെ കാലിടറി. യൂദാ നിപതിച്ചു...അവർക്കു ദുരിതം" (ഏശാ.3,8-9). തദ്ഫലമായി എല്ലാത്തരം പീഡനങ്ങൾക്കും അവർ വിധേയരാകുന്നത് പ്രവാചകൻ കാണുന്നു. റോമൻ സൈന്യത്തിന്റെ ആക്രമണത്തിൽ അത് യാഥാർഥ്യമായി.

ജനത്തെ വഴിതെറ്റിച്ചത് നേതാക്കന്മാരാണ്. ജറുസലേം നിവാസികളെ കർത്താവിനെതിരെ ഇളക്കി വിട്ടത് ദൈവാലയാധിപന്മാരായ പുരോഹിതന്മാരാണ്:"എന്റെ ജനമേ, നിങ്ങളുടെ നേതാക്കന്മാർ നിങ്ങളെ വഴിതെറ്റിക്കുന്നു. എങ്ങോട്ട് തിരിയണമെന്ന് നിങ്ങൾ അറിയുന്നില്ല" (ഏശാ. 3,12). അതുപോലെ, ഈ നേതാക്കന്മാർ കർത്താവിന്റെ മുന്തിരിത്തോട്ടം നശിപ്പിച്ചു. പാവപ്പെട്ടവരെ കൊള്ളയടിച്ചു. അവർ ജനത്തെ ഞെരുക്കി. പാവപ്പെട്ടവന്റെ തല ചതച്ചു. കർത്താവ് ചോദിക്കുന്നു: "എന്റെ ജനത്തെ ഞെരുക്കാനും പാവപ്പെട്ടവരുടെ തല ചതയ്ക്കാനും നിങ്ങൾക്കെന്തു കാര്യം?" (ഏശാ. 2,10). ഇവിടെയെല്ലാം ദൈവം ജനത്തെ കുറിച്ച്, "എന്റെ ജനം"എന്നാണ് പറയുന്നത്. അതുകൊണ്ട്, ജനത്തെയും ജനനേതാക്കന്മാരെയും പ്രവാചകൻ കുറ്റപ്പെടുത്തുന്നു. അവർക്കു ലഭിക്കാൻ പോകുന്ന കഠിനശിക്ഷ അവരെ ഓർമിപ്പിക്കുന്നു. അവർ ഗ്രഹിക്കാൻ കൂട്ടാക്കാത്തതിനാൽ, അവൻ പറയുന്നു: "ദുഷ്ടനു ദുരിതം. അവന്റെ മേൽ തിന്മ വരുന്നു" (ഏശാ.3,11).

സഭാസമ്പത്തുകൊണ്ട് ധൂർത്തടിച്ച അക്കാലത്തെ സഭാ





നേതാക്കർക്കെതിരെയും വി.ജറോം വിരൽ ചൂണ്ടുന്നു. പാവപ്പെട്ടവരെ പ്രതി ലഭിച്ച സമ്പാദ്യം, സ്വന്തമെന്നവണ്ണം നിരുത്തരവാദപരമായി കൈകാര്യം ചെയ്ത സഭാനേതാക്കന്മാരെ പറ്റിയാണ് വിമർശനം.

സ്ത്രീകൾക്കെതിരെയും ഏശായാ പരാമർശിക്കുന്നു (3,16-4,1). ഇത് മനുഷ്യാത്മാക്കളെ പറ്റിയാണെന്ന് ചിലർ കരുതുന്നു. സഭയിലെ സ്ത്രീകളെ പറ്റിയും ഈ ഭാഗം വ്യാഖ്യാനിക്കുന്നുണ്ട്. അധികാര സ്ഥാനത്ത് എത്തുന്നവരുടെ ധിക്കാരവും സ്നേഹരഹിത വാക്കുകളും പ്രവൃത്തികളും ധനത്തോടുള്ള ആർത്തിയും സഭാധികാരികളോടുള്ള വിധേയത്വരാഹിത്യവും പാവപ്പെട്ടവരോടുള്ള അവഗണനയും ഇതിൽ അടങ്ങിയിരിക്കുന്നതായി അന്നത്തെ സ്ത്രീകളെപ്പറ്റി പരാമർശമുണ്ട്. റോമാക്കാർ ജറുസലേം പിടിച്ചെടുത്തപ്പോൾ സംഭവിച്ചവയാണ് ഏശായാ വിവരിക്കുന്നത് (3,16-26). സൈന്യം കടന്നുവന്ന് സർവനാശം വരുത്തിയതാണ് അവിടെ വിവരിച്ചിരിക്കുന്നത്.

കർത്താവിന്റെ മഹനീയസാന്നിധ്യത്തെ അവർ നിന്ദിച്ചു. അവനെ കർത്താവായി അംഗീകരിക്കാൻ അവർ കൂട്ടാക്കിയില്ല. കർത്താവിനു പകരം അവർ യൂദാസിനെയും ബറബാസിനെയും കൂട്ടുപിടിച്ചു. കർത്താവിനെ അവർ പീഡിപ്പിച്ച് കുരിശിൽ തറച്ചുകൊന്നു. അതിനുള്ള ഭീകരശിക്ഷകളാണ് ഈ അധ്യായത്തിൽ ഏശായാ പ്രവചിച്ചിരിക്കുന്നത് എന്നാണ് പുരാതനസഭയിലെ എഴുത്തുകാർ കരുതുന്നത്.[1]

1. J.J.Armstrong (tr.), *Eusebius of Caesarea, Commentary on Isaiah*, p.17; T.P.Scheck (tr.), *St.Jerome, Commentary on Isaiah*, p.116-117.

# 30

# കർത്താവിന്റെ ശാഖ (ഏശാ 4,2)

"അന്ന് കർത്താവിന്റെ ശാഖ മനോഹരവും മഹനീയവും ആയിരിക്കും. ഭൂമിയിലെ ഫലങ്ങൾ ഇസ്രായേലിൽ അവശേഷിക്കുന്നവരുടെ അഭിമാനവും മഹത്വവും ആയിരിക്കും. സീയോനിൽ അവശേഷിക്കുന്ന ജറുസലേം നിവാസികൾ, ജീവിക്കാനുള്ളവരുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നവർ, വിശുദ്ധർ എന്നു വിളിക്കപ്പെടും" (ഏശാ. 4,2). യുദ്ധം മൂലം യഹൂദർക്ക് സർവനാശം സംഭവിച്ചു കഴിയുമ്പോൾ, ക്രിസ്തീയനാമം മുളപൊട്ടി വളരും. "ശാഖ" എന്നത് മിശിഹായുടെ നാമവും ക്രിസ്തീയ നാമവുമായി പരിഗണിക്കാം. അത് കർത്താവ് വളർത്തുന്നതാണ്. "ഭൂമിയിലെ ഫലങ്ങൾ" എന്നത് ക്രിസ്തീയ നാമധാരികളെ സൂചിപ്പിക്കുന്നു. "സീയോനിൽ അവശേഷിക്കുന്നവർ" എന്നത്, ശ്ലീഹന്മാരെയും അവരിലൂടെ ശാഖയെ വിശ്വസിക്കുന്നവരെയും കുറിക്കുന്നു. ശാഖയുടെ നാമം ഇസ്രായേലിന്റെ അഭിമാനവും മഹത്വവുമായിരിക്കും. "ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടവർ" (ലൂ.10,20) വിശുദ്ധർ എന്നു വിളിക്കപ്പെടും. ആദിമക്രൈസ്തവരെ വിശുദ്ധർ എന്നാണ് വി. പൗലോസ് ശ്ലീഹാ വിളിച്ചിരിക്കുന്നത്. "സീയോൻ പർവതത്തിനു മുകളിൽ" (4,5) നിരന്തരം കർതൃസാന്നിധ്യം ഉണ്ടായിരിക്കും. "പകൽ മേഘം ഉണ്ടായിരിക്കും" (4,5) എന്നത് സഭയുടെ മുകളിലുള്ള ദൈവ സാന്നിധ്യത്തെ സൂചിപ്പിക്കുന്നു. "കർതൃമഹത്വം എല്ലാറ്റിനും മുകളിൽ ഒരു വിതാനവും കൂടാരവുമായി നിലകൊള്ളും" (4,6).

അവിശ്വസ്തയായ ഇസ്രായേൽ ശിക്ഷയിലൂടെ പവിത്രീകരിക്കപ്പെട്ടു കഴിയുമ്പോൾ ലഭിക്കുന്ന സമാശ്വാസമാണ് ഇവിടെ വിവക്ഷ. അത് സഭയിലൂടെ നൽകപ്പെടുന്നു. ഏശായായ്ക്ക് മുമ്പേ ആമോസ് ഇതേ രീതിയിൽ പ്രവചിച്ചിരുന്നു (3,12;5,15;9,8-10). ഏശായായിൽ 4,2-3





കൂടാതെ ഈ ആശയം പലയിടത്തും കാണാം (6,13;7,3;10,19-21; 28,5-6; 37,4.31-32). മീക്കായിലും (4,7;5,2), സെഫനിയായിലും (2,7.9;3,12), ജറമിയായിലും (3,14; 5,18) ഈ ആശയം കാണാം.

നാടു കടത്തപ്പെട്ടവരെയും നാനാ ഭാഗങ്ങളിലേക്കും ചിതറിക്കപ്പെട്ടവരെയും ദൈവം ഒരിക്കൽ ഒരുമിച്ചുകൂട്ടും. അവർ ശാഖ വഴി രക്ഷിക്കപ്പെടും. പവിത്രീകരിക്കപ്പെട്ട ഇസ്രായേലിന്റെ സത്യശാഖയായി മിശിഹാ തെളിയിക്കപ്പെടും (ഏശാ.11,1.10;4,2; ജറ.28,3-6). ഇസ്രായേലിലെ അവശിഷ്ടം ഈ വിപ്രവാസത്തെയും പീഡകളെയും അതിജീവിക്കും. എന്നാൽ ഇസ്രായേലിന്റെ പീഡകർ അവശേഷിക്കയില്ല. "കൊടുങ്കാറ്റിലും മഴയിലും"കർതൃമഹത്വം "അഭയമായിരിക്കും" (4,6). "യാക്കോബിന്റെ സന്തതികളിൽ അവശേഷിക്കുന്ന ഒരു ഭാഗം ഇസ്രായേലിന്റെ പരിശുദ്ധനായ കർത്താവിൽ തീർച്ചയായും ശരണം വയ്ക്കും; അവർ ശക്തനായ ദൈവത്തിലേക്ക് തിരിയും. എന്നാൽ ഒരു ഭാഗം മാത്രമേ തിരിയുകയുള്ളു" (10,20-22). "അന്ന് സൈന്യങ്ങളുടെ കർത്താവ് മഹത്വത്തിന്റെ മകുടമായിരിക്കും. അവൻ സൗന്ദര്യത്തിന്റെ കിരീടമായിരിക്കും"(28,5). രക്ഷയുടെ പാതയിലേക്ക് നടന്നടുക്കാനാണ്, "കർത്താവിന്റെ ശാഖയെ തിരിച്ചറിഞ്ഞ് സ്വന്തമാക്കാനാണ്," ദൈവം തന്റെ ജനത്തെ കൂട്ടിച്ചേർത്തു കൊണ്ടിരിക്കുന്നത്.

ഈ ശാഖയെപ്പറ്റി ജറമിയാ ഇപ്രകാരം പറയുന്നു: "ഇതാ, ഞാൻ ദാവീദിന്റെ വംശത്തിൽ നീതിയുടെ ശാഖ മുളപ്പിക്കുന്ന സമയം വരുന്നു. .. അവൻ രാജാവായി വാഴുകയും ബുദ്ധിപൂർവം ഭരിക്കുകയും ചെയ്യും. അവൻ നാട്ടിൽ ന്യായവും നീതിയും നടപ്പാക്കും. അവന്റെ നാളുകളിൽ യൂദാ രക്ഷിക്കപ്പെടും. ഇസ്രായേൽ സുരക്ഷിതമായിരിക്കും. കർത്താവാണ് ഞങ്ങളുടെ നീതി എന്ന പേരിലായിരിക്കും അവർ അറിയപ്പെടുക" (ജറ.23,5-6). ഇവിടെ കർത്താവിന്റെ ശാഖയെ "നീതിയുടെ ശാഖ" എന്നു വിളിക്കുന്നു. ഇത് സ്പഷ്ടമായി നമ്മുടെ കർത്താവിനെപ്പറ്റിയാണ്. വീണ്ടും, "ആ നാളുകളിൽ ദാവീദിന്റെ ഭവനത്തിൽ നിന്ന് നീതിമാനായ ഒരു മുളയെ ഞാൻ കിളിർപ്പിക്കും. അവൻ ദേശത്ത് നീതിയും ന്യായവും നടത്തും" (ജറ.33,15). സക്കറിയാ പറയുന്നു: "എന്റെ ദാസനായ ശാഖയെ ഞാൻ കൊണ്ടുവരും...ഒറ്റ ദിവസം കൊണ്ട് ഞാൻ ഈ ദേശത്തിന്റെ പാപം തുടച്ചുമാറ്റും" (സക്ക. 3,8-9). വീണ്ടും, "ഇതാ, ശാഖ എന്ന നാമം വഹിക്കുന്നവൻ. അവൻ തന്റെ സ്ഥാനത്ത് വളരുകയും കർത്താവിന്റെ ആലയം പണിയുകയും ചെയ്യും" (സക്ക. 6,12).[1]

1. J.J.Armstrong (tr.), *Eusebius of Caesarea, Commentary on Isaiah*, p.19-20; T.P.Scheck (tr.), *St. Jerome, Commentary on Isaiah,* p.125-127.

# 31
# കർത്താവിന്റെ മുന്തിരിത്തോപ്പ്
## (ഏശാ 5,1-7)

ഏശായാ പ്രവാചകൻ, ഇസ്രായേൽ എന്ന മുന്തിരിത്തോപ്പിനെപ്പറ്റി ഒരു ശോകഗാനം ആലപിക്കുന്നു. ദൈവത്തിനേറ്റവും പ്രിയങ്കരമായ മുന്തിരിത്തോപ്പ് നല്ല ഫലം നൽകാതെ കാട്ടുമുന്തിരിങ്ങാ നൽകിയതിൽ മനംനൊന്ത് പാടുന്നതാണിത് (5,1-2). വളരെ ഫലപുഷ്ടിയുള്ള കുന്നിൽ ദൈവം വിശിഷ്ടമായ മുന്തിരിവള്ളി നട്ടുപിടിപ്പിച്ചു. വാക്യം മൂന്നു മുതൽ ആറു വരെ കർത്താവു തന്നെ സംസാരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. അതിനെപ്പറ്റി "എന്റെ മുന്തിരിത്തോട്ടം" എന്നാണ് കർത്താവ് പറയുന്നത്. കാട്ടുമുന്തിരിങ്ങാ കായ്ച്ചതിനാൽ "ഞാനതിനെ നാശത്തിന് വിട്ടുകൊടുക്കും; ഞാനതിനെ ശൂന്യമാക്കും" എന്നും കർത്താവ് പറയുന്നു (5,5-6). അവസാനം പ്രവാചകൻ ഇതും കൂട്ടിച്ചേർക്കുന്നു: "കർത്താവിന്റെ മുന്തിരിത്തോട്ടം ഇസ്രായേൽ ഭവനമാണ്, യൂദാജനമാണ് അവിടുന്ന് ആനന്ദം കൊള്ളുന്ന കൃഷി" (5,7). അവിടുന്ന് നീതിയുടെ ഫലം പ്രതീക്ഷിച്ചു; എന്നാൽ നീതിനിഷേധവും രക്തച്ചൊരിച്ചിലുമാണ് ഉണ്ടായത്" (5,7). ഇതാണ് ശോകഗാനം.

ഹോശിയാ പ്രവാചകൻ ഇസ്രായേലിനെപ്പറ്റി പറയുന്നത്, "സമൃദ്ധമായി ഫലം നൽകിയിരുന്ന ഒരു മുന്തിരിച്ചെടി ആയിരുന്നു ഇസ്രായേൽ" എന്നാണ് (10,1). നല്ല ഫലം കായ്ച്ചിരുന്ന കാലമുണ്ടായിരുന്നു എന്നർഥം. എന്നാൽ വിഗ്രഹാരാധനയിലൂടെ ചീത്തഫലം കായ്ച്ചതിനെ പറ്റിയാണ് ഹോശിയാ വ്യാകുലപ്പെടുന്നത് (10,1-4). ഇതു തന്നെയാണ് ഏശായാ പറയുന്നത്.

"തെരഞ്ഞെടുക്കപ്പെട്ട വിശിഷ്ട മുന്തിരിച്ചെടി ആയിട്ടാണ് ഞാൻ നിന്നെ നട്ടത്. പിന്നെ നീ എങ്ങനെ ദുഷിച്ച് കാട്ടുമുന്തിരി ആയിത്തീ





ർന്നു?" എന്ന് ജറമിയാ ചോദിക്കുന്നു (2,21). "അവർ എന്നെ തീർത്തും വഞ്ചിച്ചിരിക്കുന്നു. അതിനാൽ അവരുടെ മുന്തിരത്തോട്ടത്തിൽ കടന്നു നാശം ചെയ്യുവാൻ" വിനാശകനോട് കർത്താവ് പറയുന്നു (5,10). വീണ്ടും, "മുന്തിരിച്ചെടിയിൽ പഴമില്ല; അത്തിവൃക്ഷത്തിൽ കായ്കളുമില്ല...അതിനാൽ ഞാൻ അവരുടെ നേരേ വിനാശകനെ അയക്കും" (8,13). മുന്തിരത്തോപ്പിനെ ഇപ്രകാരമാക്കിയത് ജനനേതാക്കന്മാരാണെന്ന് ജറമിയാ പറയുന്നു: "അനേകം ഇടയന്മാർ കൂടി എന്റെ മുന്തിരിത്തോട്ടം നശിപ്പിച്ചിരിക്കുന്നു. എന്റെ ഓഹരി അവർ ചവിട്ടിമെതിച്ചു... അവർ അതിനെ ശൂന്യമാക്കി" (12,10).

കരിഞ്ഞുപോയ മുന്തിരിത്തണ്ടിനെപ്പറ്റി എസക്കിയേലും വിലപിക്കുന്നു. ഇസ്രായേൽ അവിശ്വസ്തമായി പെരുമാറിയതിനാൽ താൻ അവരെ കൈവെടിയുമെന്ന് കർത്താവ് പറയുന്നു: "ഞാൻ അവർക്കെതിരെ മുഖം തിരിക്കും" (15,1-8). ജലാശയത്തിനരികെ നട്ടിരുന്ന മുന്തിരിച്ചെടിയായി എസക്കിയേൽ ഇസ്രായേലിനെ ഉപമിക്കുന്നു. എന്നാൽ അവിശ്വസ്ത ആയിത്തീർന്നതിനാൽ അത് അഗ്നിക്കിരയായി എന്നും പ്രവാചകൻ വിലപിക്കുന്നു (17,3-10;19,10-14).

ദൈവം ഈജിപ്തിൽ നിന്ന് ഒരു മുന്തിരിവള്ളി കൊണ്ടുവന്ന് കനാൻ നാട്ടിൽ നട്ടുപിടിപ്പിച്ചു. അതിനെ ദൈവം തന്നെ തകർത്തു എന്ന് സങ്കീർത്തകൻ പറയുന്നു (80,8-18). ന്യായപ്രമാണമാകുന്ന വേലി കെട്ടി. അതിനു മധ്യത്തിൽ ദൈവാലയമാകുന്ന ചക്കു കുഴിച്ചിട്ടു. പ്രവാചകന്മാരായ നേതാക്കന്മാരെ നിയമിച്ചു. എന്നാൽ ജനം പുറം തിരിയുകയും പ്രവാചകന്മാരെ കൊല്ലുകയും വിഗ്രഹാരാധകരായി മാറുകയും ചെയ്തു. അങ്ങനെ അവർ ദൈവത്തോട് അവിശ്വസ്തത കാട്ടി. സാമുഹ്യനീതി അവർ പാടേ വിസ്മരിച്ചു. ഇതാണ് അവർ പുറപ്പെടുവിച്ച കാട്ടുമുന്തിരിങ്ങാ.

ഇതുതന്നെയാണ് നമ്മുടെ കർത്താവ് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയിലൂടെ വ്യക്തമാക്കിയത് (മത്താ. 21,33-44). ഇത് തങ്ങളെ പറ്റിയാണെന്ന് പ്രധാന പുരോഹിതന്മാരും ഫരിസേയരും മനസ്സിലാക്കിയെന്ന് വിശുദ്ധ മത്തായി സുവിശേഷകൻ പറയുന്നു (21,45). അവർ തങ്ങളുടെ മുൻഗാമികളേക്കാൾ കയ്പ്പ് കൂടിയ മുന്തിരിങ്ങാ പുറപ്പെടുവിച്ചു. മുന്തിരിത്തോപ്പിന്റെ ഉടമസ്ഥനായ മിശിഹായെ തന്നെ അവർ പിടിച്ച് ക്രൂശിൽ തറച്ച് കൊന്നുകളഞ്ഞു (മത്താ.21,38-39).

നമ്മുടെ കർത്താവ് തന്നെത്തന്നെ സത്യമുന്തിരിച്ചെടിയായി അവതരിപ്പിക്കുന്നു: "ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എന്റെ പിതാവ് കൃഷിക്കാരനുമാണ്...ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആരെന്നിലും ഞാൻ അവനിലും വസിക്കുന്നുവോ, അവൻ ഏറെ ഫലം പുറപ്പെടുവിക്കും" (യോഹ.15,1-5). കർത്താവ് തന്നെത്തന്നെ മുന്തിരിവള്ളിയായി അവതരിപ്പിക്കുന്നു. പഴയനിയമ മുന്തിരിവള്ളി പോലെയല്ല താനെന്ന് "സാക്ഷാൽ" എന്ന വാക്കു കൊണ്ട് അവിടുന്ന് അർഥമാക്കുന്നു. യേശു മുന്തിരിച്ചെടിയായി മാറുന്നു. ഈജിപ്തിൽ നിന്നു കൊണ്ടുവന്ന മുന്തിരിച്ചെടിയുടെ സ്ഥാനത്ത്, പുത്രൻ എന്ന സാക്ഷാൽ മുന്തിരിച്ചെടിയെ ദൈവം നട്ടു പിടിപ്പിച്ചു. അത് വളർന്ന് ലോകം മുഴുവൻ നിറയാൻ ദൈവം ആഗ്രഹിക്കുന്നു. അവന്റെ ശിഷ്യർ അവനുമായി ഒട്ടിക്കപ്പെട്ട ശാഖകളാണ്. നാം അവനിൽ വസിച്ച് സമൃദ്ധമായി ഫലം പുറപ്പെടുവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

നാം പുറപ്പെടുവിക്കേണ്ട ഫലം സ്നേഹമാണെങ്കിൽ, നാം കർത്താവിൽ വസിക്കണം. യേശുവാകുന്ന മുന്തിരിച്ചെടിയുടെ കൃഷിക്കാരൻ സ്വർഗസ്ഥപിതാവ് തന്നെയാണ്. ഈ മുന്തിരിത്തോപ്പ് സഭയാണ്. "ഈ മുന്തിരിവള്ളിയെ, അങ്ങയുടെ വലത്തുകൈ നട്ട ഈ മുന്തിരിവള്ളിയെ പരിഗണിക്കണമെ" എന്ന് സങ്കീർത്തകൻ പറയുന്നത് ഈ പുതിയ മുന്തിരിവള്ളിയെപ്പറ്റിയാണ് (സങ്കീ.80,15).

പഴയ ഇസ്രായേലിനെപ്പറ്റി ഏശായാ പറഞ്ഞിരിക്കുന്നത് ഓരോ മനുഷ്യാത്മാവിനെ കുറിച്ചും പറയാം. നന്മയിൽ സൃഷ്ടിക്കപ്പെട്ട ആത്മാവ് തിന്മ പുറപ്പെടുവിച്ചാൽ, ഇസ്രായേലിന്റെ അനുഭവം ഉണ്ടാകും. എന്നാൽ നാം നമ്മുടെ കർത്താവിൽ വസിച്ചാൽ, സമൃദ്ധമായി ഫലം പുറപ്പെടുവിക്കും. "അങ്ങനെ പിതാവ് മഹത്വപ്പെടുകയും ചെയ്യും" (യോഹ.15,8)[1]

1. J.J.Armstrong (tr.), *Eusebius of Caesarea, Commentary on Isaiah*, p.21-23; T.P.Scheck (tr.), *St. Jerome, Commentary on Isaiah*, p. 128 -134.



# 32
## ശാപങ്ങൾ (ഏശാ 5,8-25)

ഏശായാ കുറേ ശാപങ്ങൾ വർഷിക്കുന്നു. അന്നത്തെ ഇസ്രായേലിന്റെ അത്യാർത്തിയാണ് ശാപത്തിന് കാരണം. ഒന്നുകൊണ്ടും മതിവരാത്ത അക്കാലത്തെ മനുഷ്യർക്കെതിരെയാണ് ഏശായായുടെ ഗർജനം. എക്കാലത്തുമുള്ള അത്യാഗ്രഹികൾക്കും അത്യാർത്തി ഉള്ളവർക്കും ദ്രവ്യാഗ്രഹികൾക്കും എതിരായും അന്ത്യോന്മുഖമായി ഈ ഭാഗം വ്യാഖ്യാനിക്കാം. പാർക്കാൻ ആളില്ലാതെ ഭവനങ്ങളും കൃഷി ചെയ്യാതെ വസ്തുക്കളും വാങ്ങിക്കൂട്ടി എല്ലാം സ്വന്തമാക്കുന്നവർക്ക് ദുരിതം. വെറുതെ അടച്ചിടാൻവേണ്ടി മാത്രം ഭവനങ്ങൾ വാങ്ങുകയോ പണിയുകയോ ചെയ്യുക, ഉള്ളവ തന്നെ പൊളിച്ച് വലിയവ പണിയുക, വാങ്ങിക്കൂട്ടി മറ്റുള്ളവരെ ഇല്ലാത്തവരാക്കുക, തങ്ങൾ മാത്രം ഒരു പ്രദേശത്തെ താമസക്കാരാകുക തുടങ്ങിയ സംഗതികൾക്കെതിരെ ഏശായാ ശാപം ഉച്ചരിക്കുന്നു. "വീടോട് വീട് ചേർത്ത്, വയലോട് വയൽ ചേർത്ത്, അതിന്റെ മധ്യത്തിൽ തനിച്ചു താമസിക്കുന്നവർക്ക് ദുരിതം" (ഏശാ.5,8). അതിന്റെ ഫലമോ? "അനേകം മന്ദിരങ്ങൾ നിർജനമാകും. മനോഹരമായ മാളികകൾ വസിക്കാൻ ആളില്ലാതെ ശൂന്യമായി കിടക്കും" (ഏശാ.5,9).

അതുപോലെ, "രാവിലെ മുതൽ ലഹരി പദാർത്ഥങ്ങളുടെ പിന്നാലെ പരക്കം പായുന്നവർക്ക് ദുരിതം" (ഏശാ.5,11). ആഴമായ അർഥത്തിൽ, യുവത്വം മുതൽ വാർധക്യം വരെ വിഷസർപ്പത്തിന്റെ കൊട്ടിയ വിഷമാകുന്ന പാഷണ്ഡത പ്രചരിപ്പിക്കുന്നവർക്ക് എതിരാണിത്[1] മനസ്സിനെ ദുഷിപ്പിക്കുന്നവയെ മദ്യപാനം എന്നു വിളിക്കാം.

1. T.P.Scheck (tr.), *St. Jerome, Commentary on Isaiah*, p. 137.

ഭംഗിവാക്കുകളിലൂടെ അൽപ്പവിശ്വാസികളെ ഇക്കൂട്ടർ വഴി തെറ്റിക്കുന്നു. "വീണയും കിന്നരവും തപ്പും കുഴലും വീര്യമേറിയ വീഞ്ഞും അവരുടെ ഉത്സവങ്ങളിലുണ്ട്."(5,12) എന്നു പറയുന്നതിന്റെ അർഥമിതാണ്. ''എന്നാൽ അവർ കർത്താവിന്റെ പ്രവൃത്തികളെ കുറിച്ച് ചിന്തിക്കുകയോ, അവിടുത്തെ കരവേലകളെ നോക്കുകയോ ചെയ്യു ന്നില്ല" എന്നതാണ് അവരുടെ തെറ്റ് (5,12).

"നുണയുടെ കയറുകൊണ്ട് അകൃത്യത്തെ വലിച്ചിഴയ്ക്കുന്നവന് ദുരിതം. പാപത്തെ കയറുകെട്ടി വലിക്കുന്നവന് ദുരിതം" (5,18). കർതൃ പ്രബോധനമോ, ശിഷ്യരുടെ ഉപദേശങ്ങളോ കേട്ടെങ്കിലും, അത് അനേകർ പ്രയോജനപ്പെടുത്തിയില്ല. അവർ തങ്ങളുടെ അവിശ്വാസ ത്തിലും വഴിപിഴയ്ക്കലിലും നിലനിന്ന്, പാപത്തോട് പാപം കൂട്ടി ച്ചേർത്തു. പഴയനിയമ പ്രവാചകന്മാരുടെ ഭീഷണികളോ, നമ്മുടെ രക്ഷ കന്റെ മുന്നറിയിപ്പുകളോ അവർ ഗൗരവമായി എടുത്തില്ല. അവ കളിവാക്കുകളായി മാത്രം കരുതി. യഹൂദർ തങ്ങളുടെ ദൈവദൂഷണ ത്തിൽ നിലനിന്നു. കൂടാതെ അവരുടെ സിനഗോഗുകളിൽ ദിവസത്തിൽ മൂന്നു പ്രാവശ്യം "നസ്രായർ" എന്ന പേരു പറഞ്ഞ് ക്രിസ്തുനാമത്തെ ശപിക്കുന്നു[2] പ്രവാചകവചനം യാഥാർഥ്യമാകയില്ല എന്ന രീതിയിൽ അവർ പ്രതികരിക്കുന്നു (5,19).

"തിന്മയെ നന്മയായും പ്രകാശത്തെ അന്ധകാരമായും മധുരത്തെ കയ്പ്പായും കയ്പ്പിനെ മധുരമായും കരുതുന്നവന് ദുരിതം" (5,20). ഏശായാ തന്റെ ജനത്തെ പറ്റിയാണ് പറയുന്നതെങ്കിലും, ഈ രീതി യിൽ പ്രവർത്തിക്കുന്നവർക്കെല്ലാം ഇത് ബാധകമാണ്. കർതൃനാളുക ളിൽ സത്യപ്രബോധനം ഉപേക്ഷിച്ച് പൊട്ടക്കഥകളുടെ പിന്നാലെ പോകുകയും അജ്ഞാനാന്ധകാരത്തിൽ മുങ്ങിപ്പോകുകയും ചെയ്ത സത്യവിരുദ്ധരെ പറ്റിയാണിത്. അവർ ദൈവത്തിന്റെ മിശിഹായെ തള്ളിപ്പറഞ്ഞു; പകരം ബറബാസിനെ വിട്ടുകിട്ടാൻ അലറി വിളിച്ചു. കള്ളന്മാരോടും കുറ്റവാളികളോടും ചേർന്ന് സത്യത്തെ ക്രൂശിച്ചു. ദൈവ നിഷേധികളായ വിജാതിയരോട് കൂടിച്ചേർന്ന് ദൈവത്തിന്റെ വിശുദ്ധ ജനത്തിൽ നിന്ന് അകന്നുമാറുകയും അവരെ പീഡിപ്പിക്കാൻ കൂട്ടു നിൽക്കുകയും ചെയ്തു.

''തന്നെത്തന്നെ ജ്ഞാനിയെന്നും സൂക്ഷ്മബുദ്ധിയെന്നും കരുതുന്നവന് ദുരിതം. മദ്യാസക്തർക്കും മദ്യവിൽപ്പനക്കാർക്കും

2. T.P.Scheck(tr.), *St.Jerome, Commentary on Isaiah*, p. 142.





ദുരിതം. കൈക്കൂലി വാങ്ങി കുറ്റവാളിയെ മോചിപ്പിക്കുകയും നിരപരാധിക്ക് നീതി നിഷേധിക്കുകയും ചെയ്യുന്നവർക്ക് ദുരിതം' (5,21-22). ദൈവത്തിന്റെ ജ്ഞാനത്തെ ഭോഷത്തമായി കരുതി, തങ്ങളുടെ നീതി നടപ്പാക്കാൻ ഫരിസേയരും നിയമജ്ഞരും തത്രപ്പെട്ടു. സാമൂഹ്യ തിന്മ അക്കാലത്ത് പരക്കെ നടമാടിയിരുന്നു. അതിന്റെ പൂർത്തീകരണ മാണ് കർതൃനാളുകളിൽ സംഭവിച്ചത്. അവരുടെ അനീതി കണ്ട് കർത്താവും അവരെ കുറ്റപ്പെടുത്തി.

"കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്ക് ദുരിതം...അന്ധരായ മാർഗദർശികളേ, നിങ്ങൾക്ക് ദുരിതം" എന്ന് നമ്മുടെ കർത്താവ് പറഞ്ഞത് നാം വായിക്കുന്നു (മത്താ. 2313-29). കർത്താവിന്റെ കാലത്തെ മതനേതാക്കന്മാരുടെ ദുഷിച്ച പ്രബോധന ങ്ങൾക്കും നിയമവ്യാഖ്യാനങ്ങൾക്കും ഉപദേശങ്ങൾക്കും നടപടി ക്രമങ്ങൾക്കും എതിരായിട്ടാണ് കർത്താവ് ദുരിതം ഉച്ചരിച്ചത്. അവരെ "അന്ധരായ മാർഗദർശികൾ" എന്ന് വിളിക്കുന്നു (മത്താ.23,16-19). നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിച്ച മതനേതാക്കൻ മാർക്കെതിരെയാണ് കർതൃവചനം (മത്താ.23,23).

ഏശായായുടെ കാലത്തെപ്പോലെ, മതത്തിന്റെ അന്തസ്സത്ത നഷ്ടപ്പെട്ട് ബാഹ്യാനുഷ്ഠാനങ്ങൾ അനുസരിച്ച് ജീവിക്കാൻ മനുഷ്യരെ പഠിപ്പിച്ച മതനേതാക്കന്മാരായിരുന്നു കർതൃനാളുകളിൽ ജറുസലേമിൽ അന്നുണ്ടായിരുന്നത്. നിശ്ശിതമായ ഭാഷയിൽ നമ്മുടെ കർത്താവ് അവരെ വിമർശിച്ചു. "സർപ്പങ്ങളേ, അണലിസന്താനങ്ങളേ, നരകവിധി യിൽ നിന്ന് ഒഴിഞ്ഞുമാറാൻ നിങ്ങൾക്ക് എങ്ങനെ കഴിയും?" (മത്താ. 23,33) എന്നൊക്കെ കർത്താവ് ഇക്കൂട്ടരെ കുറ്റപ്പെടുത്തി.

ഇതു തന്നെ മീഖാ പ്രവാചകൻ പറഞ്ഞു: "നിങ്ങൾ നീതിയെ വെറുക്കുകയും ഋജുവായതെല്ലാം വളച്ചുകളയുകയും ചെയ്യുന്നു. നിങ്ങൾ രക്തത്താൽ സീയോനും അധർമത്താൽ ജറുസലേമും പണിതുയർത്തുന്നു. ന്യായാധിപന്മാർ കോഴ വാങ്ങി വിധിക്കുന്നു. പുരോഹിതന്മാർ കൂലി വാങ്ങി പഠിപ്പിക്കുന്നു. പ്രവാചകന്മാർ പണത്തിനു വേണ്ടി ഭാവി പറയുന്നു (മീക്കാ. 3,9-11).

ദൈവത്തെ മറക്കുന്നവർക്കും അയൽക്കാരനെ വിസ്മരിക്കുന്ന വർക്കും മതത്തിന്റെ ബാഹ്യാനുഷ്ഠാനങ്ങൾ മാത്രം നിലനിർത്തുന്ന വർക്കും, ജീവിതവും മതവും തമ്മിൽ ബന്ധപ്പെടുത്താത്തവർക്കും

എതിരാണ് ഈ ശാപങ്ങൾ. പ്രവാചക വചനങ്ങളോ, കർതൃപ്രബോധനമോ ശ്രവിക്കാത്ത സകലർക്കും എതിരാണിത്. അതിന്റെ അനന്തര ഫലം അവർ അനുഭവിച്ചേ മതിയാകൂ. "യാക്കോബിനോട് അവന്റെ അതിക്രമങ്ങളും ഇസ്രായേലിനോട് അവന്റെ പാപങ്ങളും വിളംബരം ചെയ്യുന്നതിനു വേണ്ടി കർത്താവിന്റെ ആത്മാവിനാലും ബലത്താലും ശക്തിയാലും നിറഞ്ഞ" ദൈവമനുഷ്യരാണ് മേൽപ്പറഞ്ഞ ശാപങ്ങൾ ഉച്ചരിച്ചത് (മീക്കാ 3,8). അവ നടപ്പാകുക തന്നെ ചെയ്യും.[3]

# 33
# ഏശായായുടെ ദൈവദർശനം
## (ഏശാ 6)

തനിക്കുണ്ടായ ദൈവദർശനത്തെപ്പറ്റി ഏശായാ വിവരിക്കുന്നു. ആ ദർശനം ദൈവാലയത്തിലോ, മറ്റെവിടെയോ വച്ചാകാം. ദൈവാലയത്തിൽ വച്ചാണെന്ന് സഭാപിതാക്കന്മാരിൽ ചിലർ കരുതുന്നു. ശാരീരിക നയനങ്ങൾ കൊണ്ടല്ല ഏശായാ ദർശിച്ചത്, പിന്നെയോ, ഉൾക്കണ്ണുകൾ കൊണ്ടുള്ള ഉൾക്കാഴ്ച ആയിരുന്നു അത്. "ഹൃദയശുദ്ധി ഉള്ളവർ ദൈവത്തെ കാണും" എന്നാണല്ലോ നമ്മുടെ കർത്താവ് പഠിപ്പിച്ചിട്ടുള്ളത്. "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനാണ് അവനെ വെളിപ്പെടുത്തിയത്" എന്നും "ദൈവത്തിൽ നിന്നുള്ളവനല്ലാതെ മറ്റാരും ദൈവത്തെ കണ്ടിട്ടില്ല" എന്നുംകൂടി നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു (യോഹ.1,18;6,46). അതായത്, ഉൾക്കാഴ്ചയിലൂടെ ഏശായാ ദൈവമഹത്വം ദർശിച്ചു എന്നർഥം.

3. J.J.Armstrong (tr.), *Eusebius of Caesarea,Commentary on Isaiah*, p.23-26; T.P.Scheck (tr.), *St.Jerome, Commentary on Isaiah*, p. 135-147.





അബ്രഹാമിന്റെയും യാക്കോബിന്റെയും മോശയുടെയും എസക്കിയേലിന്റെയും ദൈവദർശനങ്ങൾ ഉൾക്കാഴ്ചയിലൂടെ പരിശുദ്ധാത്മാവ് കാണിച്ചു കൊടുത്തതാണ്. ഈ ദർശനങ്ങളെല്ലാം ഒരുപോലെയല്ല. ഓരോന്നും ഓരോ രീതിയിൽ ആയിരുന്നു. അദൃശ്യനും ആദ്യന്തമില്ലാത്തവനുമായ ദൈവത്തെ ഇവരാരും ശാരീരിക നേത്രങ്ങളാൽ കണ്ടിട്ടില്ല. എന്നാൽ അവർ കണ്ടത് വചനമാം ദൈവത്തെയാണ്. "ഉന്നതസിംഹാസനത്തിൽ കർത്താവ് ഉപവിഷ്ഠനായിരിക്കുന്നത് ഞാൻ കണ്ടു" എന്നാണ് ഏശായാ പറഞ്ഞിരിക്കുന്നത്.

മൂന്നാളുകളായി അബ്രഹാം കർത്താവിനെ കണ്ടു. തന്നോട് മൽപ്പിടിത്തം നടത്തുന്നവനായി അവനെ യാക്കോബ് കണ്ടു. മുൾപ്പടർപ്പിൽ അഗ്നിയുടെ മധ്യത്തിലൂടെ മോശ കർതൃസാന്നിധ്യം തിരിച്ചറിഞ്ഞു. മനുഷ്യപുത്രന്റെ രൂപത്തിൽ ക്രോബയുടെ മേൽ ആരൂഢനായിരിക്കുന്നവനായി എസക്കിയേൽ അവനെ ദർശിച്ചു. "നിനക്ക് എന്റെ മുഖം കാണാനാകില്ല; കാരണം, എന്റെ മുഖം കണ്ടിട്ട് ആരും ജീവിച്ചിരിക്കയില്ല" എന്നാണ് മോശയ്ക്കു കിട്ടിയ ദർശനവചനം (പുറ.33,20). അതിനർഥം, വചനമാം ദൈവത്തിന്റെ മുഖം - ഏകജാതനാം പുത്രന്റെ ദൈവത്വം - മർത്യർക്ക് ഒരിക്കലും എത്തിപ്പിടിക്കാൻ ആവില്ല എന്നത്രേ. ഏശായാ നമ്മുടെ കർത്താവിന്റെ മഹത്വമാണ് ദർശിച്ചത്. മഹനീയനായി സ്വർഗരാജ്യത്തിൽ ഉപവിഷ്ഠനായിരിക്കുന്നതാണ് പ്രവാചകൻ കണ്ടത്.

ഏശായായുടെ ദർശനത്തെപ്പറ്റിയുള്ള ഒരിജന്റെ പ്രസംഗം വി. ജറോം വിവർത്തനം ചെയ്തത് നമുക്ക് ലഭിച്ചിട്ടുണ്ട്. ഒരിജനെ ആധാരമാക്കി കേസറിയായിലെ എവുസേബിയസും വി. ജറോമും വ്യാഖ്യാനിച്ചിട്ടുണ്ട്. ജറോം 380-ൽ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് ഈ ദർശനത്തെപ്പറ്റി ഒരു ലേഖനം എഴുതി റോമിലെ ഡമാസുസ് മാർപാപ്പായ്ക്ക് അയച്ചുകൊടുത്തു. കിഴക്കും പടിഞ്ഞാറുമുള്ള മറ്റു പല സഭാപിതാക്കന്മാരും ഈ ഭാഗം വ്യാഖ്യാനിച്ചിട്ടുണ്ട്. ഈ ഭാഗത്തിന് പാഠഭേദങ്ങളുണ്ട്. ഇവിടെ മേൽപ്പറഞ്ഞ വ്യാഖ്യാനങ്ങളാണ് ആധാരമാക്കിയിട്ടുള്ളത്. ആധുനികവ്യാഖ്യാനങ്ങൾ ഇവിടെ പരിഗണിച്ചിട്ടില്ല. മഹത്വപൂർണനായ നമ്മുടെ കർത്താവിനെയാണ് ഏശായാ കണ്ടതെന്നാണ് മേൽപ്പറഞ്ഞ രേഖകൾ പറയുന്നത്.

"ഉസിയാ രാജാവ് മരിച്ച വർഷമാണ്" ദർശനം ഉണ്ടായത് (ഏശാ.6,1). ആദ്യം ആ രാജാവ് നല്ലവൻ ആയിരുന്നു. എന്നാൽ പുരോഹിതരെപ്പോലെ ധൂപാർപ്പണം നടത്തിയപ്പോൾ, കുഷ്ഠരോഗി ആയിത്തീർന്നു, നമ്മിൽ പാപം എന്ന കുഷ്ഠം ഉള്ളപ്പോൾ - നമ്മിൽ ഉസിയാ രാജാവുള്ളപ്പോൾ - ദൈവദർശനം സാധ്യമല്ല. നമ്മിലെ ഉസിയാ രാജാവ് മരിക്കണം എന്നു സാരം. എങ്കിലേ നമുക്ക് ദൈവ ദർശനം ലഭിക്കൂ.

''കർത്താവ് ഒരുന്നത സിംഹാസനത്തിൽ ഉപവിഷ്ഠനായിരിക്കുന്നത് ഞാൻ കണ്ടു. അവന്റെ വസ്ത്രാഞ്ചലം ദൈവാലയം മുഴുവൻ നിറഞ്ഞു നിന്നു. അവന്റെ ചുറ്റും സെറാഫുകൾ (സ്രോപ്പേന്മാർ) നിന്നിരുന്നു" (ഏശാ.6,1-2).

ആ ഇരിക്കുന്നയാൾ സൈന്യങ്ങളുടെ കർത്താവും രണ്ടു സെറാഫുകൾ പുത്രനും പരിശുദ്ധാത്മാവുമാണെന്ന് ചിലർ പറയുന്നു. ആ ഉന്നത സിംഹാസനം സഭയും അതിന്മേൽ ഇരിക്കുന്നവൻ വചനമാം ദൈവവും, സെറാഫുകൾ പഴയ നിയമവും പുതിയനിയമവുമാണെന്ന് മറ്റുചിലർ. അവർ അവനെ പൊതിഞ്ഞു നിൽക്കുന്നു. പഴയനിയമത്തിന്റെ പൂർത്തീകരണം പുതിയതിലും പുതിയതിന്റെ നിഴലുകൾ പഴയതിലും കാണാം.

അവർ വചനത്തെയും തങ്ങളെത്തന്നെയും മറയ്ക്കുന്നു എന്നു ചിലർ. തങ്ങളെ മാത്രം മറയ്ക്കുന്നു എന്ന് മറ്റുചിലർ. രണ്ടു ചിറകുകൾ കൊണ്ട് മുഖവും രണ്ടു ചിറകുകൾ കൊണ്ട് പാദവും മറയ്ക്കുന്നു. രണ്ടു ചിറകുകൾ കൊണ്ട് പറക്കുന്നു. അതായത്, ദൈവത്വത്തിന്റെ ആരംഭവും അന്ത്യവും തികച്ചും അജ്ഞാതമാണ്. ഇപ്പോൾ, ഇടയ്ക്കുള്ളവ മാത്രമേ ഗ്രഹിക്കാൻ കഴിയൂ എന്നർഥം. തിരുലിഖിത വിവരണം അനുസരിച്ചുള്ളവ മാത്രമേ ദൈവത്വത്തെ കുറിച്ച് നമുക്ക് അറിയാൻ കഴിയൂ. സൃഷ്ടി മുതലുള്ള കാര്യങ്ങളെ പറ്റിയേ നാം അറിയുന്നുള്ളു. "സെറാഫുകൾ രണ്ടു ചിറകുകൾ കൊണ്ട് പറന്നു" എന്നു പറഞ്ഞാൽ (6,2), ഇടയ്ക്കുള്ളവ മാത്രം നാം അറിയുന്നു എന്നർഥം. വാഗ്ദാന പേടകത്തിന്റെ മുൻവശത്തെ വിരി ഇതാണ് സൂചിപ്പിക്കുന്നത്. അവർ പരസ്പരമാണ് ഉദ്ഘോഷിക്കുന്നത് (6,3). അതായത്, പഴയ നിയമത്തിൽ നാം വായിക്കുന്നവയെല്ലാം സുവിശേഷത്തിലും കണ്ടെത്തും. സുവിശേഷത്തിൽ നാം വായിക്കുന്നവ പഴയ





നിയമത്തിന്റെ ആധികാരികതയിൽ നിന്ന് ലഭിച്ചിട്ടുള്ളവയാണ്. പഴയതും പുതിയതും തമ്മിൽ യോജിപ്പിലാണ് എന്നു സാരം.

''സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ"എന്ന് സെറാഫുകൾ പരസ്പരം അട്ടഹസിച്ചു കൊണ്ടിരുന്നു (6,3). രണ്ടിലും പരിപാവനത്രിത്വം പ്രഘോഷിക്കപ്പെടുന്നു. മൂന്നു പ്രാവശ്യം "പരിശുദ്ധൻ" എന്നു പറയുന്നതിലൂടെ ഇത് വെളിപ്പെടുന്നു.

സെറാഫ് എന്നാൽ അഗ്നിമയൻ എന്നർഥം. ''അവൻ തന്റെ ദൂതന്മാരെ അരൂപികളും തന്റെ സേവകരെ അഗ്നിമയന്മാരുമാക്കി" (സങ്കീ.104,4). അവർ അഗ്നിമയന്മാരും ആത്മമയന്മാരുമാണ്. നമ്മുടെ കർത്താവ് ക്രോബയുടെ മേൽ ആരൂഢനാണ്. അവിടെ നിന്നാണ് അവൻ പ്രകാശം വർഷിക്കുന്നത് (സങ്കീ.80,1). ക്രോബാ എന്നാൽ വിജ്ഞാനത്തികവ് എന്നർഥം. വിജ്ഞാനത്തികവായ വചനമാം ദൈവത്തെ പഴയനിയമവും പുതിയനിയമവും ചുറ്റിനിൽക്കുന്നു. എങ്കിലും അവൻ അഗ്രാഹ്യനായി നിലകൊള്ളുന്നു.

അവനെയാണ് ഏശായാ കണ്ടതെന്ന് യോഹന്നാൻ ശ്ലീഹാ കർതൃവചനത്തിലൂടെ രേഖപ്പെടുത്തിയിരിക്കുന്നു. യഹൂദരുടെ അവിശ്വാസത്തെ പരാമർശിച്ചു കൊണ്ടാണ് യോഹന്നാൻ ഏശായായെ ഉദ്ധരിക്കുന്നത് "അവൻ വളരെ അടയാളങ്ങൾ അവരുടെ മുമ്പാകെ പ്രവർത്തിച്ചെങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല. ഏശായാ പ്രവാചകൻ പറഞ്ഞ വചനം പൂർത്തിയാകേണ്ടതിനാണിത്...അവിടുന്ന് അവരുടെ കണ്ണുകൾ അന്ധമാക്കുകയും ഹൃദയം കഠിനമാക്കുകയും ചെയ്തു. അവന്റെ മഹത്വം കാണുകയും അവനെപ്പറ്റി സംസാരിക്കുകയും ചെയ്തു കൊണ്ടാണ് ഏശായാ ഇങ്ങനെ പ്രസ്താവിച്ചത് (യോഹ.12,39-41; ഏശാ.6,9). ഇതു തന്നെ വി.പൗലോസ് ശ്ലീഹായും പറയുന്നു (നടപടി, 28,25-27).

ബലിപീഠത്തിലെ 12 കല്ലുകളും പുരോഹിത വസ്ത്രത്തിലെ 12 കല്ലുകളും വി.ശ്ലീഹന്മാരുടെ മുൻകുറികൾ ആയിരുന്നതുപോലെ, രണ്ടു സെറാഫുകളുടെ 12 ചിറകുകൾ 12 ശ്ലീഹന്മാരെ കുറിക്കുന്നതായി പെതാവുവിലെ വിക്തൊറീനുസ് പറയുന്നു (ആവ.27,5; എസ.28,13; വെളി.21,19-20).

"അവന്റെ മഹത്വം ദൈവാലയം മുഴുവൻ നിറഞ്ഞുനിന്നു"(6,1).

''അവന്റെ വസ്ത്രാഞ്ചലം'' എന്ന് പാഠഭേദം. ഉന്നതത്തിലുള്ള ദൈവഭവനം - സഭ - മഹത്വപൂർണയായി കാണപ്പെട്ടു എന്ന് വസ്ത്രാഞ്ചലം സൂചിപ്പിക്കുന്നു. എബ്രായ ലേഖനത്തിലും തിമോതിക്കുള്ള ഒന്നാം ലേഖനത്തിലും സഭയാകുന്ന ദൈവഭവനത്തെപ്പറ്റി വി. പൗലോസ് ശ്ലീഹാ പറയുന്നു (എബ്രാ.3,5-6; 1 തിമോ.3,14-15).

തുടർന്ന് നാം ഏശായായിൽ ഇപ്രകാരം വായിക്കുന്നു: "ധര മുഴുവൻ അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു" (6,3). കർത്താവിന്റെ വരവിനെ പറ്റിയും അത് എല്ലായിടത്തും പ്രഘോഷിക്കപ്പെടുന്നതിനെ പറ്റിയും ശ്ലീഹന്മാരുടെ സ്വരം ലോകാതിർത്തികൾ വരെ എത്തുന്നതിനെ പറ്റിയുമാണിത് (സങ്കീ.19,1). ദൈവാലയത്തിൽ നിറഞ്ഞു നിന്ന മഹത്വം ലോകാതിർത്തി വരെ ശ്ലൈഹിക പ്രഘോഷണത്താൽ എത്തുന്നതായി പ്രവാചകൻ കാണുന്നു.

"ധര മുഴുവൻ അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു" (6,3). അട്ടഹസിച്ചവന്റെ ശബ്ദത്താൽ പൂമുഖത്തിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങുകയും ദൈവാലയം പുക കൊണ്ട് നിറയുകയും ചെയ്തു (6,4). കർതൃമരണാനന്തരം ദൈവാലയത്തിന് സംഭവിച്ച തകർച്ചയെയും യഹൂദജനത്തിന്റെ ചിതറിക്കലിനെയും ഇത് സൂചിപ്പിക്കുന്നു. ജറുസലേമും പരിസരപ്രദേശങ്ങളും ദൈവാലയവും കത്തി ചാമ്പലാകുന്നതിന്റെ ദർശനമാണിതെന്ന് പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. ദൈവാലയ തിരശ്ശീല കീറിയപ്പോൾ ദൈവഭവനത്തിന്റെ അടത്തറയിളകി (മത്താ. 27,51). തെറ്റിന്റെ മേഘത്താൽ ഇസ്രായേൽ ഭവനം കുഴാമറിച്ചിലിലായി. അതിവിശുദ്ധസ്ഥലത്തു നിന്ന് "നമുക്ക് ഇവിടെ നിന്നു പുറപ്പെട്ടു പോകാം" എന്ന ഗംഭീരനാദവും വലിയ ഭൂമികുലുക്കവും ദൈവാലയത്തിന്റെ തകർച്ചയ്ക്ക് മുമ്പ് കേട്ടതായി യഹൂദ ചരിത്രകാരൻ ഫ്ളാവിയസ് ജോസഫ് പറയുന്നു.

ഒരു എബ്രായ ഗുരുവിന്റെ വ്യാഖ്യാനം വി.ജറോം കുറിക്കുന്നു: ഏശായാ മാത്രമാണ് സെറാഫുകളെ കണ്ടത്. തിരുലിഖിതത്തിൽ മറ്റൊരിടത്തും സെറാഫുകളെപ്പറ്റി പറയുന്നില്ല. സെറാഫുകളുടെ 12 ചിറകുകൾ ഇസ്രായേലിലെ 12 രാജാക്കന്മാരെ കുറിക്കുന്നു (6,2). 12-ലെ ഉസിയാ, യോഥാം, ഹെസെക്കിയാ, ജോസിയാ എന്നീ നാലു പേർ മാത്രം നല്ലവരായിരുന്നു. നാലു ചിറകുകൾ കൊണ്ട് പറന്ന് "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്ന് പാടി ദൈവത്തെ മഹത്വപ്പെടുത്തി എന്നു പറഞ്ഞാൽ, അവർ എല്ലാ സാഹചര്യങ്ങളിലും ദൈവത്തെ മഹത്വപ്പെടുത്തി എന്നർഥം. മറ്റുള്ളവർ തങ്ങളുടെ പാപം നിമിത്തം മുഖം മൂടി. അടിമത്തത്തിൽ പോയവർ പാദം മൂടി. ദൈവാലയം കത്തി നശിക്കുന്നതിനെ പുക സൂചിപ്പിക്കുന്നു.





തന്റെ പാപം നിമിത്തം ദൈവദർശനത്തിന് താൻ അയോഗ്യനാണെന്ന് ഏശായാ പറയുന്നു (6,5). അപ്പോൾ സെറാഫുകളിൽ ഒരാൾ ബലിപീഠത്തിലെ അഗ്നിയിൽ നിന്നെടുത്ത തീക്കനൽ കൊണ്ട് ഏശായായുടെ അധരങ്ങളെ സ്പർശിച്ച് അവന്റെ പാപം നീക്കി വിശുദ്ധീകരിച്ചു (6,8).

ഏശായാ അധരങ്ങളിൽ മാത്രം അശുദ്ധനായിരുന്നു. എന്നാൽ എല്ലാത്തരത്തിലും അശുദ്ധരായ നമുക്കെല്ലാവർക്കും ബലിപീഠത്തിലെ തീക്കനലിന്റെ സ്പർശം ആവശ്യമാണ്. അശുദ്ധമായ അധരങ്ങളുള്ള ജനത്തിന്റെ മധ്യേ വസിക്കുന്നതും പാപമാണ്. അവരുമായുള്ള സംസർഗം പാപഹേതുവാകും. അത് ഏശായാ മനസ്സിലാക്കി: "ഞാൻ അശുദ്ധമായ അധരങ്ങൾ ഉള്ളവനും അശുദ്ധമായ അധരങ്ങൾ ഉള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്" (6,5). ജനം അനുതപിച്ചില്ല. അശുദ്ധമായ അധരങ്ങൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞില്ല. അതേപ്പറ്റി പ്രവാചകൻ വിളിച്ചുപറഞ്ഞപ്പോൾ, കേൾക്കാൻ കൂട്ടാക്കിയില്ല. തീക്കനൽ ദൈവവചനമാണ്, ബലിപീഠത്തിലെ വിശുദ്ധ കുർബാനയുമാണ്. ഇവയാണ് നമ്മെ വിശുദ്ധീകരിക്കുന്നത്.

തുടർന്ന്, ഏശായായുടെ വിളിയെപ്പറ്റി പറയുന്നു (6,8-10). ഏശായാ ഉടൻ തന്നെ അനുസരണയുള്ളവനായി പ്രത്യുത്തരിച്ചു: "ഇതാ, ഞാൻ. എന്നെ അയച്ചാലും" (6,8). കേട്ടാലും അനുസരിക്കാത്ത ജനത്തോട് പറയാനാണ് ദൈവകൽപ്പന. "ദേശം വിജനമായി തീരുന്നതുവരെ" ഇത് തുടരുമെന്നും ദൈവം അരുളിച്ചെയ്തു (6,11). ജനത്തിന്റെ അവിശ്വസ്തതയെപ്പറ്റി പറഞ്ഞിരിക്കുന്നത് ഭാവി പ്രവചനമാണ് (6,9-10). ഉന്നതത്തിൽ നിന്ന് ഇറങ്ങിവന്ന്, അടയാളങ്ങളാലും അത്ഭുതങ്ങളായും ദൈവവചനം പ്രഘോഷിച്ച ദൈവപുത്രനെ യഹൂദർ നിരസിച്ചുകളഞ്ഞു (മത്താ.13,14-15).

ഏശായാ പ്രവാചകനെപ്പോലെ, "ഞാൻ നശിച്ചു, എനിക്ക് ദുരിതം" എന്ന് കരഞ്ഞു നിലവിളിക്കുന്നവരുടെ പക്കലേക്ക് ദൈവം അനുനിമിഷം സെറാഫിനെ അയച്ച് അവരെ പവിത്രീകരിക്കും (6,6.7).

അപ്പോൾ അവർ ദൈവിക ശുശ്രൂഷയ്ക്ക് ഒരുക്കമുള്ളവരാകും. "സെറാഫ് പറന്നു വന്നു" എന്നതിനർഥം, ദൈവിക സംസർഗത്തിന് യോഗ്യരായവരുടെ പക്കലേക്ക് ദൈവികസഹായം വേഗത്തിൽ എത്തുമെന്നത്രേ. ദൈവികകൃപ നിരന്തരം നമ്മുടെ അധരങ്ങളെ പവിത്രീകരിക്കേണ്ടതുണ്ട്. അതിനാലാണ് വധുവായ സഭ പറയുന്നത്, "നിന്റെ അധരം എന്നെ ചുംബനം കൊണ്ട് പൊതിയട്ടെ" (ഉത്തമ.1,2). സ്വർഗീയ ബലിപീഠത്തിൽ നിന്നുള്ള "തീക്കട്ട" എന്റെ അധരങ്ങളെ ശുദ്ധീകരിച്ചാൽ, ഞാൻ പിന്നെ അശുദ്ധ സംസാരത്തിൽ ഏർപ്പെടുകയില്ല. കാരണം, എന്റെ അധരങ്ങൾ പരിച്ഛേദിക്കപ്പെട്ടവയാണ്. ഞാൻ ദൈവസ്തുതിക്കും ദൈവവചന മനനത്തിനും ദൈവവചന പ്രഘോഷണത്തിനും എന്റെ അധരങ്ങൾ തുറക്കും.

യൂദറബിമാർ മോശയെയും ഏശായായെയും താരതമ്യപ്പെടുത്തുന്നു. ദൈവം വിളിച്ചപ്പോൾ, മോശ തടസ്സം പറഞ്ഞു. കാരണം, മോശയുടെ അധരങ്ങൾ അപ്പോഴും പരിച്ഛേദിതമായിരുന്നില്ല. ഏശായായുടെ അധരങ്ങളെ അഗ്നിക്കനൽ സ്പർശിച്ചപ്പോൾ, അവൻ സംശുദ്ധനായി. അതുകൊണ്ട് ദൈവം വിളിച്ചപ്പോൾ, അവൻ ഉടൻ തന്നെ സമ്മതം നൽകി. എന്നാൽ മോശയും ഏശായായും ദൈവകൽപ്പന അനുസരിച്ചു. മോശ കഠിനഹൃദയനായ ഫറവോന്റെ സന്നിധിയിലേക്കും, ഏശായാ കഠിനഹൃദയരായ സ്വന്തം ജനത്തിന്റെ പക്കലേക്കും പോയി. ഇരുവരെയും ശ്രോതാക്കൾ അംഗീകരിച്ചില്ല. കഠിനപീഡനത്തിലൂടെയാണ് ഇരുകൂട്ടർക്കും മാനസ്സാന്തരം ഉണ്ടായത്.

ഏശായായെ യഹൂദന്മാർ കൊന്നുകളഞ്ഞു. "ദൈവത്തെ കണ്ടു" എന്നു പറഞ്ഞതായിരുന്നു കാരണം (6,5)."എന്റെ മുഖം കണ്ടശേഷം ആരും ജീവിച്ചിരിക്കയില്ല" (പുറ.33,20) എന്ന വാക്യം ആസ്പദമാക്കിയാണ് യഹൂദർ അവനെ കൊന്നുകളഞ്ഞത്. തിരുലിഖിതത്തിന് എതിരെ സംസാരിച്ചു എന്നായിരുന്നു അവരുടെ വാദം. അവനെ അവർ നിരീശ്വരനായി ചിത്രീകരിച്ചു. ദൈവത്തിന്റെ മുഖം സെറാഫുകൾ മൂടിയിരുന്നു എന്നത് യഹൂദർ ഓർത്തില്ല (6,2). മുഖം കണ്ടില്ലെങ്കിലും ഏശായാ ദൈവമഹത്വം ദർശിച്ചു. അപ്പോൾ അവർ നിരപരാധിയായ പ്രവാചകനെയാണ് കൊന്നത്. ഇക്കാര്യത്തിൽ ഏശായായും നമ്മുടെ കർത്താവും തമ്മിൽ സാമ്യമുണ്ട്. "ഞാൻ ദൈവത്തിൽ നിന്നു വന്നു" എന്ന യേശുവിന്റെ അവകാശവാദത്തെയാണ് അവർ തിരസ്കരിച്ചത്. എന്നാൽ യേശു അവർക്ക് ചുട്ട മറുപടി





നൽകി അവരെ നിശ്ശബ്ദരാക്കി. അവരോ അവനെ ക്രൂശിക്കുന്നതുവരെ അവനെതിരെ തിരിഞ്ഞു.

ധൂപം എന്നത് ധൂപകലശത്തിലെ പുകയായി യഹൂദർ വ്യാഖ്യാനിച്ചിരുന്നു. അതായത്, ദൈവികസാന്നിധ്യം അവിടെ ഉണ്ടായിരുന്നു എന്നർഥം. കൊടിലുകൊണ്ട് തീക്കനൽ എടുത്തു എന്നത് രണ്ട് ഉടമ്പടികളെ സൂചിപ്പിക്കുന്നതായി ചിലർ വ്യാഖ്യാനിക്കുന്നു. പരിശുദ്ധാത്മ നിവേശനത്താൽ വിരചിതമായതിനാൽ രണ്ടും യോജിച്ചിരിക്കുന്നു. ഏശായായുടെ അനുസരണം മറിയത്തിന്റെ "ഇതാ ഞാൻ കർത്താവിന്റെ ദാസി" എന്ന അനുസരണത്തിന്റെ മുൻകുറി ആയിരുന്നു. ഏശായായുടെ വചനം ജനം ശ്രവിച്ചില്ല. മറിയത്തിന്റെ ഉദരഫലത്തിൽ നിന്നുള്ള വചനവും യഹൂദർ തിരസ്കരിച്ചു.[1]

# 34

# നമുക്ക് നൽകപ്പെട്ട പുത്രൻ (ഏശാ 7)

ഏശായാ പ്രവാചകൻ നമ്മുടെ കർത്താവിന്റെ ജനനത്തെപ്പറ്റി പ്രവചിച്ചിരുന്നു (7,14): "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ അമ്മാനുവേൽ എന്നു വിളിക്കപ്പെടും". ദൈവം തന്നെ പ്രവാചകനിലൂടെ നൽകുന്ന അടയാളമാണിത്. യൂദയാ രാജാവായ ആഹാസ് ദൈവതിരുമുമ്പിൽ നല്ലവൻ ആയിരുന്നില്ല. സിറിയായുടെയും സമറിയായുടെയും കടുത്ത വെല്ലുവിളിയും യുദ്ധഭീഷണിയും ഉണ്ടായപ്പോൾ, ആഹാസ് ഭയന്നു വിറച്ചു: "കൊടുങ്കാറ്റിൽ വനത്തിലെ വൃക്ഷങ്ങൾ ഇളകുന്നതു പോലെ, അവന്റെയും ജനത്തിന്റെയും ഹൃദയം വിറച്ചു" (7,2). അപ്പോൾ ദൈവനിർദേശപ്രകാരം ഏശായാ പ്രവാചകൻ അവനെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. അവനോടുള്ള

1. J.J.Armstrong (tr.), *Eusebius of Caesarea, Commentary on Isaiah*,p.27-33; T.P.Scheck (tr.), *St. Jerome, Commentary on Isaiah*, p. 149 -161.

താൽപ്പര്യം കൊണ്ടല്ല, ദാവീദിനോടുള്ള വാഗ്ദാനപ്രകാരമാണ്. "സമാധാനമായിരിക്കുക. ഭയപ്പെടേണ്ട. പുകഞ്ഞു കൊണ്ടിരിക്കുന്ന തീക്കൊള്ളികളാണവർ...അത് സംഭവിക്കയില്ല. ഒരിക്കലും സംഭവിക്കയില്ല... വിശ്വസിക്കുന്നില്ലെങ്കിൽ, നിനക്ക് സുസ്ഥിതി ലഭിക്കുകയില്ല" (7,4.7.9).

കർത്താവിൽ നിന്ന് ഒരടയാളം ആവശ്യപ്പെടാൻ ആഹാസിനോട് നിർദേശിച്ചു. ഉന്നതമോ, അഗാധമോ ആയാലും സാരമില്ല: "നിനക്കു വേണ്ടി നിന്റെ ദൈവമായ കർത്താവിൽ നിന്ന് ഉയരത്തിൽ നിന്നോ, ആഴത്തിൽ നിന്നോ ഒരടയാളം ചോദിക്കുക." (7,11). എന്നാൽ ആഹാസ് ചോദിച്ചില്ല. അപ്പോഴാണ് ദൈവം തന്നെ അടയാളം നൽകിയത്. ദാവീദു ഭവനത്തോടാണ് ഏശായാ പറയുന്നത്: "ദാവീദിന്റെ ഭവനമേ, ശ്രദ്ധിക്കുക" (7,13). ദൈവം നൽകിയ അടയാളം നമ്മുടെ കർത്താവേശുമിശിഹായാണ്. ഈ അടയാളം ആഴത്തിലാണ്. എന്തുകൊണ്ടെന്നാൽ, താഴേക്ക് ഇറങ്ങിവന്നവൻ അവനാണ് (യോഹ.6,33). ഇത് ഉന്നതത്തിലുമാണ്. കാരണം, എല്ലാ ആകാശങ്ങൾക്കും മുകളിലേക്ക് ആരോഹണം ചെയ്തവൻ അവനാണ് (എഫേ.4,10).

അവന്റെ ഉയരത്തിന്റെയും ആഴത്തിന്റെയും രഹസ്യം എന്നിൽ സംഭവിച്ചില്ലെങ്കിൽ, ഈ അടയാളം കൊണ്ട് എനിക്കൊരു പ്രയോജനവുമില്ല. ഉയരാഴങ്ങളിലുള്ള അവൻ ഏകനാണ്. എഫേസ്യ ലേഖനത്തിൽ വി. പൗലോസ് ശ്ലീഹാ ഈ ഉയരാഴങ്ങളെപ്പറ്റി പറയുന്നു: "ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ നിങ്ങൾക്ക് ശക്തി ലഭിക്കട്ടെ" (3,18). കർത്താവായ യേശുമിശിഹായെ സ്വീകരിക്കാത്തവർ ഇന്നും അടയാളം തേടുന്നില്ല, അവർ ദൈവത്തോട് തർക്കിച്ചു കൊണ്ടിരിക്കുന്നു.

കർത്താവ് നൽകിയ അടയാളം "കന്യകയിൽ" നിന്നുള്ള ഒരു ശിശുവിന്റെ ജനനമാണ്. "നീ അവനെ അമ്മാനുവേൽ (ഇമ്മാനുവേൽ, എമ്മാനുവേൽ) എന്നു വിളിക്കണം" എന്നാണ് മൂലത്തിൽ (7,14). എന്നാൽ വി. മത്തായി ശ്ലീഹാ രേഖപ്പെടുത്തിയിരിക്കുന്നത്, "അവൻ അമ്മാനുവേൽ എന്നു വിളിക്കപ്പെടും" എന്നാണ് (1,23). പകർത്തിയെഴുത്തുകാരൻ "നീ" എന്നത് തിരുത്തിയ രീതിയിലാണ് നമുക്ക് ലഭിച്ചിരിക്കുന്നതെന്ന് വി. ജറോം കരുതുന്നു.[1]

1. Origen, *Homily on Isaiah*-2 : T.P.Scheck (tr.), *St. Jerome, Commentary on Isaiah*, p.891.





ആഹാസിനോടല്ല,"നീ അവനെ അമ്മാനുവേൽ എന്നു വിളിക്കണം" എന്നു പറഞ്ഞത്. പിന്നെയോ, ദാവീദു ഭവനത്തോടാണ്. ദൈവത്തിന്റെ സഭയാണ് ദാവീദുഭവനം. നാമാണ് ദാവീദുഭവനം. നമ്മോടാണ് പറഞ്ഞിരിക്കുന്നത്, "നീ അവനെ അമ്മാനുവേൽ എന്നു വിളിക്കണം" എന്ന്. ദൈവം ഒരടയാളം തരുമ്പോൾ, നാം സ്വീകരിക്കണം, അത് തിരസ്കരിക്കരുത്. യേശുമിശിഹായിൽ വിശ്വസിക്കുന്നവരോടാണ് ഇത് പറഞ്ഞിരിക്കുന്നത്. വിശ്വസിക്കുന്ന യഹൂദരും വിജാതിയരും അതിൽ ഉൾപ്പെടുന്നു. ദാവീദു ഭവനത്തിൽ – സഭയിൽ – പെട്ടവർ അവനെ അമ്മാനുവേൽ എന്നു വിളിക്കും എന്നു സാരം. അതായത്, "ദൈവം നമ്മോടുകൂടെ" എന്ന് അംഗീകരിക്കും. അവർ ദൈവത്തോട് തർക്കിക്കാതെ, ദൈവം നൽകിയ അടയാളം സ്വീകരിക്കും.

"ബാലൻ തൈരും തേനും ഭക്ഷിക്കും". അക്കാലത്ത് യൂദയായിൽ കടുത്ത ഞെരുക്കവും ക്ഷാമവും ഉണ്ടാകും എന്നും പ്രവാചകൻ ദർശനത്തിൽ പറയുന്നു: "ആ നാളുകളിൽ ഒരുവൻ ഒരു പശുക്കിടാവിനെയും രണ്ട് ആടുകളെയും വളർത്തും. അവ സമൃദ്ധിയായി പാൽ നൽകുന്നതുകൊണ്ട് അവൻ തൈര് ഭക്ഷിക്കും. ആ ദേശത്ത് അവശേഷിക്കുന്നവരും തൈരും തേനും ഭക്ഷിക്കും" (7,21–22). ബാലൻ തൈരും തേനും ഭക്ഷിക്കും" എന്നത് ഈ പശ്ചാത്തലത്തിൽ ഗ്രഹിക്കണം. അതായത് ബാലന്റെ കുടുംബം ദരിദ്രകുടുംബം ആയിരിക്കും. അരിഷ്ഠതയിലായിരിക്കും അവൻ വളരുക. അവൻ രാജാധിരാജൻ ആണെങ്കിലും രാജകൊട്ടാരത്തിലായിരിക്കയില്ല അവന്റെ ജനനം എന്നു സാരം. ദരിദ്രരായതിനാലാണ് "ഒരു ജോഡി ചെങ്ങാലികളെയോ, രണ്ട് പ്രാവിൻ കുഞ്ഞുങ്ങളെയോ" മാതാപിതാക്കൾ ദൈവാലയത്തിൽ ബലിയർപ്പിച്ചത് (ലൂ.2,24). ഇത് വാച്യാർഥം.

എന്നാൽ ഇതിന് ആത്മീയാർഥമുണ്ട്. ശാരീരിക കാര്യങ്ങളിലൂടെ ആത്മീയ കാര്യങ്ങൾ അവതരിപ്പിക്കുന്ന രീതി തിരുലിഖിതത്തിനുണ്ട്. ഉദാ. "ആത്മീയ പാലിനെപ്പറ്റി" വി. പത്രോസ് ശ്ലീഹാ സംസാരിക്കുന്നു (1പത്രോ. 2,2). അതുപോലെ, "തേൻ കിട്ടിയാൽ ആവശ്യത്തിനു മാത്രമേ കുടിക്കാവൂ" (സുഭാ.25,1) എന്നും, "തേനീച്ച എത്ര കഠിനമായി അധ്വാനിക്കുന്നു എന്ന് കണ്ടു പഠിക്കുക" എന്നും തിരുലിഖിതത്തിൽ കാണുന്നു.

പ്രവാചകന്മാർ തേനീച്ചകളാണ്. അവർ അവശേഷിപ്പിച്ച തേനടകളാണ് തിരുലിഖിതങ്ങൾ. അതുകൊണ്ട് തിരുലിഖിതത്തിലേക്ക് കടന്നുവരിക. അവിടെ നിങ്ങൾ തേൻ കണ്ടെത്തും. "മകനേ, തേൻ കുടിക്കുക. അത് നല്ലതാണ്. തേൻതുള്ളികൾ നാവിന് ആസ്വാദ്യമാണ്." (സുഭാ.24,13). തിരുലിഖിതം മനനം ചെയ്യുന്നവൻ "തേൻ കുടിക്കുന്നു". പരിശുദ്ധാത്മാവ് ഇവിടെ ആത്മീയ തേനിനെപ്പറ്റിയാണ് സംസാരിക്കുന്നത്. ശിശു തിരുലിഖിതത്തിൽ അഗാധപാണ്ഡിത്യം ഉള്ളവൻ ആയിരിക്കും എന്നർഥം. പന്ത്രണ്ടാം വയസ്സിൽ ദൈവാലയത്തിൽ വച്ച് അവനെ "കേട്ടവരെല്ലാം അവന്റെ ബുദ്ധിശക്തിയിലും മറുപടികളിലും അത്ഭുതപ്പെട്ടു" (ലൂ.2,47). അതുപോലെ, "ഇവന് ഈ ജ്ഞാനവും ശക്തിയും എവിടെ നിന്ന്'?" എന്ന് സിനഗോഗിൽ ഉണ്ടായിരുന്നവർ വിസ്മയഭരിതരായി ചോദിച്ചു (മത്താ.13,54).

അമ്മാനുവേൽ "തേനും തൈരും ഭക്ഷിക്കും." നമ്മുടെ സത്പ്രവൃത്തികളും നല്ല വാക്കുകളും തേനാണ്. അതാണ് കന്യകാപുത്രൻ സ്വീകരിക്കുന്നത്. "ഇതാ, ഞാൻ വാതിൽക്കൽ മുട്ടുന്നു. വാതിൽ തുറന്നാൽ ഞാൻ അകത്തുകയറി അവനോടൊപ്പം ഭക്ഷണത്തിനിരിക്കും" (വെളി.3,20).

അന്ന് സിറിയായോ അസ്സീറിയായയോ പ്രത്യേക രാജ്യങ്ങളായി കാണുകയില്ല എന്ന് പ്രവാചകൻ ദർശിക്കുന്നു. യൂദയായും കീഴമർത്തപ്പെടും. റോമാക്കാർ വന്ന് ഈ പ്രദേശങ്ങൾ കീഴടക്കി റോമൻ സാമ്രാജ്യത്തിൽ ഉൾപ്പെടുത്തി തേർവാഴ്ച നടത്തുന്നതാണ് അവൻ ദർശിച്ചത്. തന്മൂലം നാട് നഷ്ടക്കൂമ്പാരമാകും. അമ്മാനുവേലിന്റെ രാജ്യത്തെ അവർ മൂടിക്കളയും (7,8). അവശേഷിച്ച ജനം പരിതാപകരമായ അവസ്ഥയിൽ ജീവിക്കും.

ഈ പരിത്യക്താവസ്ഥയിലും കർത്താവിനെ വിളിച്ചപേക്ഷിക്കാൻ പ്രവാചകൻ ആഹ്വാനം ചെയ്യുന്നു. ഒരു രാജാവിലും വിശ്വാസം അർപ്പിക്കാതെയും ഒരു ശത്രുവിനെയും കൂസാതെയും കർത്താവിൽ വിശ്വാസം അർപ്പിക്കാനാണ് ആഹ്വാനം. "സൈന്യങ്ങളുടെ കർത്താവിനെ പരിശുദ്ധനായി കരുതുവിൻ. അവിടുത്തെ ഭയപ്പെടുവിൻ. അവിടുന്നാണ് വിശുദ്ധ മന്ദിരവും ഇടർച്ചക്കല്ലും ഇസ്രായേലിന്റെ ഇരുഭവനങ്ങളെയും നിലംപതിപ്പിക്കുന്ന പാറയും ജറുസലേം നിവാസികൾക്ക് കുടുക്കും കെണിയും. അനേകർ അതിന്മേൽ തട്ടി വീണ് തകർന്നു





പോകുകയും കെണിയിൽ കുരുങ്ങി പിടിക്കപ്പെടുകയും ചെയ്യും" (8,13-15).[2]

പഴയ ഇസ്രായേൽ ശത്രുക്കളായ ഭൗമിക രാജാക്കന്മാരെ ഭയപ്പെട്ടു. എന്നാൽ സൈന്യങ്ങളുടെ കർത്താവിനെ ഭയപ്പെട്ടില്ല. കർതൃകൽപ്പനകൾ കഠിനമായി കരുതി: "ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും?" എന്ന് അവർ പ്രതികരിച്ചു (യോഹ. 6,61). അതുകൊണ്ട്, പ്രവാചകൻ ജനത്തോട് പറഞ്ഞു. കർത്താവിനെ ശ്രദ്ധിക്കുവിൻ, അവന് ചെവി കൊടുക്കുവിൻ. അവനെ മാത്രം ഭയപ്പെടുവിൻ. അവനിൽ ആശ്രയം വയ്ക്കുവിൻ.

വിശ്വാസികൾക്ക് അവൻ വിശുദ്ധീകരണവും അവിശ്വാസികളായ യൂദാഭവനത്തിനും ഇസ്രായേലിനും അവൻ ഇടർച്ചക്കല്ലും തടങ്കൽ പാറയും ജറുസലേം നിവാസികൾക്ക് കെണിയും കുടുക്കും ആയിരിക്കും. വളരെപ്പേർ അതിൽ തട്ടിവീണ് തകരുകയും തങ്ങളുടെ പാപബന്ധനങ്ങളിൽ കുടുങ്ങുകയും അടിമത്തത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും.

നമ്മുടെ കർത്താവിനെ ദൈവാലയത്തിൽ കാഴ്ചവച്ചപ്പോൾ വൃദ്ധനായ ശെമയോൻ പറഞ്ഞു: " ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും . ഇവൻ വിവാദ വിഷയമായ അടയാളവുമായിരിക്കും" (ലൂ.2,34). അതാണ് ഏശായാ മുൻകൂട്ടി പ്രവചിച്ചത്.

പഴയ ഇസ്രായേലിനെ ഇപ്രകാരം ആക്കിയതിന് കാരണക്കാർ നിയമജ്ഞരും ഫരിസേയരുമാണെന്ന് രണ്ടാം നൂറ്റാണ്ടിലെ നസ്രായർ എന്ന യൂദയോ-ക്രിസ്ത്യൻ വിഭാഗക്കാർ പറയുന്നതായി വി.ജറോം സാക്ഷിക്കുന്നു.[3] "ഇസ്രായേലിന്റെ ഇരുഭവനങ്ങൾ" എന്നത് ഷിമ്മെയ്, ഹില്ലെൽ എന്നിവരുടെ പിൻഗാമികളായ നിയമജ്ഞരെയും ഫരിസേയരെയും കുറിക്കുന്നു. തങ്ങളുടെ പാരമ്പര്യ ങ്ങളാൽ അവർ കർതൃനിയമത്തെ മലിനമാക്കി. നിയമജ്ഞരെയും ഫരിസേയരെയും

2. ഹീബ്രുവിലും ഗ്രീക്കിലും ഈ ഭാഗത്തിന് വ്യത്യാസങ്ങളുണ്ട്.J.J.Armstrong (tr.), *Eusebius of Caesarea, Commentary on Isaiah*, p. 44-45; T.P.Scheck (tr.), *St. Jerome, Commentary on Isaiah*, p.180-182.

തന്റെ പരസ്യജീവിതകാലത്ത് നമ്മുടെ കർത്താവ് നിശ്ശിതമായി വിമർശിച്ചു. (മത്താ.15,3).

നസ്രായനേശു യഹൂദർക്ക് ഇടർച്ചക്കല്ലായിരുന്നു. വി.പൗലോസ് ശ്ലീഹാ ഇക്കാര്യം കൊറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ ഉദ്ധരിക്കുന്നു: "ഞങ്ങളാകട്ടെ, യഹൂദർക്ക് ഇടർച്ചയും വിജാതിയർക്കു ഭോഷത്തവുമായ ക്രിസ്തുവിനെ പ്രസംഗിക്കുന്നു" (1,23). അതുപോലെ റോമാലേഖനത്തിൽ നാം വായിക്കുന്നു: "നിയമത്തിൽ അധിഷ്ഠിതമായ നീതി അന്വേഷിച്ചുപോയ ഇസ്രായേൽ ഇടർച്ചക്കല്ലിൽ തട്ടി വീണു. ഇതാ, ഇടർച്ചക്കല്ലും തടങ്കൽപാറയും സീയോനിൽ ഞാൻ സ്ഥാപിക്കുന്നു.അവനിൽ വിശ്വസിക്കുന്നവർക്ക് ലജ്ജിക്കേണ്ടി വരികയില്ല എന്ന് എഴുതപ്പെട്ടിരിക്കുന്നു" (റോമ.9,31-32; ഏശാ.28,16).

പഴയ ഇസ്രായേൽ തിരുലിഖിതത്തിന്റെ വാച്യാർഥത്തിലും നിയമാധിഷ്ഠിത വ്യാഖ്യാനങ്ങളിലും കുടുങ്ങിക്കിടന്നു. പിശാചിന്റെ അടിമത്തത്തിൽ നിന്ന് വിമുക്തരാകാൻ കൂട്ടാക്കിയില്ല. പ്രത്യുത, അവർ പിശാചിനോട് കൂട്ടുചേർന്ന് നിഷ്കളങ്കരക്തം ചിന്തി ജറുസലേം മലിനമാക്കി, തങ്ങളുടെ പിതാക്കന്മാരുടെ പ്രവൃത്തി തുടർന്നു.

നമ്മുടെ കർത്താവ് ഒരേ സമയം അവിശ്വാസികളായ ഒരുകൂട്ടർക്ക് ഇടർച്ചക്കല്ലും തടങ്കൽ പാറയും, വിശ്വാസികളായ മറ്റേ കൂട്ടർക്ക് വിശുദ്ധ മന്ദിരവും വിശുദ്ധീകരണവും ആണെന്ന് പ്രവാചൻ പറയുന്നു. അതുകൊണ്ടാണ് ആഹാസിനോട് പറഞ്ഞത്,"വിശ്വസിക്കുന്നില്ലെങ്കിൽ നിനക്ക് സുസ്ഥിതി ലഭിക്കയില്ല" (7,10).[4]

3. Jerome, Ep.121,10
4. J.J.Armstrong (tr.), *Eusebius of Caesarea, Commentary on Isaiah*, p. 49-51; T.P.Scheck (tr.), *St. Jerome, Commentary on Isaiah,* p.191-193.



# 35
## ശക്തനായ ദൈവം (ഏശാ 9)

ഏശായാ ഒൻപതാം അധ്യായത്തിലുള്ള പരാമർശം കാണാം: "അവസാനനാളുകളിൽ സമുദ്രത്തിലേക്കുള്ള പാതയെ, യോർദാനക്കരെയുള്ള ദേശത്തെ, ജനതകളുടെ ഗലീലിയെ, അവിടുന്ന് മഹത്വപൂർണമാക്കും. അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്ത് വസിച്ചിരുന്നവരുടെ മേൽ പ്രകാശം ഉദിച്ചു. അങ്ങ് ജനതയെ വർധിപ്പിച്ചു. അവർക്ക് അത്യധികമായ ആനന്ദം നൽകി" (9,1-3).

"എന്തെന്നാൽ നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു. നമുക്കൊരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ആയിരിക്കും. വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനരാജാവ് എന്ന് അവൻ വിളിക്കപ്പെടും. ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജ്യത്തിലും അവന്റെ ആധിപത്യം നിസ്സീമമാണ്; അവന്റെ സമാധാനം അനന്തവും" (9,6-7).ഹീബ്രു ടെക്സ്റ്റിൽ വിസ്മയനീയൻ, ഉപദേഷ്ടാവ്, ശക്തൻ, ദൈവം, ഭാവിയുഗത്തിന്റെ പിതാവ്, സമാധാനരാജാവ് എന്നാണെന്ന് വി. ജറോം പറയുന്നു.

ആദ്യത്തെ ഉദ്ധരണി വി. മത്തായി ശ്ലീഹാ ഉദ്ധരിക്കുന്നു (4,12-17). "യോഹന്നാൻ ബന്ധനസ്ഥനായെന്ന് കേട്ടപ്പോൾ യേശു ഗലീലിയിലേക്ക് പിൻവാങ്ങി. അവൻ നസ്രത്തു വിട്ട് സെബൂലൂന്റെയും നഫ്താലിയുടെയും അതിർത്തിയിൽ, സമുദ്രതീരത്തുള്ള കഫർണാമിൽ ചെന്നു പാർത്തു...അപ്പോൾ മുതൽ യേശു പ്രസംഗിക്കാൻ തുടങ്ങി. മാനാസ്സാരപ്പെടുവിൻ. സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു". ഈ പശ്ചാത്തല

ത്തിലാണ് മത്തായി ഏശായാ പ്രവാചകനെ ഉദ്ധരിക്കുന്നത്: "ഇത് ഏശായാ പ്രവാചകൻ വഴി അരുളിച്ചെയ്യപ്പെട്ടത് നിവൃത്തിയാകാൻ വേണ്ടിയാണ്."

യേശു തന്റെ സുവിശേഷപ്രഘോഷണം ആരംഭിക്കുന്നത് സെബൂലൂൻ, നഫ്താലി പ്രദേശങ്ങളിലാണ്. ഗ്ലീലാക്കടലിന്റെ തീര ത്താണ് അവിടുന്ന് കൂടുതൽ സമയവും ചെലവഴിച്ചത്. അവിടെ നിന്നുള്ളവരായിരുന്നു യേശുവിന്റെ ശിഷ്യന്മാരിൽ കൂടുതൽ പേരും. അവിടെയുള്ള കാനായിൽ വച്ചാണ് അവിടുന്ന് തന്റെ മഹത്വം വെളിപ്പെടുത്തി ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചത് (യോഹ.2,1-11). ഈ രീതിയിൽ അവിടുന്ന് ആ പ്രദേശത്തെ മഹത്വപൂർണമാക്കി. "ഞാൻ ലോകത്തിന്റെ വെളിച്ചമാണ്" എന്നു പറഞ്ഞുകൊണ്ട് (യോഹ. 8,12), പാപാന്ധകാരത്തിൽ കഴിഞ്ഞ അവിടുത്തെ ജനങ്ങൾക്ക് അവൻ പ്രകാശമായി കടന്നുചെന്നു. മരണനിഴലിൽ കഴിഞ്ഞവർ വലിയ വെളിച്ചം കണ്ടു.

ഇത് വിജാതിയരുടെ വിളിയെ സൂചിപ്പിക്കുന്നു. ഗലീലി പ്രദേ ശത്ത് വിജാതിയർ ധാരാളമുണ്ടായിരുന്നു. അവിടെ നിന്നുള്ള ശ്ലീഹ ന്മാരെ പറ്റിയുള്ള പരാമർശം 68-ാം സങ്കീർത്തനത്തിൽ കാണാം: "ഇസ്രായേലിന്റെ ഉറവയിൽ നിന്നുള്ളവരേ, കർത്താവിനെ വാഴ്ത്തു വിൻ. ഏറ്റവും നിസ്സാരനായ ബഞ്ചമിൻ മുൻപിൽ നടക്കുന്നു. പിന്നീട് യൂദാപ്രഭുക്കന്മാരുടെ സംഘം, സെബൂലൂന്റെയും നഫ്താലിയുടെയും പ്രഭുക്കന്മാർ അതിനു പിന്നിൽ" (68,26-27).

നിസ്സാരനായ ബഞ്ചമിൻ, വി.പൗലോസ് ശ്ലീഹായാണ് (ഫിലി.3,5). പ്രഭുക്കന്മാർ അവിടെ നിന്നുള്ള ശ്ലീഹന്മാരാണ്. ഈ പ്രദേശത്തുള്ളവരോട് നമ്മുടെ കർത്താവ് പറഞ്ഞു, "വരിക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം" (മത്താ.4,19). അവർ ഉടൻ തന്നെ വള്ളവും വലയും ഉപേക്ഷിച്ച് കർത്താവിനെ അനുഗമിച്ചു (4,20).

നമ്മുടെ കർത്താവ് അവിടെയുള്ളവരെ വർധിപ്പിച്ചു (9,3). ആദ്യ ക്രിസ്ത്യാനികളിൽ അനേകർ അവിടെ നിന്നുള്ളവരാണ്. അവർക്ക് അവിടുന്ന് ആനന്ദം നൽകി. അവർ അവിടുത്തെ മുമ്പിൽ ആനന്ദ തുന്ദിലരായി. കാരണം നമുക്ക് ജനിച്ചിരിക്കുന്ന ശിശുവിനെ അവർ തിരിച്ചറിഞ്ഞു. യേശുവിനെ തിരിച്ചറിഞ്ഞ വിജാതിയരുടെ സന്തോഷ മാണ് ഇവിടെ പരാമർശം.





ഈ അധ്യായത്തിൽ തന്നെ ഈ പുത്രന്റെ വിശേഷണങ്ങൾ ഏശായാ കാണുന്നു. ഈ പുത്രനെപ്പറ്റി ഏശായാ തുടരെത്തുടരെ പറയുന്നു. ഒന്നാമത്, "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും" എന്ന ഭാഗം. അവൻ അമ്മാനുവേലാണ്. അവൻ പാലും തേനും ഭക്ഷിക്കും. അവന് പ്രായമാകുന്നതിനുമുമ്പ് ജനം ഭയപ്പെടുന്ന രാജ്യ ങ്ങൾ തകർന്നു പോകും (7,14-16). രണ്ടാമത്, "ഞാൻ പ്രവാചകിയെ സമീപിച്ചു. അവൾ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചു" (8,3). ശിശു അപ്പാ, അമ്മേ എന്നു വിളിക്കുന്നതിനു മുമ്പ് ഡമാസ്കസും സമറിയായും കൊള്ളയടിക്കപ്പെടും. മൂന്നാമത്, "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു"(9,6) എന്ന ഭാഗം. ഈ ശിശുവിന് മറ്റനേകം പേരുകളുമുണ്ട്.

അവൻ മഹാസന്ദേശവാഹകനാണ്. അവൻ ദൂതൻ മാത്രമല്ല, വലിയ ഉപദേശം നൽകുന്ന ദൂതനാണ്. എല്ലാ ജനതകളുടെയും വിളിയും രക്ഷയും സംബന്ധിച്ച് മഹോന്നത ദൈവത്തിന്റെ സന്ദേശ മാണത്. രാജ്യവും ശക്തിയും മഹത്വവും ബഹുമാനവും എന്ന ആധിപത്യം അവന്റെ തോളിലാണ്. ആധിപത്യം എന്നാൽ അവന്റെ ദൈവത്വം എന്നു ഗ്രഹിക്കണം. അവന്റെ ദൈവത്വം നിമിത്തമാണ് മഹാസന്ദേശവാഹകൻ എന്ന് അവൻ വിളിക്കപ്പെടുന്നത്. കാരണം, പിതാവിന്റെ നിഗൂഢസംഗതികൾ അവൻ മാത്രമേ അറിയുന്നുള്ളൂ. അർഹരായവർക്ക് അവൻ അത് പകർന്നു നൽകുന്നു.

ജനിച്ച ശിശു ശക്തനായ ദൈവമാണ് (ഏൽ ഗിബ്ബാർ). ഈ നാമങ്ങൾ കാണിക്കുന്നത് ഈ ശിശു വെറുമൊരു സാധാരണ മനുഷ്യ നല്ല. അവൻ ഭാവിലോകപിതാവാണ്. നമ്മുടെയെല്ലാം പിതാവായ ആദാം ഈ യുഗത്തിന്റെ പിതാവാണ് (ഗലാ.1,4). മർത്യരായ എല്ലാവരു ടെയും തലവനാണവൻ. "ആദത്തിൽ നാമെല്ലാം മരിക്കുന്നതുപോലെ, ക്രിസ്തുവിൽ നാമെല്ലാം പുനർജീവിക്കും" (1കൊറി.15,23). അങ്ങനെ ക്രിസ്തു നവയുഗത്തിന്റെ പിതാവാണ്. ക്രിസ്തുവാണ് ആദ്യഫലം. കൃപയുടെ ഭാവിയുഗത്തിന്റെ പിതാവും ഭരണകർത്താക്കളുടെ സമാധാനവുമാണവൻ. കാരണം, ''അവൻ നമ്മുടെ സമാധാന മാകുന്നു" (എഫേ.2,14). സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും അവൻ അനുരഞ്ജിപ്പിച്ചു (കൊളോ.1,20). ലോകത്തെ തന്നിൽ പിതാവുമായി രമ്യതപ്പെടുത്തി.

അവന്റെ ആധിപത്യം നിസ്സീമമാണ് (9,7). അതായത്, അതിരുകളില്ലാത്തതാണ്. അത് ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു. അവനെ ഉയിർപ്പിച്ച് വലത്തുഭാഗത്ത് ഇരുത്തി എല്ലാറ്റിനും ഉപരിയായി അവനെ ആക്കിയതിലും ആധിപത്യം നിസ്സീമമായിരിക്കുന്നു (എഫേ. 1,19–21). അവന്റെ സമാധാനത്തിന് അവസാനമില്ല (സങ്കീ. 72,7). "എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു" (യോഹ.14,27). ദാവീദിന്റെ സിംഹാസനത്തിലും രാജത്വത്തിലും അവൻ എന്നേക്കും വാഴും. അവൻ അതിനെ ഐശ്വര്യസമൃദ്ധമാക്കും. അവൻ ജനഹൃദയങ്ങളിൽ പ്രകാശിതനാകും. അവൻ തന്റെ രാജ്യം ലോകം മുഴുവൻ ഉറപ്പിക്കും. അങ്ങനെ ദാവീദിന്റെ വീണുപോയ കൂടാരം അവൻ ഉറപ്പിക്കും (ആമോസ്, 9,11). സൈന്യബലത്താലല്ല, നീതിയിൽ. അത് ഇപ്പോൾ മുതൽ എന്നേക്കും നിലനിൽക്കും. അതായത്, തന്റെ മനുഷ്യാവതാരം മുതൽ നിത്യകാലം വരെ.

ദാവീദിന്റെ കൂടരത്തെപ്പറ്റി ഏശായാ വീണ്ടും പറയുന്നു: "കാരുണ്യത്തോടെ ഒരു സിംഹാസനം സ്ഥാപിക്കപ്പെടും. നീതി അന്വേഷിക്കുകയും നീതിപൂർവം വിധിക്കുകയും ധർമനിഷ്ഠ പാലിക്കുകയും ചെയ്യുന്ന ഒരുവൻ ദാവീദിന്റെ കൂടാരത്തിലെ ആ സിംഹാസനത്തിൽ ഉപവിഷ്ഠനാകും" (16,5).

"ദാവീദിന്റെ കൂടാരം" എന്നു പറയുന്നത് സഭയാണ്. മോവാബിനെ പറ്റിയുള്ള പ്രവചനത്തിന്റെ അവസാനം വചനത്തിന്റെ മഹാത്ഭുതം വെളിപ്പെടുത്തുന്നു. മോവാബിൽ നിന്ന് വിഗ്രഹാരാധന തുടച്ചു നീക്കപ്പെടും. മോവാബ് വിജാതിയരെ കുറിക്കുന്നു. അവരുടെ തകർച്ചയ്ക്കു ശേഷം അവശേഷിക്കുന്നവർ യൂദായിൽ അഭയം തേടും. അപ്പോൾ ദാവീദിന്റെ കൂടാരവും ദൈവത്തിന്റെ സിംഹാസനവും അവരുടെ ഇടയിൽ സ്ഥാപിക്കപ്പെടും. ദൈവത്തിന്റെ കരുണയാലും വാത്സല്യത്താലുമത്രേ ഇത് സംഭവിക്കുക. ഇത് സജ്ജമാക്കുന്നത് ദാവീദിന്റെ ബീജത്തിൽ നിന്നുള്ള ക്രിസ്തുവാണ് (റോമ.1,3). അവൻ സിംഹാസനത്തിൽ ഉപവിഷ്ഠനാകും.[1]

1. J.J.Armstrong (tr.), *Eusebius of Caesarea, Commentary on Isaiah*, p. 47-54; T.P.Scheck (tr.), *St. Jerome, Commentary on Isaiah*, p.187-199.



# 36
## സീയോനിലെ മൂലക്കല്ല് (ഏശാ 28,16)

ഏശായാ വീണ്ടും പറയുന്നു: "ജറുസലേം നിവാസികൾക്കും യൂദാഭവനത്തിനും അവൻ പിതാവായിരിക്കും. ദാവീദുഭവനത്തിന്റെ താക്കോൽ അവന്റെ തോളിൽ ഞാൻ വച്ചുകൊടുക്കും. അവൻ തുറന്നാൽ ആരും അടയ്ക്കുകയോ, അവൻ അടച്ചാൽ ആരും തുറക്കുകയോ ഇല്ല. ഒരു കുറ്റിപോലെ ഉറപ്പുള്ള സ്ഥാനത്ത് ഞാൻ അവനെ സ്ഥാപിക്കും. അവൻ പിതൃഭവനത്തിന് മഹത്വത്തിന്റെ സിംഹാസനമായിരിക്കും. അവന്റെ പിതൃഭവനമാകെ എല്ലാ പാത്രങ്ങളും അവനിൽ തൂക്കിയിടും" (22,21–24).

ജറുസലേം ദൈവാലയ കാര്യവിചാരിപ്പുകാരനായ ഷെമ്നായെയും ഏലിയാക്കീമിനെയും പറ്റിയുള്ള പ്രവചനത്തിന്റെ രൂപത്തിലാണ് ഈ വാചകം. ഷെമ്നായെ അവന്റെ സ്ഥാനത്തുനിന്ന് നീക്കുന്നത്, യഹൂദപൗരോഹിത്യം പഴയ ഇസ്രായേലിൽ നിന്ന് നീക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു. അത് പ്രയോജനരഹിതമാണെന്ന് കാണിക്കുന്നു. അത് ഏലിയാക്കീമിനു നൽകുമെന്നത് മിശിഹായെയും പുതിയ നിയമ പൗരോഹിത്യത്തെയും സൂചിപ്പി ക്കുന്നു. "ദാവീദിന്റെ മഹത്വം" ഏറ്റവും വിനീതഹൃദയനും ശാന്തനും നീതി നിറഞ്ഞ രാജാവുമായ അവനാണ് ചേരുന്നത്. അധികാരപൂർവം അവൻ ജനത്തെ ഭരിക്കും. പിതാവിൽ എന്നപോലെ എല്ലാവരും അവനിൽ വിശ്വാസം അർപ്പിക്കും. "താക്കോൽ" അവന്റെ അധികാരത്തെ സൂചിപ്പിക്കുന്നു. അവൻ തന്റെ പീഡാനുഭവത്തിലൂടെ തുറന്നത് അടയ്ക്കപ്പെടുകയില്ല. അവൻ അടച്ച യഹൂദാനുഷ്ഠാനങ്ങൾ ആരും തുറക്കുകയുമില്ല. "അവനിൽ തൂക്കിയിടും" എന്നതിനർഥം ലോകജനത അവനെ സ്വീകരിക്കും എന്നാണ്.

ഏശായാ വീണ്ടും നമ്മുടെ കർത്താവിനെ അവതരിപ്പിക്കുന്നു: "ഇതാ, നമ്മുടെ ദൈവം. നമ്മുടെ രക്ഷയുടെ പ്രത്യാശ നാം അർപ്പിച്ച ദൈവം. ഇതാ, കർത്താവ്. നാം അവിടുത്തേക്കു വേണ്ടിയാണ് കാത്തിരുന്നത്. അവിടുന്ന് നൽകുന്ന രക്ഷയിൽ നമുക്ക് സന്തോഷി ച്ചുല്ലസിക്കാം" (25,9).

ജനതകളുടെ മേൽ വിരിച്ചിരിക്കുന്ന മൂടുപടം നീക്കുമ്പോഴാണ് അത്ഭുതസ്തബ്ധരായി അവർ രക്ഷകനെ കാണുന്നത്. മരണം എന്നേ ക്കുമായി ഗ്രസിക്കപ്പെടുമ്പോൾ, മരണത്തിൽ നിന്ന് വിമോചിതരായ ദൈവജനം പറയും, "ഇതാ നമ്മുടെ ദൈവം." അവൻ വെറുമൊരു മനുഷ്യൻ മാത്രമാണെന്ന് അവിശ്വാസികൾ കരുതി. എന്നാൽ അവരുടെ മേലുള്ള മൂടുപടം നീങ്ങിയപ്പോൾ, അവനായിരിക്കുന്ന അവസ്ഥയിൽ അവർ അവനെ കാണുകയും അവനെ സ്വീകരിക്കുകയും ചെയ്യും. നാം അവനുവേണ്ടിയാണ് കാത്തിരുന്നത്. തന്റെ വാഗ്ദാനങ്ങൾ നിവർത്തിച്ച അവന്റെ വാക്കുകളിൽ നാം വിശ്വസിച്ചു. അവൻ നമ്മെ രക്ഷിച്ചു. അവന്റെ സഹായത്താൽ മരണവക്ത്രത്തിൽ നിന്ന് നാം പിടിച്ചെടു ക്കപ്പെട്ടതിനാൽ, അവനിൽ നാം സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു. അവന്റെ കരവും ബലവും സഭയാകുന്ന മലയിൽ വിശ്ര മിക്കും. "കർത്താവ് സീയോൻ പർവതത്തിൽ ഭരണം നടത്തും, ജറുസലേമിലും അതിന്റെ ശ്രേഷ്ഠന്മാരുടെ മുമ്പിലും അവിടുന്ന് മഹത്വീകരിക്കപ്പെടും" (24,23). അവിടുന്ന് തന്റെ സഭയിൽ മഹത്വീ കൃതനാകും എന്നർഥം.

തന്റെ സ്വന്തജനത്തെ-സഭയെ-പ്രോത്സാഹിപ്പിക്കാനും ബലപ്പെടുത്താനും അവരോട് പറയുന്നു: "ഭാവിയിൽ യാക്കോബ് വേരുപിടിക്കും. ഇസ്രായേൽ പുഷ്പിക്കുകയും ശാഖകൾ വിരിക്കുകയും ചെയ്യും. ഭൂമി മുഴുവൻ അതിന്റെ ഫലങ്ങൾ കൊണ്ട് നിറയും" (27,6). യാക്കോബിന്റെ സന്തതികളായ ശ്ലീഹന്മാർ യൂദരിൽ നിന്ന് പുറപ്പെട്ട്, പുഷ്പിച്ച് ശാഖവിരിക്കയും ധര മുഴുവൻ ഫലം പുറപ്പെടുവിക്കുകയും ചെയ്തത് പ്രവാചകൻ കാണുന്നു. യൂദയായിൽ ഫലം പുറപ്പെടുവിക്കാ തിരുന്നത് ലോകം മുഴുവൻ ഫലസമൃദ്ധമായി.

പഴയ ഇസ്രായേലിനെയും സഭയെയും യോജിപ്പിക്കുന്ന മൂലക്കല്ലിനെപ്പറ്റി ഏശായാ പ്രവചിക്കുന്നു: "ഇതാ, ഞാൻ സീയോനിൽ ഒരുകല്ല് അടിസ്ഥാനമായി ഇടുന്നു. വിലയുറ്റ മൂലക്കല്ല് ഉറപ്പുള്ള





അടിസ്ഥാനമായി ഇട്ടിരിക്കുന്നു. വിശ്വസിക്കുന്നവൻ ചഞ്ചലചിത്തൻ ആകുകയില്ല." (28,16). ഇതുതന്നെ വി. പൗലോസ് ശ്ലീഹായും പറയുന്നു (എഫേ.2,11-22). പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായി ത്തീർന്നു (സങ്കീ.118,22). ഈ "പണിക്കാർ" നിന്ദകരും ജറുസലേം നിവാസികളെ ഭരിച്ചവരുമാണ് (28,14). ദാനിയേലും ഒരു കല്ലിനെപ്പറ്റി പറയുന്നു (2,34-35). മലയിൽ നിന്ന് കൈകളാൽ വെട്ടപ്പെടാത്ത കല്ല്. അത് ധരമുഴുവൻ നിറഞ്ഞു. ജഡം ധരിച്ച വചനമാം ദൈവത്തെ ഇത് കുറിക്കുന്നു അവനിൽ ദൈവത്വത്തിന്റെ പൂർണത ശാരീരികമായി വസിച്ചു (കൊളോ.2,9). ഈ കല്ലിൽ, ഈ പാറമേൽ, ക്രിസ്തു തന്റെ സഭ സ്ഥാപിച്ചു (മത്താ.16,18). അവൻ തന്റെ സഭയെ ഉറച്ച അടിസ്ഥാന ത്തിൽ തന്നെ സ്ഥാപിച്ചു. അതിൽ വിശ്വസിക്കുന്നവൻ ലജ്ജിക്കയില്ല. സഭയുടെ അടിത്തറ അവനും അവന്റെ സുവിശേഷവുമാണ്. നമ്മുടെ രക്ഷകന്റെ മർത്യശരീരത്തെയും ഈ കല്ല് സൂചിപ്പിക്കുന്നു. കല്ല് കർത്താവിന്റെ മനുഷ്യശരീരവും പർവതം ദൈവത്വവുമാണെന്ന് എവുസേബിയസ് പറയുന്നു.[1]

"ഞാൻ വീണ്ടും ഈ ജനത്തോട് വിസ്മയനീയ കാര്യങ്ങൾ ചെയ്യും. ജ്ഞാനികളുടെ ജ്ഞാനം നശിക്കും. വിവേകികളുടെ വിവേ ചനാശക്തി ഇല്ലാതാകും" (ഏശാ.29,14). ദൈവത്തിന്റെ ശക്തിയും ജ്ഞാനവും ലഭിക്കാത്തവരുടെ ജ്ഞാനം നശിക്കും (1കൊറി.1,24). അക്ഷരത്തിൽ മറഞ്ഞിരിക്കുന്നവനെ കാണാതിരിക്കാൻ വിവേകിക ളിൽ നിന്ന് മറച്ചുവയ്ക്കും (1കൊറി.1,19). തങ്ങൾ വിജ്ഞാനികളാ ണെന്ന് ഗ്രീക്കുകാർ കരുതിയിരുന്നു. എന്നാൽ അവർക്ക് കുരിശിന്റെ വചനം ഭോഷത്തമായി തോന്നി. യഹൂദരുടെ പക്കൽ പ്രവചനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അത് യേശുമിശിഹായെ പറ്റിയായിരുന്നെന്ന് അനേകം യഹൂദർക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. അവരുടെ ഗുരുക്കന്മാ രുടെ അറിവ് അവർക്ക് നിഷ്ഫലമായി (ഏശാ.3,1-3).

"അന്ന് ചെകിടർ ഗ്രന്ഥത്തിലെ വാക്കുകൾ വായിച്ചു കേൾക്കു കയും അന്ധർക്ക് അന്ധകാരത്തിൽ ദർശനം ലഭിക്കുകയും ചെയ്യും. ശാന്തശീലർക്ക് കർത്താവിൽ നവ്യാനന്ദം ലഭിക്കും. ദരിദ്രർ ഇസ്രായേ ലിന്റെ പരിശുദ്ധനിൽ ആഹ്ലാദിക്കും...അവർ ഒരുവനെ വാക്കിൽ പിടിച്ച് കുറ്റക്കാരനാക്കുകയും നഗരകവാടത്തിങ്കലിരുന്ന് ശാസിക്കുന്നവന്

1. J.J.Armstrong (tr.), *Eusebius of Caesarea, Commentary on Isaiah,* p. 141.

കെണി വയ്ക്കുകയും അടിസ്ഥാനരഹിതമായ വാദം കൊണ്ട് നീതിമാന് നീതി നിഷേധിക്കുകയും ചെയ്യുന്നു" (ഏശാ.29,18-21).

അന്ധരായി വിഗ്രഹങ്ങളുടെ പിറകെ പോയ വിജാതിയർക്ക് ക്രിസ്തുവിന്റെ വരവിൽ പ്രകാശം ലഭിക്കുന്നു. "അന്ധകാരത്തിൽ ഇരുന്നവർക്ക് സത്യപ്രകാശം ഉദയം ചെയ്തു" എന്ന് കർത്താവിന്റെ വരവിൽ യോഹന്നാൻ ഉദ്ഘോഷിക്കുന്നു (യോഹ.1,9; ഏശാ.9,2). കർത്താവിനെ വാക്കിൽ കുടുക്കാൻ യഹൂദപ്രമാണികൾ കള്ളസാക്ഷികളെ കൊണ്ടുവന്ന കാര്യം സുവിശേഷത്തിൽ നാം വായിക്കുന്നു.

"ഒരു രാജാവ് ധർമനിഷ്ഠയോടെ ഭരണം നടത്തും. പ്രഭുക്കന്മാർ നീതിയോടെ ഭരിക്കും"...അപ്പോൾ മരുഭൂമിയിൽ നീതി വസിക്കും. ഫലപുഷ്ടിയുള്ള വയലിൽ ധർമനിഷ്ഠ കുടികൊള്ളും. നീതിയുടെ ഫലം സമാധാനമായിരിക്കും. നീതിയുടെ പരിണിതഫലം പ്രശാന്തതയും എന്നേക്കുമുള്ള പ്രത്യാശയും ആയിരിക്കും" (ഏശാ.32,1.15-17). ഇത് ദൈവത്തിന്റെ മിശിഹായെ പറ്റിയാണ്. അവൻ മാത്രമാണ് നീതിമാനായ രാജാവ്. മരുഭൂമിയെപ്പറ്റിയുള്ള പരാമർശം വിജാതിയരെ പറ്റിയാണ്.

തുടർന്ന് പറയുന്നു, "കർത്താവ് സീയോനെ നീതിയും ധർമിഷ്ഠതയും കൊണ്ട് നിറയ്ക്കും...രക്ഷയുടെയും ജ്ഞാനത്തിന്റെയും അറിവിന്റെയും സമൃദ്ധി അവിടുന്നു തന്നെ" (ഏശാ. 33,5-6). സീയോൻ എന്നത് സഭ എന്നു മനസ്സിലാക്കണം. "കർത്താവ് അരുളിച്ചെയ്യുന്നു, ഇപ്പോൾ ഞാൻ എഴുന്നേൽക്കും. ഞാൻ എന്നെത്തന്നെ ഉയർത്തും. ഇപ്പോൾ എനിക്ക് പുകഴ്ച ലഭിക്കും" (ഏശാ.33,10). കർത്താവിന്റെ മഹത്വത്തെയും പുകഴ്ചയെയുംപറ്റി യോഹന്നാൻ ശ്ലീഹാ തുടരെത്തുടരെ പ്രസ്താവിക്കുന്നു (യോഹ. 12,23.28;13,31).

"നമ്മിലാർക്ക് ദഹിപ്പിക്കുന്ന അഗ്നിയോടൊപ്പം വസിക്കാനാകും? നിത്യജ്വാലയിൽ നമ്മിലാർക്ക് ജീവിക്കാൻ കഴിയും?" (ഏശാ.33,14). ഉജ്ജ്വലപ്രകാശത്തിൽ വസിക്കുന്നവൻ മർത്യരുടെ ഇടയിൽ വസിക്കുന്നതിനെ പറ്റിയാണ് പരാമർശം. "രാജാവിനെ അവന്റെ സൗന്ദര്യത്തോടു കൂടെ നിന്റെ കണ്ണുകൾ ദർശിക്കും...സീയോനെ നോക്കുവിൻ. പ്രശാന്ത വസതിയും ഇളക്കമില്ലാത്ത കൂടാരവുമായ ജറുസലേമിനെ നിന്റെ കണ്ണുകൾ ദർശിക്കും...അവിടെ കർത്താവ് നമുക്കുവേണ്ടി പ്രതാപത്തോടെ വാഴും" (ഏശാ.33,17-21).





"ഇതാ നിങ്ങളുടെ ദൈവം പ്രതികാരം ചെയ്യാൻ വരുന്നു. ദൈവത്തിന്റെ പ്രതിഫലവുമായി വന്ന് അവിടുന്ന് നിങ്ങളെ രക്ഷിക്കും. അപ്പോൾ അന്ധരുടെ കണ്ണുകൾ തുറക്കപ്പെടും. ബധിരരുടെ ചെവി ഇനി അടഞ്ഞിരിക്കയില്ല. അപ്പോൾ മുടന്തർ മാനിനെപ്പോലെ കുതിച്ചുചാടും. മൂകന്റെ നാവ് സന്തോഷത്തിന്റെ ഗാനം ഉതിർക്കും. വരണ്ട ഭൂമിയിൽ ഉറവകൾ പൊട്ടിപ്പുറപ്പെടും..." (ഏശാ.35,4-10). നമ്മുടെ കർത്താവ് ഈ ഭാഗം ഉദ്ധരിച്ചുകൊണ്ട് സ്നാപകന്റെ ശിഷ്യർക്ക് മറുപടി നൽകുന്നു (മത്താ.11,1-6).

ഇതുപോലെ ഏശായായിൽ അനേകം ഇടങ്ങളിൽ നമ്മുടെ കർത്താവിനെപ്പറ്റിയുള്ള പ്രവചനം കിടപ്പുണ്ട്. ബുദ്ധിമാന്മാരായ കർഷകർ പരിശുദ്ധാത്മ സഹായത്താൽ അവ കണ്ടെത്തട്ടെ. കണ്ടെത്തി ജനത്തിന്റെ മുമ്പിൽ എടുത്തു കാട്ടട്ടെ. എടുത്തുകാട്ടി രക്ഷകനെ അവതരിപ്പിക്കട്ടെ. ആ രക്ഷകൻ നമ്മെയെല്ലാം സമൃദ്ധമായി അനുഗ്രഹിച്ച് തന്റെ പരിശുദ്ധാത്മാവാകുന്ന സന്തോഷം നമ്മിൽ സമൃദ്ധമായി വർഷിക്കട്ടെ.[2]

# 37

## മരുഭൂമിയിലെ സ്വരം (ഏശാ 40,1-5)

ഏശായാ പ്രവാചകൻ സ്നാപകയോഹന്നാന്റെ ദൗത്യത്തെ പറ്റി പ്രവചിക്കുന്നു. "ആശ്വസിപ്പിക്കുവിൻ. എന്റെ ജനത്തെ സമാശ്വസിപ്പിക്കുവിൻ ജറുസലേമിനോട് പ്രഘോഷിക്കുവിൻ...ഒരു സ്വരം ഉയരുന്നു. മരുഭൂമിയിൽ കർത്താവിന് വഴിയൊരുക്കുവിൻ. വിജനപ്രദേശത്ത് നമ്മുടെ ദൈവത്തിന് രാജവീഥി ഒരുക്കുവിൻ. താഴ്വരകൾ നികത്തപ്പെടും. മലകളും കുന്നുകളും താഴ്ത്തപ്പെടും. കുന്നും കുഴിയുമായ സ്ഥലങ്ങൾ നിരപ്പാകും. ദുർഘടപ്രദേശങ്ങൾ സമതലമാകും. കർത്താവിന്റെ മഹത്വം വെളിപ്പെടും. മർത്യരെല്ലാം ഒരുമിച്ച് അത് ദർശിക്കും" (ഏശാ.40,1-5).

2. T.P.Scheck (tr.),*St. Jerome, Commentary on Isaiah,* p.437-438.

ആശ്വാസപ്രദനെ ലഭിച്ചവരാണ് ജനത്തെ ആശ്വസിപ്പിക്കുന്നത്. അത് ശ്ലീഹന്മാരാണ്. അവർക്കാണ് വാഗ്ദാനം ലഭിച്ചതും ആത്മാവിനെ ലഭിച്ചതും (യോഹ. 14,16-17.26;15,26;16,7). അവരാണ് ഇസ്രായേലിലെ തെരഞ്ഞെടുക്കപ്പെട്ടവർ. ജറുസലേമിനോട് സൗമ്യമായി സംസാരിക്കുന്നതും അവരാണ്. ഈ സമാശ്വാസം സീയോനിൽ നിന്നു വരുന്നു എന്ന് സക്കറിയായും പ്രവചിക്കുന്നു. അനേകർ അതിലേക്ക് ഓടിയെത്തുന്നതായി അവൻ കാണുന്നു (സക്ക.2,10-11). സീയോൻ ദൈവത്തിന്റെ സഭയാണ്. അതിലേക്ക് അടുത്തുവരുന്നവർ സമാശ്വസിപ്പിക്കപ്പെടും. "ദൈവജനം" എന്ന പേരിന് അർഹരായവരെയെല്ലാം സമാശ്വസിപ്പിക്കാനാണ് പറയുന്നത്. ഈ സമാശ്വാസത്തെപ്പറ്റി വി. പൗലോസ് ശ്ലീഹായും സംസാരിക്കുന്നു (2കൊറി. 1,3-7).

പാപമോചനം ലഭിച്ചു എന്നതാണ് സമാശ്വാസകാരണം. ജനത്തിനു ലഭിച്ച ഇരട്ടിശിക്ഷ പാപപരിഹാരമായി പരിഗണിക്കപ്പെട്ടു. ആശ്വാസം, മരുഭൂമിയിൽ വിളിച്ചു പറയുന്ന സ്വരമാണ്. എന്താണത്? "എല്ലാവരും ദൈവത്തിന്റെ രക്ഷ കാണും". അതായത് സുവിശേഷ പ്രഘോഷണത്തിലൂടെ "ദൈവമഹത്വം വെളിപ്പെടും. മനുഷ്യരെല്ലാം അത് കാണും"എന്നു സാരം.

സ്നാപകയോഹന്നാൻ ഏശായായെ ഉദ്ധരിക്കുന്നു (യോഹ. 1,23). താൻ ആരാണെന്ന് ആരാഞ്ഞവർക്ക് മറുപടിയായി അവൻ പറയുന്നു: "ഞാൻ ക്രിസ്തുവല്ല. പിന്നെയോ, മരുഭൂമിയിൽ വിളിച്ചു പറയുന്ന ശബ്ദമാണ് ഞാൻ". അതായത്, രക്ഷ അടുത്തിരി ക്കുന്നു എന്നാണ് അവൻ പറഞ്ഞത്. ആ സ്വരം ജറുസലേമിലല്ല കേൾപ്പിച്ചത്, പിന്നെയോ, മരുഭൂമിയിലാണ്. വിജാതിയരുടെ ഇടയിൽ. അവിശ്വാസികളുടെ ഇടയിൽ. യോഹന്നാൻ മരുഭൂമിയിൽ പ്രസംഗിച്ചപ്പോൾ ഇത് യാഥാർഥ്യമായി. ക്രിസ്തുവിന്റെ മഹത്വം അവിടെ യോർദാനിൽ സ്നാനാവസരം വെളിപ്പെട്ടു (മത്താ.3,16;17,5; യോഹ.1,32).

ഏശായാ തുടർന്ന് പറയുന്നു. "ജഡം തൃണം മാത്രം...നമ്മുടെ ദൈവത്തിന്റെ വചനമാകട്ടെ എന്നേക്കും നിലനിൽക്കും" (40,6-8). ക്രിസ്തു മാത്രം എന്നേക്കും നിലനിൽക്കും എന്നാണ് ഏശായാ വിളിച്ചു പറഞ്ഞത്. അതുപോലെ അവൻമൂലം രക്ഷ ലഭിച്ചവരും നിലനിൽക്കും. ഈ പ്രവചനം അറിഞ്ഞിരുന്ന നിയമജ്ഞരും ഫരിസേയരും യോഹന്നാനെപ്പറ്റി കേട്ടപ്പോൾ, അവനാണോ ക്രിസ്തു എന്നറിയാൻ ആളുകളെ അവന്റെ അടുത്തേക്ക് അയച്ചു. അപ്പോഴാണ് യോഹന്നാൻ ഏശായായെ ഉദ്ധരിച്ചുകൊണ്ട് അവർക്ക് മറുപടി നൽകിയത്





(യോഹ.1,19-21). ഈ ഭാഗത്ത് അനുതാപത്തെയും മാനസാന്തരത്തെയും കുറിക്കാൻ വിവിധ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ഇത് മരുഭൂമിയിൽ വച്ച് സംഭവിച്ചു. "വിജനപ്രദേശവും മരുഭൂമിയും സന്തോഷിച്ച് ലില്ലിപോലെ പുഷ്പിക്കട്ടെ (ഏശാ.35,1). മാനസ്സാന്തരപ്പെട്ടപ്പോൾ കൃപ കടന്നുവരികയും ദൈവത്തിന് പാത സജ്ജമാക്കപ്പെടുകയും ദൈവമഹത്വം പ്രത്യക്ഷപ്പെടുകയും ചെയ്തു. അതാണ് യോർദാനിൽ വച്ച് സംഭവിച്ചത് (മത്താ.3,16; യോഹ.1,33).

സ്നാപകൻ മരുഭൂമിയിൽ വിളിച്ചുപറഞ്ഞു. ഇത് ഇന്നും സഭ തുടരുന്നു. സഭ ഇപ്പോഴും വിജാതിയരുടെ മരുഭൂമിയിൽ വിളിച്ചു പറയുന്നു.'കർത്താവിന് വഴിയൊരുക്കുവിൻ. ഹൃദയത്തിൽ കർത്താവിന് പാതയൊരുക്കുവിൻ' എന്ന് സഭയിലെ പ്രബോധകർ വിളിച്ചു പറയുന്നു."സദ്വാർത്തയുമായി വരുന്ന സീയോനേ, ഉയർന്ന മലയിൽ കയറി ശക്തിയോടെ സ്വരമുയർത്തി പറയുക. സദ്വാർത്തയുമായി വരുന്ന ജറുസലേമേ, നിർഭയം വിളിച്ചുപറയുക. യൂദായുടെ പട്ടണങ്ങളോടു പറയുക. ഇതാ, നിങ്ങളുടെ ദൈവം. ഇതാ, ദൈവമായ കർത്താവ് ശക്തിയോടെ വരുന്നു. അവിടുന്ന് കരബലത്താൽ ഭരണം നടത്തുന്നു. സമ്മാനം അവിടുത്തെ കൈയിലുണ്ട്. പ്രതിഫലവും അവിടുത്തെ മുമ്പിലുണ്ട്. ഇടയനെപ്പോലെ അവിടുന്ന് തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുന്നു. അവിടുന്ന് ആട്ടിൻകുട്ടികളെ കരങ്ങളിൽ ചേർത്ത് മാറോടണച്ച് തള്ളയാടുകളെ സാവധാനം നയിക്കുന്നു" (ഏശാ.40,9-11).

ഉയർന്ന മലയിൽ കയറി ഉച്ചത്തിൽ പ്രഘോഷിക്കാൻ ശ്ലൈഹിക സഭയോട് പറയുന്നു. അവരെല്ലാം ദൈവത്തിന്റെ രക്ഷ കാണട്ടെ (40,5).മഹാസംഗതികൾ പ്രസംഗിക്കുന്നവർ ഉയർന്ന സ്ഥലങ്ങളിൽ നിന്ന് വിളംബരം ചെയ്യണം. നിയമം സീയോനിൽ നിന്നും കർതൃവചനം ജറുസലേമിൽ നിന്നുമാണ് പുറപ്പെട്ടത് (ഏശാ.2,3). ജറുസലേമിനോടും യൂദാനഗരങ്ങളോടും പ്രസംഗിക്കാൻ ആവശ്യപ്പെടുന്നു. ആദ്യം അവരുടെ പക്കലേക്കാണ് രക്ഷ കടന്നു ചെന്നത് (മത്താ. 15,24;നടപടി, 13,46).

''ഞാനാണ് നല്ലടയൻ'' എന്നു പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവ് കടന്നുവന്നു. കാണാതെ പോയതിനെ അവൻ തേടിപ്പിടിച്ച് തോളിലേറ്റുന്നു (യോഹ.10,14-15; ലൂ.15,4-5).[1]

---

1. J.J.Armstrong (tr.), *Eusebius of Caesarea, Commentary on Isaiah*, p. 191-195; T.P.Scheck (tr.),*St. Jerome, Commentary on Isaiah*, p.532-535.

# 38
# കിഴക്കുനിന്നു വരുന്നവൻ (ഏശാ41,1-2)

കിഴക്കുനിന്ന് വരുന്നവനെപ്പറ്റി ഏശായാ സംസാരിക്കുന്നു: “തീരദേശങ്ങളേ, നിശ്ശബ്ദരായിരുന്ന് എന്റെ വാക്ക് കേൾക്കുക...ഓരാ കാൽവയ്പിലും വിജയം വരിക്കുന്ന കിഴക്കുനിന്നു വരുന്നവനെ ഉയർത്തിയതാര്? രാജാക്കന്മാരുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ അവിടുന്ന് ജനതകളെ അവന് ഏൽപ്പിച്ചുകൊടുത്തു” (ഏശാ.41,1-2).

വാച്യാർഥത്തിൽ ഈ ഭാഗം സൈറസ് എന്ന പേർഷ്യൻ രാജാവിനെ പറ്റിയാണ്. ഇസ്രായേൽക്കാരെ ബാബിലോണിയാക്കാരുടെ കൈകളിൽനിന്ന് മോചിപ്പിക്കാൻ അയാളെയാണ് ദൈവം എഴുന്നേൽപ്പിച്ചത്. സൈറസ് അവരുടെ രാഷ്ട്രീയമായ അടിമത്തം അവസാനിപ്പിച്ചു. ജറുസലേമിലേക്ക് തിരികെ പോകുന്നതിനും ദൈവാലയം വീണ്ടും പണിയുന്നതിനും അയാൾ അവരെ പ്രേരിപ്പിച്ചു.

ഇതിന് ആന്തരികാർഥമുണ്ട്. നിശ്ശബ്ദരായിരുന്ന് ദൈവിക പ്രബോധനവും രക്ഷാസന്ദേശവും കേൾക്കാൻ ദ്വീപുകളോട് ആഹ്വാനം ചെയ്യുന്നു. ദ്വീപുകൾ എന്നാൽ സഭകൾ എന്നർഥം. ദ്വീപുകൾ ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്നതുപോലെ, സഭകൾക്കു ചുറ്റും ദുഷിച്ച സംസ്കാരങ്ങൾ നിലനിൽക്കുന്നു. നിശ്ശബ്ദരായിരുന്ന് ശ്രദ്ധിക്കാനാണ് ആഹ്വാനം. ഇത് പഴയ ഉടമ്പടിയിലും കാണാം (നിയമാ.27,9).

കിഴക്കു നിന്നു വരുന്ന മിശിഹാ കർത്താവ് യഹൂദരുടെ മാത്രമല്ല, എല്ലാ ജനതകളുടെയും ദൈവമാണ് (റോമ. 3,29). അവൻ കർത്താവും രക്ഷകനുമാണ്. അവൻ നമുക്ക് ദൈവത്തിൽ നിന്നുള്ള വിജ്ഞാനവും നീതിയും വിശുദ്ധിയും രക്ഷയും ആയിത്തീർന്നു (1കൊറി. 1,30).





അവനിൽ ദൈവനീതി വെളിപ്പെട്ടു (റോമ.1,7). രാജാക്കന്മാരും രാജ്യങ്ങളും അവന് വിധേയമാകും. തന്റെ എതിരാളികളായ ദുഷ്ടപിശാചുക്കളെ അവൻ കീഴമർത്തും. അവൻ എല്ലാവരെയും സമാധാനത്തിനും ശാന്തിക്കും ആഹ്വാനം ചെയ്ത്, ശാന്തി വിതറുന്നു (റോമ.5,10). ആദിയും അന്ത്യവുമായ അവനാണ് ഇതെല്ലാം ചെയ്യുന്നത് (ഏശാ.41,6; വെളി.1,8).

‘‘കിഴക്കുനിന്നുള്ള നീതിമാൻ’’, അതായത്, കൽദായരുടെ ഊരിൽ നിന്ന് വിളിക്കപ്പെട്ട അബ്രഹാമിനെ കുറിച്ചാണ് ഇതെന്ന് (ഉൽപ.11,31) ചില എബ്രായർ കരുതുന്നതായി ജറോം സാക്ഷിക്കുന്നു.

തുടർന്നുള്ള ഭാഗം പുതിയ ഇസ്രായേലായ സഭയെ കുറിച്ചാണ്. ദാസൻ എന്നും തെരഞ്ഞെടുക്കപ്പെട്ടവൻ എന്നും അബ്രഹാമിന്റെ സന്തതി എന്നും അതിനെ വിളിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ഈ കൂട്ടത്തോടാണ് പറയുന്നത്, “ഭയപ്പെടേണ്ട. ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ട. ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തു കൈയാൽ ഞാൻ നിന്നെ താങ്ങിനിർത്തും...ഞാൻ നിന്റെ വലത്തു കൈയിൽ പിടിച്ചിരിക്കുന്നു...ഇസ്രായേലിന്റെ പരിശുദ്ധനാണ് നിന്റെ രക്ഷകൻ...നീ കർത്താവിൽ ആനന്ദിക്കും. ഇസ്രായേലിന്റെ പരിശുദ്ധനിൽ അഭിമാനിക്കും’’ (41,10-16). ഇതുതന്നെ നമ്മുടെ കർത്താവ് തന്റെ സുവിശേഷത്തിൽ പറയുന്നു: “ഇതാ, ഞാൻ ലോകാവസാനം വരെ എല്ലാനാളുകളും നിങ്ങളോടുകൂടെയുണ്ട്”(മത്താ. 28, 20).

നാനാജാതികളുടെ ഇടയിൽ, വിഗ്രഹാരാധകരുടെ ഇടയിൽ, ബിംബാരാധകരുടെ ഇടയിൽ, കർത്താവിന്റെ രക്ഷാകരസുവിശേഷം പ്രഘോഷിക്കുന്ന ബലഹീന മനുഷ്യരോടാണ് കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നത്. മിഥ്യാരാധനയിൽ കഴിഞ്ഞ ദരിദ്രരായ വിജാതിയരാണ് ദാഹജലം തേടി അലയുന്നത്. തങ്ങൾക്കുള്ളതെല്ലാം ചെലവാക്കി നിരവധി വൈദ്യന്മാരെ സമീപിച്ച വിജാതിയരോട് (മർക്കോ. 5,25), ‘‘ദാഹാർത്തരേ, എന്റെ അടുത്തുവന്ന് കുടിക്കുവിൻ” എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു (ഏശാ.41,17-20; യോഹ. 4,13-14; 7,37-39). അവിടുന്ന് വിജാതിയരെ തള്ളിക്കളഞ്ഞില്ല. അവർക്കായി ചെയ്യുന്ന കാര്യങ്ങൾ തുടർന്ന് വിവരിക്കുന്നു.

“പാഴ്മലകളിൽ നദികളും താഴ്വരകളുടെ മധ്യേ നീരുറവകളും

ഉണ്ടാകും" (ഏശാ.41,17-18). "ദൈവനഗരത്തെ ആ നദിയുടെ ഒഴുക്ക് സന്തുഷ്ട മാക്കും" (സങ്കീ. 46,4). "ദൈവത്തിന്റെ നദി ജലസമൃദ്ധമാണ്" (സങ്കീ.65,9). സജീവജലത്തിന്റെ ഉറവയായ കർത്താവിൽ നിന്ന് ജീവ ജലം ഒഴുകുന്നു. ആ ഉറവയെ യഹൂദർ നിരസിച്ചുകളഞ്ഞു (ജറ. 2,13). താൽപര്യമുള്ളവരെല്ലാം രക്ഷയുടെ ഉറവയിൽ നിന്ന് ജലം പാനം ചെയ്യും (ഏശാ.12,3). "ഇസ്രായേലിന്റെ ഉറവയിൽ നിന്ന് ദൈവമായ കർത്താവിനെ വാഴ്ത്തുവിൻ" (സങ്കീ.68,26). മരുഭൂമി ആയിരുന്ന വിജാതിയർ പരിശുദ്ധാത്മാവിനാൽ പവിത്രീകൃതരായി, ധാരാളം ഫലം പുറപ്പെടുവിക്കുന്നു. വിവിധ തരം വൃക്ഷങ്ങൾ തഴച്ചു വളരുന്നതായി അക്കാര്യം വിവരിച്ചിരിക്കുന്നു (ഏശാ.41,19).[1]

# 39

## കർത്താവിന്റെ ദാസൻ (ഏശാ 41-53)

തിരുലിഖിതത്തിൽ ഇസ്രായേലിനെ "കർത്താവിന്റെ ദാസൻ", "തെരഞ്ഞെടുക്കപ്പെട്ടവൻ", "വേർതിരിക്കപ്പെട്ടവൻ", "രക്ഷിക്കപ്പെട്ട വൻ'',''ലോകത്തിൽ കർത്താവിന്റെ സാക്ഷികൾ''എന്നൊക്കെ വിളിക്കുന്നു. എന്നാൽ നാല് "കർതൃദാസകീർത്തനങ്ങളിൽ" ഇവയ്ക്ക് വ്യത്യസ്തമായ അർഥമാണ് (ഏശാ. 42,1-9;49,1-6;50,4-11;52,13-53,12).

ഈ ദാസൻ ഒരു വ്യത്യസ്ത വ്യക്തിയാണെന്ന് മേൽപ്പറഞ്ഞ ഭാഗങ്ങൾ വ്യക്തമാക്കുന്നു. അമ്മയുടെ ഉദരത്തിൽ ആയിരിക്കവെ തന്നെ അവൻ യാഹ്വെയാൽ വിളിക്കപ്പെട്ടവനാണ് (ഏശാ.49,1-5). കർത്താവാണ് അവന് രൂപം നൽകിയത് (42,6; 49,5). അവിടുന്ന് അവനെ തന്റെ ആത്മാവിനാൽ നിറച്ചു (42,1). ഈ ദാസൻ ഒരു ശിഷ്യനാണ്, യാഹ്വെ അവന്റെ കാതുകൾ തുറന്നു (50,4-5). ധരയിൽ നീതി നടപ്പാക്കു

1 J.J.Armstrong (tr.), *Eusebius of Caesarea, Commentary on Isaiah*, p. 200-201; T.P.Scheck (tr.), *St. Jerome, Commentary on Isaiah,* p.548-551.





ന്നതിനും, മനുഷ്യരെ പ്രബോധിപ്പിക്കുന്നതിനും തന്റെ വചനത്താൽ അവരെ വിധിച്ച് വേർതിരിക്കുന്നതിനും ആണിത് (ഏശാ. 42,1-4; 50,4.10-11). ശാന്തനും വിനീതഹൃദയനുമായിരുന്നുകൊണ്ട് അവൻ തന്റെ ദൗത്യം നിർവഹിക്കുന്നു (42,2-3). അവൻ പരാജിതനായി കാണ പ്പെടുന്നു (49,4). അവൻ നിന്ദനവും പരിഹാസവും ഏറ്റുവാങ്ങി (50,5-6; 52,14;53,2-3) യാഹ്വെ അവനെ താങ്ങുന്നതിനാൽ അവൻ തളർന്നു പോകുന്നില്ല (42,4; 49,5;50,7-9).

നാലാം ഗീതത്തിന് (522,13-53,12) സങ്കീ.22-നോടും ജറമിയാ യോടും കടപ്പാടുണ്ട്. ഈ ദാസന്റെ പീഡനങ്ങളെപ്പറ്റി ഈ ഭാഗം ചർച്ചചെയ്യുന്നു. ജോബിനെപ്പോലെ അവൻ നിഷ്കളങ്കനാണ് (53,9). എന്നാൽ ദൈവത്താൽ ശിക്ഷിക്കപ്പെട്ട ദുഷ്കർമിയെപ്പോലെ അവൻ പരിഗണിക്കപ്പെട്ടു (53,4.12). അവൻ നിന്ദ്യമായ മരണത്തിന് വിധിക്ക പ്പെട്ടു (53,8-9). അവൻ സ്വന്ത ഇഷ്ടപ്രകാരം പാപികൾക്കുവേണ്ടി തന്നെത്തന്നെ സമർപ്പിച്ചുകൊണ്ട് അവരുടെ പാപം ഏറ്റെടുക്കുകയും അവർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്തു (53,4-5.8.11-12). ഒരു മഹാശക്തിയാലാണ് അവനിത് ചെയ്തത് (52,15-53,1). പാപപരി ഹാരപ്രദമായ ഈ പീഡനത്തിലൂടെ യാഹ്വെ എല്ലാവരുടെയും രക്ഷ യാഥാർഥ്യമാക്കി (53,6.10-12). അതുകൊണ്ട് ദാസൻ മഹനീയനും ശ്രേഷ്ഠനുമായിത്തീർന്നു (52,13). അവൻ തന്റെ പിൻതലമുറയെ ദർശിക്കും (53,10). രക്ഷിക്കപ്പെട്ട കൂട്ടം അവന്റേതായിരിക്കും (53,12). അവൻ ഇസ്രായേലിനെ ഒന്നിച്ചുകൂട്ടുകയും ജനതകളുടെ പ്രകാശം ആയിരിക്കുകയും ചെയ്യും (42,6;49,5-6;50,10).

ഈ ദാസൻ കർത്താവേശുമിശിഹാ ആണെന്ന് പുതിയ നിയമ കർത്താക്കൾ പറയുന്നു (മത്താ.3,17; ലൂ.4,17-21; നടപടി,3,13; 8,32-33). ദാവീദിന്റെ പുത്രനായ മിശിഹായുടെ സവിശേഷതകൾ (2സാമു.7,1; ഏശാ.7,14) സഹനദാസന്റേതിനോട് അവർ കൂട്ടിച്ചേർക്കുന്നു.

(1) "ഇതാ, ഞാൻ താങ്ങുന്ന എന്റെ ദാസൻ. ഞാൻ തെരഞ്ഞെ ടുത്ത എന്റെ പ്രീതിപാത്രം. ഞാൻ എന്റെ ആത്മാവിനെ അവനു നൽകി...തീരദേശങ്ങൾ അവന്റെ നിയമത്തിനായി കാത്തിരി ക്കുന്നു...അന്ധർക്ക് കാഴ്ച നൽകുന്നതിനും തടവുകാരെ കാരാഗൃഹ ത്തിൽ നിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ ഇരുട്ടറയിൽ നിന്നും മോചിപ്പിക്കുന്നതിനും വേണ്ടി ഞാൻ നിന്നെ ജനത്തിന് ഉടമ്പടിയും

ജനതകൾക്ക് പ്രകാശവുമായി നൽകിയിരിക്കുന്നു...ഇതാ, ഞാൻ പുതിയ കാര്യങ്ങൾ പ്രസ്താവിക്കുന്നു" (ഏശാ.42,1-9).

വിജാതിയരുടെ മാനസ്സാന്തരമാണ് "തീരദേശങ്ങൾ' കൊണ്ട് അർഥമാക്കുന്നത്. സ്നാപകയോഹന്നാന്റെ ശിഷ്യരോട് നമ്മുടെ കർത്താവ് പറഞ്ഞു: "അന്ധർ കാണുന്നു, മുടന്തർ നടക്കുന്നു... (മത്താ. 11,1-6). ഏശാ.42,1-9 വി. മത്തായി ശ്ലീഹാ ഉദ്ധരിച്ച്, ഈ ദാസൻ നമ്മുടെ കർത്താവാണെന്ന് പറയുന്നു (മത്താ.12,15-21). മോശയിലൂടെയും മറ്റ് പ്രവാചകരിലൂടെയും ദൈവം അരുളിച്ചെയ്തവ യാഥാർഥ്യമായതു പോലെ, ഇപ്പോഴുള്ള വാഗ്ദാനങ്ങളും യാഥാർഥ്യമാകും. സുവിശേഷ ത്തിന്റെ അവതരണം, വിജാതിയരുടെ വിളി, മിശിഹായുടെ പീഡാനു ഭവം, വിശ്വാസത്തിന്റെ നവീനത്വം എന്നിവയും യാഥാർഥ്യമാകും[1]

(2) "തീരദേശങ്ങളേ, വിദൂരജനതകളേ, എന്റെ വാക്കു കേൾക്കുവിൻ. ഗർഭത്തിൽ വച്ചു തന്നെ കർത്താവ് എന്നെ വിളിച്ചു. തന്റെ കൈയുടെ നിഴലിൽ അവിടുന്ന് എന്നെ മറച്ചു...കർത്താവ് എന്നെ ആദരിക്കുകയും എന്റെ ദൈവം എനിക്ക് ശക്തി ആവുകയും ചെയ്തിരി ക്കുന്നു...യാക്കോബിന്റെ ഗോത്രങ്ങളെ ഉയർത്താനും ഇസ്രായേലിൽ അവശേഷിച്ചിരിക്കുന്നവരെ സമുദ്ധരിക്കാനും മാത്രം നീയെന്റെ ദാസനായിരുന്നാൽ പോരാ. പിന്നെയോ, എന്റെ രക്ഷ ലോകാതിർത്തി വരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമാക്കും" (ഏശാ.49,1-6).

ലോകം മുഴുവനുമുള്ള രാജ്യങ്ങൾക്കും ജനതതികൾക്കും ദാസനെ അധിപനാക്കും എന്നാണ് പ്രവചനം. നമ്മുടെ കർത്താവ് അരുളിച്ചെയ്തു: "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" (യോഹ. 8,12). ഇസ്രായേൽക്കാരിൽ ഭൂരിഭാഗവും രക്ഷകനെ തിരസ്കരിച്ചെ ങ്കിലും, സുവിശേഷ പ്രഘോഷണത്തിലൂടെ ലോകം മുഴുവനുമുള്ള തെരഞ്ഞെടുക്കപ്പെട്ടവർ സത്യഇസ്രായേൽ ആയിത്തീർന്നതിനാൽ, അവരിലൂടെ പിതാവ് മഹത്വപ്പെടുന്നു (49,3). ഇസ്രായേലിൽ അധ്വാനി ച്ചത് ഭാഗികമായി വ്യർഥമായിപ്പോയി (49,4). എങ്കിലും വിജാതിയരുടെ ഇടയിലെ പ്രഘോഷണത്തിലൂടെ ദൈവമഹത്വം വർധിക്കുന്നു. മാത്രമല്ല, "രാജാക്കന്മാർ നിന്നെ കാണുമ്പോൾ എഴുന്നേൽക്കുകയും

1. T.P.Scheck (tr.), *St. Jerome, Commentary on Isaiah*, p.563.





പ്രഭുക്കന്മാർ നിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യും എന്ന് ഇസ്രായേലിന്റെ പരിശുദ്ധൻ അരുളിച്ചെയ്യുന്നു" (49,7). അതാണല്ലോ ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

(3) "അടിച്ചവർക്ക് പുറവും താടിമീശ പറിച്ചവർക്ക് കവിളുകളും ഞാൻ കാണിച്ചു കൊടുത്തു. നിന്ദയിൽ നിന്നും തുപ്പലിൽ നിന്നും ഞാൻ മുഖം തിരിച്ചില്ല...ഞാൻ എന്റെ മുഖം ശിലാതുല്യമാക്കി... ദൈവമായ കർത്താവ് എന്നെ സഹായിക്കുന്നു" (50,4-11).

പീഡാനുഭവത്തിന്റെ അവസരം നമ്മുടെ കർത്താവിന് ഇതെല്ലാം സംഭവിച്ചു (മത്താ.26,67;27,18.30.). അവിടുന്ന് മരണത്തോളം അനുസ രണമുള്ളവനായി എല്ലാ സഹനങ്ങളും ഏറ്റെടുത്തു (ഫിലി. 2,8). മഹാ പുരോഹിതന്റെ സേവകൻ അവന്റെ കവിളത്തടിച്ചു (യോഹ.18,22). യഹൂദർ അവനെ പരിഹസിക്കുകയും നിന്ദിക്കുകയും അവമാനിക്കു കയും ചെയ്തു (മത്താ.27,18). അവർ മുൾക്കിരീടം ചൂടിച്ചപ്പോഴും മുഖ ത്ത് തുപ്പിയപ്പോഴും കൈയിൽ ഞാങ്ങണ പിടിപ്പിച്ചപ്പോഴും ചെമപ്പു വസ്ത്രം ധരിപ്പിച്ച് പരിഹാസരാജാവ് ആക്കിയപ്പോഴും അവൻ മൗനമായി നിന്നു. കൊലയ്ക്കുള്ള ആട്ടിൻ കുട്ടിയെപ്പോലെ അവൻ മൗനമായി സഹിച്ചു (ഏശാ.53,7).

(4) "എന്റെ ദാസന് ശ്രേയസ്സ് ഉണ്ടാകും. അവൻ അത്യുന്നതങ്ങളി ലേക്ക് ഉയർത്തപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യും. അവനെ കണ്ടവർ അമ്പരന്നുപോയി. മനുഷ്യനെന്ന് തോന്നാത്തവിധം അവൻ വിരൂപനായിരിക്കുന്നു...വരണ്ട ഭൂമിയിൽ നിൽക്കുന്ന മുളപോലെ അവൻ വളർന്നു...അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്ക പ്പെടുകയും ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായി രുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു . അവൻ നിന്ദിക്കപ്പെട്ടു. നാം അവനെ ബഹുമാനിച്ചതുമില്ല. നമ്മുടെ വേദനകളാണ് യഥാർഥ ത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്. ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കയും ദണ്ഡിപ്പിക്കുകയും ചെയ്തെന്ന് നാം കരുതി. നമ്മുടെ അതിക്രമങ്ങൾക്കു വേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ ക്ഷത മേൽപ്പിക്കപ്പെട്ടു ..." എന്നു തുടങ്ങി, "... അനേകരുടെ പാപഭാരം അവൻ പേറി. അതിക്രമങ്ങൾക്കു വേണ്ടി മാധ്യസ്ഥ്യം വഹിച്ചു" എന്നതു വരെ (ഏശാ.52,13-53,12).

ഇത് വളരെ സ്പഷ്ടമായി നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തെ കുറിച്ചാണ്. ഇവിടെ പ്രവചിച്ചിരിക്കുന്നവ അക്ഷരംപ്രതി നമ്മുടെ കർത്താവിൽ നിറവേറി. നമ്മുടെ കർത്താവിന്റെ മരണാനന്തരമുള്ള ഉത്ഥാനത്തെയും സ്വർഗാരോഹണത്തെയും മഹത്വീകരണത്തെയും കണ്ടിട്ടാണ് പ്രവാചകൻ പറയുന്നത്, "എന്റെ ദാസന് ശ്രേയസ്സുണ്ടാകും" എന്ന് (52,13). ആദ്യം മഹനീയ സംഗതികൾ പറഞ്ഞിട്ട്, പീഡാനുഭവവുമായി ബന്ധപ്പെട്ടവ പറയുന്നു. അവൻ ദാഹാർത്തഭൂമിയിൽ നിന്ന്, വരണ്ട നിലത്തിൽ നിന്ന്, ജനിക്കുന്നു. കന്യകയിൽ നിന്നുള്ള ജനനമാണ് വിവക്ഷ. അവൻ ഈശായിയുടെ കുറ്റിയിൽ നിന്നുള്ള മുളയാണ് (ഏശാ.11,1).

കുരിശിൽ തൂങ്ങിക്കിടന്നപ്പോൾ അവൻ നിന്ദിതനും നികൃഷ്ടനുമായി പരിഗണിക്കപ്പെട്ടു. അവൻ നമുക്കുവേണ്ടി ശാപമായിത്തീർന്നു (ഗലാ.3,13). അവൻ നമ്മുടെ പാപമെല്ലാം വഹിച്ചു. "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു?" എന്ന് അവൻ കുരിശിൽ കിടന്നുകൊണ്ട് നിലവിളിച്ചു (മത്താ.27,46).

എന്നാൽ ഭൂമി കുലുങ്ങുകയും സൂര്യൻ ഇരുളുകയും പാറകൾ പിളരുകയും ശവക്കല്ലറകൾ തുറക്കപ്പെടുകയും ചെയ്തപ്പോൾ, അവൻ മഹനീയനായും മഹോന്നതനായും കാണപ്പെട്ടു (മത്താ.27,45.51). "ഏദോമിൽ നിന്നു വരുന്നതാര്? രക്താംബരം ധരിച്ച് ബോസ്രായിൽ നിന്നു വരുന്നതാര്?" (ഏശാ.63,1) എന്ന് അവന്റെ മഹത്വം കണ്ട് അന്ധാളിച്ച് പ്രവാചകൻ പിന്നീട് പറയുന്നു. "വീരപുരുഷാ, മഹത്വത്തിന്റെയും തേജസ്സിന്റെയും വാൾ അരയിൽ ധരിക്കുക...പ്രതാപത്തോടെ വിജയത്തിലേക്ക് മുന്നേറുക" എന്ന് അവനെപ്പറ്റി സങ്കീർത്തകൻ പറയുന്നു (45,3-4). "എന്റെ പ്രിയൻ അരുണനെപ്പോലെ തേജസ്സുറ്റവൻ. പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ" എന്ന് ഉത്തമഗീതകർത്താവും അവനെപ്പറ്റി പറയുന്നു (5,10). ഉത്ഥാനത്തിൽ, "പതിനായിരങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവനാണ് അവൻ". അങ്ങനെ അവൻ സമസ്ത സൃഷ്ടികളുടെയും ആദ്യജാതനും മരിച്ചവരിൽ നിന്നുള്ള ആദ്യജാതനുമാണ് (കൊളോ.1,15.18).

അവൻ തന്റെ ദൈവത്വം മറച്ചുവച്ചുകൊണ്ട് വേദനയും ദുഃഖവും നിറഞ്ഞവനായി കാണപ്പെട്ടു (53,3). അതിലൂടെ തന്റെ മനുഷ്യത്വവും തന്റെ മനുഷ്യാത്മാവിന്റെ അവസ്ഥയും അവൻ വെളിപ്പെടുത്തി. അങ്ങനെ "ഇസ്രായേലിന്റെ ദൈവവും രക്ഷകനുമായവൻ മറഞ്ഞിരിക്കുന്ന ദൈവമായി' പ്രത്യക്ഷപ്പെട്ടു (ഏശാ.45,15). അവൻ സഹിച്ചത് മായാദർശനമല്ല. പിന്നെയോ, അവൻ സത്യമായും ക്രൂശിക്കപ്പെട്ടു,



കർത്താവിന്റെ ദാസൻ

സത്യമായും വേദന അനുഭവിച്ചു. "എന്റെ ആത്മാവ് മരണത്തോളം എത്തിയിരിക്കുന്നു..എന്റെ ആത്മാവ് അസ്വസ്തമായിരിക്കുന്നു" (മത്താ. 26,38; യോഹ.12,27). തന്റെ തന്നെ പാപങ്ങളെ പ്രതിയാണ് അവൻ നിന്ദിക്കപ്പെടുകയും രണ്ടു കള്ളന്മാരുടെ മധ്യത്തിൽ ക്രൂശിക്കപ്പെടുകയും ചെയ്തതെന്ന് നാം കരുതി (53,14). എന്നാൽ അവൻ നമ്മെ പ്രതിയാണ് പീഡനമേറ്റത് (53,5).

സങ്കീർത്തകൻ പറയുന്നു: "അവർ എന്റെ കൈകാലുകൾ കുത്തിത്തുളച്ചു" (22,16). തന്റെ മുറിവുകളാൽ അവൻ നമ്മുടെ മുറിവുകൾ സുഖപ്പെടുത്തി. നാമെല്ലാം ആടുകളെപ്പോലെ വഴിവിട്ടു നടന്നു. നമുക്കെല്ലാം ദൈവത്തിന്റെ കരുണ ആവശ്യമായി വന്നു (റോമ.3,23). വഴിതെറ്റിപ്പോയ ആടിനെ നല്ലിടയൻ തേടിയിറങ്ങി, കണ്ടുപിടിച്ച് തോളിലേറ്റുന്നു (ലൂ.15,5). അങ്ങനെ അവൻ അനുനിമിഷം നമ്മെ രക്ഷിക്കുകയും വഴിനടത്തുകയും ചെയ്യുന്നു.

അവൻ സ്വന്ത ഇഷ്ടത്താലാണ് നമുക്കുവേണ്ടി പീഡയനുഭവിച്ചത് (യോഹ.18,11). അങ്ങനെ നമ്മുടെ പെസഹായായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ടു (1കൊറി. 5,7). സ്നാപകൻ അവനെ ചൂണ്ടിക്കാണിച്ചു കൊണ്ട് പറഞ്ഞു: "ഇതാ, ലോകപാപം വഹിക്കുന്ന ദൈവകുഞ്ഞാട്" (യോഹ.1,29). കൊല്ലപ്പെട്ട കുഞ്ഞാടായി അവനെ വെളിപാടു പുസ്തകം കാട്ടുന്നു (5,6.12;13,8). "പാപം അറിയാത്തവനെ നമുക്കുവേണ്ടി പാപമാക്കി" എന്ന പൗലോസ് ശ്ലീഹാ പറയുന്നു (1കൊറി. 5,21). സ്നാനത്തിലൂടെ നാം അവനെ പുതപ്പുപോലെ ധരിക്കുന്നു (ഗലാ.3,27; റോമ.13,14).

"അവൻ തന്റെ സന്തതി പരമ്പരയെ കാണും" (53,10). ലോകമെങ്ങും അവന്റെ ശിഷ്യർ സ്ഥാപിച്ച സഭകളാണ് അവന്റെ സന്തതി പരമ്പര. "അവന്റെ സന്തതി എന്നേക്കും നിലനിൽക്കും. എന്റെ മുമ്പിൽ സൂര്യനെന്ന പോലെയാണ് അവന്റെ സിംഹാസനം" (സങ്കീ.89,36). "അവന്റെ സന്തതിയെ എന്നേക്കുമായി ഞാൻ സ്ഥാപിക്കും. അവന്റെ സിംഹാസനം സ്വർഗീയ ദിനങ്ങൾ പോലെയാക്കും" (89,29). ഇതു തന്നെയാണ് വിശുദ്ധ കന്യകയോട് ദൂതൻ പറഞ്ഞത്, "അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവന് നൽകും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകുകയില്ല" (ലൂ.1,31-3)[1].

1 .J.J.Armstrong , *op.cit*., p.201ff.; T.P.Scheck,*op.cit.* p.548ff.

# 40

## മരുഭൂമിയുടെ ആനന്ദം (ഏശാ 32,1-2)

ഏശായാ പ്രവാചകന്റെ പുസ്തകത്തിൽ പലയിടങ്ങളിൽ മരുഭൂമിയുടെ ആനന്ദത്തെപ്പറ്റി പറയുന്നു. മരുഭൂമി ആനന്ദിക്കാൻ ആഹ്വാനം ചെയ്യുന്നു ( 35,1-2; 40,9; 41,18-19;42,10,12). മരുഭൂമിക്ക് ഐശ്വര്യ പൂർണമായ ഭാവി ലഭിക്കുന്നതിനാൽ സന്തോഷിക്കാൻ ആഹ്വാനം ചെയ്യുന്നു.

ഇതിന്റെ വാച്യാർഥം: യൂദാനാടിന്റെ തകർച്ചയ്ക്കും അടിമത്ത ത്തിനും ശേഷം യാഹ്വെ അവർക്കു നൽകുന്ന വിടുതൽ നിമിത്തം സന്തോഷിക്കാൻ ആഹ്വാനം ചെയ്യുന്നു. ഇസ്രായേൽ മനസ്സു തിരിയ ണം, മാനസ്സാന്തരപ്പെടണം, കർത്താവിലേക്ക് തിരികെ വരണം. അപ്പോൾ അവാച്യമായ നന്മകൾ അവർക്ക് ലഭിക്കും. ചിതറിക്ക പ്പെട്ടാലും തകർക്കപ്പെട്ടാലും ദൈവം അവരെ കൂട്ടിച്ചേർത്ത്, സമുദ്ധരിച്ച് വീണ്ടും പണിതുയർത്തും.

ഇതിന്റെ അന്ത്യോന്മുഖവും ക്രിസ്തോന്മുഖവുമായ അർഥമെ ന്തെന്ന് നോക്കാം: "വിജനദേശവും വരണ്ട പ്രദേശവും സന്തോഷി ക്കട്ടെ. മരുഭൂമി ആനന്ദിക്കുകയും പുഷ്പിക്കുകയും ചെയ്യട്ടെ. കുങ്കുമ ച്ചെടി പോലെ സമൃദ്ധമായി പൂവിടട്ടെ. അതു പാടി ഉല്ലസിക്കട്ടെ. ലബനോന്റെ മഹത്വവും കാർമലിന്റെയും ഷാരോന്റെയും പ്രതാപവും അതിനു ലഭിക്കും. അത് കർത്താവിന്റെ മഹത്വം, നമ്മുടെ ദൈവത്തിന്റെ പ്രതാപം ദർശിക്കും" (ഏശാ.35,1-2).

വീണ്ടും, "മരുഭൂമിയിൽ കർത്താവിന് വഴിയൊരുക്കുവിൻ. വിജന പ്രദേശത്ത് നമ്മുടെ ദൈവത്തിന് വിശാലവീഥി ഒരുക്കുവിൻ.. കർതൃ മഹത്വം വെളിപ്പെടും. മർത്യരെല്ലാം അത് ദർശിക്കും"(40,3-5).





വീണ്ടും, "മരുഭൂമിയിൽ ദേവദാരു, കരുവേലകം, കൊളുന്ത്, ഒലിവ് എന്നിവ ഞാൻ നടും. മണലാരണ്യത്തിൽ സരളവൃക്ഷവും പൈൻ മരവും പുന്നയും വച്ചുപിടിപ്പിക്കും" (41,18-19).

വീണ്ടും, "കർത്താവിന് ഒരു പുതിയ ഗീതം ആലപിക്കുവിൻ. ഭൂമിയുടെ അതിർത്തികളിൽ നിന്ന് അവിടുത്തെ മഹത്വം പ്രകീർത്തിക്കു വിൻ. സമുദ്രവും അതിലുള്ളവയും തീരദേശങ്ങളും അവയിലെ നിവാസികളും ആർത്തട്ടഹസിക്കട്ടെ. മരുഭൂമിയും അതിലെ നഗരങ്ങളും കേദാർ നിവാസികളും സ്വരമുയർത്തട്ടെ...അവർ കർത്താവിനെ മഹത്വപ്പെടുത്തട്ടെ" (42,10-12).

വിജാതിയ ജനതകളെയും രാജ്യങ്ങളെയുമാണ് "ദാഹാർത്ത മായ മരുഭൂമി," "വിജനദേശം" എന്നിവയാൽ അർഥമാക്കുന്നത്. സ്വർഗീ യമായ സജീവജലത്തിന്റെ അഭാവത്താൽ അവ നേരത്തെ ദാഹാർത്ത രായിരുന്നു, വരണ്ടുണങ്ങിയിരുന്നു. സങ്കീർത്തനത്തിൽ ഇപ്രകാരം പറ യുന്നു: "കർത്താവിന്റെ സ്വരം മരുഭൂമിയെ വിറകൊള്ളിക്കുന്നു. കർത്താവ് കാദേഷ് മരുഭൂമിയെ നടുക്കുന്നു" (29,8). വിജനമായ മരുഭൂമിയെ കർത്താവ് ഫലസമൃദ്ധമാക്കും. അത് തളിർത്ത്, പുഷ്പിച്ച്, ഫലം നിറഞ്ഞു നിൽക്കും.

"പ്രസവിക്കാത്ത വന്ധ്യേ, ആനന്ദിക്കുക. പ്രസവവേദന അനുഭവി ക്കാത്തവളേ, ഉച്ചത്തിൽ പാടിയാർക്കുക. ഭർതൃമതിയുടെ മക്കളേക്കാൾ തിരസ്കൃതയുടെ മക്കളാണ് കൂടുതൽ". "യോർദാനിലെ മരുപ്രദേശം ആനന്ദിക്കും" എന്ന് സെപ്ത്വജിന്തിൽ വ്യത്യസ്ത പാഠഭേദം കാണുന്നു. അത്, യോഹന്നാൻ സ്നാപകൻ യോർദാൻ നദിയിൽ നൽകിയ അനുതാപത്തിന്റെ സ്നാനത്തെ സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവ് തന്റെ സ്നാനത്താൽ അതിന് മുദ്രവച്ചു (മത്താ.3,15-16). രാജ്യങ്ങളുടെ മരുഭൂമി രക്ഷകന്റെ സ്നാനത്താൽ സജീവമായി. പഴയ ഇസ്രായേലിന്റെ മഹത്വം പുതിയ ഇസ്രായേലായ സഭയ്ക്ക്-മരുഭൂമിയായിരുന്ന ജനത യ്ക്ക്- നൽകുമെന്നു സൂചന. അതിലുള്ളവർ കർതൃമഹത്വം ദർശിക്കും. സമൃദ്ധമായി ഫലം പുറപ്പെടുവിക്കും. അതുകൊണ്ട് ആനന്ദിച്ച് ആർപ്പു വിളിക്കാനും ആർത്തു പാടാനും ജനതകളെ ആഹ്വാനം ചെയ്യുന്നു.

ലോകത്തിന്റെ എല്ലാ ഭാഗത്തും സുവിശേഷസന്ദേശം എത്തി മനുഷ്യർ രക്ഷ പ്രാപിക്കുന്നതിനാൽ, ആനന്ദിക്കാനും ആർപ്പുവിളി ക്കാനും ആഹ്വാനം ചെയ്യുന്നു. മരുഭൂമിക്ക് ലഭിക്കുന്ന പരിഗണനയെപ്പറ്റി

പ്രവാചകൻ തുടരെത്തുടരെ പ്രസ്താവിക്കുന്നു. അതായത്, മരുഭൂമി ആയിരുന്ന വിജാതിയർക്ക്, ക്രിസ്തുവിന്റെ പരിപാവനനാമം സ്വീകരിക്കുന്നതിലൂടെ ലഭിക്കുന്ന രക്ഷ നിമിത്തമുള്ള സന്തോഷമാണ് കാണിക്കുന്നത്. നേരത്തെ കേദാറിൽ-ഇരുട്ടിൽ-കഴിഞ്ഞവർ യേശുവിൽ വിശ്വസിച്ച് പ്രകാശിതർ ആയതിനാൽ, മലമുകളിൽ നിന്ന് ഉച്ചത്തിൽ വിളിച്ചു പറയുകയും പരസ്യമായി മിശിഹായെ ഏറ്റുപറയുകയും ചെയ്യും (ഏശാ. 40,9). "ജനത അല്ലാത്തവരെ കൊണ്ട് അവരിൽ ഞാൻ അസൂയ ഉണർത്തും. ഭോഷന്മാരായ ജനതയെ കൊണ്ട് അവരെ ഞാൻ പ്രകോപിപ്പിക്കും" എന്ന് വിജാതിയരുടെ വിളിയെപ്പറ്റി മോശ പ്രവചനമായി പറഞ്ഞിരിക്കുന്നു (നിയമാ. 32,21).

മരുഭൂമി ആനന്ദിക്കുന്നതോടൊപ്പം പഴയ ഇസ്രായേലും ആനന്ദിക്കാൻ ആഹ്വാനം ചെയ്യുന്നു. "എന്നിലേക്ക് തിരിച്ചുവരിക. ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. ആകാശങ്ങളേ, സ്തുതിപാടുക. ഭൂമിയുടെ ആഴങ്ങളേ, ആർപ്പുവിളിക്കുക. പർവതങ്ങളേ, വനമേ, വനവൃക്ഷങ്ങളേ, ആർത്തുപാടുക. കർത്താവ് യാക്കോബിനെ രക്ഷിച്ചിരിക്കുന്നു" (ഏശാ. 44,23). വീണ്ടും, "സ്വർഗങ്ങളേ, മുകളിൽ നിന്ന് പൊഴിയുക. ആകാശം നീതി ചൊരിയട്ടെ. ഭൂമി തുറന്ന് രക്ഷ മുളയ്ക്കട്ടെ. നീതി സംജാതമാകട്ടെ' (ഏശാ. 45,8). വീണ്ടും, ആകാശമേ, ആനന്ദഗീതം ആലപിക്കുക. ഭൂമിയേ, ആർത്തുവിളിക്കുക. മലകളേ, ആർത്തുപാടുക. കർത്താവ് തന്റെ ജനത്തെ ആശ്വസിപ്പിച്ചിരിക്കുന്നു (49,13).

"ആകാശങ്ങളേ,'' എന്നതുകൊണ്ട് സ്വർഗീയസൈന്യങ്ങളെ കുറിക്കുന്നു. "ആഴങ്ങളേ," എന്നത് താഴെയുള്ളവരെ, നിബിയന്മാരെയും ശ്ലീഹന്മാരെയും, കുറിക്കുന്നു. അവരുടെ അടിസ്ഥാനത്തിലാണല്ലോ സഭ പണിയപ്പെട്ടിരിക്കുന്നത് (എഫേ. 2,20). സഭയിലെ വിവിധ ഗണങ്ങളെയാണ് വൃക്ഷങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവം ഇസ്രായേലിനെ വീണ്ടെടുത്തതിനാൽ, പ്രപഞ്ചം മുഴുവനെയും സ്തുതി പാടാനായി പ്രവാചകൻ ക്ഷണിക്കുന്നു.[1]

1. J.J.Armstrong (tr.), Eusebius of Caesarea, *Commentary on Isaiah,* p. 175-176; T.P.Scheck (tr.),*St. Jerome, Commentary on Isaiah,* p.501-502.



# 41
## ജീവജലത്തിന്റെ ഉറവ (ഏശാ 55)

"ഓ, ദാഹാർത്തരേ, ജലാശയത്തിലേക്ക് വരുവിൻ. നിർധനരേ, ധൃതിയിൽ വന്ന് വാങ്ങി ഭക്ഷിക്കുവിൻ. വന്ന് വില നൽകാതെ, സൗജന്യമായി വീഞ്ഞും പാലും വാങ്ങുവിൻ. തൃപ്തി വരുത്താത്തതിനു വേണ്ടി എന്തിന് അധ്വാനിക്കുന്നു? അപ്പമല്ലാത്തതിനുവേണ്ടി എന്തിന് പണം മുടക്കുന്നു?" (ഏശാ.55,1-2).

ഈ പ്രവചനം മിശിഹായുമായി ബന്ധപ്പെട്ടതാണ്: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അയാൾ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും" എന്ന് പറഞ്ഞ കർത്താവിൽ ഈ പ്രവചനം നിറവേറി (യോഹ.7,37-38). "ജലവും വീഞ്ഞും പാലും" അവിടുന്ന് സൗജന്യമായി നൽകും എന്നാണ് പ്രവചനം.

ദൈവത്തിന്റെ നദിയുടെ സമീപത്തേക്ക് സങ്കീർത്തകൻ വിശ്വാസികളെ ക്ഷണിക്കുന്നു (സങ്കീ. 65,9). അതിൽ ജലം തിങ്ങി നിറഞ്ഞൊഴുകുന്നു. അത് ദൈവനഗരത്തെ സന്തുഷ്ടമാക്കുന്നു (സങ്കീ.46,4). രക്ഷകന്റെ ഉറവയിൽ നിന്ന് പാനം ചെയ്യാൻ അവൻ വിളിക്കുന്നു (ഏശാ.12,3). രക്ഷകൻ സജീവജലം നൽകുന്നവനാണ് (യോഹ.4,10). "ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് അത് നിത്യജീവനിലേക്ക് നിർഗളിക്കുന്ന ഉറവയാകും" എന്നാണ് സമറിയാക്കാരിയോട് അവിടുന്ന് പറഞ്ഞത് (യോഹ.4,14).

അവിടുന്ന് ശിഷ്യർക്ക് നൽകാനിരുന്ന പരിശുദ്ധാത്മാവിനെ പറ്റിയാണ് "ജീവജലത്തിന്റെ അരുവികൾ" എന്ന് നമ്മുടെ കർത്താവ് പറഞ്ഞത്. "സജീവജലത്തിനായി എന്റെ ആത്മാവ് ദാഹിച്ചു" എന്നും

"നിന്നിലാണ് ഉറവ" എന്നും സങ്കീർത്തനത്തിൽ പറയുന്നു (42,2;36,9). "ജനം സജീവജലത്തിന്റെ ഉറവ ഉപേക്ഷിച്ച് പൊട്ടക്കിണറുകൾ കുഴിച്ചു" എന്ന് ജറമിയാ പഴയ ഇസ്രായേലിനെ പറ്റി പറയുന്നു (2,13). ദാഹാർത്തർ സീയോറിലെ കലക്കവെള്ളം കുടിക്കാതെ, സീലോഹാ യിലേക്ക് പോകാൻ ആഹ്വാനം ചെയ്യുന്നു (യോഹ.9,7; ജറ. 2,18).

രക്ഷയുടെ ഉറവയിൽ നിന്നുള്ള ജലം (ഏശാ.12,3) സുവിശേഷ പ്രഘോഷണമാണ്. "വീഞ്ഞും പാലും"മിശിഹായിലുള്ള വീണ്ടും ജനനത്തെ കുറിക്കുന്നെന്ന് എവുസേബിയസ് പറയുന്നു[1] സ്നാനാനന്തരം നൽകപ്പെടുന്ന തിരുശരീരരക്തങ്ങളെ "പാലും വീഞ്ഞും" സൂചിപ്പിക്കുന്നു. അവിടുന്ന് ഒരേ സമയം ജലവും അപ്പവു മാണ് (യോഹ.6,33). "വീഞ്ഞും പാലും" രക്ഷകന്റെ പീഡാനുഭവ ത്തിന്റെ സൂചനയാണ്: "അവന്റെ കണ്ണുകൾ വീഞ്ഞിനേക്കാൾ ചെമന്നും പല്ലുകൾ പാലിനേക്കാൾ വെളുത്തുമിരിക്കും" എന്ന് മോശ പ്രവചിച്ചത് ഈയർഥത്തിലാണ് (ഉൽപ്പ. 49,12).

വിജ്ഞാനാഭാസങ്ങളെയാണ് "അപ്പമല്ലാത്തവ," "തൃപ്തി വരുത്താത്തവ" എന്നൊക്കെ പറയുന്നത്. ഫരിസേയരുടെയും പാഷ ണ്ഡികളുടെയും സെക്ടുകാരുടെയും പ്രബോധനങ്ങളെയാണ് അവൻ ഉന്നംവയ്ക്കുന്നത്. അതിനായി പണം ചെലവഴിക്കുന്നത് നഷ്ട ക്കച്ചവടമാണെന്ന് പറയുന്നു. പ്രത്യേകിച്ച് മുതൽ മുടക്കു കൂടാതെ, സൗജന്യമായി സ്വർഗീയ മന്നായും ജീവജലവും പാലും വീഞ്ഞും ലഭിക്കുമ്പോൾ, എന്തിന് ഇവയുടെ പിറകേ പോകുന്നു? അതുകിട്ടാൻ പണം മുടക്കേണ്ട. കടലും കരയും ചുറ്റി നടക്കേണ്ട. പിന്നെയോ, "വചനം നിനക്ക് സമീപസ്ഥമാണ്. അത് നിന്റെ അധരത്തിലും ഹൃദയത്തിലുമുണ്ട്. അത് പ്രാവർത്തികമാക്കാൻ നിനക്ക് കഴിയും" (നിയമാ. 30,14).

നമ്മുടെ കർത്താവിന്റെ തിരുവചനം ജീവജലമാണ്. അത് സജീവജലമാണ്. അത് പരിശുദ്ധാത്മാവാണ്. അത് സൗജന്യദാനമാണ്. അവിടുന്ന്"ജനതകൾക്ക് സാക്ഷിയും നേതാവും അധിപനുമാണ്. അവൻ ജനതകളെ ഒന്നിച്ചുകൂട്ടും. അവർ ഓടിക്കൂടും" (ഏശാ. 55,4-5). "അവന്റെ മഹത്വം വെളിപ്പെടും" (ഏശാ.40,5). അവൻ പിതാവിനെയും പിതാവ് അവനെയും മഹത്വപ്പെടുത്തും (യോഹ. 17,4-5.24).

1. J.J.Armstrong *op.cit*.p. 270.





യഹൂദർ ഇതിന് അയോഗ്യരായി തീർന്നതിനാൽ വിജാതി യരിലേക്ക് തിരിയുന്നതാണ് ഏശാ.55,4-5-ൽ കാണുന്നത്. അതായത്, ജാതികളുടെ വിളി (ഏശാ.52,15). നമ്മുടെ രക്ഷകൻ മഴയും മഞ്ഞും പോലെ ആകാശത്തു നിന്ന്, പിതാവിൽ നിന്ന്, താഴേക്ക്, മാനസ്സാന്തര പ്പെട്ടവരുടെ പക്കലേക്ക്, ഇറങ്ങിവന്ന് അവരിൽ സമൃദ്ധമായി സദ്ഫല ങ്ങൾ പുറപ്പെടുവിക്കുന്നു (ഏശാ. 55,10-13)[2]

# 42
# അന്ധരായ കാവൽക്കാർ
## (ഏശാ 56,10-12)

ജനത്തെ നേർവഴിക്കു നടത്തി കർത്താവിന്റെ വഴി കാണിച്ചു കൊടുക്കേണ്ട ജനനേതാക്കന്മാർ കണ്ണുംപൂട്ടി ഉറങ്ങുകയാണ്. അവർ ജനത്തിന്റെ കാവൽക്കാരായിരുന്നിട്ട്, സ്വന്തം കാര്യങ്ങളിൽ മാത്രം താൽപര്യം കാണിക്കുന്നു. അവരെ കുരയ്ക്കാത്ത പട്ടികൾ എന്നും വിളിക്കുന്നു. അവർ ആർത്തിപൂണ്ടു നടക്കുന്നു. ഒന്നുകൊണ്ടും അവർക്ക് തൃപ്തി വരുന്നില്ല. യഹൂദമതനേതാക്കന്മാരെ പറ്റിയാണിത്. എന്നാൽ എല്ലാക്കാലത്തേക്കും ബാധകമായ പ്രവചനമാണ് ഏശായാ യിലൂടെ ദൈവം നടത്തുന്നത്. യഹൂദമതനേതാക്കന്മാരുടെ പക്കൽ ദൈവവചനം ഉണ്ടായിരുന്നു. എന്നാൽ ദൈവം മനുഷ്യനായി അവതരി ച്ചപ്പോൾ, അവർക്ക് അവനെ തിരിച്ചറിയാൻ കഴിഞ്ഞില്ല.

"നീതിമാൻ നശിക്കുന്നു. ആരും കാര്യമാക്കുന്നില്ല...എന്നാൽ നീതിമാൻ വിനാശത്തിൽ നിന്ന് എടുക്കപ്പെടും. അവൻ സമാധാന ത്തിൽ പ്രവേശിക്കും. അവൻ വിശ്രമിക്കും...ആരെയാണ് നിങ്ങൾ പരിഹസിക്കുന്നത്? ആർക്കെതിരെയാണ് നിങ്ങൾ വാപൊളിക്കുകയും നാക്ക് നീട്ടുകയും ചെയ്യുന്നത്?" (ഏശാ.57,14).

2. J.J.Armstrong(tr.), *Eusebius of Caesarea, Commentary on Isaiah*, p. 270 - 273; T.P.Scheck (tr.), *St. Jerome, Commentary on Isaiah*, p.695 -707.

ഇത് നമ്മുടെ കർത്താവിനെപ്പറ്റിയുള്ള പ്രവചനമാണ്. പീലാത്തോസിന്റെ ഭാര്യ പറഞ്ഞു, "ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്" (മത്താ.27,19). കൈ കഴുകിയശേഷം പീലാത്തോസ് പറഞ്ഞു, "ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല" (മത്താ.27,24). നീതിമാൻ നശിക്കുന്നു എന്നത് നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തെ കുറിക്കുന്നു. എന്നാൽ മതനേതാക്കന്മാർ വിഭ്രാന്തിക്ക് അടിപ്പെട്ടതിനാൽ, ജനക്കൂട്ടത്തെ ഇളക്കിവിട്ട്, "അവനെ ക്രൂശിക്കുക' എന്ന് വിളിച്ചു പറയിച്ചു. ഇവരാണ് അന്ധരായ കാവൽക്കാർ. അവരുടെ നിന്ദനവും പരിഹാസവും കണ്ടാണ് പ്രവാചകൻ രോഷാകുലനാകുന്നത് (യോഹ.8,18; മത്താ.12,24; ലൂ.23,21; മത്താ.27,25-40). എന്നാൽ അവൻ മഹത്വീകരിക്കപ്പെടുകയും കുറ്റാരോപകർ ലജ്ജിതരാകുകയും ചെയ്യും. അവരുണ്ടാക്കിയ നിയമസംഹിതകളും അനുഷ്ഠാന വിധികളും ആയിരുന്നു അവരുടെ വിഗ്രഹങ്ങൾ. അവർ ദൈവത്തെ മറന്നിട്ട്, വിഗ്രഹപൂജിതരായി മാറിയതാണ് തുടർന്നു പറയുന്നത് (ഏശാ. 57,5-13). ഇതു തന്നെ വികലവ്യാഖ്യാനങ്ങൾ നൽകുന്നവരെ പറ്റിയും പറയാം.[1]

അവൻ സമാധാന രാജാവും സമാധാനത്തിൽ വസിക്കുന്നവനും സമാധാന ദാതാവുമാണ്:"എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തന്നിട്ടു പോകുന്നു"' എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു (യോഹ.14,27). ഈ സമാധാനം "നമ്മുടെ എല്ലാ ധാരണകളെയും അതിലംഘിക്കുന്നതാണ് (ഫിലി.4,7).

"അവന്റെ ശവസംസ്കാരം സമാധാനത്തിൽ ആയിരിക്കും. എന്നാൽ അവൻ വിനാശത്തിൽ നിന്ന് എടുക്കപ്പെടും"എന്ന് സെപ്ത്വജിന്തിൽ പാഠഭേദം. ഇത് കർത്താവിന്റെ ശവസംസ്കാരത്തെ പറ്റിയാണെന്ന് വി.ജറോം പറയുന്നു.[2] "എടുക്കപ്പെടും" എന്നത് കല്ലറയിൽ കർതൃശരീരം കാണാതെ വന്നപ്പോൾ പൂർത്തിയായി (മത്താ. 28,5-6). "അവന്റെ ജഡം ജീർണിച്ചില്ല (നട.2,31). മരണത്തിൽ നിന്ന് വിമുക്തനായ അവൻ കല്ലറയിൽ കഴിഞ്ഞുകൂടിയില്ല (സങ്കീ.88,5). "അവൻ ദുഷ്ടരുടെയും ധനികരുടെയും ഇടയിൽ സംസ്കരിക്കപ്പെട്ടു' (ഏശാ.53,9).

1.T.P.Scheck,***op.cit***.722-726.

2.T.P.Scheck,*op.cit*. p. 718.





"സമാധാനം. ദൂരസ്ഥർക്കും സമീപസ്ഥർക്കും സമാധാനം" (ഏശാ.57,19). നിറഞ്ഞ സമാധാനമാണ് അവിടുന്ന് വാഗ്ദാനം ചെയ്തത്. ഉത്ഥാനദിനം ആ സമാധാനം ശിഷ്യരിൽ വന്നു നിറഞ്ഞു. ദൂരസ്ഥർ വിജാതിയരും സമീപസ്ഥർ പഴയ ഇസ്രായേലുമാണ്. അതായത്, അവൻ സകലർക്കും സമാധാനം വർഷിക്കുന്നവനാണ്. അത് ആദ്യം യഹൂദരുടെ പക്കലേക്കുവന്നു. അവരത് തിരസ്കരിച്ചതിനാൽ, അത് വിജാതിയരുടെ പക്കലേക്ക് പോയി (നടപടി, 13,46; എഫേ. 2,13-14.17-18).അവർ അതിന് അവകാശികളായി. അന്ധരായ കാവൽക്കാർ ഇപ്പോഴും അന്ധരായി മൂടുപടം ധരിച്ച് കഴിയുന്നു. രക്ഷകനെ തിരിച്ചറിയാൻ കഴിയാത്തതിനാൽ കുരയ്ക്കാതെ കിടക്കുന്നു. കുരയ്ക്കുക എന്നാൽ കർത്താവിനെ പ്രഘോഷിക്കുക എന്നാണർത്ഥം. മനോഹരമായ പാദങ്ങൾ കൊണ്ട് മലമുകളിൽ കയറി സദ്വാർത്ത അറിയിക്കാനും രക്ഷാകരസന്ദേശം പ്രഘോഷിക്കാനും അന്ധരും മൂകരും കുരയ്ക്കാത്തവരുമായ കാവൽക്കാർക്കും നായ്ക്കൾക്കും കഴിഞ്ഞില്ല. അതുകൊണ്ട് അവിടുന്ന് വയലിലെ മൃഗങ്ങളെ വിളിക്കുന്നു: "വയലിലെ മൃഗങ്ങളേ, വന്യമൃഗങ്ങളേ, വന്നു ഭക്ഷിക്കുവിൻ (ഏശാ.56,9). ദൈവവചനം സ്വീകരിക്കുവിൻ. ദേശം കൈവശപ്പെടുത്തുവിൻ. "എന്നെ ആശ്രയിക്കുന്നവൻ ദേശം കൈവശമാക്കും. അവൻ എന്റെ വിശുദ്ധ ഗിരി അവകാശമാക്കും" (ഏശാ. 57,13).[3]

# 43

## മാറാനാഥാ (ഏശാ 56-66)

ഏശായാ പ്രവചകന്റെ ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗമാണ് 56-66 അധ്യായങ്ങൾ. പ്രവാസജീവിതം കഴിഞ്ഞ് തിരിച്ചെത്തിയവർക്ക്, പ്രത്യാശയും ധൈര്യവും നൽകുകയാണ് ഈ ഭാഗത്തിന്റെ ലക്ഷ്യം. സമഗ്രവിമോചനവും സ്വാതന്ത്ര്യവും വാഗ്ദാനം ചെയ്യുന്നു. സാമുഹ്യനീതി സത്യാരാധനയുടെ ഭാഗമായി അവതരിപ്പിക്കുന്നു. ഈ ഭാഗത്ത്

3. J.J.Armstrong , *op.cit*. p. 278; T.P.Scheck,*op.cit*. p.714-716.

രക്ഷകനെ പറ്റിയുള്ള പ്രവചനങ്ങൾ സഭാപിതാക്കന്മാർ കാണുന്നു. ഏശായായുടെ ശിഷ്യന്മാർ കൂട്ടിച്ചേർത്തതാകാം ഈ ഭാഗം. വിവിധ കാലഘട്ടങ്ങളിലെ രേഖകൾ ഇവിടെ ചേർത്തു വച്ചിരിക്കുന്നു. അധ്യായം 40-55 ന്റെ ശൈലിയും ആശയങ്ങളുമാണ് 60-62 നുള്ളത്. രണ്ടാം ഭാഗത്തിന്റെ തുടർച്ചയായി ഈ ഭാഗത്തെ കണക്കാക്കാം.

"കർത്താവ് അരുളിച്ചെയ്യുന്നു: ന്യായം പാലിക്കുക. ഞാൻ രക്ഷ നൽകാൻ പോകുന്നു. എന്റെ നീതി വെളിപ്പെടും" (ഏശാ. 56,1). രക്ഷകന്റെ വരവിന് ഒരുക്കമായി നീതിയും ന്യായവും പാലിച്ച് പാതയൊരുക്കാൻ പ്രവാചകൻ ആഹ്വാനം ചെയ്യുന്നു. അവൻ തന്നെയാണ് ദൈവത്തിന്റെ നീതിയും കാരുണ്യവും (1കൊറി.1,30). യഥാർഥ ഉപവാസവും പ്രാർഥനയും എന്താണെന്ന് 58-ാം അധ്യായത്തിൽ പ്രവാചകൻ പറയുന്നു. സ്നാപകൻ പാതയൊരുക്കിയതു പോലെ ''പണിയുവിൻ, പാതയൊരുക്കുവിൻ" എന്ന് ആഹ്വാനം ചെയ്യുന്നു (57,14).[1]

"എന്റെ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർഥനാലയമെന്ന് അറിയപ്പെടും" (56,7). "എന്റെ ആലയം "എന്നത് സഭയെ കുറിക്കുന്നു. തിരുസഭയിലാണ് പ്രാർഥന നടക്കേണ്ടത്. പഴയ ഇസ്രായേലിന്റെ പ്രാർഥനാലയം കള്ളന്മാരുടെ ഗുഹയായിത്തീർന്നു. കച്ചവടച്ചന്തയായി മാറി. അതുകൊണ്ട് അവിടുന്ന് അതിനെ നശിപ്പിച്ചു. തന്റെ ശരീരമാകുന്ന ആലയത്തിലൂടെ അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കാൻ അവൻ നമുക്കൊരു കവാടം തുറന്നു. അതാണ് സഭ. സഭയിലൂടെ നാം പിതാവിങ്കലേക്ക് കരേറുന്നു. സ്തുതിയാഗത്തിലൂടെ നാം അവനെ മഹത്വപ്പെടുത്തുന്നു (സങ്കീ. 50,14). "ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്. ദഹനബലികളേക്കാൾ ദൈവത്തെപ്പറ്റിയുള്ള ജ്ഞാനമാണ് ഞാൻ ആഗ്രഹിക്കുന്നത്" (ഹോശിയാ, 6,6; മത്താ. 9,13.:12,7). ദൈവം സ്വീകരിക്കുന്നത് ആത്മീയബലിയാണ് (1പത്രോ. 2,5). ഈ ദൈവഭവനം സകല ജാതികൾക്കുമുള്ള പ്രാർഥനാലയമാണ്. അത് ലോകം മുഴുവനുമുള്ള പ്രാർഥനാലയമാണ്.[2]

"കർത്താവ് രക്ഷകനായി വരും" (59,20). "കർത്താവ് നിന്റെ നിത്യപ്രകാശമായിരിക്കും" (60,19-20). "സീയോൻ പുത്രിയോട് പറയുക: ഇതാ, നിന്റെ രക്ഷകൻ വരുന്നു" (62,11). "കർത്താവേ, ആകാശം

1. T.P.Scheck,*op.cit.* p.707.
2. T.P.Scheck,op.cit. p.711-714.





പിളർന്ന് ഇറങ്ങിവരണമെ" (64,1). മിശിഹാ കർത്താവ് വന്ന് സീയോനെ തന്റെ രക്തത്താൽ വീണ്ടെടുക്കും. അനുതപിക്കാൻ സന്മനസ്സുള്ളവർക്ക് ദുഷ്ടതയിൽ നിന്ന് പിൻതിരിയുന്നവർക്ക്, രക്ഷ ഉദയം ചെയ്യും. അപ്പോൾ കർത്താവിന്റെ പ്രാർഥന യാഥാർഥ്യമാകും: "പിതാവേ, ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയാത്തതിനാൽ, ഇവരോട് ക്ഷമിക്കണമെ' (ലൂ.23,34).[3]

"ഏദോമിൽ നിന്നു വരുന്നതാര്? രക്താംബരം ധരിച്ച് ബോസ്രായിൽ നിന്ന് വരുന്നതാര്? രക്ഷിക്കാൻ ശക്തിയുള്ളവനായ ഞാൻ തന്നെ...'' (63,1-3). ഇത് മഹത്വപൂർണനായി ഉത്ഥാനം ചെയ്ത കർത്താവിനെ പറ്റിയാണ്. അവനെ കണ്ടപ്പോൾ സ്വർഗീയ സൈന്യങ്ങൾ ചോദിച്ചതാണിത്. അവർക്ക് അതിനുള്ള മറുപടിയും ലഭിച്ചു: "ഞാൻ തന്നെ".

"സമയമാകുന്നതിനു മുമ്പേ അവൾ പ്രസവിച്ചു. പ്രസവവേദന ഉണ്ടാകുന്നതിനു മുമ്പുതന്നെ അവൾ ഒരു പുത്രനെ പ്രസവിച്ചു. ആരെങ്കിലും ഇങ്ങനെയൊന്ന് കേട്ടിട്ടുണ്ടോ? കണ്ടിട്ടുണ്ടോ?"(66,7-8). ഇത് കർത്താവിന്റെ ജനനത്തെപ്പറ്റിയുള്ള പ്രവചനമായി സഭാപിതാക്കന്മാർ കാണുന്നു.

കർതൃവരവിനായി തീക്ഷ്ണമായി ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നതാണ് നാം ഈ ഭാഗത്തു കാണുന്നത്. മുൻകാലങ്ങളിൽ ചെറിയ വിള്ളലുകളിൽകൂടി കർതൃസാന്നിധ്യം ഇസ്രായേൽക്കാർ അനുഭവിച്ചറിഞ്ഞതു പോലെയല്ലിത്. ''നീ തന്നെ ആകാശം പിളർന്ന് താഴേക്ക് എഴുന്നെള്ളി വരണമെ" എന്ന് പ്രവാചകൻ പ്രാർഥിക്കുന്നു. അവിടുന്ന് വന്ന് പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കാനാണത് (65,17). പഴയത് നശിപ്പിക്കാനല്ല, പുതുതാക്കാൻ, രൂപാന്തരപ്പെടുത്താൻ, നവീകരിക്കാൻ, ആണ് പ്രാർഥന (ജറോം, 840-841). നാശമല്ല, മെച്ചമായതിലേക്കുള്ള മാറ്റമാണ് (ഏശാ.30,26). "ഈ ലോകത്തിന്റെ രൂപം മാറും" എന്നാണ്, നശിച്ചുപോകുമെന്നല്ല പൗലോസ് ശ്ലീഹാ പറയുന്നത് (1കൊറി.7,31). നവീകൃതമായ ആകാശത്തെയും ഭൂമിയെയും പറ്റി വി.പത്രോസും പറയുന്നു (2പത്രോ. 3,13).[4]

3. T.P.Scheck,*op.cit.* p.765.
4. J.J.Armstrong , *op.cit.* p. 273ff.; T.P.Scheck,*op.cit.* p.707ff.

# 44

## വംശാവലി പട്ടിക (മത്താ 1)

വി. മത്തായി ശ്ലീഹാ കുറിച്ച വംശാവലി പട്ടിക അബ്രഹാം മുതൽ യേശു വരെ നാൽപ്പത്തിരണ്ട് തലമുറകൾ ഉണ്ടെന്ന് പറയുന്നു (14+14+14). എന്നാൽ എണ്ണുമ്പോൾ നാൽപ്പത്തൊന്നേ കാണുന്നുള്ളൂ. ബാബിലോൺ പ്രവാസത്തിലേക്കു പോയ യാക്കോണിയായെ രണ്ടു പ്രാവശ്യം എണ്ണുമ്പോഴാണ് നാൽപ്പത്തിരണ്ട് കിട്ടുന്നത്. പതിന്നാലിന്റെ മൂന്നു ഗണങ്ങളായിട്ടാണ് വി. മത്തായി വംശാവലി നൽകിയിരിക്കുന്നത്: "അബ്രഹാം മുതൽ ദാവീദുവരെ പതിന്നാലും, ദാവീദു മുതൽ ബാബിലോൺ പ്രവാസം വരെ പതിന്നാലും, ബാബിലോൺ പ്രവാസം മുതൽ ക്രിസ്തു വരെ പതിന്നാലും തലമുറകളാണ് ആകെയുള്ളത്' (മത്താ. 1,17). രണ്ടാം വിഭാഗത്തിലെ അവസാനത്തെ ആളായും മൂന്നാം വിഭാഗത്തിലെ ആദ്യത്തെ ആളായും യാക്കോണിയായെ എണ്ണുമ്പോഴേ മൂന്നിലും പതിന്നാല് കിട്ടുകയുള്ളൂ. ഇത് ഉപമാമയമാണെന്ന് വി. അഗസ്റ്റിൻ കരുതുന്നു: "വരാൻ പോകുന്ന കാര്യങ്ങളുടെ രഹസ്യാത്മക രൂപമായിട്ടല്ലാതെ ഇസ്രായേൽ ജനങ്ങളുടെ ഇടയിൽ പഴയ കാലത്ത് ഒരു കാര്യവും സംഭവിച്ചിട്ടില്ല" എന്ന് വി. അഗസ്റ്റിൻ പറയുന്നു. അത് ശരിയാണു താനും.

യാക്കോണിയായുടെ കാലത്താണ് അടിമത്തവും ബാബിലോൺ വിപ്രവാസവും സംഭവിച്ചത്. യാക്കോണിയായുടെ കുറ്റം കൊണ്ടല്ലാതെ, രാജ്യഭരണം അയാളിൽ നിന്ന് നീക്കപ്പെട്ടു. അയാൾ മിശിഹായുടെ മുൻകുറി ആയിരുന്നു. കുറ്റമറ്റ യേശുവിനെ തങ്ങളുടെ രാജാവായി യൂദന്മാർ അംഗീകരിച്ചില്ല. അപ്പോൾ യേശുവും ശിഷ്യന്മാരും വിജാതിയരിലേക്ക് തിരിഞ്ഞു. ഇതാണ് യക്കോണിയാ സൂചിപ്പിച്ചത്. യേശു മൂലക്കല്ലായി. മൂലക്കല്ലിൽ ഒരു മതിലിന്റെ അവസാനവും





മറ്റൊരു മതിലിന്റെ ആരംഭവും നാം കാണുന്നു. ഒരു മതിൽ അവിടം വരെയും മറ്റേ മതിൽ അവിടം മുതലും നാം അളക്കുന്നു. അങ്ങനെ മൂലക്കല്ല് രണ്ടു തവണ നാം എണ്ണുന്നു. യേശു എന്ന മൂലക്കല്ലിന്റെ മുൻകുറിയായ യാക്കോണിയായെയും രണ്ടു പ്രാവശ്യം മൂലക്കല്ലിന്റെ സാദൃശ്യത്തിൽ, മുൻകുറിയിൽ, നാം എണ്ണുന്നു. അയാളും മൂലക്കല്ലായിരുന്നു. യാക്കോണിയാ വരെ ഒറ്റലൈനിൽ പോയ വംശാവലി, ബാബിലോൺ വിപ്രവാസത്തിലൂടെ മറ്റൊരു ലൈനായി. രണ്ടിനുമിടയിൽ യാക്കോണിയാ നിലകൊണ്ടു.

വംശാവലി യൗസേപ്പിലൂടെയാണ് ക്രിസ്തുവിൽ എത്തുന്നത്. പുരുഷന്മാരിലൂടെയാണ് യഹൂദർ വംശാവലി രേഖപ്പെടുത്തിയിരുന്നത്. യൗസേപ്പ് മറിയത്തിന്റെ ഭർത്താവായിരുന്നു. എന്നാൽ യേശു യൗസേപ്പിൽ നിന്നല്ല. "മറിയം ഗർഭവതി ആയത് പരിശുദ്ധാത്മാവിനാലാണ്" (മത്താ. 1,20). "നീ ശിശുവിന് യേശു എന്ന് പേരിടണം" എന്ന് ദൂതൻ പറയുമ്പോൾ, യൗസേപ്പിന്റെ നൈയാമിക പിതൃത്വം വെളിപ്പെടുത്തുകയാണ് ചെയ്യുക. അതുപോലെ, "കുഞ്ഞേ, നിന്റെ പിതാവും ഞാനും" എന്നാണ്, ദൈവാലയത്തിൽ കണ്ടെത്തിയ പന്ത്രണ്ടു വയസ്സുകാരൻ യേശുവിനോട് മാതാവ് പറഞ്ഞത്. യൗസേപ്പും മറിയവും "മനുഷ്യപുത്രന്റെ" മാതാപിതാക്കളായി അറിയപ്പെട്ടിരുന്നു. എന്നാൽ തന്റെ പിതാവ് ദൈവമാണെന്ന് ദൈവാലയത്തിൽ വച്ച് യേശു വെളിപ്പെടുത്തി. യേശു 'ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽ നിന്നു ജനിച്ചു" എന്ന് പൗലോസ് ശ്ലീഹാ പ്രസ്താവിക്കുന്നു (റോമ.1,1). ജഡപ്രകാരം "യൗസേപ്പുമായി വിവാഹനിശ്ചയം ചെയ്തിരുന്ന മറിയത്തിൽ നിന്നാണ്" മനുഷ്യപുത്രൻ ജനിച്ചത്. മാനുഷിക നിയമപ്രകാരം മറിയം യേശുവിന്റെ യഥാർഥ മാതാവാണ്. താൻ ദാവീദിന്റെ പുത്രനാണെന്നും ദാവീദിന്റെ കർത്താവാണെന്നും യേശു യൂദന്മാരോട് പറഞ്ഞിരുന്നു.

യൗസേപ്പിന്റെ പിതാവായി മത്തായിയും ലൂക്കായും രണ്ടു നാമങ്ങൾ നൽകുന്നു. ഒന്ന് സ്വാഭാവിക പിതാവും മറ്റത് നൈയാമിക പിതാവുമാണ്. അങ്ങനെ ഒരാൾക്ക് രണ്ട് പിതാക്കന്മാർ ഉണ്ടാകാം. യഹൂദരുടെ ഇടയിൽ ഈ രീതി നടപ്പിലിരുന്നു. ഒരാൾ മക്കളില്ലാതെ മരിച്ചാൽ, സ്ത്രീയെ അടുത്ത ബന്ധു വിവാഹം ചെയ്ത് മരിച്ചയാളുടെ പേരിൽ ശിശുവിനെ ജനിപ്പിക്കണം എന്നത് യഹൂദനിയമം ആയിരുന്നു. അത്തരത്തിൽ ആയിരിക്കാം മത്തായി, യാക്കോബിന്റെയും ലൂക്കാ,

ഹേലിയുടെയും പേര് നൽകുന്നത്. "യാക്കോബ് യൗസേപ്പിനെ ജനിപ്പിച്ചു" എന്നു മത്തായി പറയുമ്പോൾ, "ഹേലി ജനിപ്പിച്ചു" എന്ന് പറയാതെ, "യൗസേപ്പ് ഹേലിയുടെ പുത്രനായിരുന്നു" എന്നാണ് ലൂക്കാ പറഞ്ഞിരിക്കുന്നത്. യൗസേപ്പ്, ഹേലിയുടെ ദത്തുപുത്രനോ, മരിച്ചു പോയ ഹേലിക്കു വേണ്ടി അകന്ന ബന്ധുവിനാൽ ജനിപ്പിക്കപ്പെട്ട പുത്രനോ ആയിരിക്കാം.

മത്തായിയുടെ വംശാവലി വിവരണം അബ്രഹാമിൽ തുടങ്ങി താഴേക്ക് ഇറങ്ങി യേശുവിൽ എത്തി നിൽക്കുന്നു. നമ്മുടെ കർത്താവ് നമ്മുടെ പാപപരിഹാരത്തിനായി താഴേക്ക് ഇറങ്ങി വന്നതിനെ ഇത് സൂചിപ്പിക്കുന്നു. അബ്രഹാമിന്റെ സന്തതിയിലൂടെ മനുഷ്യകുലത്തിന് ലഭിക്കുന്ന അനുഗ്രഹത്തെ ഇത് വ്യക്തമാക്കുന്നു.

ലൂക്കായാകട്ടെ യേശുവിൽ തുടങ്ങി ദൈവത്തിൽ എത്തി നിൽക്കുന്നു. നമ്മുടെ പാപപരിഹാരാർഥം അവതരിച്ച യേശുവിന്റെ ഉത്ഭവം ദൈവത്തിൽ നിന്നാണെന്ന് ഇത് സൂചിപ്പിക്കുന്നു. മത്തായി ദാവീദിൽ നിന്ന് സോളമനിലൂടെയാണ് വംശാവലി കുറിക്കുന്നത്; ലൂക്കായാകട്ടെ നാഥാനിലൂടെയും. മത്തായിയും ലൂക്കായും പറയുന്ന പേരുകളിലും വ്യത്യാസമുണ്ട്. ലൂക്കായിൽ 77 പേരുകളുണ്ട്. സകല പാപങ്ങളുടെയും നിരാകരണത്തെ സൂചിപ്പിക്കുന്ന സംഖ്യയാണ് 77. പുരാതനകാലത്ത് സംഖ്യകളുടെയും അർഥം നൽകുന്ന രീതിയുണ്ടായിരുന്നു.[1]

1. *വി.അഗസ്റ്റിൻ, മത്തായിസുവിശേഷഭാഷ്യം,1: കല്ലറങ്ങാട്ട്, വിശുദ്ധ ഗ്രന്ഥദർശനങ്ങൾ,* പേ.19-64.



# 45
# യേശുനാമം

സ്വർഗം തന്നെ വെളിപ്പെടുത്തിയ നാമമാണ് യേശുനാമം (ലൂ.1,31). ഈ നാമം കുറേനേരം ഉച്ചരിച്ചു കൊണ്ടിരുന്നാൽ പോലും മനസ്സമാധാനവും രോഗശാന്തിയും പാപമോചനവും ലഭിക്കും. എല്ലാ നാമങ്ങൾക്കും ഉപരിയായ മഹത്തായ നാമമാണിത് (ഫിലി.2,9). ദൈവം മഹത്വപ്പെടുത്തി ഉയർത്തിയ നാമമാണിത് (യോഹ.12,28). ഈ നാമശ്രവണത്തിൽ പിശാചുക്കൾ ഞെട്ടി വിറയ്ക്കുകയും അകന്നു പോകുകയും ചെയ്യുന്നു (ലൂ.10,17). പ്രലോഭകൻ അടുത്തു വരുമ്പോൾ, "യേശുവേ, രക്ഷിതാവേ, രക്ഷിക്കണേ. ശക്തിക്കതീതമായ പരീക്ഷകൾ നൽകരുതേ. ദുഷ്ടനിൽ നിന്ന് രക്ഷിച്ചുകൊള്ളണമെ' എന്നു പ്രാർഥിച്ചാൽ, ദുഷ്ടൻ ഓടിയകന്നുകൊള്ളും.

യേശുവിന്റെ നാമത്തിലുള്ള അപേക്ഷകൾ പിതാവ് വേഗത്തിൽ സാധിച്ചുതരും, വളരെയധികമായി പരിശുദ്ധാത്മാവിനെ വർഷിച്ചു തരും (യോഹ. 15,16). നാം പിതാവിനോട് അപേക്ഷിക്കുന്നതെല്ലാം യേശുനാമത്തിൽ ആയിരിക്കണം. "എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്ക് നൽകും" (യോഹ.14, 13-14; 15,16;16,23;). രോഗികളുടെ മേൽ കൈ വയ്ക്കുമ്പോൾ, "യേശുവിന്റെ നാമത്തിൽ രോഗം സൗഖ്യമാകട്ടെ; വേദന വിട്ടുമാറട്ടെ; ദുഃഖം നീങ്ങിപ്പോകട്ടെ" എന്ന് പ്രാർഥിക്കണം. സ്വന്തമായും ഇപ്രകാരം ചെയ്യാവുന്നതാണ്. അതിന് ഫലമുണ്ടാകും. ഏതു വൈദ്യനേക്കാളും ശ്രേഷ്ഠനായ വൈദ്യനാണ് യേശുമിശിഹാ. ഏത് മരുന്നിനേക്കാളും ശ്രേഷ്ഠമാണ് യേശുനാമം എന്ന അത്ഭുതമരുന്ന്. "യേശുവേ' എന്ന് ഉച്ചത്തിൽ നിലവിളിച്ചുകൊള്ളൂ."യേശുവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമെ" എന്ന് ഒരാൾ നിലവിളിച്ചപ്പോൾ, അവിടുന്ന് കനിഞ്ഞ് അനുഗ്ര

ഹിച്ചു. "ദൈവപുത്രനായ യേശുവേ, എന്നിൽ കനിയണമെ" എന്നത് താപസ്സരുടെ സ്ഥിരം പ്രാർഥന ആയിരുന്നു. അത് അവരുടെ ചുണ്ടുകളിൽ നിന്ന് ഒരിക്കലും വിട്ടുമാറിയില്ല. ഈ ശ്രേഷ്ഠനാമം ഉച്ചരിക്കാൻ അവസരം ലഭിച്ച നാം ഭാഗ്യമുള്ളവരാണ്. ഇത് വരദാനമായി നമുക്ക് ലഭിച്ചതാണ്.

ഈ നാമം നമ്മെ ദൈവമക്കളാക്കുന്നു(യോഹ.1,12). കാൽവരിയിലെ കുരിശിൻ ചുവട്ടിൽ കെട്ടിപ്പിടിച്ച്, "രക്ഷകന്റെ തിരുവിലാവിൽ നിന്നുള്ള രക്തവും വെള്ളവും എന്നെ കഴുകി ശുദ്ധീകരിക്കണമെ" എന്ന് കരഞ്ഞപേക്ഷിച്ചാൽ, ശതാധിപന് കാഴ്ച ലഭിച്ചതുപോലെ നമുക്കും കാഴ്ച ലഭിക്കും. "എന്റെ അടുത്തു വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയില്ല'' എന്ന് സത്യവാനായ തമ്പുരാൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. അവിടുന്ന് എന്നും ഒരാൾ തന്നെ. അവന് മാറ്റമില്ല. അവൻ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. അവനാണ് നമ്മുടെ ജീവിതത്തിന്റെ ഉറവിടം, നമ്മുടെ പാത, നമ്മുടെ അന്ത്യം. നമ്മുടെ സർവസ്വവും അവനാണ്. "ദൈവം അവനെ നമുക്ക് ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും ആക്കിയിരിക്കുന്നു" (1കൊറി.1,30). യേശുനാമം പാപമോചനം നൽകുന്നു (മത്താ.1,21; നടപടി,10,43).

"അവിടുത്തെ പരിശുദ്ധ ദാസനായ യേശുവിന്റെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ നീട്ടണമെ. അവിടുത്തെ വചനം പൂർണ ധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസനെ അനുഗ്രഹിക്കണമെ" എന്ന് രോഗികളുടെ മേൽ കൈ വച്ചുകൊണ്ട് നാം പ്രാർഥിക്കണം. അപ്പോൾ പരിശുദ്ധാത്മാവിന്റെ അഭിഷേകം രോഗിക്ക് ലഭിക്കും, അയാൾ സുഖം പ്രാപിക്കുകയും ചെയ്യും (നടപടി,4,30-31).

രക്ഷയ്ക്കുള്ള ഏകനാമം യേശുനാമമത്രേ (നടപടി,4,12). മറ്റാരിലും രക്ഷയില്ല, മറ്റുള്ളവരൊക്കെ യേശുവിലേക്ക് നയിക്കുന്ന കൈചൂണ്ടികളത്രേ. എല്ലാ വിശുദ്ധരും നമ്മെ യേശുവിലേക്ക് നയിക്കുന്നു. മനുഷ്യരക്ഷയ്ക്കായി ദൈവം മന്നിലേക്കയച്ച ദൈവപുത്രനാണ് യേശുതമ്പുരാൻ. നാമിത് ഉറക്കെ പ്രഖ്യാപിക്കണം. "കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ". എല്ലാറ്റിന്മേലും യേശുവിന് അധികാരമുണ്ട്. രോഗങ്ങളും ശാപങ്ങളും മരണവും പ്രാപഞ്ചിക ശക്തികളും





രാജ്യങ്ങളും ജനതതിയും യേശുനാമത്തിന് കീഴ്പ്പെടുന്നു. കാരണം, തന്റെ പീഡാനുഭവവും കുരിശുമരണവും വഴി മനുഷ്യകുലത്തെ രക്ഷിച്ചത് അവിടുന്ന് മാത്രമാണ്. ജീവിച്ചിരിക്കുന്നവരുടെ മേലും പരേതരുടെ മേലും യേശുവിന് അധികാരമുണ്ട് (നടപടി,10,42).

യേശുനാമം പരിശുദ്ധാത്മദാനം പ്രദാനം ചെയ്യുന്നു (യോഹ. 14,26). യേശുനാമം കേട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ കൃപ വർഷിക്കപ്പെടും (നടപടി, 10,44-46). അതുകൊണ്ട് നാം ചെയ്യുന്ന സർവസംഗതികളും യേശുനാമത്തിൽ ചെയ്യണം. യേശുവഴി പിതാവിന് കൃതജ്ഞത അർപ്പിച്ചുകൊണ്ട് പ്രാർഥിക്കണം. അപ്പോൾ പെരുമഴ പോലെ അനുഗ്രഹം വർഷിക്കപ്പെടും (കൊളോ. 3,17)."തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും മേൽ അവിടുന്ന് തന്റെ സമ്പത്ത് വർഷിക്കുന്നു" (റോമ.10,12-13). മരണവിനാഴികയിൽ സമാശ്വാസം തരുന്ന ഏകനാമം യേശുനാമമാണ്. അതുകൊണ്ട് അനുനിമിഷം യേശുനാമം ഉരുവിട്ടുകൊണ്ട് നമുക്ക് ജീവിക്കാം.

നമ്മുടെ കർത്താവിനെ അടുത്തറിഞ്ഞ പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിൽ അവിടുത്തെപ്പറ്റി പറഞ്ഞിരിക്കുന്ന ചില സംഗതികൾ പരിശോധിക്കാം.

കൊളോസ്യലേഖനത്തിൽ: ''അവിടുന്ന് അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമാണ്. അവനിൽ എല്ലാം സൃഷ്ടിക്കപ്പെട്ടു. എല്ലാം അവനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടത്. അവനിൽ സമസ്തവും സ്ഥിതി ചെയ്യുന്നു. അവൻ മരിച്ചവരിൽ നിന്നുള്ള ആദ്യജാതനാണ്. അവനിൽ സർവ സമ്പൂർണതയും നിവസിക്കുന്നു. ദൈവം അവനിലൂടെ എല്ലാറ്റിനെയും തന്നോട് അനുരഞ്ജിപ്പിക്കുകയും സമാധാനം സ്ഥാപിക്കുകയും ചെയ്തു. ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ അവനിൽ ഒളിഞ്ഞു കിടക്കുന്നു. ദൈവത്വത്തിന്റെ പൂർണത മുഴുവൻ അവനിൽ മൂർത്തീഭവിച്ചിരിക്കുന്നു. അവനാണ് എല്ലാറ്റിന്റെയും ശിരസ്സ്. അവൻ നമ്മുടെ ജീവനാണ്. സമ്പൂർണജ്ഞാനം കൊണ്ട് സ്രഷ്ടാവിന്റെ പ്രതിച്ഛായക്ക് അനുസൃതമായി നവീകരിക്കപ്പെട്ട പുതിയ മനുഷ്യനാണവൻ" (കൊളോ.1,15-20.22; 2,3.9-10.14.15;3,4.10).

റോമാലേഖനത്തിൽ: ''അവിടുന്ന് ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽ നിന്ന് ജനിച്ചവനും മരിച്ചവരിൽ നിന്നുള്ള ഉത്ഥാനം

വഴി ദൈവപുത്രനായി നിശ്ചയിക്കപ്പെട്ടവനുമാണ്. അവനിലുള്ള വിശ്വാസം വഴി ദൈവനീതി എല്ലാവർക്കും ലഭിക്കുന്നു. അവനിലൂടെ അവർ സൗജന്യമായി നീതീകരിക്കപ്പെടുന്നു. പാപപരിഹാരബലിയായി ദൈവം അവനെ നിശ്ചയിച്ചു. അവൻ പാപികൾക്കുവേണ്ടി മരിച്ചു (റോമ.1,3-4;3,21-26;5,6.8).

ഗലാത്യലേഖനത്തിൽ: "ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്ന് ജാതനായി. അവൻ നമുക്കുവേണ്ടി ശപിക്കപ്പെട്ടവനായിത്തീർന്നു കൊണ്ട്, നിയമത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ രക്ഷിച്ചു. അവൻ നമ്മെ സ്വാതന്ത്ര്യത്തിലേക്ക് മോചിപ്പിച്ചു. അവൻ നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു വേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്തു" (ഗലാ.1,4;2,20; 3,13; 4,4;5,1).

കൊറിന്ത്യലേഖനത്തിൽ: "അവനിൽ നമുക്ക് ദൈവകൃപ കൈവന്നു. അവൻ ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ്. അവൻ മഹത്വത്തിന്റെ കർത്താവാണ്. അവനെ യഹൂദർ കുരിശിൽ തറച്ചു. നമ്മുടെ പെസഹാ കുഞ്ഞാടായ അവൻ ബലിയർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു" (1കൊറി. 1,4.24.30;2,8;5,7; 15,24). "അവൻ ദൈവത്തിന്റെ പ്രതിരൂപമാണ്. നാം സമ്പന്നരാകാൻ അവൻ നമ്മെപ്രതി ദരിദ്രനായി." (2 കൊറി. 4,4;8,9).

എഫേസ്യലേഖനത്തിൽ: "അവനെ ദൈവം എല്ലാറ്റിനും ഉപരിയായി ഉപവിഷ്ടനാക്കി. എല്ലാറ്റിനെയും അവന്റെ പാദങ്ങൾക്ക് കീഴിലാക്കി. അവൻ മനുഷ്യരുടെ സമാധാനമാകുന്നു. അവൻ ശത്രുതയുടെ മതിലുകൾ തകർത്തു. അവൻ ഒരു പുതിയ മനുഷ്യനെ സൃഷ്ടിച്ചു കൊണ്ട് സമാധാനം സ്ഥാപിച്ചു. അവൻ എല്ലാറ്റിനെയും ദൈവത്തോട് രമ്യതപ്പെടുത്തി, ശത്രുത അവസാനിപ്പിച്ചു" (എഫേ.1,21-23;2,13-16).

ഫിലിപ്യലേഖനത്തിൽ:"അവൻ ദൈവത്തിന്റെ രൂപത്തിലായിരുന്നു. അവൻ തന്നെത്തന്നെ ശൂന്യനാക്കി, ദാസന്റെ രൂപമെടുത്തു. ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. അവൻ കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകി. അവന്റെ നാമത്തിന്റെ മുമ്പിൽ സകലരും മുട്ടുകൾ മടക്കുകയും അവനെ കർത്താവായി ഏറ്റുപറയുകയും ചെയ്യുന്നു" (ഫിലി.2,6-11).





മറ്റുലേഖനങ്ങളിൽ: "അവൻ നമുക്കു വേണ്ടി മരിച്ചു" (1തെസ്സ. 5,10). "അവൻ നമ്മെ ശക്തിപ്പെടുത്തുന്നു. അവൻ ലോകത്തിലേക്ക് വന്നത് പാപികളെ രക്ഷിക്കാനാണ്. അവൻ ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനാണ്. അവൻ എല്ലാവർക്കും വേണ്ടി തന്നെത്തന്നെ മോചനദ്രവ്യമായി നൽകി. ശരീരത്തിൽ പ്രത്യക്ഷപ്പെട്ടവൻ ആത്മാവിൽ നീതീകരിക്കപ്പെട്ടു. അവൻ ദൂതന്മാർക്ക് ദൃശ്യനായി. ജനപദങ്ങളുടെ ഇടയിൽ പ്രഘോഷിക്കപ്പെട്ടു. ലോകം അവനിൽ വിശ്വസിച്ചു. അവൻ മഹത്വത്തിലേക്ക് സംവഹിക്കപ്പെട്ടു. അവൻ സത്യത്തിന് സാക്ഷ്യം നൽകി" (1തിമോ.1,12.15; 2,5-6;3,16;6,13)). "അവൻ മരണത്തെ ഇല്ലാതാക്കുകയും തന്റെ സുവിശേഷത്തിലൂടെ ജീവനും അനശ്വരതയും വെളിപ്പെടുത്തുകയും ചെയ്തു. അവൻ ദാവീദു വംശജനും മരിച്ചവരിൽ നിന്ന് ഉയിർത്തവനുമാണ്. അവൻ നമ്മെപ്രതി തന്നെത്തന്നെ ബലിയർപ്പിച്ചു" (2തിമോ. 1,10;2,8.14).

യേശുമിശിഹാ ദൈവപുത്രനാണെന്നും നമുക്കുവേണ്ടി മനുഷ്യനായി അവതരിച്ച് പാപത്തിൽ നിന്ന് നമ്മെ മോചിപ്പിച്ചെന്നും നാം വിശ്വസിക്കുന്നു. അവൻ സത്യദൈവത്തെ വെളിപ്പെടുത്തിത്തന്നു. ദൈവം ഏകനാണെന്നും ഏകദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമാണെന്നും പഠിപ്പിച്ചു. സത്യദൈവത്തെ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടതെന്നും അറിയിച്ചു. ദൈവദൂതന്റെ അറിയിപ്പിന്റെ അവസരവും യോർദാനിലെ സ്നാനാവസരവും താബോർ മലയിൽ വച്ചും ത്രിത്വത്തിന്റെ വെളിപാടുണ്ടായി.

മനുഷ്യരക്ഷകനായി അവതരിച്ച നമ്മുടെ കർത്താവിന്റെ വരവിന് ഒരുക്കമായി ദൈവം ഇസ്രായേൽ ജനത്തെ ഒരുക്കി. രക്ഷകന്റെ വരവിനെപ്പറ്റി പ്രവാചകന്മാർ പ്രവചിച്ചു. ദൈവപുത്രന്റെ ജനനസ്ഥലം, പ്രവർത്തനരീതി, അവന് മനുഷ്യരിൽ നിന്ന് സഹിക്കേണ്ടി വന്ന പീഡനങ്ങൾ ആദിയായവയെല്ലാം പ്രവാചകന്മാർ മുൻകൂട്ടി വ്യംഗ്യഭാഷയിൽ പ്രവചിച്ചിരുന്നു. അവനിൽ വിശ്വസിക്കുന്നവരെല്ലാം അവനെ ധരിച്ചിരിക്കുന്നു. അവൻ തന്റെ വാഗ്ദാനം അനുസരിച്ച് നമ്മുടെമേൽ തന്റെ പരിശുദ്ധാത്മാവിനെ വർഷിച്ചു. കാലാന്ത്യം വരെ അവൻ നമ്മോടൊത്ത് വസിക്കുന്നു. നമമുടെ ഉള്ളിൽ വസിക്കുന്നു. നമ്മുടെ ഇടയിൽ വസിക്കുന്നു. അവൻ നമ്മെ നയിക്കുകയും പരിപാലിക്കുകുയും അനുഗ്രഹിക്കുകയും ചെയ്യുന്നു. അവന് എന്നുമെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ.

# 46

## വയലിൽ ഒളിച്ചു വച്ച നിധി (മത്താ 13,44)

നമ്മുടെ കർത്താവ് സ്വർഗരാജ്യത്തിന്റെ രഹസ്യങ്ങൾ ഉപമകളി ലൂടെ വെളിപ്പെടുത്തി അവതരിപ്പിച്ചു: "സ്വർഗരാജ്യം വയലിൽ ഒളിച്ചു വച്ച നിധിക്ക് തുല്യമാണ്" (മത്താ.13,44). നിയമവും പ്രവാചകന്മാരു മാണ് ഈ വയൽ. അതിൽ നിധിയെന്ന പോലെ നമ്മുടെ രക്ഷകൻ മറഞ്ഞിരുന്നു. അതായത്, പഴയനിയമം നമ്മുടെ കർത്താവിനെപ്പറ്റി യുള്ള പ്രവചനമാണ്. നമ്മുടെ കർത്താവാണ് പഴയനിയമത്തിന്റെ കേന്ദ്രബിന്ദു. എല്ലാ ഗ്രന്ഥങ്ങളും ആത്യന്തികമായി നമ്മുടെ കർത്താ വിലേക്ക് വിരൽ ചൂണ്ടുന്നു.

ഈ നിധി വ്യംഗ്യഭാഷയിലും നിഗൂഢസംഭവങ്ങളിലും മറഞ്ഞി രുന്നു. പഴയനിയമത്തിന് വാച്യാർഥത്തിനപ്പുറത്ത് ആന്തരികാർഥമുണ്ട്. അതാണ് പഴയ നിയമത്തിലെ നിധി - നമ്മുടെ കർത്താവായ യേശു മിശിഹാ. സന്തോഷത്തോടു കൂടി തനിക്കുള്ളതെല്ലാം വിറ്റ് വിലയേറിയ രത്നമുള്ള ആ വയൽ വാങ്ങുന്നവൻ ഭാഗ്യവാൻ എന്ന് നമ്മുടെ കർത്താവ് പറയുന്നു. ഈ ലോകത്തിൽ ലഭിക്കുന്ന ലൗകികാധ്യാപന ത്തേക്കാൾ ശ്രേഷ്ഠവും മഹനീയവുമാണ് ആ നിധി, ശിശുവായിരുന്ന പ്പോൾ, പഴയനിയമ ഗുരുക്കന്മാരുടെ കീഴിലായിരുന്നപ്പോൾ, വയലിലെ വീഞ്ഞുകൊണ്ട് മനുഷ്യർ തൃപ്തിയടഞ്ഞു. അതായത്, ദൈവത്തിന് പൂർണമായി സ്വയം സമർപ്പിക്കാത്ത അവസ്ഥയിൽ മുകളിൽ പറഞ്ഞ വയലിലെ വീഞ്ഞ് കുടിച്ചിരുന്നു. അപ്പോഴും നിധി വയലിൽ മറഞ്ഞു കിടന്നു. കുടിച്ച വീഞ്ഞ് ആഹ്ലാദകരമായിരുന്നു. എന്നാൽ ആ നിധി കണ്ടെത്തിക്കഴിഞ്ഞപ്പോൾ, ആ വയലിൽ നിന്നുള്ള വസ്തുക്കൾ നിസ്സാരങ്ങളും നൈമിഷികങ്ങളുമായി അനുഭവപ്പെടും. അതുകൊണ്ട് സഭ പറയുന്നു: "അവിടുത്തെ മാറിടം വീഞ്ഞിനേക്കാൾ മധുരമാകുന്നു" (ഉത്ത.1,2).



# 47

## കാനായിലെ കല്യാണം (യോഹ 2,1-11)

ദൈവം തന്നെ സ്ഥാപിച്ചതാണ് വിവാഹം എന്നതിന് നമുക്ക് ഉറപ്പു തരാനാണ് നമ്മുടെ കർത്താവ് കാനായിലെ കല്യാണത്തിൽ സംബന്ധിച്ചത്. വിവാഹത്തിന്റെ പരിശുദ്ധി ഉയർത്തിക്കാട്ടുന്നതിനും വിവാഹമെന്ന കൂദാശയെ വെളിപ്പെടുത്തുന്നതിനുമായിരുന്നു അത്. അതായത്, "ദൈവം സംയോജിപ്പിച്ചത് മനുഷ്യർ വേർപെടുത്താതിരി ക്കട്ടെ." (മത്താ. 19,6). "നല്ല വീഞ്ഞ്" സുവിശേഷമാണ്. അത് നമ്മുടെ കർത്താവ് സൂക്ഷിച്ചുവച്ചിരുന്നു.

കാനായിലെ അത്ഭുതത്തെക്കാൾ മഹാത്ഭുതമാണ് മുന്തിരിയിൽ നിന്ന് വീഞ്ഞുണ്ടാകുന്നത്. സൃഷ്ടിയിൽ അനുദിനം നിരവധി അത്ഭുതം നടക്കുന്നു. ശിശു ജന്മമെടുക്കുന്നതു തന്നെ ഏറ്റവും വലിയ അത്ഭുത മാണ്.

പ്രവാചകന്മാർ ഇസ്രായേലിന് നിരവധി കാര്യങ്ങൾ വ്യംഗ്യഭാ ഷയിൽ പ്രവചനമായി നൽകി. എന്നാൽ അവർ ഇവയിലൂടെ മിശിഹായെ മനസ്സിലാക്കാതെ പോയതിനാൽ, അവർക്ക് പ്രവചനങ്ങ ളെല്ലാം "വെള്ളം പോലെയായി". "മിശിഹായിലൂടെ മാത്രം മൂടുപടം നീക്കപ്പെടുന്ന"പ്രവചനങ്ങളിൽ മിശിഹായെ കണ്ടെത്താനും തിരിച്ചറി യാനും അവർ പരാജയപ്പെട്ടു (2കൊറി. 3,14-16). "കർത്താവി ലേക്ക് തിരിയുമ്പോഴേ മൂടുപടം നീക്കപ്പെടുന്നുള്ളൂ". പച്ചവെള്ളത്തിന് വീഞ്ഞിന്റെ രുചി ഉണ്ടാകുന്നുള്ളൂ. അല്ലെങ്കിൽ അത് പച്ചവെള്ളമായി രിക്കും. പ്രവചനങ്ങളെല്ലാം മിശിഹായെ സൂചിപ്പിച്ചു. അതു ഗ്രഹി ക്കാത്തതിനാൽ നമ്മുടെ കർത്താവു തന്നെ ശിഷ്യരെ കുറ്റപ്പെടുത്തുന്നു (ലൂ.24,25-27.44).

പഴയമിയമ പ്രവചനങ്ങളെല്ലാം ജലമായിരുന്നു. യഹൂദരോടൊപ്പം ശിഷ്യന്മാരും "ജലമാണ് രുചിച്ചു നോക്കിയത്, വീഞ്ഞായിട്ടല്ല". ഉത്ഥാനം ചെയ്ത കർത്താവ് അവരുടെ ഹൃദയം തുറന്നു, വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ വ്യാഖ്യാനിച്ചു നൽകി. അവിടുന്ന് വെള്ളത്തിൽ നിന്ന് വീഞ്ഞുണ്ടാക്കി കൊടുത്തു. അപ്പോൾ ലഹരി പിടിച്ച ശിഷ്യന്മാർ പറഞ്ഞു: "അവൻ തിരുലിഖിതങ്ങൾ വിശദീകരിച്ചു തന്നപ്പോൾ, നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?" (ലൂ.24,32).

പഴയനിയമം മിശിഹായെ പറ്റിയാണ് പ്രതിപാദിക്കുന്നതെന്ന് അറിയാതിരുന്നവർ, വെള്ളം കുടിച്ചുകൊണ്ടിരുന്നവർ, യേശുവിനോടു കൂടി നടന്നപ്പോൾ, പരാമർശങ്ങളെല്ലാം അവിടുത്തെ പറ്റിയാണെന്ന് മനസ്സിലാക്കി. അതായത്, പഴയനിയമം ക്രിസ്തോന്മുഖമായി വ്യാഖ്യാനിച്ചപ്പോൾ, ഹൃദയം ജ്വലിച്ചു, വീഞ്ഞിന്റെ രുചിയുണ്ടായി. എന്നാൽ പഴയനിയമത്തിൽ മിശിഹായെ കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ, രുചിയില്ലാത്ത വെള്ളമായിരിക്കും പാനം ചെയ്യുക. അതാണ് യഹൂദർ ഇന്നും വെള്ളം കുടിക്കുന്നതും നാം വീഞ്ഞ് കുടിക്കുന്നതും.

നിയമത്തിലും പ്രവാചകരിലും മറഞ്ഞിരിക്കുന്ന മിശിഹായെ നാം രുചിച്ചറിയാൻ അവിടുന്ന് വെള്ളം വീഞ്ഞാക്കി. "ആറു കൽഭരണികൾ" ആറു കാലഘട്ടങ്ങളെ കുറിക്കുന്നു. പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടു. ഭരണികൾ നിറഞ്ഞിരിക്കുന്നു. "രണ്ടോ മൂന്നോ അളവ്" എന്നു പറഞ്ഞതിനർത്ഥംഎന്താണ്? 'രണ്ടെന്നു' പറഞ്ഞാൽ, പിതാവും പുത്രനും എന്നർത്ഥം. എന്നാൽ അവിടെ പരിശുദ്ധാത്മാവും ഉൾപ്പെട്ടിരിക്കുന്നു. "മൂന്നെന്ന്" പറഞ്ഞാൽ 'ത്രിത്വം വെളിവാക്കപ്പെടുന്നു'.

ജനതകളുടെ രക്ഷയാണ് പ്രവചനലക്ഷ്യം. "യഹൂദരുടെ ശുദ്ധീകരണ കർമ്മത്തിന് വെള്ളം നിറയ്ക്കുന്ന കൽഭരണികൾ" എന്നതിനർത്ഥം: നിയമം മോശ വഴി ഇസ്രായേലിന് നൽകപ്പെട്ടു. തുടർന്ന് പ്രവാചകന്മാരും അവരുടെ പക്കലേക്ക് അയക്കപ്പെട്ടു. അതുകൊണ്ടാണ് 'യഹൂദരുടെ' എന്നു പറഞ്ഞിരിക്കുന്നത്. എന്നാൽ പ്രവചനം നൽകപ്പെട്ടത് എല്ലാ ജനങ്ങൾക്കും വേണ്ടിയാണ്. "നിന്റെ സന്തതിയാൽ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും"എന്ന വാഗ്ദാനം അനുസരിച്ച് (ഉൽപ്പ.22,18) അബ്രഹാമിൽ മിശിഹാ മറഞ്ഞിരുന്നു. അന്ന് വെള്ളം വീഞ്ഞായി തീർന്നിട്ടില്ലാത്തതിനാൽ, ഇക്കാര്യം ആരും മനസ്സിലാക്കിയിരുന്നില്ല.





ആ കൽഭരണികൾ ഏവയെന്നു നോക്കാം: ആദാമും ഹവ്വായും എല്ലാ മനുഷ്യരുടെയും പൂർവമാതാപിതാക്കളാണ്. ആദാമിന് ഗാഢനിദ്ര വരുത്തി, വാരിയെല്ല് ഊരിയെടുത്ത് ഹവ്വായെ സൃഷ്ടിച്ചു. "ഇതാ, എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും" എന്ന് ഹവ്വായെ കണ്ടപ്പോൾ ആദാം വിളിച്ചു പറഞ്ഞു. ഉൽപ്പത്തി തുടർന്നു പറയുന്നു: "പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോട് ചേരും. അവർ ഒറ്റ ശരീരമായിത്തീരും' (ഉത്പ. .2,23.24). മിശിഹായെപ്പറ്റി ആദത്തിലുള്ള പ്രവചനമാണിത്. "ഇരുവരും ഒറ്റ ശരീരമായിതീരും" എന്നത് "വലിയ രഹസ്യമാണ്. മിശിഹായെയും സഭയെയും കുറിച്ചാണ് ഞാനിതു പറയുന്നത് " എന്ന് വി. പൗലോസ് ശ്ലീഹാ ഇത് വ്യാഖ്യാനിക്കുന്നു (എഫേ.5,31).

ഒറ്റ ശരീരമായിത്തീരാൻ മിശിഹാ, തന്റെ സഭയോട് ചേരുന്നു. "ദൈവത്തിന്റെ രൂപം വിട്ട് ദാസന്റെ രൂപം എടുത്തപ്പോൾ" പിതൃമാർ വിടം വിടാതെ, അവിടുന്ന് പിതാവിനെ വിട്ടു (ഫിലി.2,6). അവിടുന്ന് യഹൂദ സിനഗോഗിനെ ഉപേക്ഷിച്ച്, വിജാതിയ സഭയോട് ചേർന്നപ്പോൾ, മാതാവിനെ വിട്ടു. എല്ലാ ജനതകളോടും ഇവ പ്രഘോഷിക്കപ്പെടുന്നതു വരെ, പ്രവചനം യഹൂദർക്ക് വെള്ളമായി നിലനിൽക്കും. മിശിഹായുടെ പാർശ്വത്തിൽ കുന്തംകൊണ്ട് കുത്തിയപ്പോൾ രക്തവും വെള്ളവും ഒഴുകി. അപ്പോൾ സഭ രൂപപ്പെട്ടു. ഇതാണ് ഒന്നാമത്തെ കൽഭരണിയെപ്പറ്റിയുള്ള പ്രവചനവും അതിനർത്ഥവും.

നോഹയിലും സർവലോകത്തിനും വേണ്ടിയുള്ള പെട്ടകത്തിലും മിശിഹായും സഭയും മറഞ്ഞിരുന്നു. "എല്ലാത്തരത്തിലുമുള്ള മൃഗങ്ങൾ" എല്ലാ ജനതകളെയും സൂചിപ്പിക്കുന്നു. ലോകം മുഴുവൻ ഒരു മരത്തിലൂടെ രക്ഷിക്കപ്പെടുന്നതിന്റെ പ്രതിരൂപമായിരുന്നു പെട്ടകം. ഈ ലോകത്തിന്റെ ജീവൻ ഒരു മരത്തിൽ തറയ്ക്കപ്പെടേണ്ടിയിരുന്നു. ഇതാണ് രണ്ടാമത്തെ ഭരണി.

"നിന്റെ സന്തതിമൂലം ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും" എന്നത് മൂന്നാമത്തെ ഭരണി. ബലിക്കുള്ള വിറക് ചുമന്നുകൊണ്ടുപോയ ഇസഹാക്ക്, കുരിശു ചുമന്നുകൊണ്ടുപോയ ദൈവപുത്രന്റെ പ്രതീകമായിരുന്നു. ഇതാണ് മൂന്നാമത്തെ ഭരണി.

നാലാമത്തെ ഭരണി ദാവീദാണ്. അവന്റെ പ്രവചനം എല്ലാ ജനങ്ങൾക്കും വേണ്ടിയുള്ളതാണ്: "ദൈവമേ, എഴുന്നേറ്റ് ഭൂമിയെ വിധിക്കണമെ. എല്ലാ ജനതകളും അങ്ങയുടേതാണ്" (സങ്കീ.82,8).

ദാനിയേൽ കണ്ട കല്ല് അഞ്ചാം ഭരണിയെ കുറിക്കുന്നു: ആരും തൊടാതെ പർവതത്തിൽ നിന്ന് ഒരു കല്ല് അടർന്നു വന്ന് എല്ലാ രാജ്യ ങ്ങളെയും ചിഹ്നഭിന്നമാക്കുന്നു. ആ കല്ല് മഹാപർവതമായിത്തീർന്ന്, ധര മുഴുവൻ നിറയുന്നു (ദാനി. 2,34). ആ കല്ലാണ് പണിക്കാർ ഉപേക്ഷി ച്ചതും മൂലക്കല്ലായി തീർന്നതും (സങ്കീ.118,22). യഹൂദ വംശത്തിൽ നിന്ന്, പുരുഷ സംസർഗം കൂടാതെ പിറന്ന മിശിഹായാണ് ആ കല്ല്. ഈ മിശിഹായുടെ രാജ്യം ലോകം മുഴുവൻ വ്യാപിക്കുന്നു.

ആറാം ഭരണി സ്നാപകയോഹന്നാന്റെ കാലഘട്ടത്തെ കുറി ക്കുന്നു. അബ്രഹാമിന്റെ പിൻഗാമികളായി ജനിച്ചതിൽ യഹൂദർ അഭിമാനിച്ചു. എന്നാൽ അവർ അബ്രഹാമിനെ അനുകരിച്ചില്ല. യോഹ ന്നാൻ പറഞ്ഞു: "ഞങ്ങൾക്ക് പിതാവായി അബ്രഹാമുണ്ട് എന്നു പറഞ്ഞ് അഭിമാനിക്കേണ്ട. ഈ കല്ലുകളിൽ നിന്ന് അബ്രഹാമിന് സന്താനങ്ങളെ പുറപ്പെടുവിക്കാൻ ദൈവത്തിന് കഴിയുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു" (മത്താ. 3,9). "കല്ലുകൾ" എല്ലാ ജനപദങ്ങളെയും സൂചിപ്പിക്കുന്നു. വിശ്വാസം കൊണ്ടാണ് അബ്രഹാമിന്റെ പിൻതലമുറ ആകുന്നത്, അവന്റെ മാംസത്തിൽ നിന്നു പിറന്നതു കൊണ്ടല്ല എന്നാണ് ഇതിനർഥം.

നാം ജലമായിരുന്നു, അവിടുന്ന് നമ്മെ വീഞ്ഞാക്കി മാറ്റി. നാം വിഡ്ഢികളായിരുന്നു, അവിടുന്ന് നമ്മെ വിജ്ഞാനികളാക്കി മാറ്റി. ഒരു വിവാഹത്തിനാണ് കർത്താവ് ലോകത്തിലേക്ക് വന്നത്. അതു കൊണ്ടാണ് നാം അവനെ മണവാളൻ എന്നു വിളിക്കുന്നത് (2കൊറി. 11,2-3). യേശു തന്റെ സ്വന്തം രക്തംകൊണ്ട് ആരെ രക്ഷിച്ചുവോ, അവളുടെ മണവാളനാണവൻ. അവൻ പരിശുദ്ധാത്മാവിനെ അവളുടെ മേൽ വർഷിച്ചു. പിശാചിന്റെ അടിമത്തത്തിൽ നിന്ന് അവളെ മോചി പ്പിച്ചു. അവൻ അവളുടെ പാപങ്ങളെ പ്രതി മരിക്കുകയും അവളുടെ നീതീകരണത്തിനായി ഉയിർക്കുകയും ചെയ്തു (റോമ.4,25). തന്റെ ശരീര രക്തങ്ങളാൽ അവൻ സഭയെ പോഷിപ്പിക്കുന്നു. സഭയാണ് ആ മണവാട്ടി.

"സ്ത്രീയേ, എനിക്കും നിനക്കുമെന്ത്?" എന്നത് ദൈവശാസ്ത്ര ഭാഷയാണ്. ഉൽപ്പത്തിയിലെ "സ്ത്രീക്ക്' തുല്യയാണിവൾ. തന്റെ സമയം ആയിട്ടില്ലെന്ന് ഇതിലൂടെ അവിടുന്ന് വ്യക്തമാക്കുകയാണ്. കുരിശുമരണമാണ് അവന്റെ സമയം.[1]

1. *ജെ. കല്ലറങ്ങാട്ട്-എബി പുതുകുളങ്ങര, വിശുദ്ധ യോഹന്നാന്റെ സുവിശേഷം -ആഗസ്തീനോസിന്റെ ഭാഷ്യം,* പേ. 159-186



# 48
# അഞ്ചപ്പവും രണ്ട് മീനും (യോഹ 6,1-14)

വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ വിവരണങ്ങൾക്ക് നിരവധി പ്രതീകാത്മകാർഥമുണ്ട്. മലമുകളിൽ ഇരുന്ന് പ്രസംഗിച്ച ഉയരങ്ങളിലെ വചനം തന്റെ കരുണയും ശക്തിയും അനുസരിച്ച് അഞ്ച് ബാർളി അപ്പത്തിൽ നിന്നും രണ്ട് മീനിൽ നിന്നും അയ്യായിരം പുരുഷന്മാരെ തീറ്റി തൃപ്തരാക്കുകയും പന്ത്രണ്ട് കുട്ട ശേഷിപ്പിക്കുകയും ചെയ്തു. ഇതിൽ ജനം അത്ഭുതസ്തബ്ധരായി (യോഹ.6,1-14).

അഞ്ചപ്പം മോശയുടെ അഞ്ച് പുസ്തകങ്ങളെ കുറിക്കുന്നു. അപ്പവും മീനും ബാലിശമായി കൊണ്ടുനടക്കുകയും എന്നാൽ കഴിക്കാ തിരിക്കുകയും ചെയ്ത ബാലൻ ഇസ്രായേൽ ജനമാണ്. അവ അടച്ചു വച്ചിരുന്നു. അപ്പോൾ അത് ഭാരമായിരുന്നു. തുറന്നപ്പോൾ അത് ഉത്തേ ജനം നൽകി. രണ്ടുമീൻ രണ്ട് ഉന്നത വ്യക്തികളെ, പുരോഹിതനെയും രാജാവിനെയും, സൂചിപ്പിക്കുന്നു.പഴയനിയമത്തിൽ ജനത്തെ വിശുദ്ധീ കരിക്കാനും ഭരിക്കാനും അവരാണ് അഭിഷിക്തരായവർ. ആ രണ്ട് വ്യക്തിത്വങ്ങളും തന്നിൽ സംയോജിപ്പിച്ചുകൊണ്ട് അവിടുന്ന് തന്നെ രഹസ്യമായി വന്നു.

ബാർളി നല്ല അധ്വാനത്തിലൂടെ മാത്രമേ പാകപ്പെടുത്താൻ കഴിയുമായിരുന്നുള്ളു. കാമ്പ് തോടുകൊണ്ട് പൊതിഞ്ഞിരിക്കും. തോട് ദൃഢമാണ്. അടുത്തടുത്ത് പറ്റിപ്പിടിച്ചിരിക്കുന്ന രീതിയിലുമാണ്. പഴയ നിയമാനുഷ്ഠാനങ്ങളൊക്കെ ഇത്തരം എഴുത്തുകൊണ്ട് പൊതിയ പ്പെട്ടിരിക്കുന്നു. തോടുപൊളിച്ച് ഉള്ളിലേക്ക് കടക്കാൻ കഴിഞ്ഞാൽ അത് പ്രയോജനകരമാകും.

പഴയനിയമത്തിൽ നിഗൂഢമായിരുന്നത്, അടച്ചു സൂക്ഷിച്ചു വച്ചി രുന്നത്, ഇപ്പോൾ തുറക്കപ്പെട്ടു. മോശയുടെ പുസ്തകങ്ങൾ വിശദീകരി

ക്കപ്പെട്ടപ്പോൾ, അതിൽ നിഗൂഢമായിരുന്നവ മനുഷ്യകുലത്തിനു മുഴുവൻ പ്രയോജനകരമായി. യഹൂദർ അത് വെറുതേ ചുമന്നു കൊണ്ട് നടന്നു. എന്നാൽ അതിനുള്ളിലേക്ക് കടന്നില്ല. അത് തദവസരം ബാലനും മറ്റുള്ളവർക്കും പ്രയോജനം ചെയ്തില്ല. നമ്മുടെ കർത്താവിലൂടെ കടന്നപ്പോൾ അവനും ജനത്തിനും, യഹൂദർക്കും വിജാതിയർക്കും, അത് പ്രയോജനപ്പെട്ടു.

ബാലൻ യഹൂദരെയും അയ്യായിരം പേർ വിജാതിയരെയും സൂചിപ്പിക്കുന്നു. യഹൂദരുടെ കൈയിലിരുന്നത് തുറന്നപ്പോൾ, വിജാതിയർക്കും നന്മയായി ഭവിച്ചു. എന്നാലിന്നും "മോശയുടെ ഗ്രന്ഥം വായിക്കുമ്പോഴെല്ലാം യഹൂദരുടെ മനസ്സിൽ മൂടുപടം കിടക്കുന്നു" (2കൊറി. 3,15). ആ ബാർളിയപ്പം യേശുവിന്റെ കൈയിൽ കൊടുക്കാൻ അവർ വിസമ്മതിക്കുന്നു. യേശുവിന് മാത്രമേ അഞ്ചപ്പം വർധിപ്പിക്കാൻ കഴിയൂ എന്ന് അവർ മനസ്സിലാക്കുന്നില്ല. വിശന്നു വലഞ്ഞിരിക്കുന്നവർക്കുള്ളതാണ് ആ അഞ്ചപ്പം, അത്, ലോകജനതയ്ക്കുള്ളതാണ്. അടച്ചുവച്ച് ബാലിശമായി ചുമന്നുകൊണ്ട് നടക്കാനുള്ളതല്ല എന്നു സാരം. ബാർളിയിൽ മറയ്ക്കപ്പെട്ടിരുന്ന മൂടുപടം ഇപ്പോഴും മാറ്റപ്പെടാതെ കിടക്കുന്നു. അതിനാൽ അവർ മിശിഹായെ സമീപിക്കുന്നില്ല.

ആഴമേറിയ അർഥം ഇനിയും അവശേഷിക്കുന്നു എന്നാണ് മിച്ചം വന്ന പന്ത്രണ്ടു കുട്ട അപ്പം സൂചിപ്പിക്കുന്നത്. അത് ശേഖരിക്കുന്നത് ശ്ലീഹന്മാരാണ്. അവർക്കോ, അവരെപ്പോലെയുള്ളവർക്കോ മാത്രമേ അത് മനസ്സിലാക്കി തരാൻ കഴിയൂ. "പുല്ലിന്മേൽ" ഇരുന്ന ജനത്തിന് വയർ നിറയാൻ കിട്ടി. അവരുടെ ആവശ്യമനുസരിച്ചുള്ള വിശദീകരണം ലഭിച്ചു. അവർ അപ്പോഴും ജഡികരായിരുന്നു. അതുകൊണ്ടാണ് യേശുവിനെ ഒരു പ്രവാചകനായി മാത്രം കാണാൻ അവർക്ക് തോന്നിയത് (യോഹ.6,14). എന്നാൽ അവിടുന്ന് പ്രവാചകന്മാരുടെ നാഥനും പൂർത്തീകരണവും അവരെ വിശുദ്ധീകരിക്കുന്നവനുമാണ്.

ചുരുക്കത്തിൽ പഴയനിയമം ക്രിസ്തോന്മുഖമായി വ്യാഖ്യാനിച്ചെങ്കിൽ മാത്രമേ യഹൂദർക്കും വിജാതിയർക്കും ഗുണകരമാകൂ. ഇനിയും അതിൽ നിഗൂഢമായവ ഒളിഞ്ഞുകിടപ്പുണ്ട്. അതും വെളിച്ചത്തു കൊണ്ടുവരണം. അതിനായി പരിശുദ്ധാത്മാവിനോട് പ്രാർഥിക്കുകയും അധ്വാനിക്കുകയും മിശിഹായെ സമീപിക്കുകയും വേണം.[1]

1. *ജെ.കല്ലറങ്ങാട്ട്-എബി പുതുകുളങ്ങര, വിശുദ്ധ യോഹന്നാന്റെ സുവിശേഷം -ആഗസ്തീനോസിന്റെ ഭാഷ്യം,* പേ.433-439.



# 49
# വെളിപാടിലെ വെള്ളക്കുതിര
## (വെളി 19,11-14)

വിശുദ്ധ യോഹന്നാന്റെ വെളിപാടു പുസ്തകത്തിൽ ഒരു വെള്ളക്കുതിരയെപ്പറ്റി പറയുന്നു. യോഹന്നാൻ ശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെട്ടതാണ് ആ വെള്ളക്കുതിര. വിശ്വസ്തനും സത്യവാനും നീതിപൂർവം വിധിക്കുന്നവനുമായ ഒരാൾ ആ കുതിരപ്പുറത്ത് ഉപവിഷ്ഠനായിരിക്കുന്നു. അവന്റെ നാമം "ദൈവവചനം "എന്നാണ്.

"സ്വർഗം തുറക്കപ്പെട്ടതായി ഞാൻ കണ്ടു. ഇതാ, ഒരു വെള്ളക്കുതിര. അതിന്റെ പുറത്തിരിക്കുന്നവൻ വിശ്വസ്തനെന്നും സത്യവാനെന്നും വിളിക്കപ്പെടുന്നു. അവൻ നീതിയോടെ വിധിക്കുകയും പടപൊരുതുകയും ചെയ്യുന്നു. അവന്റെ മിഴികൾ തീനാളം പോലെ. അവന്റെ ശിരസ്സിൽ അനേകം കിരീടങ്ങൾ. അവന് ആലേഖനം ചെയ്യപ്പെട്ട ഒരു നാമമുണ്ട്. അത് അവനല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടാ. അവൻ രക്തത്തിൽ മുക്കിയ മേലങ്കി ധരിച്ചിരിക്കുന്നു. അവന്റെ നാമം ദൈവവചനം എന്നാണ്" (വെളി.19,11-13).

ദൈവകൃപ ഉണ്ടെങ്കിലേ ഈ ദർശനത്തിലെ ഓരോ സംഗതിയും മനസ്സിലാക്കാനാകൂ. വെള്ളക്കുതിരയ്ക്ക് പല അർഥങ്ങൾ നൽകിയിട്ടുണ്ട്:

1. നമ്മുടെ കർത്താവ് എടുത്ത മർത്യശരീരമാണ് വെള്ളക്കുതിര. വചനമായ ദൈവമെന്ന നിലയിൽ ആദിയിൽ ദൈവത്തോടൊപ്പം ഉണ്ടായിരുന്നവൻ ആ കുതിരപ്പുറത്തു കയറിയാണല്ലോ സഞ്ചരിച്ചത്.

2. സമസ്ത സൃഷ്ടികളുടെയും ആദ്യജാതനായ നമ്മുടെ കർത്താവ് നയിച്ച ജീവിതമാണ് ആ വെള്ളക്കുതിര. "എനിക്ക് അത്

അർപ്പിക്കാനും തിരിച്ചെടുക്കാനും കഴിയും"എന്ന് അതിനെ കുറിച്ച് അവിടുന്ന് പറഞ്ഞിരിക്കുന്നു (യോഹ.10,17).

3. പാപമില്ലാത്ത അവസ്ഥയിൽ ശരീരവും ആത്മാവും ഒരുമിച്ച് വെള്ളക്കുതിര എന്നു വിളിക്കപ്പെടുന്നു.

4. നമ്മുടെ കർത്താവിന്റെ ശരീരമെന്ന് വിളിക്കപ്പെടുന്ന സഭയാണ് വെള്ളക്കുതിര. അവളെ അവൻ തനിക്കുവേണ്ടി ജലം കൊണ്ട് കഴുകി വിശുദ്ധീകരിച്ചു. അവളിൽ കളങ്കമോ, ചുളിവോ ഇല്ല (കൊളോ.1,24; എഫേ.5,25-27).

"സ്വർഗീയസൈന്യങ്ങൾ നിർമലവും ധവളുമായ മൃദുല വസ്ത്രങ്ങൾ അണിഞ്ഞ് വെള്ളക്കുതിരകളുടെ പുറത്ത് അവനെ അനുഗമിക്കുന്നു" (വെളി.19,14). വചനമാം ദൈവത്തെ അനുഗമിക്കുന്ന വരെ പറ്റിയാണിത്. ഇത് സഭയെ കുറിക്കുന്നു. സഭ അനേകം ആത്മാക്കളുടെ സംഘമാണ്. സഭയുടെ ജീവിതമാതൃക ക്രിസ്തുവാണ്. കർത്താവിന്റെ അശ്വസൈനികർ എന്നു വിളിക്കപ്പെടുന്ന ആത്മാക്കളുടെ സംഘമാണ് സഭ.

"അവൻ രാജാക്കന്മാരുടെ രാജാവും കർത്താക്കന്മാരുടെ കർത്താവുമാണ്' (വെളി.19,16). എല്ലാ ജനതകളെയും ഭരിക്കുന്നവനാണവൻ. മിശിഹാ കർത്താവിന്റെ സാർവത്രികാധികാരമാണിത് സൂചിപ്പിക്കുന്നത്. "അവന്റെ വായിലെ മൂർച്ചയുള്ള വാൾ" അവന്റെ അധരങ്ങളിൽ നിന്നു പുറപ്പെടുന്ന തിരുവചനമാണ്.





# 50
# സന്തോഷവും ആനന്ദവും

ദൈവമക്കളായ നാം എപ്പോഴും സന്തോഷിക്കണമെന്ന് നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നു. ദൈവം നമുക്ക് നൽകുന്ന സന്തോഷം എപ്പോഴും നമ്മിൽ ഉണ്ടായിരിക്കണം. നമ്മിൽ അതുണ്ടെങ്കിൽ, പ്രകാശരശ്മി പോലെ അത് മറ്റുള്ളവരിലേക്ക് പ്രസരിക്കും. നമ്മിൽ നിന്ന് അത് കവിഞ്ഞൊഴുകണം. "എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" എന്ന് ഉദ്ഘോഷിച്ച അമ്മയാണ് നമ്മുടെ മാതൃക (ലൂ.1,47). "നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിൽ സന്തോഷിക്കുവിൻ" എന്നാണ് നമ്മുടെ കർത്താവ് പറഞ്ഞിരിക്കുന്നത് (ലൂ.10,20). നമ്മുടെ സന്തോഷത്തിന്റെ യഥാർഥ കാരണം ഇതായിരിക്കണം.

പഴയനിയമത്തിൽ ഉടനീളം, പ്രത്യേകിച്ച് ഏശായായുടെ പ്രവചനങ്ങളിലും സങ്കീർത്തനങ്ങളിലും, സന്തോഷത്തെപ്പറ്റി പ്രസ്താവിക്കുന്നു: "നീ ജനത്തിന് അത്യധികം ആനന്ദം നൽകി" (ഏശാ.9,3). "ആർത്തട്ടഹസിക്കുവിൻ, സന്തോഷത്തോടെ കീർത്തനം ആലപിക്കുവിൻ" (ഏശാ.12,6). രക്ഷാദിനത്തിൽ "ആകാശമേ, ആനന്ദഗാനമാലപിക്കുക. ഭൂമിയേ, ആർത്തുവിളിക്കുക. മലകളേ, ആർത്തുപാടുക. കർത്താവ് തന്റെ ജനത്തോട് കരുണ കാണിക്കും" (ഏശാ. 40,13). സക്കറിയാ പ്രവാചകൻ പറയുന്നു: "സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക" (സക്ക.9,9).

"ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കട്ടെ. സീയോന്റെ മക്കൾ തങ്ങളുടെ രാജാവിൽ ആനന്ദിക്കട്ടെ. നൃത്തം ചെയ്തുകൊണ്ട് അവർ അവിടുത്തെ നാമത്തെ സ്തുതിക്കട്ടെ. തപ്പുകൊട്ടിയും കിന്നരം മീട്ടിയും അവർ അവിടുത്തെ സ്തുതിക്കട്ടെ. വിശ്വസ്തജനം ജയ

ഘോഷം മുഴക്കട്ടെ. അവർ തങ്ങളുടെ കിടക്കകളിൽ ആനന്ദം കൊണ്ട് പാടട്ടെ. അവരുടെ കണ്ഠങ്ങളിൽ ദൈവസ്തുതി ഉയരട്ടെ' (സങ്കീ.149, 2-3.5-6).

ഈ ആശയും തന്നെ 150-ാം സങ്കീർത്തനത്തിലും കാണാം: "കാഹളനാദത്തോടെ അവിടുത്തെ സ്തുതിക്കുവിൻ. വീണയും കിന്നരവും മീട്ടി അവിടുത്തെ സ്തുതിക്കുവിൻ.... ഉച്ചത്തിൽ മുഴങ്ങുന്ന കൈത്താളം കൊട്ടി അവിടുത്തെ സ്തുതിക്കുവിൻ" (സങ്കീ.150,3-5). നിറഞ്ഞ സന്തോഷം ഉണ്ടെങ്കിലേ മേൽപ്പറഞ്ഞവിധം സ്തുതിക്കാൻ കഴിയൂ. ഹൃദയം നിറയെ സന്തോഷമുള്ള ദൈവഭക്തനാണ് സ്തുതിക്കാൻ ആഹ്വാനം ചെയ്യുന്നത്.

"പരിശുദ്ധാത്മാവിൽ ആനന്ദിക്കുന്ന" മിശിഹാ കർത്താവിനെ നാം കാണുന്നു (ലൂ.10,21). യേശുവിന്റെ ദൗത്യം തുടങ്ങിയപ്പോൾ സ്നാപകൻ വിളിച്ചു പറഞ്ഞു: "എന്റെ സന്തോഷം പൂർണമായിരിക്കുന്നു" (യോഹ.3,20). കർത്താവിന്റെ സന്തോഷം നമ്മിൽ വസിക്കണമെന്നും നമ്മുടെ സന്തോഷം പൂർണമാകണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു (യോഹ.15,11). തന്റെ സന്ദർശനത്തിൽ ശിഷ്യരുടെ ദുഃഖം സന്തോഷമായി മാറുമെന്ന് നമ്മുടെ കർത്താവ് വാഗ്ദാനം ചെയ്യുന്നു (യോഹ.16,20). "ഞാൻ നിങ്ങളെ വീണ്ടും കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം നിങ്ങളിൽ നിന്ന് ആരും എടുത്തു കളയുകയില്ല" (യോഹ. 16,22).

ഉത്ഥാനം ചെയ്ത കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു (യോഹ. 20,20). അവർ ഹൃദയ ലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേർന്നിരുന്നു (നടപടി, 8,8). പീഡനങ്ങളുടെ നടുവിലും അവർ "ആനന്ദത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞിരുന്നു" (നട.13,2). നവശിഷ്യരും സന്തോഷഭരിതരായി ജീവിതയാത്ര തുടർന്നു (നട.8,39). തടവറ സൂക്ഷിപ്പുകാരനും കുടുംബവും വിശ്വസിച്ച് അത്യധികം ആനന്ദിച്ചു (നട.16,34).

നമ്മുടെ കർത്താവ് നമ്മെ അനുസ്യൂതം സ്നേഹിക്കുന്നു. ഒരിക്കലും അവസാനിക്കാത്ത സ്നേഹത്താൽ അവിടുന്ന് നമ്മെ സ്നേഹിക്കുന്നു. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല (വിലാ. 3,17.21-23.26). ദൈവം നമ്മെ സൃഷ്ടിച്ച നാൾ മുതൽ ഇന്നയോളം ചെയ്തിട്ടുള്ള നന്മകൾ ഓർത്ത് സന്തോഷിക്കണം. ജീവിക്കുന്നതിന്റെ സന്തോഷം നാം വർധമാനമാക്കണം.





നമുക്കു ലഭിച്ച വിശ്വാസം ഓർത്ത്, അവിടുന്ന് നമ്മെ രക്ഷിച്ചതോർത്ത്, അനുനിമിഷം പരിപാലിക്കുന്നതോർത്ത്, തന്റെ പരിശുദ്ധാത്മാവിനെ നമ്മിൽ സമൃദ്ധമായി വർഷിച്ചതോർത്ത്, നമ്മോടു കൂടെ നിത്യം വസിക്കുകയും തന്റെ ശരീര രക്തങ്ങളാൽ നമ്മെ പരിപോഷിപ്പിക്കുകയും ചെയ്യുന്നതോർത്ത്, മനോഹരമായ ഈ ഭൗമിക പൂന്തോട്ടം നമുക്കായി സൃഷ്ടിച്ചതോർത്ത്, ഇത്രത്തോളം കരുണാപൂർവം വഴിനടത്തിയതോർത്ത്, ദൈവസ്നേഹത്താൽ നമ്മുടെ ഹൃദയം നിറച്ചതോർത്ത്, നമുക്കുവേണ്ടി അനേകരെ ഉത്തേജിപ്പിച്ചതോർത്ത്, എന്നുതുടങ്ങി ഒരായിരം കാരണങ്ങളാൽ നമുക്ക് സന്തോഷചിത്തരായിരിക്കാം. ആ സന്തോഷം നമ്മുടെ ഉള്ളിൽ നിന്ന് കവിഞ്ഞൊഴുകട്ടെ, ചിറപൊട്ടിയൊഴുകട്ടെ. ആ സന്തോഷം മറ്റുള്ളവരെ സന്തോഷചിത്തരാക്കട്ടെ. വി. പൗലോസ് ശ്ലീഹാ പറയുന്നു: "നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ" (1 തെസ്സ.4.4;5,16).

സന്തോഷിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് സങ്കീർത്തകൻ അതിനുള്ള കാരണവും നൽകുന്നു.

ഹൃദയസമാധാനവും ആന്തരിക സന്തുഷ്ടിയും സമൃദ്ധമായി നൽകുന്നത് ദൈവമാണ് (സങ്കീ.4,7). ദൈവം നൽകുന്ന വിമോചനം സന്തോഷകാരണമാണ് (സങ്കീ.9,14). കർത്താവ് നൽകുന്ന രക്ഷ മറ്റൊരു കാരണമാണ് (സങ്കീ.13,5). കർത്താവ് സദാ കൂടെയുള്ളതിനാൽ സന്തോഷിക്കാം. അവിടുന്ന് കൺമുമ്പിലും വലത്തുവശത്തുമുണ്ട് (സങ്കീ.16,8). ആനന്ദ പൂർണതയും ശാശ്വത സന്തോഷവും ദൈവസന്നിധിയിലത്രേ (സങ്കീ.16,11). കർത്താവ് ശക്തിയും പരിചയുമായതിനാലും കർതൃകാരുണ്യം അചഞ്ചലമായതിനാലും സന്തോഷിക്കാം (സങ്കീ.28,7; 31,7). കർത്താവ് ആഗ്രഹങ്ങൾ സാധിച്ചു തരുന്നതിനാൽ അവനിൽ ആനന്ദിക്കാം (സങ്കീ.37,4). ദൈവഹിതം നിറവേറ്റുന്നതിനാൽ സന്തോഷിക്കാം (സങ്കീ.40,8). ദൈവത്തെ പാടി സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നത് ആനന്ദകാരണമാണ് (സങ്കീ.71,23). ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ ആനന്ദം ലഭിക്കും (സങ്കീ.73,28). ദൈവത്തിന്റെ പ്രവൃത്തികളും അത്ഭുതകർമങ്ങളും ആനന്ദിപ്പിക്കാൻ കാരണമാണ് (സങ്കീ.92,4). കർതൃനിയമം പാലിക്കുന്നത് ആനന്ദകാരണമാണ് (സങ്കീ.1,2).

"കുന്നുകൾ സന്തോഷം അണിയുന്നു. താഴ്‌വരകൾ സന്തോഷം കൊണ്ട് ആർത്തു പാടുന്നു" (സങ്കീ.65,12-13). ''ഭൂവാസികളേ, ആഹ്ലാദത്തോടെ ദൈവത്തിന് ആർപ്പുവിളിക്കുവിൻ. ജനതകളെല്ലാം ആഹ്ലാദിക്കുകയും ആനന്ദഗാനം ആലപിക്കുകയും ചെയ്യട്ടെ" (സങ്കീ. 66,1; 67,4). "നീതിമാന്മാർ സന്തോഷഭരിതരാകട്ടെ. ദൈവസന്നിധിയിൽ അവർ ഉല്ലസിക്കട്ടെ. അവർ ആനന്ദം കൊണ്ട് മതിമറക്കട്ടെ. ദൈവത്തിന് സ്തുതി പാടുവിൻ" (സങ്കീ.68,3-4). ''ഞാൻ സദാ സന്തോഷിക്കും. ദൈവത്തിന് ഞാൻ സ്തുതിഗീതമാലപിക്കും" (സങ്കീ.75,9).

"ദൈവത്തെ ഉച്ചത്തിൽ പാടിപ്പുകഴ്ത്തുവിൻ. അവന് ആനന്ദ ത്തോടെ ആർപ്പുവിളിക്കുവിൻ" (സങ്കീ.81,1). "എന്റെ മനസ്സും ശരീരവും സജീവദൈവത്തിന് ആനന്ദഗാനം ആലപിക്കുന്നു (സങ്കീ.84,2). ഉത്സവാ ഘോഷത്താൽ നിന്നെ സ്തുതിക്കുന്നവർ സദാ നിന്റെ നാമത്തിൽ ആനന്ദിക്കുന്നു (സങ്കീ.89,15-16). "ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം ഞങ്ങൾ സന്തോഷിച്ചുല്ലസിക്കട്ടെ. സന്തോഷിക്കാൻ ഞങ്ങൾക്ക് ഇടയാ ക്കണമെ" (സങ്കീ.90,14-15). "നമുക്ക് സന്തോഷപൂർവം കർത്താവിനെ പാടിപ്പുകഴ്ത്താം. ആനന്ദത്തോടെ സ്തുതിഗീതങ്ങൾ ആലപിക്കാം (സങ്കീ.95,1-2).

''ആകാശം ആഹ്ലാദിക്കട്ടെ, ഭൂമി ആനന്ദിക്കട്ടെ സമുദ്രവും അതിലുള്ളവയും ആർപ്പുവിളിക്കട്ടെ. വയലും അതിലുള്ളവയും ആഹ്ലാദിക്കട്ടെ. വനവൃക്ഷങ്ങൾ ആനന്ദഗീതം ഉതിർക്കട്ടെ" (സങ്കീ. 96,11-12). "കർത്താവ് വാഴുന്നു. ഭൂമി സന്തോഷിക്കട്ടെ. ദ്വീപസമൂഹങ്ങൾ ആനന്ദിക്കട്ടെ. ഭൂമി മുഴുവൻ കർത്താവിന് ആനന്ദഗീതം ആലപി ക്കട്ടെ. പർവതങ്ങൾ ആനന്ദഗീതം ആലപിക്കട്ടെ" (സങ്കീ.97,1.12; 98,4-8; 100,1-2).

പ്രഭാഷകനിലും ഇതുപോലെയുള്ള പരാമർശം കാണാം: "കർതൃഭക്തി മഹത്വവും ആനന്ദവും സന്തോഷവും ആഹ്ലാദത്തിന്റെ മകുടവുമാണ്..അത് ഹൃദയത്തെ ആനന്ദിപ്പിക്കുന്നു. സന്തോഷവും ആനന്ദവും ദീർഘായുസ്സും നൽകുന്നു. കർത്താവിന്റെ ഭക്തരേ, ഐശ്വ ര്യവും നിത്യാനന്ദവും അനുഗ്രഹവും പ്രതീക്ഷിക്കുവിൻ" (പ്രഭാ.1,11-12; 2,9). "പ്രസന്നവദനം ഹൃദയസന്തുഷ്ടി വെളിപ്പെടുത്തുന്നു" (പ്രഭാ. 13,26). ഇതുപോല നിരവധി പരാമർശങ്ങൾ തിരുലിഖിതത്തിലുടനീളം കാണാം. ''ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ സന്തോഷിക്കും" (ഹബ.3,18).



## ചേടിയത്ത് ഗീവർഗീസ് മൽപ്പാനച്ചന്റെ ഗ്രന്ഥങ്ങൾ

മലങ്കരഗീതങ്ങൾ, കോട്ടയം, 1981.
ക്രൈസ്തവഗീതങ്ങൾ, കോട്ടയം, 1982.
ബൈബിൾ ഗീതങ്ങൾ,കോട്ടയം,1983.
മാതൃകീർത്തനങ്ങൾ,1988.
വി.ഗ്രിഗറി നീസ്സാ, ഗിരിപ്രഭാഷണം,(ed.), തിരുവനന്തപുരം, 1982.
വി.ഗ്രിഗറി നീസ്സാ, കർതൃപ്രാർഥന (ed.),കോട്ടയം,1982.
വി.ഗ്രിഗറി നീസ്സാ,മോശയുടെ ജീവചരിത്രം,കോട്ടയം,2010.
തിയഡോർ, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 1986.
യോഹന്നാന്റെ സുവിശേഷം-തിയഡോറിന്റെ ഭാഷ്യം, (TVM), 2006
ഒരിജൻ, ഉത്തമഗീതഭാഷ്യം, കോട്ടയം,1986.
ഒരിജൻ, ലൂക്കാഭാഷ്യം, കോട്ടയം, 2005.
യോഹന്നാന്റെ സുവിശേഷം-ഒരിജന്റെ ഭാഷ്യം, കോട്ടയം, 2005.

സഭാപിതാക്കന്മാർ, കോട്ടയം, 1980.
സഭാപിതാക്കന്മാർ-1, കോട്ടയം,1987.
സഭാപിതാക്കന്മാർ-2, കോട്ടയം,1988.
സഭാപിതാക്കന്മാർ-3, കോട്ടയം, 2000.
ലത്തീൻ സഭാപിതാക്കന്മാർ, കോട്ടയം,1992.
ഡിഡസ്കാലിയ, കോട്ടയം,1987.
സൊക്രാട്ടസ്, സഭാചരിത്രം,കോട്ടയം, 1990.
ബർ എബ്രായാ,സഭാചരിത്രം,കോട്ടയം,1990.

ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ അബ്രഹാം,കോട്ടയം, 1990.
അന്ത്യോക്യൻസഭ-ഉത്ഭവവും വളർച്ചയും, കോട്ടയം, 1986.
സന്യാസത്തിന്റെ അന്തർധാര, കോട്ടയം,1992.
പലസ്തീനയിലെ സന്യാസികൾ, തിരുവനന്തപുരം, 1994.
പ്രാചീന സന്യാസചരിത്രം, കോട്ടയം, 1993.
വി. എവുതീമിയസിന്റെ ജീവചരിത്രം, തിരുവനന്തപുരം, 1994.
പ്രാചീന സന്യാസനിയമങ്ങൾ, കോട്ടയം, 2006.
ഹെർമാസിന്റെ ഇടയൻ, കോട്ടയം,1992.
പ്രാർഥന സഭയിൽ, കോട്ടയം 1993.

പ്രാർഥന സുറിയാനിസഭയിൽ, കോട്ടയം, 1993.
ത്രിയേകദൈവം, കോട്ടയം, 1993.
സത്യദൈവവും സത്യാരാധനയും, കോട്ടയം, 1995.
സഭാചരിത്രപഠനങ്ങൾ, കോട്ടയം,1996.
സൂനഹദോസുകൾ, കോട്ടയം, 1996.
സിനോഡിക്കോൺ ഓറിയെന്താലെ, കോട്ടയം, 1996.
മാർ ഈശോദാദ്, സുവിശേഷഭാഷ്യം, കോട്ടയം,1997.
മാർ ഈശോദാദ്, പുതിയനിയമഭാഷ്യം,കോട്ടയം, 2002.
മാർ തോമായുടെ നടപടികൾ, കോട്ടയം,1998.
എവുസേബിയസ്, തിരുസഭാചരിത്രം, കോട്ടയം,1998.
എക്യൂമെനിസം, കോട്ടയം, 1998.

മാർതോമാശ്ലീഹായുടെ ഇൻഡ്യൻസഭ, കോട്ടയം, 2001 .
കേരളത്തിലെ ക്രൈസ്തവസഭകൾ, കോട്ടയം,1998 .
പൗരസ്ത്യകാതോലിക്കോസ്, കോട്ടയം,1999.
ജറുസലേമിലെ സിറിൽ, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 2000.
മാർ ബാബായ്, ക്രിസ്തുശാസ്ത്രം, കോട്ടയം, 2000.
മധ്യകാലസഭാചരിത്രം, കോട്ടയം, 2000.
വി.ജോൺ ക്രിസൊസ്തോം, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 2003.
വി.ജോൺ ക്രിസൊസ്തോം-ക്രിസ്തുശാസ്ത്രം, ബാബിലാസിന്റെ ചരിത്രം, കോട്ടയം, 2006.
വി. ഐറേനിയസ്, അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്,2003.
വിശുദ്ധ ജോൺ ഡമഷീൻ, സത്യവിശ്വാസം, കോട്ടയം, 2003.
വിശുദ്ധ അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ, കോട്ടയം,2003.
കത്തോലിക്കാവിശ്വാസവും പെന്തക്കോസ്ത് വീക്ഷണങ്ങളും,2005
പട്രോളജി, വാല്യം,1, കോട്ടയം, 2006.
പട്രോളജി, വാല്യം-2, കോട്ടയം, 2006.
പട്രോളജി, വാല്യം-3, കോട്ടയം, 2008.
പട്രിസ്റ്റിക് ക്വിസ്, കോട്ടയം, 2001.
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്, TVM,2006.
സൈറസിലെ തിയഡൊറെറ്റ്, ക്രിസ്തുശാസ്ത്രം, കോട്ടയം, 2007.
കമ്മൂണിയോ ഇൻ ക്രിസ്തോ - നിയമാവലി, TVM, 2007.

സഭയ്ക്കുള്ള സന്ദേശം, പത്തനംതിട്ട, 2014.
എക്യൂമെനിസത്തിന്റെ മറുവശം, പത്തനംതിട്ട,2013.





മലങ്കര കത്തോലിക്കാസഭ, കോട്ടയം, 2013.
മോശയുടെ ഗ്രന്ഥം- ഒരിജന്റെ പ്രസംഗങ്ങളിൽ, കോട്ടയം,2012.
ഒരിജന്റെ വീക്ഷണങ്ങൾ,കോട്ടയം, 2016.
സങ്കീർത്തനങ്ങളിലെ മിശിഹാ, കോട്ടയം, 2016.
നമ്മുടെ കർത്താവായ യേശുമിശിഹാ,പത്തനംതിട്ട, 2017.
ഇസ്രായേലിന്റെ പരിശുദ്ധൻ, പത്തനംതിട്ട, 2018.

പറുദീസാഗീതങ്ങൾ, കോട്ടയം, 2001, പേജ്, 118. (OIRSI-249).
കന്യാത്വഗീതങ്ങൾ, കോട്ടയം, 2001, പേജ്, 220. (OIRSI -250).
മനുഷ്യാവതാരഗീതങ്ങൾ, കോട്ടയം, 2001, പേജ്,168. (OIRSI -251).
സുവിശേഷഭാഷ്യം(ദിയാതെസ്സറോൺഭാഷ്യം),2002, p.358 (OIRSI-263).
നിസിബിയൻ ഗീതങ്ങൾ, കോട്ടയം, 2009, പേജ് 232, (OIRSI -309).
സഭാഗീതങ്ങൾ, കോട്ടയം, 2009, പേജ് 124, (OIRSI-310).
പെസഹാഗീതങ്ങൾ, കോട്ടയം, 2009, പേജ് 96 (OIRSI-312).
ഉപവാസഗീതങ്ങൾ, കോട്ടയം, 2009, പേജ് 160 (OIRSI-318).
പ്രസംഗങ്ങൾ, വാല്യം 1., കോട്ടയം, 2010, പേജ് 124, (OIRSI-326).
പ്രസംഗങ്ങൾ, വാല്യം 2., കോട്ടയം, 2011, പേജ് 256, (OIRSI-336).
രക്തസാക്ഷികൾ, കോട്ടയം,2012, പേജ്,110, (OIRSI-357).
ഉൽപ്പത്തിഭാഷ്യം, കോട്ടയം, 2001,, p.278 (OIRSI-257).
(*ഉൽപ്പത്തിഭാഷ്യം*, p.11-161; *പുബ്ലിയൂസിനുള്ള കത്ത്*, p.162-177; *നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം*, p.178-241; *ജൂലിയനെതിരെയുള്ള ഗീതങ്ങൾ*, p.242-278.)
വിശ്വാസഗീതങ്ങൾ,2008, p.264 (OIRSI-301).
(*വിശ്വാസഗീതങ്ങൾ*, p.1-205; *വിശ്വാസത്തെപ്പറ്റിയുള്ള പ്രസംഗങ്ങൾ അഥവാ മെമ്രാകൾ*, p.206-255).

*The Christology of Mar Babai the Great*, 1982.
*Bibliographical Survey* (co-ed.), 1983.
*Ecumenism in Danger* (co-ed.), 1986.
*St.Thomas the Apostle of India*, by +Martin Gielen, (ed.), 1991.
*Mar Babai, Some Useful Counsels on the Ascetical Life*, KTM, 2001 .
*Christology*, 2002.
*The Malankara Catholic Church*, Kottayam, 2003.
*Archbishop Mar Ivanios in his Thoughts*,(ed. with alii) TVM 2004.
*The Catholicos of the East*,(tr. A .J. Joy Angemadathil) TVM, 2005.
Die malankaraisch-katholische Kirche,Kottayam,2012.